305.6092

# നാടാർ ചരിത്രം



1639

By

കാഞ്ഞിരംകുളം

കെ. കൊച്ചുകൃഷ്ണൻനാടാർ



DESABHIVARDHINI PUBLISHING HOUSE,
KANJIRAMKULAM, NELLIKKAKUZHI P. O.
(S. Travancore)


ഒന്നാം പതിപ്പ്
കാപ്പി 1200
1956

അച്ചടി:—208-ാം പേജുവരെ
എസ്സ്. ബി. പ്രസ്സ്., തിരുവനന്തപുരം

(പകർപ്പവകാശം ഗ്രന്ഥകർത്താവിനു്)

സാധാരണ ബയൻറു് (റഫ് പേപ്പർ) വില
കാലിക്കോബയൻറു് (ഗ്ലോസ് പേപ്പർ) വില


ഗ്രന്ഥകർത്താവിൻെറ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.



K. KAMARAJ NADAR

[മദ്രാസ് ചീഫ് മിനിസ്റ്ററും ഇൻഡ്യയിലെ ഒരു പ്രമുഖ കോൺഗ്രസ്സ് നേതാവും. ജീവിതം മുഴുവൻ സേവനത്തിനായി ദാനം ചെയ്ത മഹാൻ.]

305.6092



**A. KUNJAN NADAR**, B. A. B. L., M. L. A.
TAMILNAD DICTATOR.

[1954 ആഗസ്റ്റിൽ തമിഴ്നാട് വിമോചന സമരവും 1939-ൽ തിരു: സ്റ്റേറ്റ് കാൺഗ്രസ്സ് സമരവും നയിച്ചു വിജയം വരിച്ച ധീര ദേശാഭിമാനി. നീണ്ട ജയിൽ വാസവും പോലീസ് മർദ്ദനവും സഹിച്ചു തിരു: തമിഴരെ മോചിപ്പിച്ച ത്യാഗിവര്യൻ.]

# അവതാരിക

ഒരു ചരിത്രഗവേഷകൻ എന്ന നിലയിൽ ശ്രീ. കൊച്ചുകൃഷ്ണൻനാടാർ മലയാളസാഹിത്യത്തിൽ മഹനീയ സ്ഥാനം കരസ്ഥമാക്കീട്ടുണ്ട്. അദ്ദേഹം പ്രസിദ്ധം ചെയ്തിട്ടുള്ള ചാമുണ്ഡികഥ, മതിലകത്തു കഥ, ഇരവിക്കുട്ടിപ്പിള്ള പ്പോരു് മുതലായ ഗ്രന്ഥങ്ങളും ഭാഷാചരിത്രവിദ്യാർത്ഥികൾക്കു് വളരെ പ്രയോജനകരമായ പ്രസിദ്ധീകരണങ്ങളാണു്. ഇപ്പോഴിതാ "നാടാർ ചരിത്രം" എന്ന സമുദായചരിത്രം പൊതുജനങ്ങൾക്കു് സംഭാവന ചെയ്തിരിക്കുന്നു.

നാടാർചരിത്രത്തിനൊരവതാരിക എഴുതണമെന്നെന്നെ സമീപിച്ചപ്പോൾ ഞാൻ അല്പം ചിന്തിക്കുകയുണ്ടായി; കഴിഞ്ഞ 20 വർഷമായി ദേശീയപ്രസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന ഞാൻ ഈ സമുദായചരിത്രത്തിനവതാരിക എഴുതുന്നതെങ്ങിനെയെന്നു്; വിശേഷിച്ചും ജാതി നശിക്കണമെന്ന ചിന്താഗതിയും, വിശ്വാസവും എന്നിൽ പൂർവ്വാധികം വളർന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ. ഞാൻ അല്പം ഗാഢമായി ചിന്തിക്കുകയാണു്. എനിക്കും ജാതി ഇല്ലേ? ഇല്ലെന്നു ഞാൻ പറഞ്ഞാൽ അതു ലോകം സമ്മതിച്ചതരുമോ? ജാതി ഇല്ലെന്നു ഞാൻ വിശ്വസിച്ചാലും മറ്റുള്ളവർ എന്നെ ഒരു ജാതിക്കോട്ടയ്ക്കുള്ളിൽ അടച്ചുനിറുത്തുകയില്ലേ? അതെ; യാഥാർത്ഥ്യങ്ങൾ എന്തിനു മറച്ചുവയ്ക്കണം. എനിക്കും ജാതിയുണ്ടു്. നിങ്ങൾക്കുമുണ്ടു ജാതി. മഹാത്മാ ഗാന്ധിജിക്കുപോലുമതുണ്ടു്. ഒരു സമുദായവാദിയുടെ ജാതിചിന്ത നൂറു ശതമാനമാണെ

ങ്കിൽ മഹാത്മജിയുടേതു് ഒരു ശതമാനമായിരിക്കും. ജാതി നിലനില്ക്കുന്നിടത്തോളം കാലം ജാതിചിന്തയും ഉണ്ടായിരിക്കും. "എനിക്കു ജാതിചിന്തയില്ല" എന്നാരെങ്കിലും അവകാശപ്പെട്ടാൽ നിങ്ങൾ അതു വിശ്വസിക്കരുതു്. ഞാൻ ആരെയും കുറ്റം പറയുകയല്ല. ജാതിയിലും ജാതിചിന്തയിലും നിന്നു വിമുക്തരാവുകയെന്നതു് ക്ഷിപ്രസാധ്യമായ ഒരു കാര്യമല്ല. മനുഷ്യരെ മാത്രമല്ല മതങ്ങളെപ്പോലും അതു ഗ്രസിച്ചുകഴിഞ്ഞിട്ടുണ്ടു്. ഹിന്ദുമതത്തിലാണെങ്കിൽ വളരെ ആഴത്തിൽ വേരുന്നി ജാതിനിലയുറച്ചിരിക്കുകയാണു്. ഹിന്ദുക്കളുടെ ഇടയിലുള്ള ജാതിയെല്ലാം ക്രൈസ്തവാനികളുടെ ഇടയിലുമുണ്ടു്. ജാതിയുടെ പിടിയിൽ നിന്നും ഒഴിഞ്ഞുമാറുന്നതിനു മുഹമ്മദുമതത്തിനു കുറെയൊക്കെ സാധിച്ചിട്ടുണ്ടെങ്കിലും അവിടെയും ജാതിവ്യത്യാസം ലഘുവായ രൂപത്തിലെങ്കിലും നിലനില്ക്കുന്നതു കാണാം. രണ്ടായിരത്തി അഞ്ഞൂറു വർഷം മുൻപു ശ്രീബുദ്ധൻ അവതരിച്ചതും ബുദ്ധമതമുണ്ടായതും ജാതിയെ എതിർക്കുന്നതിനുവേണ്ടിയാണു്. ഫലമെന്തായി? ബുദ്ധമതത്തെ ഇവിടത്തെ ജാതിപ്പിശാചു് ഇൻഡ്യയിൽനിന്നും പരിപൂർണ്ണമായി നിഷ്കാസനംചെയ്തു. ബുദ്ധമതത്തിനു് അതിന്റെ ജന്മഭൂമി വിട്ടു് അയൽരാജ്യങ്ങളായ ചൈന, ജപ്പാൻ, ബർമ്മ, സിലോൺ തുടങ്ങിയ സ്ഥലങ്ങളിൽ അഭയം പ്രാപിക്കേണ്ടിവന്നു. അനവധി ആയിരം വർഷങ്ങളായി സമുദായമദ്ധ്യത്തിൽ തഴച്ചുവളർന്ന ഈ പ്രസ്ഥാനത്തെ ഒരു ദിവസംകൊണ്ടു തുടച്ചുമാറ്റുക സാദ്ധ്യമല്ല. നമുക്കതിൽനിന്നും പരിപൂർണ്ണമായി ഒഴിഞ്ഞുമാറി നില്ക്കുക

യെന്നതും ക്ഷിപ്രസാദ്ധ്യമല്ല. നമ്മൾ ജനിച്ചതും വളർന്നതും ജാതിയിലാണ്. ജനിച്ച നിമിഷംമുതൽ കണ്ടതും കേട്ടതും സ്പർശിച്ചതുമെല്ലാം ജാതിയെയാണ്. നമ്മുടെ ആചാരവും അനുഷ്ഠാനവും ജാതീയമാണ്; നാം ശ്വസിക്കുന്ന വായുപോലും. മുരുക്കിപ്പറഞ്ഞാൽ നമ്മുടെ രക്തത്തിൽപോലും ജാതിചിന്ത കലർന്നുപോയിട്ടില്ലേ എന്ന സംശയിക്കേണ്ടിയിരിക്കുന്നു. ഇന്നു ജാതിചിന്ത പാടില്ലെന്നു പ്രസംഗിക്കുന്നവരുണ്ട്. രാഷ്ട്രീയത്തിൽ ജാതി പാടില്ല മറ്റു മണ്ഡലങ്ങളിലാവാം എന്നു പറയുന്നവരുണ്ട്. ഇതര ജാതിക്കാരുടെ സമീപത്തിരുന്ന് ഒരു ദിവസം ഊണുകഴിച്ചിട്ട് "ഞാൻ മിശ്രഭോജനം നടത്തി; ഞാൻ ജാതിചിന്തയ്ക്കതീതനാണ്" എന്നഭിമാനിക്കുന്നവരുണ്ട്. പക്ഷെ ഇതെല്ലാം വെറും തട്ടിപ്പാണ്. ചിലരുടെ ജാതിസൗകര്യങ്ങളും കുത്തകകളും നിലനിറുത്തുന്നതിനുവേണ്ടിയുള്ള അഭിനയങ്ങൾ മാത്രമാണിവ. ജാതിചിന്ത അശേഷമില്ലെന്നഭിമാനിക്കുന്ന രാഷ്ട്രീയകക്ഷികളും നേതാക്കന്മാരുമുണ്ട്. പക്ഷെ അവക്കെല്ലാം സ്വന്തം സമുദായത്തിലെ യുവതികളെക്കാണുമ്പോൾ മാത്രമേ പ്രണയം വരാറുള്ളൂ. സ്വസമുദായക്കാരുടെ ഗൃഹത്തിലെത്തുമ്പോൾ മാത്രമേ വിശപ്പു തോന്നാറുള്ളൂ. സ്വന്തസമുദായക്കാർ കൂടുതലുള്ള സ്ഥാനം നോക്കിയേ അവർ തിരഞ്ഞെടുപ്പിനു നില്ക്കാറുള്ളൂ.

ജാതിയും ജാതിചിന്തയും നശിക്കുകതന്നെവേണം. അതിനുള്ള മാർഗ്ഗമെന്ത്? നിശ്ചയമായും പ്രസംഗംകൊണ്ടതു നശിക്കാൻപോകുന്നില്ല. മിശ്രവിവാഹംമാത്രമാണതിനു് ഏകപരിഹാരമാർഗ്ഗം. മിശ്രവിവാഹം നടപ്പിൽ വരണ

മെങ്കിൽ വിപ്ലവപരമായ നിയമങ്ങളം പാസ്സാക്കണം. ഒരാം സ്വന്തസമുദായത്തിൽനിന്നും വിവാഹം ചെയ്യുന്നതു് കുറ്റകരമാക്കണം. മിശ്രവിവാഹം ചെയ്തിട്ടുള്ളവക്കു മാത്രമേ ഗവമ്മെൻറിൽ ഉദ്യോഗം നൽകുകയുള്ളു എന്ന നിയമമുണ്ടാക്കണം. പക്ഷെ നമ്മുടെ സമുദായം (Society) ഈ മാറ്റങ്ങളം സ്വീകരിക്കണമെങ്കിൽ ഇനിയും നൂറാണ്ടുകളം കഴിയേണ്ടിവരും. ഒന്നോ രണ്ടോ വ്യക്തികളം ഈ മാറ്റത്തിലേയ്ക്കു് എടുത്തുചാടുന്നതു നിമിത്തം ഈ പ്രശ്നത്തിനു പരിഹാരമാകുന്നതല്ല. നേരെ മറിച്ചു് സമുദായത്തിൽ (Society) സ്ഥാനമില്ലാത്ത നിരപരാധികളായ കുറെ സന്താനങ്ങളെ സൃഷ്ടിക്കുന്നതിനും മാതാപിതാക്കന്മാർ ചെയ്ത കുറ്റത്തിനു സന്താനങ്ങളെക്കൊണ്ടു ജീവപര്യന്തശിക്ഷ അനുഭവിപ്പിക്കുന്നതിനും മാത്രമെ അതുപകരിക്കുകയുള്ളു.

ജാതിയെന്നതു പ്രധാനമായി സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നമാണു്. 'സവർണ്ണൻ', 'അവർണ്ണൻ' എന്ന പദങ്ങളുടെ ഉത്ഭവത്തെപ്പറ്റി ഒരു മാന്യൻ രസകരമായ ഒരു ചരിത്രം പറയുകയുണ്ടായി. ഈ പദങ്ങളുടെ ആദ്യരൂപം സവർണ്ണനെന്നും അവർണ്ണനെന്നുമായിരുന്നു. പണ്ടു കയിൽപേനകൊണ്ടാണല്ലോ എഴുതിവന്നതു്. കയിൽ പേനകൊണ്ടെഴുതിയാൽ മഷി ഇടറി തെറിക്കുമെന്നുള്ളതു സാധാരണയാണു്. അങ്ങിനെ മഷി തെറിച്ച വീണതിൻെറ ഫലമായി "സവർണ്ണൻ" സവർണ്ണനും, "അവർണ്ണൻ" അവർണ്ണനുമായിത്തീർന്നുവെന്നുള്ളതാണു കഥ. സവർണ്ണൻ എന്നാൽ വർണ്ണമുള്ളവൻ; അതായതു് ആഹാരം കഴി

ക്കാനുള്ള സ്വത്തും സൗകര്യവുമുള്ളവൻ. അവണ്ണനെ നാൽ വണ്ണമില്ലാത്തവൻ; ആഹാരം കഴിക്കാനുള്ള സ്വത്തോ സൗകര്യമോ ഇല്ലാത്തവൻ. 'ജാതി'യുടെ പുറകിലുള്ള സാമ്പത്തികകാരണം ഇതു വെളിപ്പെടുത്തുന്നുണ്ട്. നമ്പൂതിരിയും ബ്രാഹ്മണനും തുടങ്ങി താഴോട്ടു നോക്കിയാൽ ഭ്രസ്വത്തിന്റേയും ഉദ്യോഗത്തിന്റേയും അടിസ്ഥാനത്തിലാണ് ഓരോ സമുദായങ്ങളുടേയും ഗ്രേഡു നിലകൊള്ളുന്നതെന്നു കാണാം. അതുപോലെതന്നെ രാഷ്ട്രീയാധികാരവും. മുൻപു് രാഷ്ട്രീയാധികാരം ബ്രാഹ്മണക്കായിരുന്നു. അവർ ഏറ്റവും ഉയർന്ന ജാതിക്കാരായി. അതിനടുത്തു് അല്പം ചില അവശിഷ്ടങ്ങൾ നായർ, വെള്ളാളർ തുടങ്ങിയ സമുദായങ്ങൾക്കു ലഭിച്ചു. അവർ അതിനടുത്ത സമുദായങ്ങളായി. ഇങ്ങിനെ നോക്കിയാൽ രാഷ്ട്രീയാധികാരത്തിനും സമുദായങ്ങളുടെ ഗ്രേഡുകൾക്കും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു കാണാം. തിരുകൊച്ചിയെ ഭരിക്കുവാനുള്ള അവകാശം ഒരു പത്തുകൊല്ലക്കാലത്തേയ്ക്കു പുലയർസമുദായത്തെ ഏല്പിക്കുക. ഇവിടത്തെ മന്ത്രിമാരും സെക്രട്ടറിമാരും വകുപ്പദ്ധ്യക്ഷന്മാരും അവരാണെന്നു വിചാരിക്കുക. പത്തു വർഷം കഴിയുമ്പോൾ ഇവിടത്തെ ഏറ്റവും ഉയർന്ന സമുദായം അവരായിരിക്കും. ജാതിയെന്നതു് ഒരു രാഷ്ട്രീയപ്രശ്നംകൂടി ആണെന്നുള്ളതു കാണിക്കാൻവേണ്ടിയാണു് ഈ ഉദാഹരണം എടുത്തുപറയാനിടയായതു്. ജാതി നശിക്കണമെങ്കിൽ മിശ്രവിവാഹം നടപ്പിൽ വരണം. അതു നടപ്പിൽ വരണമെങ്കിൽ ജാതിസമത്വം ഉണ്ടാകണം. ജാതിസമത്വമുണ്ടാകണമെങ്കിൽ

പിന്നോക്കം നില്ക്കുന്ന സമുദായങ്ങളുടെ ഇടയിൽ ഒരു ദേശീയചിന്താശക്തിയല്ല, നേരെ മറിച്ച് ഒരു ദേശീയ ഐക്യശക്തിതന്നെ ഉണ്ടാകണം.

ഞാൻ പല സമുദായചരിത്രങ്ങളും വായിച്ചിട്ടുണ്ട്. ഓരോ ചരിത്രകർത്താവും തന്റെ സമുദായം ഒരു കാലത്ത് ഉല്കൃഷ്ടവും ഉന്നതവുമായിരുന്നുവെന്ന സ്ഥാപിക്കുവാനുള്ള തെളിവു ശേഖരിക്കുന്ന സംരംഭത്തിലാണ് മുഴുവൻ ശ്രദ്ധയും വിനിയോഗിച്ചുകാണുന്നത്. അമ്മാവൻ ആന കയറിയ കഥ പറഞ്ഞതുകൊണ്ട് ഇക്കാലത്ത് ആരും ആരെയും മാനിക്കുന്നതല്ല. അതതു സമുദായാംഗങ്ങൾക്കുപോലും അത്തരം ഗ്രന്ഥങ്ങൾകൊണ്ടു പ്രയോജനമൊന്നുമില്ല. ഈ രാജ്യത്തിൽ പിന്നോക്കം നില്ക്കുന്ന ജാതികൾക്കൊക്കെയും ഇതുവരെ എഴുതപ്പെടാത്തതും ഇനി എഴുതേണ്ടതുമായ നീണ്ട നീണ്ട ചരിത്രങ്ങളുണ്ട്. അതായത് നൂറാണ്ടുകളായി അനീതിക്കും അക്രമത്തിനും എതിരായി ഓരോ സമുദായക്കാരും സമരം ചെയ്ത ചരിത്രം. കണ്ണുനീരിലും രക്തത്തിലും മുങ്ങി മറഞ്ഞുകിടക്കുന്ന ചരിത്രം. ജാതിയുടെ പേരിൽ ഈ രാജ്യത്തു നടന്നിട്ടുള്ള ലക്ഷക്കണക്കായ കൊലകളുടെയും കൊള്ളകളുടെയും ചരിത്രം. അക്രമത്തിനും ബലാൽക്കാരത്തിനും എതിരായി യാഥാർത്ഥ്യങ്ങളെയും അവകാശങ്ങളെയും അവഗണിച്ചതിനെതിരായി—നമ്മുടെ പൂർവികന്മാർ സംഘടിച്ചതിന്റെയും ധീരസമരം നടത്തിയതിന്റെയും ചരിത്രം. ചാന്നാർലഹള, ഈഴവലഹള, പുലയർലഹള എന്നൊക്കെ ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ലഹളകളും നമ്മുടെ പൂർവികന്മാരുടെ സ്വാതന്ത്ര്യ

സമരങ്ങളായിരുന്നു. 1857-ൽ ഇൻഡ്യ ഒട്ടാകെ പൊട്ടി പ്പുറപ്പെട്ട ഇൻഡ്യൻ സ്വാതന്ത്ര്യവിപ്ലവത്തെ ശിപായി ലഹള എന്നു ബ്രിട്ടീഷു് ചരിത്രകാരന്മാർ നാമകരണം ചെയ്യുകയും ആ ചരിത്രത്തെ നൂറു വർഷക്കാലം ഇവി ടത്തെ സ്കൂളുകളും മറ്റും നമ്മെവിട്ടു പഠിപ്പിക്കുകയും ചെ യ്തതുപോലെയാണു് ഇവിടത്തെ സവർണ്ണചരിത്രകാരന്മാർ ഈ ലഹളകളെപ്പറ്റി കള്ളക്കഥകളും എഴുതിവയ്ക്കുകയും നമ്മുടെ സന്താനങ്ങളെ അതു പഠിപ്പിക്കാൻ നിർബന്ധി ക്കുകയും ചെയ്തുവന്നതു്. ശ്രീ കൊച്ചുകുട്ടൻനാടാർ 9 വർഷം മുൻപു പ്രസിദ്ധം ചെയ്ത "ധർമ്മസന്ദേശം" എന്ന മാസികയിൽ ഞാൻ എഴുതിയിട്ടുള്ള "ചാന്നാർലഹള" എന്ന ലേഖനത്തിൽ ഈ ലഹളകളും അഭിനന്ദനീയങ്ങ ളായ ദേശീയസമരങ്ങളായിരുന്നുവെന്ന ചരിത്രവസ്തുതകളും ഉദ്ഘോഷിച്ചു സ്ഥാപിച്ചിട്ടുണ്ടു്. ഇത്തരം ഒന്നു രണ്ടു സമര ങ്ങളല്ല നൂറു നൂറു സമരങ്ങളും ഇവിടത്തെ അവർണ്ണസമുദാ യങ്ങളും നടത്തീട്ടുണ്ടു്. ഇന്നു നമുക്കു കുറെയൊക്കെ സമ ത്വവും സ്വാതന്ത്ര്യവും ലഭിച്ചിട്ടുണ്ടെങ്കിൽ അതാരും അവരുടെ മഹാമനസ്കതകൊണ്ടു് അനുവദിച്ചുതന്നതല്ല. നമ്മുടെ പൂർവികന്മാർ അവരുടെ ജീവനും രക്തവും ബലി കഴിച്ചു സമരം ചെയ്തതിന്റെ ഫലമായിട്ടുള്ളതാണു്. ആ സമരങ്ങളിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും യുവാക്ക ന്മാരും വൻത്യാഗങ്ങളും അനുഷ്ഠിച്ചിട്ടുണ്ടെന്നുള്ളതും അഭി മാനിക്കാവുന്ന സംഗതിയാണു്. സമുദായചരിത്രകാരന്മാർ അനീതിക്കും അക്രമത്തിനും എതിരായി നൂറ്റാണ്ടുകളായി ഇവിടെ നടന്ന മരണങ്ങളുടെ തുടർച്ചയായ ചരിത്രമാണെഴു

തേണ്ടതു്. ശ്രീ. നാടാർ അതിലേയ്ക്കു ശ്രമിച്ചിട്ടുണ്ടെന്നുള്ളതു് അഭിനന്ദനീയമാണു്. അങ്ങനെ ചരിത്രങ്ങൾ ഉണ്ടായെങ്കിൽ മാത്രമേ ഭാവിസന്താനങ്ങൾക്കു പ്രയോജനമുണ്ടാകുകയുള്ളൂ.

നാടാർസമുദായത്തെപ്പറ്റി പ്രത്യേകമായി എന്തെങ്കിലും പറഞ്ഞില്ലെങ്കിൽ ഈ അവതാരിക പൂർത്തിയാകുന്നതല്ല. ഗ്രന്ഥകർത്താവു പറയുന്നതുപോലെ നാടാർസമുദായം നാടാണ്ടിട്ടുള്ളവരാണു്. പക്ഷെ അതുകൊണ്ടു മാത്രം ഈ സമുദായം ഉയർന്നതാണു്, ഉൽകൃഷ്ടമാണു്, എന്നു പറയാൻ ഞാൻ തയ്യാറില്ല. ഈ സമുദായത്തിന്റെ പിന്നിൽ അഭിമാനിക്കാവുന്ന ഒരു ചരിത്രമുണ്ടു്, ത്യാഗസമ്പന്നമായ ഒരു ചരിത്രം. അനീതിയേയും അക്രമത്തേയും സുധീരം നിന്നുനിന്നു് എതിർത്ത ചരിത്രം. ആ ചരിത്രം സൃഷ്ടിച്ച സമുദായം നിശ്ചയമായും ഒരു ഉൽകൃഷ്ടസമുദായം തന്നെയാണു്. ആ ചരിത്രത്തിൽനിന്നു മഹത്തായ പാഠങ്ങൾ ഭാവിതലമുറകൾ പഠിക്കുകയും വേണം. കൊല്ലവർഷം 1004-മുതൽ 1034-വരെ 30 വർഷക്കാലം നീണ്ടുനിന്ന തോൾശീലപ്രക്ഷോഭണവും തത്വിധമുള്ള മറ്റനവധി പ്രക്ഷോഭണങ്ങളും നടത്തിയ ഒരു സമുദായമാണിതു്. 1947-മുതൽ നാളതുവരെ നീണ്ടുനില്ക്കുന്ന തിരുവിതാംകൂർ തമിഴ്നാട്ടുപ്രക്ഷോഭണത്തിൽ നാടാർസമുദായം വഹിച്ചിട്ടുള്ള പങ്കും അനുഷ്ഠിച്ചിട്ടുള്ള ത്യാഗവും സ്തുത്യർഹമാണു്.

തിരുവിതാംകൂറിലെന്നല്ല ഇൻഡ്യയിലെ മറ്റേതൊരു സമുദായത്തെക്കാളും പ്രകൃത്യാതന്നെ നാടാർസമുദായത്തിനൊരു പ്രത്യേകതയുണ്ടു്. ഓരോ രാജ്യത്തിനും ഭൂമിശാസ്ത്ര

പരമായും ചരിത്രപരമായും മതപരമായും മറ്റും പ്രത്യേക പ്രാധാന്യമുള്ള ചില സ്ഥലങ്ങളും വസ്തുക്കളുമുണ്ട്. ഇൻഡ്യയുടെ ഏകതാപം നിലനിറുത്തുന്നതിനു് ഒരു പ്രധാന പങ്കു് ഹിമാലയാപർവ്വതം, കന്യാകുമാരി, ഗംഗാനദി, കാശി ടാജ്മഹാൽ എന്നിവകൾക്കുണ്ടു്. കന്യാകുമാരി, മഹാത്മാഗാന്ധി, ടാജ്മഹാൽ എന്നീ നാമശ്രവണമാത്രയിൽ ഓരോ ഇൻഡ്യാക്കാരനും അഭിമാനംകൊള്ളുന്നുണ്ടു്. കാളിദാസന്റെ ഹിമാലയവർണ്ണന നമുക്കു സുപരിചിതമാണല്ലോ. ഇൻഡ്യയുടെ തെക്കേ അറ്റമായ കന്യാകുമാരിയിലും അതുതൊട്ട പ്രദേശങ്ങളിലുമാണു് നാടാർസമുദായാംഗങ്ങൾ തിങ്ങി കൂടിപാർക്കുന്നതു്. ഈ ഭൂഖണ്ഡത്തിന്റെ തെക്കേ അറ്റം താമസഭൂമിയായി നാടാർസമുദായം തിരഞ്ഞെടുക്കുന്നതിനു മുൻപുള്ള ചരിത്രമെന്താണു്? അതു സംബന്ധിച്ചു രണ്ടഭിപ്രായഗതിയാണുള്ളതു്. പ്രസിദ്ധ പണ്ഡിതനും, തിരു: സ്റ്റേറ്റുമാനുവൽ കർത്താവുമായ ശ്രീ. നാഗമയ്യായുടെ അഭിപ്രായമിതാണു്:– "The Nadars are a set of warlike adventurers who came from the north, from the land between Godavari and Krishna and settled down in the south." അതായതു് കൃഷ്ണ, ഗോദാവരി എന്നീ നദികളുടെ ഇടയ്ക്കുള്ള ഭൂപ്രദേശത്തുനിന്നും തെക്കോട്ടു വന്നിട്ടുള്ള യുദ്ധവീരന്മാരായ സാഹസികന്മാരാണു് നാടാർസമുദായാംഗങ്ങൾ. വേറൊരു പണ്ഡിതനായ ബിഷപ്പു് കാൾഡ്വെൽ (Bishop Caldwell) അഭിപ്രായപ്പെട്ടിട്ടുള്ളതു് നാടാർസമുദായം സിലോണിൽനിന്നും വടക്കോട്ടു വന്നിട്ടുള്ളവരാണെന്നും,

നാടാരും ഈഴവരും ഒരേ വർഗ്ഗത്തിൽപ്പെട്ടവരാണെന്നും, ഇരുകാലഘട്ടങ്ങളിലായി കുടിയേറിപ്പാർക്കുകയും ഇരു സംസ്കാരത്തിൽ അകപ്പെട്ടുപോവുകയും ചെയ്തവരാണെന്നുമാണ്. അതിനുപോൽബലകമായി നാടാർക്കും ഈഴവർക്കും പൊതുവായും ഐകരൂപ്യമുള്ളതുമായ പല ആചാരാനുഷ്ഠാനങ്ങളും അദ്ദേഹം എടുത്തുപറയുന്നുണ്ട്. എന്നാൽ നാടാർസമുദായാംഗങ്ങളും ഈഴവരെക്കാൾ കൂടുതൽ പൊക്കവും ദൃഢഗാത്രവുമുള്ളവരാണെന്നും, ആചാരാനുഷ്ഠാനങ്ങളിൽ പല വ്യത്യാസങ്ങളുമുണ്ടെന്നും മറ്റുമുള്ള കാരണങ്ങളാൽ ബിഷപ്പ് കാൾഡ്വെല്ലിന്റെ അഭിപ്രായം തെറ്റാണെന്ന ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

നാടാർസമുദായത്തിന്റെ ഉത്ഭവം എവിടെനിന്നായാലും ("They are a set of warlike adventurers") അവർ യുദ്ധവീരന്മാരായ സാഹസികർ എന്ന നാഗമയ്യായുടെ അഭിപ്രായത്തിനു വളരെ പ്രസക്തിയുണ്ടെന്നു താഴെപ്പറയുന്ന സംഗതികൾ തെളിയിക്കുന്നു. അവരുടെ ആകൃതിയും പ്രകൃതിയും തന്നെ അതിനുദാഹരണമാണ്. ദക്ഷിണഇൻഡ്യയിലെ മറ്റേതൊരു സമുദായാംഗങ്ങളെക്കാളും ഉയരത്തിലും ദൃഢഗാത്രതയിലും കൂടിയവരാണെന്ന്, ശാസ്ത്രീയപഠനം നടത്തിയിട്ടുള്ള പണ്ഡിതന്മാരുടെ അഭിപ്രായം ഗ്രന്ഥകർത്താവ് ഉദ്ധരിച്ചുകാണുന്നു. മല്ലശാസ്ത്രം, അടിമുറ, കളരിപ്പയറ്റ്, ഖിരമം, വാൾവീശ്ച്, കത്തിക്കുത്ത് തുടങ്ങിയുള്ള അഭ്യാസമുറകൾ ഈ സമുദായത്തിന്റെ പാരമ്പരാഗതമായ സ്വത്താണെന്നു പറയുന്നു

തിൽ ഒട്ടും അതിശയോക്തിയില്ല. ഈസ്റ്റ് ഇൻഡ്യാക്കമ്പനിയുടെ പട്ടാളത്തിൽ അവർ നാടാർസമുദായക്കാരെയാണ് അധികമായി ചേർത്തിരുന്നത്. ഈ വസ്തുതയെ ഓർമിപ്പിച്ചുകൊണ്ടാണ് സർ സി. പി. രാമസ്വാമിഅയ്യർ കൊല്ലവർഷം 1113-ൽ തിരുവിതാംകൂർ പട്ടാളത്തിൽ നാടാർസമുദായക്കാർക്കു പ്രവേശനമനുവദിച്ചത് *"907-ൽ കൊല്ലം രാജ്യം പിടിച്ചടക്കുവാൻ പോയ സൈന്യങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന നാലു സേനാനായകന്മാരിൽ ഒരാൾ നാടാരായിരുന്നു"വെന്ന് പ്രസിദ്ധ പണ്ഡിതനായിരുന്ന ശ്രീ. സി. വി. കുഞ്ഞുരാമൻ ഉദ്ധരിച്ചുകാണുന്നു.

വിവാഹം, മതാനുഷ്ഠാനം എന്നിത്യാദികളിൽ ഒരു യന്ത്രമാനദണ്ഡം ഈ സമുദായക്കാർ ആദികാലംമുതൽ പരിപാലിച്ചുപോരുന്നു. ദൈവ, ബ്രഹ്മാ, ഹർഷാ തുടങ്ങി എട്ടുവിധ വൈവാഹികകർമ്മങ്ങളെ ഹൈന്ദവശാസ്ത്രം അംഗീകരിച്ചിട്ടുള്ളതിൽ ഏറ്റവും ഉയർന്ന "ദൈവ"വിവാഹകർമ്മമാണ് നാടാർസമുദായം ചരിത്രാതീതകാലംമുതൽ സ്വീകരിച്ചിട്ടുള്ളത്. സ്വഭാവത്തിലാണെങ്കിൽ വളരെ സത്യസന്ധതയും വക്രതയില്ലായ്മയുമാണ് നാടാർസമുദായത്തിന്റെ പ്രത്യേക ഗുണങ്ങളെന്നു പല പാശ്ചാത്യ പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ സമുദായത്തിന്റെ വിശ്വസ്തതയും സേവനപാരമ്പര്യവും നിമിത്തം തിരുവിതാംകൂർ രാജകുടുംബം ഒരു കാലത്തു പ്രത്യേക പ്രോത്സാഹനം നൽകിയിരുന്നു.


---

* കേരളകൗമുദി 6-1-1113

നാടാർസമുദായത്തെപ്പറ്റിയുള്ള ഒരേകദേശരൂപം ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തിൽനിന്നും ലഭിക്കുന്നുണ്ട്. ഭാവിചരിത്രകാരന്മാക്കും ചരിത്രാന്വേഷികൾക്കും അമൂല്യ വസ്തുതകളും നൽകുന്ന ഒരു ഉത്തമഗ്രന്ഥം എന്ന നിലയിൽ ശ്രീ. കൊച്ചുകൃഷ്ണൻനാടാരുടെ സംരംഭം സ്തുത്യർഹവും വിജയകരവുമായിട്ടുണ്ട്. ഈ ഗ്രന്ഥത്തിൽ അടങ്ങീട്ടുള്ള വസ്തുതകളും സംഭരിക്കുന്നതിനും സന്ദർഭാനുസരണം സംവിധാനം ചെയ്യുന്നതിനും അദ്ദേഹം ചെലവഴിച്ച ദീർഘകാലസേവനം സമുദായത്തിനൊരു നവോന്മേഷം നൽകുമെന്നുള്ളതിനു സംശയമില്ല. ഈ സാമുദായികഗ്രന്ഥത്തിനു ഹൃദയം തുറന്ന സ്വാഗതം ലഭിക്കുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

നാഗർകോവിൽ
10-2-'56.

തിരുപുറം എ. കുഞ്ഞൻനാടാർ
B. A. B. L., M. L. A.



കാഞ്ഞിരംകുളം, കൊച്ചുകൃഷ്ണൻ നാടാർ
[ഗ്രന്ഥകർത്താ]

# മുഖവുര

ആധുനികലോകത്തു് സാമുദായികചിന്തയ്ക്കു സ്ഥാനമില്ലെന്നു വാദിക്കുന്നവരുണ്ടു്. തന്നിമിത്തം പേരിന്റെ അറ്റത്തു ചേത്ത വാലു് പൊട്ടിച്ചെറിഞ്ഞവരുമുണ്ടു്. അവർപോലും സ്വന്തം ജാതിയുടെ നിലനില്പിനുവേണ്ടി അനവരതം ശ്രമിച്ചുപോരുന്നതു് കാണുമ്പോഴാണു് ആ വാദത്തിന്റെ പൊള്ളത്തരം നമുക്കു മനസ്സിലാകുന്നതു്. അതു നില്ക്കട്ടെ!!

നാടാർചരിത്രം എഴുതാൻ എന്നെ പ്രേരിപ്പിച്ച സംഗതികളും പലതാണു്. മലയാളഭാഷ മാത്രം കൈകാര്യം ചെയ്യുന്നവർക്കു നാടാർസമുദായചരിത്രത്തെ സംബന്ധിച്ചുള്ള അജ്ഞത ഒന്നു്, ഇതരസമുദായങ്ങളിലെ യാഥാസ്ഥിതികരായ ചില അംഗങ്ങളും ഈ സമുദായാംഗങ്ങളെ വീക്ഷിക്കുന്ന മനോഭാവം മറ്റൊന്നു്, ഈ സമുദായത്തിന്റെ കുലീനതയും പാരമ്പര്യവും മറവുള്ളവരെയും ഗ്രഹിപ്പിക്കണമെന്നുള്ള എന്റെ ആഗ്രഹം വേറൊന്നു്; ഇതിനായി ഇരുപതിൽപരം നീണ്ട വർഷങ്ങളും ഞാൻ വിനിയോഗിച്ചു. ഇതു ശ്രമാവഹമായ ഒരു കൃത്യമാണെന്നു ഞാനറിയാത്തതല്ല. എന്നാൽ എന്റെ സ്നേഹിതരുടെ നിരന്തരമായ പ്രോത്സാഹനം എനിക്കു സ്ഥിരോത്സാഹം നല്കി. അങ്ങിനെ നാടാർചരിത്രം ഇതാ സജ്ജനസമക്ഷം ചമഞ്ഞിറങ്ങുന്നു.

തമിഴിൽ പ്രസിദ്ധം ചെയ്തിട്ടുള്ള അമരർപുരാണം, നാടാർകുലവരലാറു്, നാടാർമന്നരും നായിക്കമന്നരും,

ക്ഷത്രിയകുലരഹസ്യം, നാടാർക്ഷത്രിയർ, ചാന്റോർമെമ്മോറിയൽ, നാടാർ അരശാണ്ട കാലം തുടങ്ങി ഇരുപതിൽപരം സാമുദായികഗ്രന്ഥങ്ങളും മറ്റു മലയാളപ്രസിദ്ധീകരണങ്ങളും പത്രങ്ങളും നിരന്തരം വായിച്ച് അവയിൽനിന്നെല്ലാം ഇതിനുപോൽബലകമായ രേഖകൾ ആവശ്യാനുസരണം സംഭരിക്കുന്നതിനു ഞാൻ ശ്രമിച്ചിട്ടുണ്ട്. ഒരു ദേശസഞ്ചാരമെന്നോ ഈ കൃത്യനിർവ്വഹണം അപര്യാപ്തമായിരിക്കുമെന്ന മനസ്സിലാക്കി 1945 മാർച്ച് മുതൽ ജൂൺ ആദ്യവാരംവരെ നീണ്ടുനിന്ന ഒരു പര്യടനം നടത്തി. തിരുവിതാംകൂറിനകത്തുള്ള പ്രധാന സ്ഥലങ്ങളും മദ്രാസ് സംസ്ഥാനത്തിൽ രാജപാളയം, ശിവകാശി, വിരുദുനഗർ, മധുര, പിട്ടിവീരംപട്ടി, കൗമുദി, എട്ടിയാപുരം, ചിന്നമന്നൂർ, പാളയംകോട്ട, തിരുനെൽവേലി തുടങ്ങി ഒട്ടധികം സ്ഥലങ്ങളും സന്ദർശിച്ച് പല പ്രമുഖവ്യക്തികളിൽനിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനും പല ഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിനും അവ യഥായോഗ്യം ഈ ഗ്രന്ഥത്തിൽ ചേർക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ഇത്തരുണത്തിൽ ശ്രദ്ധേയമായ ഒരു കാര്യം പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പല സ്നേഹിതരുടേയും നിർദ്ദേശാനുസരണം, രാഷ്ട്രീയപ്രവർത്തകർ, സമുദായനേതാക്കന്മാർ, വാണിജ്യവിദഗ്ദ്ധന്മാർ എന്നിവർക്ക് ഈ ഗ്രന്ഥത്തിൽ സ്ഥാനം നല്കുണമെന്ന കരുതി അവരെ നേരിൽകണ്ടും കത്തുമൂലവും വിവരം ധരിപ്പിച്ചു. അതിന് ആദ്യമായി ലഭിച്ച പ്രോത്സാഹജനകമായ മറുപടി മദ്രാസ് പ്രധാന മന്ത്രി ശ്രീ കെ. കാമരാജ് നാടാരിൽനിന്നുമായി

രുന്നു എന്നതു കൃതജ്ഞതാപുരസ്സരം രേഖപ്പെടുത്തിക്കൊള്ളുന്നു. ഇക്കൂട്ടത്തിൽ മറുപടിപോലും അയയ്ക്കാത്ത പലരും മുണ്ടെന്നുള്ള വസ്തുതയും ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. ഒരാൾ ഒഴിച്ചു് മറ്റുള്ള തിരുവിതാംകൂർ തമിഴ്നാട്ടു കാൺഗ്രസ്സു് M. L. A.മാരായ നാടാർസമുദായവ്യക്തികളുടെ ഔദാര്യപൂർവ്വമായ സഹകരണം എനിക്കു നിർലോഭം ലഭിച്ചിട്ടുണ്ടു്.

ഇതു് പൂർണ്ണമായ ഒരു ഗ്രന്ഥമാണെന്നു് എനിയ്ക്കഭിപ്രായമില്ല. ഇതച്ചടിച്ചതിനുശേഷവും പല ചരിത്രരേഖകളും എനിക്കു ലഭിക്കുന്നുണ്ടു്. അവയെ സംഗ്രഹിച്ചു സൗകര്യം ലഭിക്കുന്നപക്ഷം പുനഃപ്രസിദ്ധീകരണത്തിൽ ചേർത്തു സമ്പൂർണ്ണമാക്കുവാൻ ശ്രമിച്ചുകൊള്ളാം.

തമിഴ്നാട്ടിലെ സഹോദരരുടെ ആഗ്രഹപ്രകാരം ഉടൻതന്നെ ഈ ഗ്രന്ഥത്തിന്റെ തമിഴ്വിവർത്തനം തയാറാകുന്നുണ്ടു്.

എന്റെ ഈ ഉദ്യമത്തെ പ്രയോജനപൂർണ്ണമാക്കി വിജയിപ്പിച്ച ഏവർക്കും സർവ്വോപരി എസ്സ്. ബി. പ്രസ്സു് അധികൃതർക്കും എന്റെ കൃതജ്ഞതയെ രേഖപ്പെടുത്തിക്കൊള്ളുന്നു.

കാഞ്ഞിരംകുളം
15-2-'56


ഗ്രന്ഥകർത്താവു്

# സമർപ്പണം

അതു രക്തസാക്ഷികളും, അസമത്വത്തിനും അക്രമത്തിനും അഴിമതിക്കും അന്യായത്തിനുമെതിരായി അനവരതം അടരാടിയ സമുദായസ്നേഹികളും—സാമുദായികരാഷ്ട്രീയസ്വാതന്ത്ര്യങ്ങൾക്കായി യഥാസ്ഥികവർഗ്ഗത്തിനെതിരേ ജീവൻ തൃണവൽഗണിച്ചു പോരാടിക്കൊണ്ടു് ലാത്തിക്കും തോക്കിനും നേരേ നിർഭയം നിവൻനിന്നു വിരിമാറു കാട്ടി വീരസ്വർഗ്ഗം പ്രാപിച്ച, രക്തസാക്ഷികളും—അവരുടെ നിത്യസ്മരണയ്ക്കായി ഈ ഗ്രന്ഥം സമർപ്പിച്ചുകൊള്ളുന്നു.

കാഞ്ഞിരംകുളം
15-2-'56

ഗ്രന്ഥകർത്താവു്



Sri. A. Nesamoni, B. A., B. L., M. P.
തിരുവിതാംകൂർ തമിഴ്നാട്ടു കാ: പ്രസിഡൻറ്.
വിപത്തൊഴിയും കൈവിടാത്ത കർമ്മധീരൻ

# വിഷയവിവരം


പുറം

അദ്ധ്യായം—1

നാടാർസമുദായം—ഒരു ലഘുവിവരണം 1—52

അദ്ധ്യായം—2

ജാതിനാമവും ആഗമനവും 53—70

അദ്ധ്യായം—3

ജനതയുടെ ഉപവിഭാഗങ്ങൾ 71—90

അദ്ധ്യായം—4

നാടാർജനതയും ഉപനിവേശവും 91—121

അദ്ധ്യായം—5

നാടാർസമുദായം ഇതരസമുദായവുമായുള്ള ബന്ധം 122—132

അദ്ധ്യായം—6

രാജ്യഭരണം 133—156

അദ്ധ്യായം—7

നായ്ക്കർഭരണവും പാണ്ഡ്യർനാശവും 157—182

അദ്ധ്യായം—8

വിപ്ലവപരമായ മുന്നേറ്റം 183—224

# നാടാർ ചരിത്രം

## അദ്ധ്യായം ക

## നാടാർസമുദായം—ഒരു ലഘുവിവരണം

A. സമുദായം:—1. അത്ഥവ്യാപ്തി, 2. ജനസംഖ്യ, 3. സെൻസസ്സ് റിപ്പോർട്ട് 1931, 4. നാടാർസമുദായത്തിന്റെ ആകൃതി, പ്രകൃതി, വേഷഭൂഷാദികം മുതലായവ.

B. മതവിശ്വാസം:—1. ഹിന്ദുമതം, 2. ക്ഷേത്രങ്ങൾ, 3. ഹിന്ദുമതത്തിലെ പരിവർത്തനവും ക്ഷേത്രപ്രവേശനവും, 4. ക്രിസ്തുമതം.

C. ആചാരങ്ങൾ:—വിവാഹം—(1) വിവാഹനിശ്ചയം, (2) വിവാഹയാത്ര, (3) വിവാഹമണ്ഡപം, (4) വിവാഹചടങ്ങ്, (5) ക്രിസ്തീയവിവാഹം, (6) പരേതക്രിയ, (7)പിൻതുടർച്ചാവകാശം.

D. കലകൾ:—1. കളരിപ്പയിറ്റ്, 2. മർമ്മവിദ്യ, 3. സാഹിത്യം, 4. വിദ്യാഭ്യാസം, 5. വിദ്യാലയസ്ഥാപനങ്ങൾ, 6. P. K. S. നാടാരുടെ വിദ്യാഭ്യാസപ്രവർത്തനം, 7. മധുര നാടാർസംഘത്തിലെ പ്രവർത്തനം.

E. ആഹാരക്രമം.

### A സമുദായം

ദക്ഷിണഭാരതത്തിൽ സംഖ്യാബലവും പാരമ്പര്യമഹിമയുംകൊണ്ടു മാത്രമല്ല മഹത്തായ ചരിത്രസംസ്കാരസമ്പത്തുകൊണ്ടും വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് നാടാർസമുദായം.

1. അത്ഥവ്യാപ്തി.

ഒരു സമുദായമെന്നാൽ എന്താണ്? അഥവാ ഒരു സമുദായം അല്ലെങ്കിൽ ജനതയെന്നതിനു വിപുലമായ തികച്ചും ശരിയായ അർത്ഥമെന്താണ്?

അതിർത്തിദേശനിയമസഭാദ്ധ്യക്ഷനായ അള്ളാനവാസ്ഖാൻ 1946-ൽ പുറപ്പെട്ടുവിച്ച ഒരു പ്രസ്താവനയിലെ ചില വരികൾ ഇവിടെ ഉദ്ധരിക്കട്ടെ:—"ഞങ്ങൾ മുപ്പത്തുലക്ഷം വരുന്ന ഒരു ജനവിഭാഗമാണ്. അതിർത്തിദേശത്തിലെ പത്താന്മാരായ ഞങ്ങൾക്ക് സ്വന്തമായൊരു സംസ്കാരവും, പരിഷ്കാരവും, ഭാഷയും, സാഹിത്യവും, കലയും, ശില്പവും, പേരുകളും, നാമകരണസമ്പ്രദായങ്ങളും, നിയമസംഹിതകളും, ആചാരങ്ങളും, ചരിത്രവും, വാഞ്ഛിതങ്ങളും, പാരമ്പര്യവും ഉണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഞങ്ങൾക്ക് ഞങ്ങളുടേതായ ഒരു ജീവിതവിഭാവനയുണ്ട്." പത്താൻനേതാവിന്റെ ഈ വാക്കുകളിൽ ഒരു സമുദായത്തിന്റെ ലക്ഷണം മുഴുവൻ സംഗ്രഹിക്കപ്പെട്ടിട്ടുണ്ട്. മറ്റൊരുവിധം പറഞ്ഞാൽ ഖാൻസാഹിബ്ബിന്റെ ഈ പ്രസ്താവനയുടെ സാരം ഞങ്ങൾ ഒരു സമുദായം ആകുന്നുവെന്നാണ്. മേൽ കാണിച്ച പ്രസ്താവനയെ അതേ ശക്തിയിൽ അതേ സ്വരത്തിൽ ഉൽഘോഷിക്കുവാൻ കഴിയുന്ന ഒരു സമുദായമാണ് നാടാർസമുദായം.

സ്വന്തമായ ഒരു സംസ്കാരം, ഒരു ചരിത്രം, ഒരു ഭാഷ, ആചാരഗതികൾ ഇതൊക്കെയാണ് ഒരു സമുദായത്തിന്റെ മുഖ്യ ഉപാധികളെന്ന് ഇതുയും പറഞ്ഞതിൽ നിന്നു വ്യക്തമായിരിക്കും. ഇക്കാര്യങ്ങൾ മനസ്സിൽവച്ചുകൊണ്ട് ദക്ഷിണഇൻഡ്യയിൽ അധിവസിക്കുന്ന ഈ വിപുലജനസംഘത്തെ ഒന്നു ശരിക്ക് അവലോകനം

ചെയ്യാം. അതിലേയ്ക്കാണ് ഈ അദ്ധ്യായത്തിൽ ഉദ്യമിക്കുന്നത്.

2. ജനസംഖ്യ

36 കോടി ജനങ്ങളം അധിവസിക്കുന്ന ഇൻഡ്യയുടെ ദക്ഷിണഭാഗത്താണ് നാടാർസമുദായം അധികമായി തിങ്ങികൂടിപാർക്കുന്നത്. ഇവരുടെ ജനസംഖ്യ ഏകദേശം അരക്കോടിയോളം ഉണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. തിരു-കൊച്ചിയുടെ ദക്ഷിണഭാഗത്തും തിരുനൽവേലി, കോയിൽപട്ടി, വിരുതുനഗർ, ചാത്തൂർ, തിരുമംഗലം, തൂത്തുക്കുടി, കടയം, അരുപ്പുക്കോട്ട, തുശ്ശിനാപ്പള്ളി, തഞ്ചാവൂർ, തിരിച്ചന്തൂർ, നശ്രേത്തു, ഇടലാക്കുടി, വെഞ്ഞാനപുരം, ചാത്താംകുളം, ശിവകാശി, മദ്രാസ്, രായപുരം, ശ്രീവില്ലിപുത്തൂർ, മധുര, ബോംബേ, സിലോൺ, കോയമ്പുത്തൂർ, കാഞ്ചിപുരം മുതലായ സ്ഥലങ്ങളിലും ആണ് ഈ ജനതയുടെ അധികഭാഗവും വസിക്കുന്നത്. ഇതിൽ ദക്ഷിണതിരുവിതാംകൂർ, തിരുനൽവേലി ജില്ല, രാമനാഥപുരം, മധുര, തഞ്ചാവൂർ, മദ്രാസ്, ചെങ്കൽപേട്ട, എന്നിവിടങ്ങളിലെ ജനസംഖ്യയിൽ ഒരു വമ്പിച്ച വിഭാഗം ഈ സമുദായക്കാരാണ്. മദ്രാസിൽ ഇന്നു നിലവിലിരുപ്പുള്ള രാഷ്ട്രീയസംഘടനകളിൽ പലതിന്റെയും നേതൃതപം വഹിക്കുന്നത് ഈ സമുദായത്തിൽപെട്ടവരാണെന്നു് ഓർക്കുമ്പോൾ, ദക്ഷിണഇൻഡ്യയിൽ ഇവർക്കുള്ള സ്ഥാനം എത്ര പ്രബലമാണെന്നു് ഊഹിക്കാവുന്നതാണല്ലോ. 1941-ലെ ജനസംഖ്യക്കണക്കനുസരിച്ച് തിരുവിതാംകൂറിൽ 60,70018 ആളുകളാണല്ലോ ഉണ്ടായിരുന്നത്. അതിൽ ഹിന്ദുക്കൾ 36,71480-ം, ക്രസ്ത്യാനികൾ 19,63188-ം മഹമ്മദീയർ 4,31500 പേരും ഉൾപ്പെടുന്നു. ഹിന്ദുസമുദായത്തെ ആസ്പദമാക്കി ചിന്തിച്ചുനോക്കിയാൽ ജനസംഖ്യയിൽ

മൂന്നാംസ്ഥാനമാണ് തിരുവിതാംക്കൂറിൽ നാടാർസമുദായത്തിനുള്ളതെന്നു മനസ്സിലാക്കാം. തോവാളമുതൽ നെയ്യാറ്റിൻകരവരെ ധാരാളമായും തിരുവനന്തപുരം, നെടുമങ്ങാട്, കൊല്ലം, ചെങ്കോട്ട മുതലായ സ്ഥലങ്ങളിൽ വിരളമായും ഇവർ അധിവസിക്കുന്നു. ഇവരുടെ ജനസംഖ്യ 7,00000 ആണെന്ന് മി: V. ശങ്കരയ്യർ M. A. L. T. യുടെ പ്രാഥമികഭ്രമിശാസ്ത്രത്തിൽ കാണുന്നു. എന്നാൽ 41-ലെ സെൻസസ്സ് റിപ്പോർട്ടനുസരിച്ച് 2,72448 പേർ ഉണ്ടെന്നാണ് കാണുന്നതു്. അപ്പോഴത്തെ സെൻസസ്സുകാലത്തു് "ഇൻഡ്യൻ ക്രിസ്ത്യാനികളോടു് ജാതി പറയണമെന്നു നിർബന്ധിക്കേണ്ട ആവശ്യമില്ല" എന്നു പ്രത്യേകം നിർദ്ദേശമുണ്ടായിരുന്നതിനാൽ ഈ സമുദായത്തിൽനിന്നും ക്രിസ്ത്യാനികളായിട്ടുള്ളവരുടെ കണക്കു് ഇതിൽ ഉൾപ്പെട്ടുന്നില്ല. 1931-ലെ തിരുവിതാംക്കൂറിലെ കണക്കനുസരിച്ചു് നാടാർ സമുദായാംഗങ്ങളിൽനിന്നും ക്രിസ്ത്യാനികളായിട്ടുള്ളവർ 1,68,573 ആണെന്നു കാണുന്നു. 1951-ലെ സെൻസസ്സിൽ ജാതി തിരിച്ചുള്ള കണക്കു് ഉൾപ്പെടുത്തിയിട്ടില്ലാഞ്ഞതിനാൽ സൂക്ഷ്മമായ കണക്കു് അറിയാൻ സാധിക്കുന്നില്ല. എന്നാൽ ചില സംഘടനകളുടെ നേതൃത്വത്തിൽ എടുത്തിട്ടുള്ള കണക്കനുസരിച്ചു് ഉദ്ദേശം 5 ലക്ഷം ഹിന്ദുക്കളും, 3 ലക്ഷം കത്തോലിക്ക നാടാർക്രിസ്ത്യാനികളും, 2 ലക്ഷം എൽ. എം. എസ്. (സി. എസ്. ഐ.) നാടാർക്രിസ്ത്യാനികളും ഉണ്ടെന്നു കാണുന്നു. തിരുകൊച്ചിയിൽ ജാതിനാമം നിലനിൽത്തിപ്പോരുന്ന സമുദായങ്ങളുടെ ജനസംഖ്യ ആസ്പദമാക്കി നോക്കുന്നപക്ഷം നാടാർസമുദായം മൂന്നാംസ്ഥാനം അഹ്നിക്കുന്നു. അതായതു് നായർ, ഈഴവർ, നാടാർ, കമ്മാളർ ഈ നിലയിൽ ജനസംഖ്യ അനുസരിച്ചു വ്യവഹരിക്കാം.

"തിരുനൽവേലി താലൂക്കിന്റെ പരിസരപ്രദേശങ്ങളിലും തെക്കൻതിരുവിതാംകൂറിലും നാടാർ ഒരു പ്രമുഖ സമുദായമാകുന്നു. ചാന്നാന്മാർ എന്നു് ഇവരെ മുൻപു് അറിഞ്ഞിരുന്നുവെങ്കിലും ഇപ്പോൾ ആ പേരു് അവർ അത്ര ഇഷ്ടപ്പെടുന്നില്ല. "ലാവാസി" നെപ്പോലെതന്നെ നാടാർസമുദായവും സിലോണിന്റെ വടക്കൻതീരങ്ങളിൽനിന്നും വളരെക്കാലം മുൻപുതന്നെ കുടിയേറിപ്പാർത്തിട്ടുള്ളവരാണെന്നു് ഡാക്ടർ "കാംഡ്വെൽ" കരുതുന്നു. ശിലാലേഖനങ്ങളിൽ നാടാക്കു് "നാടാഴ്വാർ" എന്നു കാണുന്നു. അതിൽനിന്നും അവർ ഒരിക്കൽ പ്രഭുവർഗ്ഗത്തിൽപ്പെട്ടവരാണെന്നു തെളിയുന്നുണ്ടു്. ചില പ്രമാണങ്ങളിൽ അവർതന്നെ "ചലംകൈ ഉയിർകൊണ്ട ഇരവികുലക്ഷത്രിയർ" എന്നു വിവരിക്കുന്നു. (ചലതു വശത്തുള്ള സൂര്യവംശക്ഷത്രിയന്മാരിൽ ഉൾപ്പെട്ടതു്.) ഈ ചോദ്യത്തെപ്പറ്റി മിസ്റ്റർ "A. S. സ്റ്റുവർട്ടു്" തിരുനൽവേലി ഡിസ്ട്രിക്ടു് മാനുവലിൽ ചാന്നാന്മാക്കു് സാധാരണ മറ്റുള്ള ജാതിക്കാർ നൽകുന്നതിൽനിന്നും സാമുദായികമായി ഉയർന്ന ഒരു നിലയാണു കല്പിച്ചിട്ടുള്ളതു്. അവരുടെ പെൺകുട്ടികളെ പ്രായപൂർത്തിയായതിനുശേഷം മാത്രമേ വിവാഹം കഴിപ്പിക്കയുള്ളൂ. ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുന്നതു് മുൻപു് നിരോധിച്ചിരുന്നുവെങ്കിലും ഇപ്പോൾ അനുവദിക്കുന്നു. എന്നാൽ ബന്ധം വിടുത്തൽ ഒരിക്കലും അനുവദിക്കുന്നില്ല. മക്കത്തായം പിൻതുടർച്ചയാണു് അവർ പിൻതുടരുന്നതു്. ഇവരിൽ ഭൂരിഭാഗവും ക്രിസ്തുമതം സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. നാടാർസമുദായത്തിലെ ഹിന്ദുക്കളുടെ എണ്ണം കഴിഞ്ഞ സെൻസസ്സിൻ

3. 1931-ലെ തിരുവിതാംകൂർ സെൻസസ്സ് റിപ്പോർട്ടു്. Vol. XXVIII P. 54.

പ്രകാരം 2,00838-ം, ഇപ്പോൾ 2,33982-ം ആണ്. അവരുടെ പത്തുവർഷത്തിനിടയ്ക്കുള്ള വളർച്ച 16·5%-വും സ്റ്റേറ്റ് ഒട്ടുക്ക് 27·2%വും ആണ്. ഒരു കാര്യം ശ്രദ്ധിക്കേണ്ടതു് ക്രിസ്തുമതത്തിലേയ്ക്ക് മാറുന്ന സമുദായങ്ങളിൽ ഇവർക്കാണ് പ്രമുഖസ്ഥാനം. ക്രിസ്ത്യൻനാടാരുടെ കഴിഞ്ഞ സെൻസസ്സിലുള്ള എണ്ണത്തെപ്പറ്റി അറിവ് ലഭിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ 1,68573 പേർ ക്രിസ്തുമതത്തിലേയ്ക്കു ചേർന്നിട്ടുള്ളതായി കാണാം. അങ്ങനെ ഹിന്ദുനാടാരുടേയും ക്രിസ്തീയനാടാരുടേയും ആകെത്തുക 4,02555-ായിത്തീർന്നിരിക്കുന്നു."

4. നാടാർസമുദായത്തിന്റെ ആകൃതി, പ്രകൃതി, വേഷഭൂഷാദികൾ മുതലായവ.

ഉഷ്ണമേഖലയിലെ താമസം ഇവരെ കൃഷ്ണവർണ്ണമുള്ളവരാക്കിത്തീർത്തു. എന്നാൽ ഈ വർണ്ണം ദ്രാവിഡരുടെ ഒരു പ്രത്യേകലക്ഷണമായിട്ടാണല്ലോ ചരിത്രകാരന്മാർ ഘോഷിക്കുന്നതു്. ദക്ഷിണ ഇൻഡ്യയിലെ സകല ജാതികളിലുംവച്ചു് ശക്തി, കായദൈർഘ്യം ഇവയിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു് നാടാർസമുദായക്കാരാണെന്നുള്ളതു് പല പണ്ഡിതന്മാരും സമ്മതിച്ചിട്ടുള്ളവരും പരമാർത്ഥമാണ്. ദക്ഷിണാപഥത്തിലെ ജനങ്ങളുടെ ശാരീരികസ്ഥിതിയെപ്പറ്റി പലരും ഗവേഷണം നടത്തി അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അവരിൽ ചിലരുടെ വ്യവഛേദനം ചുവടെ ചേർക്കുന്നു.

റോപ്പിനാർഡിന്റെ വ്യവഛേദനം

| | | |
|---|---|---|
| ദീർഘകായം | 170 cm. (5'7")-ം അതിൽ കൂടുതലും | |
| ശരാശരിയിൽ | 165 cm. (5'5") | 170 cm കവിഞ്ഞതു് |
| ശരാശരിയിൽ | 160 cm. (5'3") | 165 cm കുറഞ്ഞതു് |
| ഹ്രസ്വം | 160 cm. (5'3") | കുറവു് |

## റസ്ലിയുടെ വ്യവഛേദനം

| | |
|---|---|
| നീലഗിരിയിലെ വടക്കരുടേതു് | 71:7″ |
| ആനമലയിലെ ഗൗണ്ടരുടേതു് | 72:9″ |
| തിരുനൽവേലിയിലെ ചാന്നാന്മാർ | 76:6″ |
| തീയന്മാർ | 73″ |
| ചെമാർ | 73:4″ |
| പറയർ | 73:6″ |
| നായന്മാർ | 73:2″ |

## നാസികാലക്ഷണം

മൈസൂരിലെ ലംബഡികളുടെ 69.1 മുതൽ മലബാറിലെ വാണിയന്മാരുടെ 95.1 വരെ വിവിധഭാഗങ്ങളും

## ശരാശരി പൊക്കം

| | | |
|---|---|---|
| ചാന്നാന്മാർ | 170 | cm. (സെൻറീമീറ്റർ) |
| പുലയർ | 153 | ,, |
| തീയർ | 165.8 | ,, |
| തമിഴ് ബ്രാഹ്മണർ | 163.7 | ,, |
| തമിഴ് പറയർ | 162.5 | ,, |
| കാടർ | 162.1 | ,, |
| പണിയർ | 157.7 | ,, |
| വടകർ | 157 | ,, |

നാസികയുടെ അളവ് M. M.
(മില്ലീമീറ്റർ)

| | പൊക്കം | | | വീതി | | | നാസികാലക്ഷണം | | |
|---|---|---|---|---|---|---|---|---|---|
| വർഗ്ഗം | ശരാശരി | കൂടിയത് | കുറഞ്ഞത് | ശരാശരി | കൂടിയത് | കുറഞ്ഞത് | ശരാശരി | കൂടിയത് | കുറഞ്ഞത് |
| നാടാർ | 47 | 52 | 41 | 37 | 43 | 33 | 79.3 | 104.9 | 68 |
| തീയർ | 47 | 52 | 42 | 35 | 40 | 31 | 75.1 | 85.7 | 61.5 |
| ബ്രാഹ്മണർ | 47 | 51 | 42 | 36 | 41 | 32 | 76.5 | 93.3 | 64.7 |
| നായർ | 47 | 55 | 40 | 36 | 44 | 29 | 76.7 | 102.3 | 56.9 |

പൊക്കം—ശരാശരി C. M. (സെൻറീമീറ്റർ)

| | ശരാശരി | കൂടിയത് | കുറഞ്ഞത് |
|---|---|---|---|
| നാടാർ | 170.1 | 182.8 | 158.6 |
| തീയർ | 164.1 | 171.6 | 155.2 |
| ബ്രാഹ്മണർ | 164.3 | 175.0 | 153.4 |
| നായർ | 165.1 | 180.8 | 151.5 |

മലയാളഭാഷ സംസാരിക്കുന്ന നാടാർസമുദായാംഗങ്ങളും വസ്ത്രധാരണം മുതലായവ മലയാളികളെ അനുകരിച്ചു മാറിയിരിക്കുന്നു. എന്നാൽ തമിഴരാകട്ടെ ചില

സ്ഥലത്തു് പൂണൂനൂൽ, പുറംകുടുമ, കുത്തിയുടുപ്പു് മുതലായവ ഇന്നും ധരിച്ചുവരുന്നുണ്ടു്. സ്ത്രീകളുടെ വേഷം മറുതമിഴരുടേതുപോലെ ചേലയുടുപ്പു് (സാരി) മാത്രമാണു്. പ്രസ്തുത സമുദായത്തിന്റെ വസ്ത്രധാരണം സംബന്ധിച്ചു പ്രസ്താവിക്കുമ്പോൾ ഒരു കാര്യം പ്രത്യേകം പറയേണ്ടിയിരിക്കുന്നു. തത്സംബന്ധമായി ഇതരസമുദായങ്ങൾ അഭിക്കാത്ത ഒരു സ്വാതന്ത്ര്യം നാടാർസമുദായത്തിനു മുൻപുണ്ടായിരുന്നു. ബ്രാഹ്മണർ, നായർ മുതലായ സമുദായക്കാർക്കു് മേൽമുണ്ടു് ധരിക്കുവാൻ സ്വാതന്ത്ര്യമില്ലായിരുന്ന മുൻകാലത്തും ഇവർ അതു ധരിച്ചാണു വന്നതു്. അതു സംബന്ധിച്ചു് * ചാന്റോർ മെമ്മോറിയലിൽ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടു്. ഈ ഭാഗം അന്യത്ര പ്രതിപാദിക്കേണ്ടിയിരിക്കുന്നതിനാൽ ഇവിടെ വിവരിക്കുന്നില്ല.

## B മതവിശ്വാസം

നാടാർസമുദായം പൊതുവിൽ അംഗീകരിച്ചിട്ടുള്ളതു് ഹിന്ദുമതമാണു്. പ്രാചീനകാലംമുതൽ ഹിന്ദുക്കളിൽ ഒരു ഭാഗക്കാർ ശിവനേയും ഇതരർ മഹാവിഷ്ണുവിനേയും ആരാധിച്ചുവരുന്നു. ഇതു സംബന്ധിച്ചു് തിരുവിതാംകൂർ സ്റ്റേറ്റു് മാന്വലിൽ നാടാർ വംശക്കാർ പൂർവ്വകാലംമുതൽ ശൈവന്മാരായിരുന്നതായി പ്രസ്താവിച്ചിരിക്കുന്നു. പിതൃപൂജയ്ക്കായി "തെക്കതു്" എന്ന ഒരു പരദേവതാലയം ഏറെക്കുറെ സകല ഹിന്ദുഗൃഹങ്ങളിലും ഉണ്ടായിരിക്കും. അവിടെ പ്രത്യേകം ചില ദേവന്മാരെയോ ദേവിമാരെയോ സങ്കല്പിക്കുകയും ആണ്ടുതോറും അവിടെ ഉത്സവം നടത്തുകയും പതിവാണു്.

1. ഹിന്ദുമതം

* ചാന്റോർ മെമ്മോറിയൽ Vol I P XIX

ഇതിനു് കൊട്ടതി എന്നാണു് പറഞ്ഞുവരുന്നതു്. അതിനുംപുറമേ വ്രതാനുഷ്ഠാനങ്ങളോടുകൂടി പൊങ്കാല ഇടുകയും മറ്റു പൂജാദികർമ്മങ്ങളും നടത്തുകയും ചെയ്യുവരുന്നു.

സപ്തഗൃഹത്തിലെ തെക്കുപടിഞ്ഞാറെ മുറി ദൈവിക കാര്യങ്ങൾക്കായി പരിശുദ്ധമായി ഒഴിഞ്ഞിടുകയും അതിൽ വച്ചു് പിതൃപൂജ നടത്തുകയുമാണു പതിവു്. പുരാതന ഗൃഹങ്ങളിൽ ഈ മുറിയിൽ ഒരു ഭസ്മസഞ്ചി പ്രത്യേകം സൂക്ഷിച്ചിരിക്കും. കുടുംബനായകനു മാത്രമേ അതിൽ പ്രവേശനം ഉണ്ടായിരിക്കുകയുള്ളു. ആ കുടുംബനായകൻ തന്നെയാണു് അതിലെ പുരോഹിതൻ. പിതൃക്കൾക്കു് പഴവർഗ്ഗങ്ങൾ, പൊരി, അവൽ, അടകൾ, പുഷ്പങ്ങൾ മുതലായവ നിവേദിക്കുക പതിവാണു്.

വീരാരാധകരായ നാടാർസമുദായക്കാർ അവരുടെ പരദേവതയായി ഭദ്രകാളിയേയും, അതിന്റെ വിവിധഭാഗങ്ങൾതന്നെയായ ചാമുണ്ഡി, രക്തേശ്വരി, യക്ഷി, അമ്മൻ മുതലായദേവിമാരെയും, മാടൻ(മഹാനടൻ), ഭ്രതം, *ആയിരവില്ലി, $ കളരിമൂത്തി മുതലായ ദേവന്മാരെയും സങ്കല്പിച്ചു തെക്കുതുകളിൽ പൂജ നടത്തിപ്പോരുന്നു. ഇതിനുംപുറമേ ഓരോ ഗ്രാമത്തിനും പ്രത്യേകം ക്ഷേത്രങ്ങൾ ഉണ്ടായിരിക്കും. അതിലെ ആരാധനാമൂർത്തികൾ ശാസ്താവു്, അമ്മൻ, ഭദ്രകാളി, ശിവൻ; സുബ്രഹ്മണ്യൻ, ഗണപതി മുതലായവരാണു്. ഈ ക്ഷേത്രനടത്തിപ്പിനായി ഗ്രാമക്കാർ തമ്മിൽ സംഘടിച്ചു് പ്രവർത്തിച്ചുപോരുന്നു. തന്നി

---

* വില്ലാളിവീരനായ അർജ്ജുനനെയാണു് ഈ പദംകൊണ്ടു് ഉദ്ദേശിക്കുന്നതു്. (ആയുധവില്ലി)

$ കളരിപ്പയറ്റിനു് പ്രത്യേക ശക്തി നൽകുന്ന ദേവൻ.

മിത്താം ഗ്രാമബന്ധം സ്ഥാപിക്കുന്നതു് വളരെ സുഗമമായിട്ടാണു് അവ നാടപ്പിലിരിക്കുന്ന ഗ്രാമക്കാർ കരുതിപ്പോരുന്നതു്. ഈ സംഘടനാപരമായ പ്രവർത്തനങ്ങളാൽ പല മഹൽകാര്യങ്ങളും നിർവ്വഹിച്ചുപോരുന്നുണ്ടു്.

പ്രാചീനകാലങ്ങളിൽ *പാണ്ഡ്യരാജ്യത്തിലെ ക്ഷേത്രങ്ങളിൽ പാണ്ഡ്യരാജവംശജർക്കു്—നാടാർസമുദായക്കാർക്കു മാത്രമേ പ്രധാന ക്ഷേത്രവാതിലിൽക്കൂടി അകത്തു കടക്കാൻ അധികാരമുണ്ടായിരുന്നുള്ളു.

2. ക്ഷേത്രങ്ങളും

‡ "അന്തണർ തെൻതിശൈ അരചർ മേത്തിശൈ
വന്തിടും വണികർ നൽവടക്കതാകുമാം.
തൊൻറമിൽ ചൂത്തിരൻ തോൻറും കീട്ടിശൈ
പിന്തിയ നട്ടവത്തു പിരമസ്ഥാനമേ." എന്നും,
"തിടമാകിയതെൻമനൈ മാമറയോൻ
കുടചാർ പെരുമേൽ മനൈകോവരചർ
വടചാർ പെന്നമാമനൈ വൈശ്യരാ—
ന്തുടരാകിയ കീഴ്മനൈ ചൂത്തിരരേ." എന്നും

ഉള്ള ഭാഗങ്ങളിൽ നിന്നു് തെക്കുക്കൂടി ബ്രാഹ്മണരും, പടിഞ്ഞാറുക്കൂടി ക്ഷത്രിയരും, വടക്കുക്കൂടി വൈശ്യരും, കിഴക്കുക്കൂടി ശൂദ്രരും പ്രവേശിച്ചുവന്നതായി കാണാം.

അനന്തരകാലങ്ങളിലുണ്ടായ പരിവർത്തനങ്ങളുടെ ഫലമായി ഈ വിശേഷമാർഗ്ഗങ്ങളെല്ലാം കല്ലുകൊണ്ടു കെട്ടി മാർഗ്ഗതടസ്ഥം വരുത്തിയിരിക്കുന്നതായി † "നാടാർ

---

* തിരുക്കുറവലക്കുറവഞ്ചി.
‡ ചിർപ്പാസ്സിരം 11: 13
† നാടാർകുലവരലാറു് P. 34

കലവരലാറു" എന്ന ഗ്രന്ഥത്തിൽ നിന്നും വ്യക്തമാകുന്നു. മധുര മീനാക്ഷിഅമ്മൻക്ഷേത്രത്തിൽ അടച്ചു പടിഞ്ഞാറെ വാതൽ 1924-ൽ കോർട്ടറസീവർപ്രകാരം വിപാടനം ചെയ്തു. എന്നാൽ അന്നേദിവസംതന്നെ നാടാർസമുദായക്കാരും ക്ഷേത്രാധികാരികളും തമ്മിൽ വഴക്കുണ്ടായി. അനവധി ജനങ്ങളുടെ ജീവഹാനിക്കിടയായി. തത്ഫലമായി തിരുമലനായിക്കന്റെ കാലത്തു് അടയ്ക്കപ്പെട്ട ഈ വാതിൽ വീണ്ടും അടയ്ക്കുന്നതിനു് അടുത്ത ദിവസംതന്നെ കളക്ടറുടെ പ്രത്യേക ഉത്തരവുണ്ടായതനുസരിച്ചു് മൻപിലത്തെക്കാടം ബലമായി ബന്ധിച്ചു. ഇപ്പോഴും ഭരണം നടത്തിപ്പോരുന്ന മധുര ക്ഷേത്രക്കമ്മറ്റിയിൽ നാടാർസമുദായത്തിലെ അംഗങ്ങളും ഉൾപ്പെട്ടിട്ടുണ്ടു്.

യജ്ഞം, അദ്ധ്യയനം മുതലായ കർമ്മങ്ങൾ * ക്ഷത്രിയരുടെ പ്രത്യേക ചുമതലയിൽ ഉൾപ്പെട്ടിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അക്കാലങ്ങളിൽ ക്ഷേത്രാവശ്യങ്ങൾക്കുള്ള കർമ്മധർമ്മാദികളെ ഇവർ കുടുംബപാരമ്പര്യമായി തുടർന്നുപോന്നതായി തെളിവുകളുണ്ടു്. † "ചാന്ദ്രാഴ്സ് തങ്ങളുടെ ജാതിയിൽ പാരമ്പര്യമായി ഇരുസ്ഥാനവും പുരോഹിതസ്ഥാനവും ഒരു തൊഴിലായി സ്വീകരിക്കുന്നവരും അയ്യർ എന്ന സ്ഥാനപ്പേരു വഹിക്കുന്ന ജാതിയിൽ ചേർന്നവരുമായിരിക്കുന്നു."

ദക്ഷിണഇൻഡ്യയിലെ അനവധി പ്രാചീനക്ഷേത്രങ്ങളുടെ പൂർവ്വചരിത്രം അന്വേഷിച്ചാൽ അവ നാടാർസമുദായക്കാരുടെ പ്രത്യേക പ്രോത്സാഹനത്താൽ നിർമ്മിച്ചി

---

* ചേന്നൻതിവാകരം 12; 81

† തിരുവിതാംകൂർ സ്റ്റേറ്റ് മാന്വൽ

ട്ടുള്ളതാണെന്നു തെളിയുന്നതാണു്. *"പഴനി സുബ്രഹ്മണ്യ ക്ഷേത്രത്തിൽ ഉദ്ദേശം ആയിരം വഷ്ങ്ങൾക്കു മുൻപു് നാടാർ സമുദായക്കാർ തങ്കത്തിൽ ചെയ്യുവച്ചിട്ടുള്ള ഒരു കുതിരവാഹനം ഈ അടുത്തകാലത്തുതന്നെ അനവധി പവൻ ചെലവുചെയ്തു് "ശ്രീ ഉത്തരമാറനാടാർ" പുതുക്കിപ്പണികഴിപ്പിച്ചു. അതിനു മുൻവശം കാണുന്ന ആസ്ഥാനമണ്ഡപം അദ്ദേഹംതന്നെ ഒരു ലക്ഷം രൂപയ്ക്കുമേൽ ചെലവുചെയ്തു് പണികഴിപ്പിച്ചതാണു്. അതിൽ പ്രതിവഷ്ം കന്നിമാസത്തിൽ നടത്തിവരാറുള്ള മണ്ഡലപൂജയുടെ ചെലവു വഹിക്കുന്നതും അദ്ദേഹത്തിന്റെ പിൻഗാമികളാണു്."

ഇതുപോലെ തഞ്ചാവൂരും കുംഭകോണത്തുമുള്ള കുംഭീശ്വരക്ഷേത്രത്തിൽ ഇടവമാസത്തിൽ മൂന്നു മണ്ഡലപ്പടികളും (പൂജയ്ക്കുള്ള പതിവുവകകളും) നാടാർസമുദായക്കാർ നടത്തിവരുന്നു. മാത്രമല്ല തെക്കേ അക്കാട്ടുജില്ലയിലുള്ള നടേശ്വരക്ഷേത്രത്തിൽ ഒരു കാലപൂജ നാടാർസമുദായക്കാർ മാത്രം നടത്തപ്പെട്ടുപോരുന്നുണ്ടു്. ഇതിൽ ഏകദേശം രണ്ടായിരത്തിൽപരം രൂപ ചെലവുചെയ്തു് ഒരു ചെടിവിളക്കു് പണിതു് അതു കത്തിക്കുന്നതിനുള്ള ചെലവും അവർ വഹിച്ചുവരുന്നു.

ശിവകാശി, വിരുതുനഗർ, അരുപ്പുക്കോട്ട, പാലയംപട്ടി, ആറുമുഖശ്ശേരി, കൗമുടി, കച്ചിനാവിള മുതലായ സ്ഥലങ്ങളിൽ ക്ഷേത്രങ്ങൾ കെട്ടിച്ചു് നാടാർസമുദായക്കാർ തന്നെ പുരാതനകാലംമുതൽ ആരാധന നടത്തിപ്പോരുന്നുണ്ടു്.

---

* നാടാർകുലവരലാറു് P. 33

ശ്രീശങ്കരാചാര്യസ്വാമികൾ നാടാർജാതിക്കു് കൊടുത്ത ഒരു താമ്രശാസനത്തിൽ താഴെ കാണുംവിധം രേഖപ്പെടുത്തിയിരിക്കുന്നു. * ".....പാണ്ടിയകുലമായും ചിവകോത്തിരചമ്പന്നനാളായും പാണ്ടിയതേശത്തിൽ പിറന്തവാളായും ക്ഷത്രിയവംശാളായും ഇരുക്കിറ നാടാക്കൾകുലം ചമത്തതുക്കും കുലകുരുവായനൈ മുകവചെയ്തതു്....."

ഇപ്രകാരം തിരുവിതാംകൂറിലെ പ്രാചീനരേഖകൾ പരിശോധിച്ചാലും നമുക്കു് പലതും ഗ്രഹിക്കുവാൻ കഴിയും. തിരുവിതാംകൂർ റവന്യൂ സെറ്റിൽമെന്റിൽ (Appeal IX AK 1913) 265-ാംനമ്പരായി ഇരവി നാരായണൻ വിണ്ണവർ എൻപെരുമാൾ മേൽവാരം എന്ന ആധാരക്കു് കിള്ളിയൂർ, പ്രാചീശ്വരത്തു് മഹാദേവക്കു് പൂജനടത്തുന്നവകയ്ക്കായി കൊല്ലം 354-ൽ ശ്രീ വീരമാർത്താണ്ഡവമ്മ ശേഖരൻകുമാരനെക്കൊണ്ടു് എഴുതിച്ചുകൊടുത്ത നീട്ടിൽ "ഹരിശ്രീ കൊല്ലം 354-ാമാണ്ടു് വൃശ്ചികം ഞായർ എട്ടും ചെന്ന വ്യാഴം മൂലവും ഇന്നാളാൽ വേണാട്ടിൽ ശ്രീ വീരമാർത്താണ്ഡവമ്മ തിരുവടി തിരുവട്ടാറുക്കു് കിഴക്കിൽ തിരുവനന്തപുരത്തിൽ കോയിലായിരുന്നരുളി വേണാട്ടിൽ കാര്യം ചെയ്തിൻറവർകളും ഇന്നാട്ടിൽ കാര്യംചെയ്തിൻറ വർകളുംകൂടി എഴുതി ജയക്കൊടി ഓലൈ കരുണമാവതു്..... † മഹാദേവക്കു് തിരുനടച്ചിലവു നിബന്ധം ഇലൈ മൂൻരും മുന്നാഴിച്ച അരി, എഴനാഴി ഉരിയച്ച നെല്ലാകു, തിങ്കൾ പതിനാഴിക്കാൽകലനെ എഴുക്കു

---

* നാടാർകുലവരലാറു് P. 22

† ഈ സംബന്ധിച്ച കേസ്സു് 115-ൽ 62-ാംനമ്പരായി കഴിഞ്ഞ മുൻസിപ്പുകോർട്ടിൽ ഫയൽ ചെയ്തിട്ടുണ്ടു്.

രുണി അഞ്ഞാഴിച്ച നെല്ലാക, ആറു തിങ്കളാൽ നെൽ ക്കലിൽ ആകവും ആണ്ടാൽ നെൽ പതിനെട്ട കലവും ചാന്തി ചെയ്തിന്റെ നമ്പിവചവും വാരിയൻവചവും തിങ്കൾ വാരം അളവുകൊടുത്തു് അവർകും കയ്യാലെ കുറിയും കൊണ്ടു് ചന്ദിരത്തിനു കാലം ദേവക്കു് തിരുനടച്ചിലവിനു് അരിചെലുത്തുവിൻ" എന്നു കാണുന്നു. അവിടെനിന്നും ലഭിച്ച മറൊരു നീട്ടിൽ "ശകാബ്ദം 1605–ൽ മേൽ കൊല്ലം 858–ാമാണ്ടു് വൈകാശിമാസം 16–ാംതീയതി അമരപക്ഷത്തു് ത്രയോദശി സോമവാരവും ശോഭനയോഗവും ഇടവക്കരണവും പെറ്റ ഭരണിനാൾ പെറ്റ ഉദയപൂവ്നന്മദാനപ്രമാണമാവിതു്. നാഞ്ചിനാട്ടു് വീരകേരള നല്ലൂരിൽ കല്യാം നൈനാർ ശിവപാണ്ടി ആണ്ടാരുക്കും ആണ്ടിച്ചി മകൾ രാമനാച്ചിയാരുക്കും കണക്കുറിക്കെല്ലാം പുകൾപെറ്റ പെരുമാൾ പരാക്രമപാണ്ടിപ്പെരുമാളും ധമ്മത്തിക്കു് പ്രമാണമാക കല്ലിലും ചെമ്പിലും വെട്ടി വിട്ടുകൊടുത്ത പരിശാവിതു്.....എന്നുടയ പിറന്നാൾ മാസംതോറും മൂലംനക്ഷത്രത്തുക്കു് പാൽപായസം വയ്ക്കുറവകയ്ക്കു് മാസം ഒന്നുക്കു് ആകെ ആണ്ടൊന്നുക്കു് അഡിക നാൾ ഉൾപ്പെടമൂലം നാൾ ഒന്നുക്കു് മടത്തിൽ നിന്നും ആചന്ദ്രാക്കമേ നടത്തിപ്പോരുംപടിക്കു് മടത്തുക്കു് മുതൽ കയ്യാഴിക്ക പണം 200 (ഇരുനൂറു്). ഇപ്പണം ഇരുനൂറുക്കും ആണ്ടൊന്നുക്കു് ഉള്ള പലിശ പണം 13 കൊടുത്തു് ആവണിമാസം മുതൽക്കു് മാസംമൂലം നാൾതോറും മടത്തിൽനിന്നും പായസം വെയ്പിച്ചും നടത്തിക്കൊള്ളുവാറാകവും ഇപ്രകാരം കല്പിച്ചു് വിട്ടുകൊടുത്ത കണക്കു് തിക്കു് എല്ലാം പുകഴും പെരുമാൾ പരാക്രമപാണ്ടിപ്പെരുമാൾ എഴുത്തു്" എന്നാണു് കാണുന്നതു്.

നാഗമണി മാത്താണ്ഡൻനാടാക്ക് ലഭിച്ചതും 1099-ൽ സി. 85-ാംനമ്പരായി നാഗർകോവിൽ ജില്ലാക്കോർട്ടിൽ ഹാജരാക്കീട്ടുള്ളതുമായ ഒരു നീട്ടിൽ അഗസ്തീശ്വരം കീഴ് പ്പുറ്റ് സുബ്രഹ്മണ്യനാഗമണി മാത്താണ്ഡൻനാടാർ 939-ാം ആണ്ടു് അവരുടെ വകയ്ക്കായി പുത്തനായി കോവിലും കെട്ടിച്ചു് കുലശേഖരവിനായകരെയും ഭദ്രകാളി ബാല സൗന്ദരി തങ്കെ അമ്മയേയും പ്രതിഷ്ഠിപ്പിച്ചു് പൂജവക യ്ക്കായി വസ്തുക്കളും വിട്ടു് കൈവശംവച്ചു് നടത്തിച്ചുവരുന്ന പ്രകാരവും ഇപ്പോൾ അവിടെ പൂജചെയ്തുകൊണ്ടിരുന്ന കുമാരസ്വാമിപണ്ടാരത്തിനു് വച്ചിരുന്ന ഉടമനെല്ലു് മുത ലാനതും പറഞ്ഞുകൊണ്ടു് പൂജയ്ക്കു വരാതെ അമാന്തമാ യിട്ടു പാക്കുന്നു എന്നു് അറിവു ലഭിച്ചിരിക്കുന്നതുകൊണ്ടു് കന്യാകുമാരി ശ്രീകാര്യക്കാരൻ മുഖാന്തിരം തീപ്പിച്ചു് പൂജയ്ക്കു മുടക്കംവരാതെ പണ്ടാരത്തിനെക്കൊണ്ടു് നടക്ക ത്തക്കവണ്ണം ചട്ടംകെട്ടിക്കൊള്ളുകയും വേണം. ഇക്കാര്യം ചൊല്ലി 956-ാമാണ്ടു് മീനമാസം 9-ാംതീയതി മാത്താ ണ്ഡൻ മാധവനു് എഴുതിവിട്ടു് എൻറെ തിരുവുള്ളമാന നീട്ടു്." എന്നു കാണുന്നു.

നാഗർകോവിൽ ക്ഷേത്രത്തിൽ 913-ാമാണ്ടു് പട്ടയ ത്തിൽ "നൈനാർനാഗർ തിരുവനന്തപുരം സ്വാമിക്കും അഗസ്തീശ്വരം വീരമാർത്താണ്ഡനാടാർ പങ്കുനിമാസം ആയില്യത്തുക്കു് അഭിഷേകകുട്ടയെ ചിറപ്പു മുതലാന വക യ്ക്കു് വിട്ടുകൊടുത്ത നിലമാവതു്. നൈനാർകുളത്തിൽ കീഴ്നടുവുക്കാൽപോക്കിൽ നാലു മാഹാണി ഇരുപ്പ അടി പതിനെട്ടു മരയ്ക്കാൽ നിലത്തിൽ അഗസ്തീശ്വരം സ്വാമി ക്കു് തിനസ്സരി നാളിഅരിയ്ക്കു വെൺപടി നിവേദ്യംവക യ്ക്കും വടക്കേടത്തുക്കു മേൽ ചൊന്ന നക്ഷത്രത്തിൻറൻറ

അഭിഷേകക്കട്ടളയും പായസനിവേദ്യം വകയ്ക്കും അന്നേറ
ത്തിനും ചിറപ്പുവകയ്ക്കും കല്ലും കാവേരിയും പുല്ലും പൂമിയും
ഉള്ള മട്ടും നടത്തിക്കൊൾവാരാകവും മേൽ ചൊന്ന നാ
ടാർവംശക്കാക്കു് തിരുപ്പുത്തുമണ്ണും പ്രസാദവും ആവണി
മാസം അഷ്ടമിരോഹണിക്കു് അഞ്ചു സീറാതൊറണ്ടയും
കാത്തികമാസം തിരുകാത്തിയലുക്കു് ഒരു വട്ടി പൊരി
പ്രസാദവും അയില്യം അഷ്ടതിരുനാണാക്കു് തിനശ്ശേരി
ഒരു കട്ടിച്ചോറും തേരോട്ടത്തൻറു ആറുമുളത്തിൽ പട്ടു്
ഒൻറും തേങ്കാ ഒൻറും വൈകാശിമാസം ഒരു പൂമ്പട്ട
മാമ്പാലും മൂൻറു മാമ്പളവും കൊടുക്കുംപടി ഏർപ്പെട്ട
ത്തിന ടി ക്ഷേത്രത്തിൽ പ്രതാനി അതിവീരപണ്ഡിതർ
കമലാകനപണ്ഡിതർ (ഒപ്പു്)." എന്നു കാണുന്നു.

ക്രിസ്ത്യൻ മിഷനറിയായിരുന്ന സാമുവൽ മെറിയർ F. L. S. ൻെറ ഒരു വിവരണം ചുവടെ ചേർക്കുന്നു:—

## THE LAND OF CHARITY.

"A descriptive account of Travancore and its people." by the Rev. Samuel Mateer F. L. S. of the Land Missionary Society. A book published in 1871. The author says in his preface dated London, 29th November 1870 that during a residence of over nine years in India wholly occupied in Vernacular labours amongst the natives and constantly enjoying as close familiar intercourse with them as is possible for a European, he continued, both as a matter of duty and of pleasure, to collect information of kinds about the country and people and several years ago sketched out the plan of this book.

Extract from page 219.

One of the principal devil temples in Travancore is that represented in the annexed engraving, situated at Agastiswaram, near cape Comorin; which is also the head quarters of the Shanar tribe, where their Nadan, or chieftain, resides, who was formerly allowed the privileges of having a fort, riding in a palanquin and retaining one hundred armed attendants which he is too reduced to support now. This is a temple of Muttar Amman, and is said to have been built in ten days by the aid of demons. The image is of silver. The rude scaffolding in front of the temple is covered with cloth, flowers, banner, and other ornaments on festival occasions.

Exract from page 222 .

We have not space for more than the bare mention of a curious phenomenon in the religious history of Travancore, which has appeared within the last forty years, namely the rise of a new set of religionists who have adopted an absurd medley of Hinduism and Demonolatry, with a slight tingle of the Christian element. This superstition was originated by one Muthukutty, a poor palmyrah climber, who laid claim to be an incarnation of Vishnu, aud pretended to possess miraculous powers; by these means he attached to himself thousands of credulous followers. Since the death of their leader in 1848, he has been worshipped by his followers as a manifestation of the Supreme God: and this singular people display considerable zeal in the defence and propagation of their destructive errors."

ക്രിസ്താബ്ദം പത്താം നൂറാണ്ടുമുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിനിടയ്ക്ക് ഹിന്ദുമതത്തിൽ

അനവധി ശ്രുപാന്തരങ്ങൾ ഉണ്ടായി. ആധുനികകാലത്തു കാണുന്ന വേദഇതിഹാസപുരാണാദി സകല സൂത്രങ്ങളും

3. ഹിന്ദുമതത്തിലെ പരിവർത്തനവും ക്ഷേത്രപ്രവേശനവും

ഹിന്ദുരാജശക്തി ക്ഷയിച്ചതോടുകൂടി തങ്ങളുടെ ചൊൽപ്പടിക്കു നിന്ന ജനങ്ങളുടെ സഹായസഹകരണം കരസ്ഥമാക്കി ബ്രാഹ്മണർ തിരുത്തി എഴുതിയിട്ടുണ്ടെന്നു പല പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. ഉവിലൻധ്വര രചിച്ച * ഹിന്ദുദേശചരിത്രവും ബങ്കാം ദേശത്തുള്ള രോമഹരന്ദർഭത്തിന്റെ പുസ്തകവും ഇതിനു് ഉത്തമദൃഷ്ടാന്തങ്ങളാണു്. ഇങ്ങനെ ഉണ്ടായ വ്യതിചലനങ്ങളാൽ ബ്രാഹ്മണർ സ്വമേധയാ കല്പിച്ചു സൃഷ്ടിച്ച ക്ഷേത്രങ്ങളിൽ നാടാർസമുദായക്കാർ, പോകാതെ സ്വന്തമായി ക്ഷേത്രങ്ങളും ആരാധനാകേന്ദ്രങ്ങളും സൃഷ്ടിച്ചു് പൂജാദികർമ്മങ്ങളും നടത്തിപ്പോന്നു. ഇപ്രകാരം വംശപരമ്പരയാ പല നൂറ്റാണ്ടു കഴിഞ്ഞുപോകെ അതു് ഒരു ആചാരമായിത്തീർന്നു. പാണ്ഡ്യരാജഭരണം അന്യാധീനപ്പെട്ടു് മധുരനായിക്കൻ ഭരണമേറ്റപ്പോൾ നാടാർസമുദായക്കാർ പ്രവേശിച്ചിരുന്ന ക്ഷേത്രങ്ങളിലെ പ്രവേശനമാർഗ്ഗം കല്ലുകൊണ്ടു് കെട്ടിയടച്ചു് നിരോധനം ഏർപ്പെടുത്തി.

ഇങ്ങനെ ക്ഷേത്രപ്രവേശനം ഇല്ലാതായിത്തീർന്നപ്പോൾ ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനുള്ള പ്രക്ഷോഭണം ആരംഭിച്ചു. അതു വൈക്കം സത്യാഗ്രഹത്തിനു മുൻപുതന്നെ നാടാർസമുദായത്തിന്റെ മധ്യേ ഒരു നിശ്ചിതരൂപം പ്രാപിച്ചുകഴിഞ്ഞു. മധുര മീനാക്ഷിക്ഷേത്രവഴക്കു്, കന്യാകുമാരിക്കേസ്സു്, കുമാരകോവിൽ അഗ്നിക്കാവടിലഹള മുതലായവ പ്രസിദ്ധിപെറ്റവയാണു്.

---

* ഹിന്ദുദേശചരിത്രം, ഒന്നാം പുസ്തകം, ഒന്നാം അദ്ധ്യായം P. 6

തിരുവിതാംക്കൂർ മഹാരാജാവു തിരുമനസ്സിൽനിന്നും കൊല്ലവർഷം 1112 തുലാം 27-ാംതീയതി തുല്യം ചാത്തി പുറപ്പെടുവിച്ച വിശ്വവിശ്രുതമായ ക്ഷേത്രപ്രവേശനവിളം ബരം ഇതിനൊരു പരിഹാരമുണ്ടാക്കുകയും അതിനെ തുടർന്ന് പല സ്ഥലങ്ങളിലുമുള്ള ക്ഷേത്രകവാടങ്ങളും തുറക്കപ്പെടുകയും ചെയ്തു.

ഏറെക്കാലമായി ഇതരക്കു് പ്രവേശനം നിരോധിച്ചിരുന്ന "തിരിച്ചെത്തൂർ" ക്ഷേത്രത്തിൽ ശ്രീജിത്ത് കോസല രാമൻനാടാർ M. L. A-യുടെ പ്രത്യേക പരിശ്രമഫലമായി ഈ അടുത്തകാലത്തു് സകലർക്കും പ്രവേശനം അനുവദിച്ച വസ്തുത ചരിത്രപ്രസിദ്ധമാണല്ലോ.

4. ക്രിസ്തുമതം.

ക്രിസ്തുമതം ഇവിടെ നടപ്പിൽ വന്നിട്ട് ഏറെ നൂറ്റാണ്ടുകളായെങ്കിലും 1931-ലെ തിരുവിതാംക്കൂർ സെൻസസ്സ് കണക്കനുസരിച്ചു് നാടാർസമുദായക്കാരിൽ നിന്നും ക്രിസ്ത്യാനികളായിട്ടുള്ളവർ 1,68573 ആണെന്നു കാണുന്നു. ഇവർ ഇങ്ങനെ സ്വമതം വിട്ട് അന്യമതം സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഏകോദരസഹോദരഭാവത്തിൽത്തന്നെയാണു് കഴിഞ്ഞുപോരുന്നതു്. ക്രിസ്തുമതാവലംബികളും ഹിന്ദുക്കളുടെ ചടങ്ങുകളിൽ പങ്കുകൊള്ളുക പതിവുണ്ടു്. ഈ ഏറ്റപ്പാടു് ക്രിസ്ത്യാനികൾക്കു് മുൻപു വളരെ വെറുപ്പുള്ള ഒന്നായിരുന്നു. വിവാഹം, പന്തിഭോജനം, കുടുംബാവകാശം മുതലായവയിൽ നാടാർസമുദായത്തിലെ അംഗങ്ങൾ ഹിന്ദു-ക്രൈസ്തവഭേദമെന്യേ കഴിഞ്ഞുപോരുന്നു. ഒരു കുടുംബത്തിൽത്തന്നെ L. M. S., R. C. ലൂഥറൻമിഷൻ, ഹിന്ദു എന്നീ മതവിഭാഗക്കാർ ഉണ്ടായിരിക്കും. എന്നാൽ അവർക്കു് തമ്മിൽ ഐകമത്യത്തിനു് യാതൊരുകുറവും ഉണ്ടായിരിക്കയില്ല.

മതപരിവർത്തനം ജാതിയെ നശിപ്പിക്കുന്നു എന്നു ചിലർക്ക് ഒരു ധാരണയുണ്ട്. മതം ഒരാളുടെ മൗലീകാവകാശമാണെന്നും, ജാതി ജന്മസിദ്ധമായ ഒരു സാമൂഹ്യവേഴ്ചയാണെന്നും അങ്ങനെയുള്ളവർ ധരിക്കേണ്ടതാണ്. തിരുവിതാംകൂറിൽ പരിവർത്തനം നിമിത്തം നാടാർക്രിസ്ത്യാനികൾ വിദ്യാഭ്യാസം, ഉദ്യോഗം എന്നിവയിൽ ഏറെക്കുറെ പുരോഗമിച്ചിട്ടുണ്ടെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ഈ മതപരിവർത്തനം നടക്കാതിരിക്കുന്ന ശിവകാശി, വിരുതുനഗർ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചാൽ മതപരിവർത്തനം നമ്മെ അധഃപതിപ്പിച്ചിട്ടില്ലെന്നു തോന്നിപ്പോകും. ഒരു ഹിന്ദുനാടാർ വിദ്യാഭ്യാസത്തിലോ മറേറാ ഉന്നതി പ്രാപിച്ചുവരുമ്പോൾ മതപരിവർത്തനം ചെയ്ത ക്രിസ്ത്യാനിയായിത്തീരുന്നു. തന്നിമിത്തം അവരുടെ സേവനം സമുദായത്തിനു നഷ്ടപ്പെടുകയും സമുദായം ശോഷിക്കുകയും ചെയ്തവരുന്നു. കുറഞ്ഞൊരുകാലമായി മതപരിവർത്തനം ചെയ്യുന്നവരുടെ സംഖ്യ തീരെ കുറഞ്ഞുവരികയാണ്. ഹിന്ദുകുടുംബത്തിൽനിന്നും ക്രിസ്തുമതം സ്വീകരിക്കുന്ന ഒരു അംഗത്തിനു കുടുംബസ്വത്തിനു അവകാശം ഇല്ല എന്നു തിരുവിതാംകൂറിലെ ഒന്നാംജഡ്ജിയുടെ 1944-ലെ T. L. R. 595-ാംനമ്പർ വിധിയും, ഗവൺമെൻറിൽനിന്നും ഹിന്ദുനാടാക്കു നൽകുന്ന പലവിധ ആനുകൂല്യങ്ങളുംകൊണ്ടു മതപരിവർത്തനത്തിനു വളരെ കുറവു വന്നിട്ടുണ്ട്.

ഇൻഡ്യയിലെ ക്രിസ്തുമതപ്രചരണത്തെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വായനക്കാരെ ധരിപ്പിക്കുന്നതു് സമുചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഇൻഡ്യയിൽ മറു ജാതിക്കാരെ അപേക്ഷിച്ചു് ഏറ്റവും കൂടുതലായി ക്രിസ്തുമതത്തിലേയ്ക്കു പരിവർത്തനം ചെയ്തിട്ടുള്ളതു് നാടാർ

സമുദായാംഗങ്ങളാണ്. തത്സംബന്ധമായി 1893-ൽ മദ്രാസ് അഡ്മിനിസ്ട്രേഷൻ മാന്വലിൽ "ഇൻഡ്യയിലുള്ള സകല ജാതികളിൽവച്ചും ക്രിസ്തുമതത്തിൽ അധികമായി ചേർന്നിരിക്കുന്നവർ ചാന്റോർ ജാതിക്കാർ" എന്നും, പെയിർലേൻ എന്ന ഗ്രന്ഥകാരൻ "ക്രിസ്തുമാർഗ്ഗം ഇൻഡ്യയിൽ കൊണ്ടാടാൻ ഇടയാക്കിത്തീർത്തത് നിഷ്കൃഷ്ടരായ ചാന്റോർ ആ മതത്തെ അനുസരിച്ചതിനാൽതന്നെയാണ്" എന്നും എഴുതിയിരിക്കുന്നു. സിമ്മൻഡ്സ് പറയുകട്ടെ "നാടാർ സമുദായക്കാർക്ക്, തങ്ങളുടെ പൂർവ്വാചാരങ്ങളെ ഉപേക്ഷിക്കാതെ ക്രിസ്തുമതം സ്വീകരിക്കുന്നതിന് ആദ്യമായി വന്ന റോമൻകത്തോലിക്കാക്കാരും പ്രോട്ടസ്റ്റൻറ് മിഷണറിമാരും സൗകര്യം നല്കി. തന്നിമിത്തം ഇൻഡ്യയിലുള്ള സകല ജാതികളിലും കുലാഭിമാനമേറിയ ചാന്റോർ ജാതിക്കാർ വിഷമകാലങ്ങളിൽ തങ്ങളെ മിഷനറിമാർ വന്നു സഹായിക്കുന്നതു കണ്ടിട്ട് ക്രമംക്രമമായി ആ മതത്തിൽ ചേരാൻ ആരംഭിച്ചു" എന്ന അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. * "ക്രിസ്തുമതം ചാന്റോർ സ്വീകരിച്ചെങ്കിലും തങ്ങൾ ക്ഷത്രിയകുലത്തിലുള്ളവരാണെന്ന് ആചാരാദികം കൊണ്ടു തെളിയിച്ചുപോന്നു." അതു സംബന്ധിച്ച് 1891-ൽ മദ്രാസ് സെൻസസ്സ് റിപ്പോർട്ടിൽ "The bulk of the Kshatriya christians is in reality Chandrars. The native christians have naturally not completely thrown off Hindu customs." (ക്ഷത്രിയകുലത്തിലുള്ളവരാണെന്നു പറയുന്ന ക്രിസ്ത്യാനികളിൽ അധികവും ചാന്റോരാണ്. ഈ സ്വദേശക്രിസ്ത്യാനികൾ ഹിന്ദുമതത്തിന്റെ പഴയ ആചാരനടപടികളെ മുഴുവൻ ഉപേക്ഷിക്കുന്നില്ല.) എന്നു പറഞ്ഞിരിക്കുന്നു.

---

* നാടാർകുലവരലാറ് P. 86

1918-ൽ ശ്രീനിവാസയ്യങ്കാർ മധുര നാടാർമഹാജന സംഘത്തിൽ അദ്ധ്യക്ഷം വഹിച്ചുകൊണ്ടു പറഞ്ഞതു് "എല്ലാറ്റിലുമുപരിയായി എല്ലാവരും അതിശയിക്കത്തക്ക വിധത്തിൽ മനസ്സിൽ പതിയുന്ന രണ്ടു പ്രധാന സംഗതികൾ ഉണ്ടു്. അതിൽ ഒന്നു് നിങ്ങളുടെ ജാതിക്കാരിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും പരസ്പരം പരിപൂർണ്ണമായ ഐക്യബോധമുള്ളവരായിരിക്കുന്നതും രണ്ടു വിഭാഗക്കാരും ഒന്നുചേർന്നു് പല കാര്യങ്ങളിലും പ്രയത്നിക്കുന്നതുമാണു്" എന്നാണു്.

നാടാർസമുദായത്തിൽനിന്നും ക്രിസ്ത്യാനികളായവരെ സംബന്ധിച്ചു് Rev. D. L. Wyatt എന്ന മിഷനറി 1894-ൽ താഴെക്കാണുന്നവിധം രേഖപ്പെടുത്തിയിരിക്കുന്നു. "തിരുനൽവേലിജില്ലയിലുള്ള ക്രിസ്ത്യാനികളായ ചാന്റോർ ദക്ഷിണഇൻഡ്യയിൽ വളരെ മുന്നേറിമടഞ്ഞിട്ടുള്ള കുലത്തിൽ ഒരു വകുപ്പുകാരാണെന്നുള്ളതു് സ്പീകാര്യമായിട്ടുള്ള വസ്തുതയാണു്. മദ്രാസു് രാജധാനിയിലുള്ള ക്രൈസ്തവമിഷനിൽ അവർ അംഗമല്ലാത്തതു് ഒന്നുംതന്നെയില്ല. മിഷൻ കാളേജുകളിലും വിദ്യാലയങ്ങളിലും ഉള്ള പ്രധാന ഉദ്യോഗസ്ഥരെല്ലാം ആ കുലത്തിലുള്ളവരാണു്. ഗവൺമെൻറു് ഉദ്യോഗങ്ങളേയും അവർ സ്പീകരിച്ചിട്ടുണ്ടു്. മാത്രമല്ല, അധികാരവും അന്തസ്സുമുള്ള ഉദ്യോഗങ്ങളിലും വളരെ തീവ്രമായി പ്രവേശിക്കുന്നവരുമായിരിക്കുന്നു."

നാടാർക്രിസ്ത്യാനികളിൽ ലണ്ടൻമിഷനിൽ ചേർന്നവരുടെ പ്രത്യേക പ്രയത്നത്താൽ "ഇൻഡ്യൻ മിഷനറി സംഘം" എന്ന ഒരു സ്ഥാപനമുണ്ടാക്കി തെലുങ്കുനാട്ടിലും പിൽക്കാലത്തു് ഗിരിപ്രാന്തങ്ങളിലും മതപ്രചരണം നടത്തിവരുന്നു. മതപ്രചരണത്തിൽ സ്വീകരം വഹിക്കുന്ന

സേവനം പ്രശംസാർഹമാണ്. മതത്തിന്റെ വിജയകരമായ പ്രോത്സാഹനത്തിനായി ഒരു മൂലധനം ആവശ്യമാണല്ലോ. മൂലധനം സംഭരിക്കുന്നതിന് ആഭരണങ്ങളും ജീവിതവും സംഭാവന ചെയ്യുന്നതിനും അവക്ക് യാതൊരു മടിയുമില്ല. തന്നിമിത്തം നാടാർജാതിക്കാർ മാത്രമുള്ള സഭകളിൽ ഇതിന്റെ നടത്തിപ്പിനായി യൂറോപ്പ്, അമേരിക്ക മുതലായ സ്ഥലങ്ങളിൽനിന്നും ആളോ പണമോ ആവശ്യപ്പെട്ടുന്നില്ല.

ഇപ്രകാരമുള്ള ക്രിസ്തുമതപ്രവർത്തനം നാടാർസമുദായത്തിലെ വ്യക്തികളെ വളരെ പുരോഗമിപ്പിച്ചിട്ടുണ്ടെങ്കിലും സമുദായത്തിന് ഹാനി സംഭവിച്ചിട്ടുണ്ടെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. നാടാർകുലവരലാറ് എന്ന ഗ്രന്ഥത്തിൽ * "തിരുനൽവേലി മുതലായ സ്ഥലങ്ങളിൽ ക്രിസ്തുമതം സ്ഥാപിക്കുന്നതിന് ആദ്യമായി വന്ന ക്രൈസ്തവമിഷനറികളിൽ ചിലർ അവിടെ കണ്ട നാടാന്മാരിൽ സാധുക്കളും തൊഴിലാളികളുമായ ചിലരുടെ വാസസ്ഥലങ്ങളിൽ ഇറങ്ങി അവരോട് മാത്രം സംസർഗ്ഗം ചെയ്തു. അവരെക്കാൾ പ്രതാപശാലികളായ നാടാർസമുദായക്കാർ അവരോട് പരിചയം ഭാവിക്കാത്തതിനാൽ അവരെയും അവരുടെ ഉപവിഭാഗത്തെയും തൊഴിലുകളെയും അന്തസ്സിനെയും നിന്ദ്യമായവിധം ചിത്രീകരിക്കുവാൻ ശ്രമിച്ചു. തന്നിമിത്തം അവ പല ഗവർമ്മെൻറു പ്രസിദ്ധീകരണങ്ങളിലും വന്നുചേരാൻ ഇടയായി. മിഷനറിമാരുടെ ഈസന്ധിതമനസ്ഥിതിഭേദകരമാണ്." എന്നു പറഞ്ഞിരിക്കുന്നു.

തിരുനൽവേലി, മധുര, നാഞ്ചിനാട്, സിലോൺ, ബർമ്മ മുതലായ സ്ഥലങ്ങളിൽനിന്നും ഏകദേശം നാല്പതി

* നാടാർകുലവരലാറ് P. 61

നായിരം പേർ ഒപ്പിട്ട് മദ്രാസ് ഗവർണ്ണർക്ക് എ. ഡി. 1911-ൽ കൊടുത്ത ചാന്റോർ മെമ്മോറിയലിൽ "കഴിഞ്ഞ നൂറാണ്ടിന്റെ ആരംഭത്തിൽ മിഷനറികൾക്ക് ഇതരതൊഴിൽക്കാരായ ചാന്റോർമാർ അധികമായി ലഭിക്കാഞ്ഞതിനാൽ സാധുക്കളായ പനകേറികളെ ക്രൂരംക്രൂരമായി സഭയിൽ ചേർക്കാൻ കഴിഞ്ഞു. തന്നിമിത്തം ചാന്റോർജാതിയെ മുഴുവൻ "Palm cultivators" or "Toddy-drawers." പനകേറുജാതി (മധുവിറക്കുജാതി) എന്ന് തങ്ങൾ എഴുതിയ തമിഴ് അകാരാദികളിലും, റിപ്പോർട്ടുകളിലും തെറ്റായി അവർ എഴുതിവിട്ടു. അതല്ലാതെ മിഷനറിക്കാലങ്ങൾക്കു മുൻപ് ചാന്റോക്ക് അപ്രകാരം ആരും പേർ പറഞ്ഞിട്ടില്ല എന്നു പറഞ്ഞിരിക്കുന്നു.

വസ്തുധാരണരീതിയിൽ മിഷനറികൾ സഹായിച്ചിട്ടുണ്ട് എന്നു പറയുന്നതും ശരിയല്ല. തത് സംബന്ധമായി ചാന്റോർമെമ്മോറിയലിൽ * "തമിഴ്നാട്ടിൽ ചാന്റോർ പെൺകൾ തോൾചീലൈ പോടാതിരുന്തതു് ഒരുകാലത്തിലുമില്ലവേയില്ലൈ. മലയാളചീമയിൽ കുടിത്തന ഒഴുക്കംകേട്ടന്ത ഇടയാന്തരകാലത്തിൽ പെൺകൾ തോൾചീലൈ പോട്ടവരൈ കപടവും ആടവരെ അവമതിത്തലുമാക പാവിത്തു് എന്ത ചാതിപെൺകളും തോൾചീലൈ പോടക്കൂടാതു എൻറു അവ്വിടം രാജാക്കളിൻ കട്ടളയാലൈ നീക്കപ്പെട്ടിരുന്തതു്. അന്ത കട്ടളൈപ്പടി അവ്വിടം ബ്രാഹ്മണർ നായർ മുതലാന ജാതി പെൺകൾ തോൾചീലൈ പോടാതിരുന്തതുപോലൈതാൻ അവ്വിടം ഈഴവ, ചോവതീയചാതി പെൺകളും തോൾചീലൈ പോടാതിരുന്താർകളേ യൊഴിയ വേറല്ല" എന്നുകാണുന്നു. ഇതു സംബന്ധിച്ച

* ചാന്റോർ മെമ്മോറിയൽ Vol. I P. XIX

പൂണ്ണവിവരം അന്യത്ര ചേത്തിട്ടുള്ളതിൽനിന്നും ഗ്രഹിക്കാവുന്നതാണു്.

മതപ്രചരണത്തോടുകൂടി നാടാർസമുദായത്തിൽനിന്നും ക്രിസ്ത്യാനികളായ പലരും തങ്ങളുടെ ഗൃഹങ്ങളിൽ ഉണ്ടായിരുന്ന ജ്യോത്സ്യം, മാന്ത്രികം, വൈദ്യം, മന്ത്രം മുതലായവയെ വിശദീകരിക്കുന്ന അമൂല്യപ്രാചീനകയ്യെഴുത്തുഗ്രന്ഥങ്ങളും അഗ്നിയിലിട്ടു നശിപ്പിക്കുകയാൽ അപ്രകാരമുള്ള നമ്മുടെ പൂർവ്വീകകലാവസ്തുക്കളും നമുക്കു നഷ്ടമായിട്ടുണ്ടു്.

## C ആചാരങ്ങൾ

അതിപുരാതനകാലംമുതൽ തന്നെ നാടാർസമുദായത്തിൽ പുരുഷനായ ഒരാളിന്റെ സഹോദരിയുടെ മകളെ മകന്റെ ഭാര്യയായി—മുറപ്പെണ്ണായി—സ്വീകരിച്ചുവരുന്നു. അപ്രകാരംതന്നെ സഹോദരിയുടെ മകനെ തന്റെ മകളുടെ ഭർത്താവായി എടുക്കുന്നുമുണ്ടു്. ഇതു് ഒരു നിർബ്ബന്ധഏർപ്പാടല്ല. മറ്റു ബന്ധുക്കളുമായുള്ള വിവാഹം നിഷേധിക്കപ്പെട്ടിരിക്കുന്നു. ബഹുഭാര്യാത്വം പുരാതനകാലംമുതൽതന്നെ തിരസ്കരിക്കപ്പെട്ടിട്ടുള്ളതാണു്. ആദ്യഭാര്യ ജീവിച്ചിരിക്കെ, വിവാഹമോചനത്തിനു മുൻപു് മറ്റൊരു സ്ത്രീയെ സ്വീകരിക്കുകയാണെങ്കിൽ സമുദായത്തിൽ നിന്നും ഇരുവരെയും ബഹിഷ്കരിക്കുന്നു. ഇങ്ങനെയുള്ളവരെ "വിരാട്ടിയ"രുടെ വസ്ത്രത്തിൽ ചേക്കുന്നു. ഇതു് ഇപ്പോഴം നടപ്പിലില്ല. ഒരു സ്ത്രീ ഒന്നിലധികം പുരുഷന്മാരെ ഭർത്താക്കന്മാരായി സ്വീകരിക്കുക എന്നതു് പറഞ്ഞുകേൾപോലും ഇല്ലാത്ത വസ്തുതയാണു്. മുൻകാലങ്ങളിൽ ശൈശവവിവാഹം നിരോധിച്ചിരുന്നില്ല

വിവാഹം.

എങ്കിലും പ്രായപൂർത്തിയായതിനുശേഷമേ വിവാഹം ചെയ്യുകൊടുക്കുക പതിവുണ്ടായിരുന്നുള്ളൂ. വിധവാവിവാഹം നിഷേധിക്കപ്പെട്ടിരുന്നു. അതു് തിരുവിതാംകൂറിൽ ചില സ്ഥലങ്ങളിൽ ഇപ്പോഴും നടപ്പിൽ വന്നിട്ടുണ്ടു്. മധുര നാടാർമഹാജനസംഘത്തിൽ വിധവാവിവാഹം നടപ്പിലാക്കണമെന്ന പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കിയിട്ടുണ്ടെങ്കിലും ഇതുവരെ സർവ്വസാധാരണമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ 1950-നുശേഷം അവിടെ ഏതാനുംവിവാഹങ്ങൾ നടന്നിട്ടുള്ളതായി മഹാജനംപത്രികമൂലം അറിയാൻ സാധിച്ചിട്ടുണ്ടു്. പുനർവിവാഹത്തിനു വിധവാസ്ത്രീകൾതന്നെയാണു് വിമുഖത പ്രദർശിപ്പിക്കുന്നതു്. ഭർത്താവു മരിച്ചാൽ ഉടൻതന്നെ ആഭരണങ്ങൾ മാറ്റി വെള്ളവസ്ത്രം ധരിച്ചു് നിത്യബ്രഹ്മചാരിണികളായി അവർ ജീവിതം നയിക്കുന്നു. ഒരു ഭാര്യ ജാരപുരുഷനെ സ്വീകരിച്ചാൽ ഭർത്താവിനു് വിവാഹമോചനം നടത്താവുന്നതാണു്. എന്നാൽ ആ സ്ത്രീക്കു് പുനർവിവാഹം അനുവദിച്ചിട്ടില്ല.

നാടാർസമുദായത്തിൽ ഹിന്ദു-ക്രിസ്ത്യൻ വ്യത്യാസം ഇല്ലാതെ സകലരും ആചരിച്ചുവരുന്ന ഒരു ചടങ്ങാണിതു്.

1. വിവാഹനിശ്ചയം.

ഒരു ശുഭദിവസത്തിൽ വരന്റെ ചില ബന്ധുക്കൾ വധുവിന്റെ ഗൃഹത്തിൽ പോയി അവരോടു് ആലോചന നടത്തുകയും, അതു സ്വീകാര്യമാണെന്നു വന്നാൽ അവരോടൊത്തു ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. ഭക്ഷണം കഴിച്ചുകഴിഞ്ഞാൽ ഈ വിവാഹനിശ്ചയത്തിൽനിന്നും പിന്മാറുക പതിവില്ല. അന്നുതന്നെ വിവാഹദിവസം ക്ലിപ്തപ്പെടുത്തി മുഹൂർത്തം നിശ്ചയിക്കുന്നു.

നിശ്ചിതദിവസം വാദ്യഘോഷം, കതനാവെടി മുത
ലായവ മുഴക്കി ക്ഷുരകനെക്കൊണ്ടു് വെൺകൊറക്കുട
പിടിപ്പിച്ചു് സ്യാലനെ തോഴ്മനിരു
ത്തി ഉടവാൾ പിടിപ്പിച്ചും (ഉടവാൾ
പിടി ഇപ്പോൾ നടപ്പിലില്ല) വരൻ സവ്വാലങ്കാരവിഭ്രഷി
തനായി മുരുംവെറ കയ്യിൽ പിടിച്ചും, സകല ബന്ധു
മിത്രാദികളോടുംകൂടി വധുവിന്റെ ഗൃഹത്തിലേയ്ക്കു യാത്ര
യാകുന്നു. ഈ യാത്രയിൽ വണ്ണാൻ നടമാറു വിരിക്കുക
പതിവുണ്ടു്. യാത്ര ചിലപ്പോൾ പല്ലക്കിലോ രഥത്തി
ലോ, നടന്നോ ആയിരിക്കും. ഇപ്പോൾ പല ചടങ്ങുകളും
അത്ര സവ്വസാധാരണമല്ല. വധുവിന്റെ ഗൃഹത്തോടു്
അടുക്കുമ്പോൾ വധൂസഹോദരൻ വാദ്യമേളസഹിതം വഴി
യിൽ സന്ധിച്ചു് പുഷ്പചന്ദനാദികളുപ്പിച്ചു് വരനെ
സ്വീകരിച്ചു് ഗൃഹത്തിലേയ്ക്കു കൊണ്ടുപോകുന്നു. ആ
സമയം ഇരുഭാഗക്കാരിലുമുള്ള ബന്ധുക്കളായ ആശാന്മാ
രുടെ ഒരു കളരിപ്പയറു് (കായികാഭ്യാസം) അവിടെ പ്രദ
ശ്പിപ്പിക്കാറുണ്ടു്. ഗൃഹത്തിലെത്തിയതിനുശേഷം വെളി
യിൽ തയാർചെയ്തിട്ടുള്ള പുരയിൽ ഇവരെ ഇരുത്തുന്നു.

2. വിവാഹയാത്ര.

ഹിന്ദുക്കളുടെ ഇടയിൽ നടപ്പിലിരിക്കുന്ന വിവാഹ
രീതിയാണിവിടെ വിശദീകരിക്കുന്നതു്. അവർ വിവാഹ
പന്തലിൽ പ്രത്യേക രീതിയിൽ ഒരു
മണ്ഡപം തയാർ ചെയ്യുന്നു. അതിനു്
ഒൻപതു കാൽ വേണമെന്നുള്ളതു് നിർബ്ബന്ധനിയമമാണു്.
ബ്രഹ്മക്കാൽ എന്ന മധ്യത്തൂണും ചുറ്റുമായി മറ്റു് എട്ടു
തൂണുകളുമുണ്ടായിരിക്കും. മധ്യത്തൂണു് *മുരുക്കു്, കുലവാഴ,
വിളക്കു് ഇവയാൽ അലങ്കരിച്ചിരിക്കും. തെക്കുപടിഞ്ഞാറെ

3. വിവാഹമണ്ഡപം.

* വിവാഹം കണ്ടകാകീഞ്ഞ്മാണെന്നു കാണിക്കുന്നു.

ഉണ്ണിനടുക്കൽ ഗണപതിക്കു് പൂജവെയ്ക്കുന്നു. അതിലേയ്ക്കു് ഗണപതി, നിറനാഴി, വിളക്കു് മുതലായവ ഉണ്ടായിരിക്കും.

4. വിവാഹചടങ്ങു്.

വരൻ പുരയിൽ വന്നിരുന്ന ഉടൻതന്നെ വധുവിന്റെ സഹോദരി ഒരു ദീപം കൊണ്ടുവന്നു് അയാളുടെ മുൻപിൽ വയ്ക്കുന്നു. അതിനു് * "വാടാവിളക്കു്" എന്നാണു് പറഞ്ഞുവരുന്നതു്. വിവാഹം കഴിയുന്നതുവരെ ഈ വിളക്കിൽ ഒഴിക്കുന്നതിനു് ആവശ്യമായ എണ്ണ വരന്റെ ഗൃഹത്തിൽനിന്നും ജ്യേഷ്ഠന്റെ ഭാര്യ കൊണ്ടുപോകണമെന്നുള്ളതു പ്രത്യേകം നിർബന്ധമാണു്. ഈ കൃത്യം നടന്നതിനുശേഷം † "മാമനിരുപ്പു്" എന്ന കർമ്മം നിർവ്വഹിക്കുന്നു. ഈ ചടങ്ങു് ക്രിസ്ത്യീയവിവാഹത്തിനും നടപ്പുണ്ടു്. മാമനിരിക്കുമ്പോൾ വധുവിനെ പുറത്തിറക്കിക്കൊണ്ടുവന്നു് അദ്ദേഹത്തെ വന്ദിപ്പിച്ചിട്ടു് ഗൃഹാന്തർഭാഗത്തേയ്ക്കു കൊണ്ടുപോകുന്നു. അനന്തരം വരന്റെ സഹോദരിയും അനുഗതരായ സ്ത്രീജനങ്ങളുംകൂടെ ചെന്നു് മുഹൂർത്തമുണ്ടും ആഭരണങ്ങളും വധുവിനെ അണിയിക്കും. പിന്നീടു് വധുവിനെ പുറത്തിറക്കി കാപ്പുകെട്ടു്, അനന്തരം എന്നീ കർമ്മങ്ങളും കഴിപ്പിച്ചു് ഗൃഹത്തിലേയ്ക്കു കൊണ്ടുപോകുന്നു. അതിനുശേഷം വരനെ വിവാഹമണ്ഡപത്തിലേയ്ക്കു് ആനയിക്കും. അവിടെ ചെന്നു്

* ഞങ്ങളുടെ ഗൃഹത്തിലെ ഒരു ദീപം നിങ്ങൾക്കു തരുന്നു. അതു് അവിടത്തെ പരിചരണമാകുന്ന എണ്ണ ഒഴിച്ചു കത്തിച്ചാൽ നിങ്ങൾ പ്രകാശിക്കും.

† യഥാർത്ഥത്തിൽ മാമന്റെ മക്കൾക്കാണു് ഈ വിവാഹത്തിനു് അവകാശം. എന്നാൽ അദ്ദേഹത്തോടു് മുൻകൂട്ടി അനുവാദം വാങ്ങിയിരിക്കണം. ആ അനുവാദം വാങ്ങുന്നു എന്ന അർത്ഥത്തിലാണു് ഈ ചടങ്ങു നിർവ്വഹിക്കുന്നതു്.

ബ്രാഹ്മക്കാൽ പ്രദക്ഷിണം ചെയ്യ് പ്രത്യേകം സജ്ജമാക്കീ ട്ടുള്ള പീഠത്തിൽ കിഴക്കു മുഖമായി ഇരുത്തുന്നു. അതു കഴി ഞ്ഞു് ബന്ധുസ്ത്രീകൾ വധുവിനെ കൊണ്ടുവന്നു മണ്ഡപത്തി ലെ ബ്രാഹ്മക്കാൽ പ്രദക്ഷിണം വെയ്പിച്ചശേഷം പുരുഷന്റെ ഇടതുവശത്തു് ഉപവിഷ്ടയാക്കുന്നു. അവിടെ ഇരുന്നോ അല്ലാ ത്തപക്ഷം ആചാരപൂർവം എണീറ്റുനിന്നോ പുരോഹിതൻ പൂജിച്ചുകൊടുക്കുന്ന താലിയെ ബ്രാഹ്മക്കാലിൽ തൂക്കിയി ട്ടുള്ള ദീപത്തിൽ കാണിച്ചു് * "അഗ്നിസാക്ഷിയായി" വധു വിന്റെ കണ്ഠത്തിൽ ബന്ധിക്കുന്നു. ഈ ആഭരണം വര ന്റെ മരണശേഷമേ വധുവിന്റെ ഗളത്തിൽനിന്നും അഴി ക്കുകയുള്ളൂ. താലികെട്ടിയശേഷം വധുവിന്റെ അച്ഛൻ മകളുടെ കൈപിടിച്ചു് വരന്റെ കയ്യിൽ ഏൽപ്പിക്കുന്നു. അങ്ങനെ പരസ്പരം കൈകോർത്തു് വധൂവരന്മാർ മൻപറ ഞ്ഞ ബ്രാഹ്മക്കാലിനു മുറയും മൂന്നു പ്രദക്ഷിണം വെയ്ക്കും. അപ്പോഴും വരന്റെ സഹോദരൻ ഒരു ദീപവുമായി ഇവ രെ അനുഗമിക്കും. ഇതിനുശേഷം വധൂവരന്മാരുടെ പിതാ ക്കളും അതിൽ ഉൾപ്പെട്ട പുരുഷാംഗങ്ങളും † "അനന്തരം" എന്ന ഒരു കർമ്മം നടത്തി അപ്പോഴത്തെ വിവാഹചടങ്ങു് അവസാനിപ്പിക്കുന്നു. ഇവ കഴിഞ്ഞു് ഇവരെ ഗൃഹാന്തർഭാ ഗത്തിലേക്കു് സ്വീകരിക്കയും "താരവാക്കൽ" എന്ന ചട ങ്ങു് കഴിഞ്ഞശേഷം ബന്ധുമിത്രാദികൾക്കു വധൂഗൃഹത്തിൽ സജ്ജമാക്കീട്ടുള്ള പുരയിൽവച്ചു് വിവാഹസദ്യ ആരംഭി ക്കുകയും ചെയ്യുന്നു. എന്നാൽ വിരുന്നുനഗർ മുതലായ സ്ഥല

---

* അഗ്നിക്കു് ഇരയാകുന്നതുവരെ നിന്നെ ഞാൻ സ്വീകരിച്ചിരി ക്കുന്നു. എന്നാണിതിന്റെ അർത്ഥം.

† നിങ്ങളെ ഇരുവരെയും ഞങ്ങൾ സസന്തോഷം സ്വീകരിച്ചിരി ക്കുന്നു. എന്നാണു് ഇതിന്റെ സാരം.

ങ്ങളിൽ വധൂഗൃഹത്തിലെ സദ്യയിൽ വരന്റെ ബന്ധുമിത്രാദികൾ പങ്കുകൊള്ളുക പതിവില്ല. സദ്യ കഴിഞ്ഞതിനുശേഷം ചില ചെറിയ ചടങ്ങുകൾ നിർവ്വഹിച്ചു് യാത്രചോദിപ്പു് മുതലായവ കഴിഞ്ഞു വരന്റെ ഗൃഹത്തിലേയ്ക്കു് പ്രോഷയാത്രയായി തിരിക്കുന്നു. വരന്റെ ഗൃഹവാതുക്കൽ ചെന്നു ഉടൻ "കൺപേർ" മുതലായവ നീക്കുന്നതിനുള്ള ചില കർമ്മങ്ങൾ വരന്റെ സഹോദരൻ ചെയ്തു് ഇവരെ ഗൃഹത്തിലേയ്ക്കു പ്രവേശിപ്പിക്കും. ഇവ കൂടാതെ അപ്രധാനമായ ചില ചടങ്ങുകളും ഉണ്ടു്. വിവാഹം കഴിഞ്ഞു് പതിനാറു ദിവസം കൊണ്ടേ ഇതിന്റെ മുഴുവൻ ചടങ്ങുകളും തീരുന്നുള്ളു.

വിവാഹാവസരം പുരോഹിതൻ വിവാഹമണ്ഡപത്തിൽനിന്നു് ഒരു പാട്ടു പാടുക പതിവുണ്ടു്. ആ പ്രാചീന ഗാനത്തെ "കല്യാണപ്പാട്ടു്" എന്ന നാമധേയത്തിൽ ഞാൻ 116 മീനം 25-ാംതീയതിയിലെ നവജീവനിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതാണു്. അതിൽ,

> ഒൻപതുകാൽ പന്തൽവകവകയായ് താൻനിരുത്തി
> മേൽകെട്ടിയും കൊടിയും ചിതമായലങ്കരിച്ചു്
> പട്ടാടെ തൂക്കി പത്തുപൊൻകൊടി തൂക്കി
> ചാന്താൽ തറെ മെഴുക്കി ചന്ദനത്താൽ കോലമിട്ടു
> നാല്ക്കാലി മേശൈ നല്ലരങ്ക പക്കണിയും
> നാല്ക്കാലി മേശൈയൊട്ടു നലമായലങ്കരിച്ചു്
> കത്തൻ തിരുവരുളാൽ വെഞ്ചാമരം വീശി
> വെടിക്കാർ കുരവയും വെങ്കലത്തമ്പേർ മുഴക്കം.
> മെയ് കുഴലാം കന്നികയേ മെല്ലെ കൂടി നടത്തി
> പച്ചക്കുടെ പിടിത്തു പാങ്കാക കൊണ്ടുവര
> അൻപാന മച്ചിനരും ആനചിനേകിതരും
> വന്തപേർകളും പന്തലുക്കു് മണവാളനൈ ചൂഴ്ന്തു്

അൻപാകെ പോററിചെയ്യ് വന്ത തിരുവരുളാൽ
മാലൈ മണം ചാത്തി കലിയാണം ചെയ്വവെൻറു
വേദമുറപ്പടിയേ വിജ്ഞാനനീതിയുടൻ
വന്ത തിരുസഭയൈ വളന്തുനില്ലും പന്തലിലേ
ബാലകുമാരരെല്ലാം വന്തതോർ പന്തലിലേ
കുമാരി കുമാരരെല്ലാം ചൂഴ്ന്തുനില്ലും പന്തലിലേ
അണ്ണൻമാർ മറവും ചൂഴ്ന്തിരിക്കും പന്തലിലേ
തെറക്കടിഞ്ഞുരത്തിടിഞ്ഞു് തീന്തട്ടം പന്തലിലേ
കലിയാണപന്തലിലേതാരുംമുറൈതാരുമെൻറു
പച്ചപ്പൂമണം ചാത്തി കുണംവീശും പന്തലിലേ
കാവ്യകുംകുമം കലിയാണപ്പന്തലിലേ
വേദമുറപ്രകാരം ക്രൂമന്തപ്പന്തലിലേ
അകതി പരദേശികൾക്കു് താനമിട്ടം പന്തലിലേ
തക്ക വാത്തിയാർകൾം തങ്കുംതങ്കുംപുസ്തകത്തിൽ
രാമനെൻറു ചൊല്ലുവോരും കൃഷ്ണനെൻറു ചൊല്ലുവോരും
.....
മെയ്കഴലാം കന്നികയേ നേരുമേക്കേ താൻനിരുത്തി
ചീരാളൻപൊറ്റതൊരു വെൺപെരുമാംതാൻ വന്തു
നേർകിഴക്കേ താൻ നിൻറു താലിതരിത്തപോതു്
ഇരുപേരുമൊരുമനസ്സായ് മണവറക്കുംപോയിരുന്താർ."
എന്നാണു് കാണുന്നതു്.

5. ക്രിസ്തീയവിവാഹം.

മതാചാരമനുസരിച്ചു് പള്ളിയിൽവച്ചു് മതപുരോഹിതൻ നിർവഹിക്കുന്ന. വിവാഹയാത്ര, എതിരേല്പു്, മാമനിരുപ്പു് മുതലായ ചടങ്ങുകളും ഹിന്ദുക്കളിൽ ഉള്ളതുപോലെ ഈ സമുദായത്തിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരുടെ ഇടയിലും നടപ്പിലുണ്ടു്.

ഒരാൾ മരിച്ചാൽ ഉടൻതന്നെ പുരോഹിതനേയും ക്ഷുരകനേയും ബന്ധുക്കളേയും അറിയിക്കുന്നു. ഇവരെല്ലാം വന്നുചേർന്നതിനുശേഷം പുരോഹിതൻ പുലകുളി ചടങ്ങ് നിർവഹിക്കേണ്ട അവകാശിയുടെ കൈയിൽ ഒരു ചരട് (കാപ്പ്) കെട്ടുന്നു. ക്ഷുരകൻ ശവദാഹത്തിനുവേണ്ടി അടിക്കുകയും, കുഴി തയ്യാർ ചെയ്യുന്നതിനു വേണ്ട ഏർപ്പാട് ചെയ്യുകയും ചെയ്യും. ചില വലിയ കുടുംബത്തിലെ മരണത്തിനു ബന്ധുക്കൾ 'കൂട്ടവ' എന്ന മരണഗീതവുമായി വന്നുചേരുമെന്നു് മി. നാഗമയ്യായുടെ തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലിൽ പറഞ്ഞിരിക്കുന്നു. പ്രസ്തുത വിവരണത്തിൽ നിന്നും ചുവടേ ചേർക്കുന്ന വിവരങ്ങൾ ഗ്രഹിക്കാവുന്നതാണ്. "മരണഗീതവുമായി ഗൃഹത്തിനോടടുക്കുമ്പോൾ മരണഗൃഹത്തിലുള്ള പാട്ടുകാർ കുറെ ദൂരം പാടിക്കൊണ്ടുപോയി അവരെ സ്വീകരിക്കുകയും, ബന്ധുക്കളെല്ലാം വന്നുചേർന്നതിനുശേഷം മരണക്രിയയ്ക്കുള്ള ജലം കൊണ്ടുവരുന്നതിനായി പോവുകയും ചെയ്യുന്നു. മരിച്ച ആളിന്റെ പ്രഥമപുത്രൻ നഗ്നമായ തലയിൽ മൺകുടവും ചുമന്നുകൊണ്ട് ഒരു നീളമുള്ള വെള്ളവസ്ത്രത്തിനടിയിൽ ബന്ധുമിത്രാദികളും സഹിതമാണു പോകുന്നതു്. മാർഗ്ഗമധ്യേ വണ്ണാൻ നടമാറ്റു് വിരിച്ചുകൊടുക്കും. സംഗീത (മരണഗീതം) സഹിതം നിശ്ചിതകുളത്തിൽ പോയാണു് ജലം കൊണ്ടുവരുന്നതു്. ശ്മശാനത്തിൽ ശവം കൊണ്ടുപോകുന്നതിലേയ്ക്ക് പച്ചത്തടികൊണ്ട് മൂന്നു തേരുകെട്ടി പച്ചഓല കുരുത്തോല മുതലായവകൊണ്ട് അലങ്കരിക്കും. മൃതദേഹത്തെ സ്നാനംചെയ്യിച്ച്, പുതിയ വസ്ത്രം ധരിപ്പിച്ച്, സുഗന്ധദ്രവ്യങ്ങൾ ലേപനം ചെയ്തതിനുശേഷം മുൻപു കെട്ടി ഉണ്ടാക്കിയ ഏറ്റവും വലിയ തേരിൽ വയ്ക്കുന്നു. വിവാഹിതനായ പുരുഷനാണെ

6. പരേതക്രിയ.

മരിച്ചതെങ്കിൽ സ്ത്രീയുടെ താലി അറുത്ത് അയാളുടെ കയ്യിൽ കെട്ടി ചില കർമ്മാദികൾ ചെയ്തതിനുശേഷമാണ് ഇങ്ങനെ വയ്ക്കുന്നത്. അതുമുതൽ ആ സ്ത്രീ ആഭരണങ്ങൾ മുഴുവനും ഉപേക്ഷിച്ച് വെള്ളവസ്ത്രം ധരിക്കും. അനന്തരം രണ്ടു ചെറിയ തേരുകളും മുൻപും പിൻപുമായി സംഗീതം, വാദ്യം, നാദസ്വരം മുതലായ താളമേളങ്ങളോടുകൂടി ശ്മശാനസ്ഥലത്തേയ്ക്കു കൊണ്ടുപോകുന്നു. ശവക്കുഴിയുടെ അരികിൽവച്ച് അന്ത്യകർമ്മങ്ങൾ എല്ലാം ചെയ്ത് കിഴക്കോട്ടു മുഖമായി ഇരുത്തിയോ തല തെക്കോട്ടു വച്ചു കിടത്തിയോ അടക്കം ചെയ്യും. വളരെ അപൂർവ്വമായിട്ടേ ദഹനക്രിയ നടത്തുന്നുള്ളൂ. അതിനുശേഷം ഒരു നീളമുള്ള വെള്ളമാറ് വിരിച്ച് ബന്ധുക്കളെല്ലാം അതിൽ ഇരുന്ന് ക്ഷുരകനും, വണ്ണാനും പതിവനുസരിച്ചുള്ള പ്രതിഫലവും സാധുക്കൾക്കു ദാനവും കൊടുക്കും. പിന്നെ കുളി കഴിഞ്ഞ് വസ്ത്രം മാറി ആ ദിവസം രാത്രി വ്രതം അനുഷ്ഠിക്കുക പതിവുണ്ട്. പതിനാറു ദിവസം ദുഃഖം ആചരിക്കും. പതിനഞ്ചാംദിവസം സായാഹ്നത്തിൽ ബന്ധുക്കളെല്ലാംകൂടി ചില ചടങ്ങുകൾ ആചരിക്കുകയും, അന്നേദിവസം രാത്രി മരിച്ച ആളിന്റെ അവകാശികൾ നിദ്രാരഹിതരായി കഴിഞ്ഞുകൂട്ടുകയും ചെയ്യുന്നു. പതിനാറാംദിവസം കാലത്ത് ശ്മശാനസ്ഥലത്തിനു മുകളിൽ ഒരു പന്തലിടും. ഉന്നത കുടുംബങ്ങളിലാണെങ്കിൽ ശ്മശാനദിവസം ഉണ്ടാക്കിയ വിധം തേർ അലങ്കരിച്ച് അവകാശികളും മറ്റു ബന്ധുക്കളും ശ്മശാനസ്ഥലത്തേയ്ക്ക് സംഗീതതാളമേളസഹിതം പോകുന്നു. ഗൃഹത്തിൽ വച്ചുണ്ടാക്കിയ ചോറും, ദീപങ്ങളും വഹിച്ചുകൊണ്ട് സ്ത്രീകൾകൂടി അനുഗമിക്കും. ശ്മശാനസ്ഥലത്തുവച്ചു പാചകം ചെയ്ത ചോറും ഇവിടെ നിന്നും കൊണ്ടുപോയ ചോറുമായി മൂന്നിലകളിൽ അവിടെ

വച്ച് നിവേദ്യം ചെയ്യുകയും, ദീപങ്ങൾ കഴിയുടെ കര യിൽ വയ്ക്കുകയും ചെയ്യുന്നു. ഈവിധമുള്ള ചടങ്ങുകൾക്കു ശേഷം പുരുഷന്മാർ കടലിലേയ്ക്ക് ഈ തേരുംകൊണ്ടു തിരിക്കുന്നുണ്ട്. എന്നാൽ ഇതത്ര സർവ്വസാധാരണമല്ല. ചിലപ്പോൾ ആണ്ടു തികഞ്ഞതിനുശേഷം ഈ കർമ്മം നിർവഹിച്ചുവെന്നുവരാം. ദർഹിപ്പിച്ചതാണെങ്കിൽ ചാമ്പലും, കഴിച്ചുമൂടിയതാണെങ്കിൽ ഒരു പ്രതിമയും വലിയ പച്ച ത്തേരിൽ വച്ചുകൊണ്ടുപോയാണ് ഈ കൃത്യം നിർവഹിക്കു ന്നതു്. വച്ച ചോറു്, അട മുതലായവ കടൽക്കരയിൽ നിവേദ്യം ചെയ്തതിനുശേഷം മൺപാത്രത്തിൽ കത്തിച്ച ദീപവുമായി കടലിൽ ഒഴുക്കുന്നു. അതിനു മുൻപുതന്നെ ചാമ്പലോ പ്രതിമയോ കടലിൽ ഒഴുക്കിക്കഴിയും. അതിനു ശേഷം പച്ചത്തേരിനെ പൊളിക്കുകയും, കുളി കഴിഞ്ഞു് അവർ വീട്ടിലേയ്ക്കു തിരിക്കുകയും ചെയ്യുന്നു. ഇവിടെ വന്നു് ചില ചില്ലറ കർമ്മങ്ങൾക്കുശേഷം ബന്ധുമിത്രാദിക ളോടുകൂടി ആഹാരം കഴിച്ചു് ദുഃഖദിവസം അവസാനിപ്പി ക്കുന്നു. ഈ തേരു കൊണ്ടുപോകുമ്പോൾ തട്ടുന്ന മരം മുറി ക്കുന്നതിനും, മാറ്റം ഇല്ലെങ്കിൽ വഴിവെട്ടി കൊണ്ടുപോകു ന്നതിനും, തിരുവിതാംകൂർ മഹാരാജാക്കന്മാരിൽ നിന്നും ഇതിലെ ചില കുടുംബക്കാർക്കു് അനുവാദം നല്കിയിട്ടുണ്ടു്."

തത്സംബന്ധമായി രചിച്ചിട്ടുള്ളതും അപ്രകാശിത മായതുമായ "ജാതിവേറുമൈ" എന്ന ഒരു പഴയ പാ ട്ടിൽ,

"കടൽ ചൂഴ്ന്ന പൂമിയെങ്കും ഈഴം, ചോളം, മതുരാപുരി, ലങ്കാപുരി പട്ടണവും തെൻകടൽ മുതൽ വടകടൽവരെയും കന്നിയാകുമാരി കടലുമുതൽ കാക്കാച്ചിമലൈവരെയും എല്ലുംചാമ്പലുകൊണ്ടുപോകുമരുംകൊട്ടത്താർ മന്നവരും

മൂൻറു പച്ചത്തേരുകെട്ടി ചാമ്പൽകൊണ്ടുപോകവും
വട്ടക്കുടൈ പച്ചക്കുടൈ പകിലക്കുടൈ പിടിക്കവും
മുത്തുക്കുടൈ മുകിലക്കുടൈ മുൻപിൻ തീവട്ടി പിടിക്കവും,
വാഴംച്ചിലമ്പും പിടിമുറയും വകയുടനെ നടത്തിടവും
കളികളും നാടകവും കനകവെടി വാണങ്കളും
ഇരട്ടക്കുഴൽ തുപ്പാക്കി ഇരുപുറവും പിടിത്തുവര
ഈട്ടിവില്ല് ഇരുമ്പുലക്കൈ ഇരുപുറവും പിടിത്തുവര
വേതിയർകൾം വേതമോത നാലുവേതമാറുചാത്തിരം
വെകുപോതർകൾം നിറമായ് പടിത്തിടവും
കവിരാജർ താൻക്കുടി പല കവിയും പടിത്തിടവും
ചിങ്കക്കൊടി മുന്നേ ചിറപ്പുടനേ പിടിത്തിടവും
പതിനെട്ട വാത്തിയങ്കൾം പത്തുമൈ പെറ മുഴക്കിടവും
നടമാറുതാൻ വിരിത്തു അതിൻമീതെ നടന്തിടവും
എറിപന്ത് താനെറിന്ത് എതിത്തു നിൻറു പിടിത്തിടവും
വലംപിരിചങ്കു കൈപിടിത്തു ഇരുപേർമുന്നേ ഊതിടവും
പഞ്ചവർകൾം തുലുകെട്ടി അൻപുടനേ കൊട്ടപോകവും
ഇടവഴി വെട്ടി പിരിത്തു അതികചാലവഴി നടന്തിടവും
തട്ടമരം മുറിത്തിടവും കന്നിമാർകുരവയ് മുഴക്കിടവും
ചങ്കുമായ് പല കോലത്തുടൻ ചമത്തുടൻ ചാമ്പൽ കൊ-
[ട്ടപോകവും

മങ്കുലകവി പാടിപ്പാടി ചടങ്കുമുറൈ വാഴ്ത്തിടവും
വാഴ്ത്തി മകിമയുടൻ കടലിൽ അസ്ഥികലക്കിടവും
ചടങ്കുമുറൈക്കാരർ ക്രുടി ചടങ്കുമുറൈ തീത്തിടവും
ചമത്തുടനെ വാത്തിയങ്കൾം ഇമ്പമായ് മുഴക്കിടവും
കനംപൊരുന്തും ഉദയമാത്താണ്ഡവമ്മതമ്പുരാൻ

കൊട്ടത്ത ചെമ്പുപട്ടയത്തിൽ മുറപ്പടിയേ തുലങ്കുവതേ
മകാകനം പൊരുന്തും ക്ഷത്രിയകുലത്തുതിത്തോർ
വേതവിത്തിയാതരരുളാൽ കന്നിമാർകം ഈന്റാർ
പത്തിരകാളി മുലപ്പാലാൽ തീട്ടതാൻ തീത്തെട്ടത്തു്
ചാന്റോരെൻറു പേരിട്ട തുലങ്കുവേതാൻ വളത്താർ
വലതുപുചത്തിൽ പുറന്ത വേതവിത്തിയാതരരാനതിനാൽ
വലങ്കൈയുയിർകൊണ്ടാരെൻറു പേർപടൈത്താരക്കാലം
അതിയതാനത്തിൽ ക്രുടിയ ക്ഷത്തിരിയവീരരെൻറും
പാണ്ടിയനാടാണ്ടതിനാൽ നാടാണ്ടാരെൻറും
ഇന്ത മലനാട്ടിൽ വന്തു ചോഴരാജൻ തമ്പിയരൈ
കൊല്ലാമൽക്കൊണ്ടു് മൻവിട്ടതിനാൽ ഇന്തനാടാണ്ടതും
ഇന്ത നാടാണ്ടതിനാൽ ഇളവീരരെൻറു താനംപെറാർ
വലങ്കൈ ഉയിൽ പെറേറാക്കു വാതിയുണ്ടെൻറു വരുകിൽ
കൊട്ടകല്ലൂരിൽ വാഴും കൊററവനാർകോയിലിൽ
വടക്കേവെശം കിടക്കും നൽപെരിയകൽ മറിത്തുനോക്കിൽ
ഇതിനുടയ വിവരമെല്ലാം നൻറായ് വിളങ്കിടുമേ."
എന്നാണ്ടു് പറഞ്ഞിരിക്കുന്നതു്.

നാടാർസമുദായത്തിൻെറ പരമ്പരാഗതമായ ദായ
ക്രമം മക്കൾവഴിയാണു്. സ്ത്രീസന്താനങ്ങൾക്കു് ജംഗമ
7. പിൻതുടർച്ചാവകാശം. സ്ഥാവരവസ്തുക്കളിൽ യാതൊരു
അവകാശവുമില്ല. എന്നാൽ പു
രുഷസന്താനങ്ങൾക്കുള്ള വീതമോ ചിലപ്പോൾ അതിൽ
ഉപരിയായോ ധനം വിവാഹാവസരം സ്ത്രീധനമായി നൽ

---

N. B, ഇതിൽ പറയുന്ന ഉഭയമാത്താണ്ഡവമ്മയാണു് A. D. 825-ൽ കൊല്ലവർഷം സ്ഥാപിച്ചതു്.

കുന്നുണ്ട്. അതിനുശേഷം കുടുംബത്തിൽ യാതൊരു അവകാശവുമില്ല. എന്നാൽ മാതാവിന്റെ സ്വത്തിനു് സ്ത്രീസന്താനങ്ങൾക്കു് പൂർണ്ണാവകാശമുണ്ടു്. ഈ സമുദായത്തിന്റെ പിൻതുടച്ചാവകാശം ഹിന്ദുമതത്തിലെ "മിതാക്ഷരലാ" അനുസരിച്ചുള്ള മക്കത്തായമാണു്.

## D കലകം

ഇതു് ക്ഷത്രിയരുടെ പരമ്പരാഗതമായ ഒരു കലയാണു്. പതിനാറു വയസ്സിനു മേൽ പ്രായമായ ഒരു പുരുഷനു് അടിമുറയും പിരിവും നല്ല നിശ്ചയമുണ്ടായിരിക്കും. ഇന്നത്തെ നവീനയുഗസമ്പ്രദായങ്ങൾ ഇല്ലാതിരുന്ന പുരാതനകാലത്തു് അങ്കം വെട്ടു്, നടയടി, അടിച്ചുകൈ പിരിവു്, അമത്തു് മുതലായ പ്രാചീനരീതികൾ നടപ്പിലിരുന്നു. അതു് ഇപ്പോഴും വംശപരമ്പരയാ നാടാർസമുദായത്തിൽ നടപ്പിലിരിക്കുന്നുവെന്നവസ്തുത വെറും പരമാർത്ഥം മാത്രമാണു്. മുഷ്ടിയുദ്ധം അഥവാ കൈമുക്കിപ്പിടിച്ചുള്ള അടിയാണു് ഏറ്റവും പ്രധാനം.

1. കളരിപ്പയിറ്റു്.

കൈമുക്കിപ്പിടിച്ചു് ഇടിക്കുമ്പോൾ തട്ടുകയോ ഒഴിഞ്ഞു മാറുകയോ ചെയ്യും. ഇതിനെയാണു് കൈപ്പോരു് എന്നു പറയുന്നതു്. ക്രൂരതെ കുന്തം, ഇരുട്ടി, വാൾ മുതലായ മൂർച്ചയുള്ള ആയുധങ്ങൾകൊണ്ടു് നിർദ്ദാക്ഷിണ്യം എതിരാളി കുത്തുകയും വെട്ടുകയും ചെയ്യുമ്പോൾ അവരുടെ ദേഹത്തു പററാതെ ശത്രുവിനെ അടിച്ചു വീഴ്ത്തുന്നതിനു് കൈപ്പോരു്, അടിച്ച കൈപിരിവു് ഇവയെത്തുടർന്നു് അങ്കം, നടയടി, അമത്തു് മുതലായ ചുമടുകൾ അഭ്യസിച്ചിരിക്കണം. വേൽ മുതലായ ആയുധങ്ങൾകൊണ്ടുള്ള

യുദ്ധത്തിന് വാഹനമാനം നല്ല നിശ്ചയം ഉണ്ടായിരിക്കണം. ഇതിനാണ് കുടുംബാധിപൻ പതിനാറുവയസ്സു പ്രായമായ പുരുഷാംഗത്തിന് ഒരായുധം (പിച്ചാത്തി) നൽകുക പതിവുണ്ടെന്ന് ശ്രീ: റ്റി. കെ. വേലുപ്പിള്ള * തിരു: സ്റ്റേറ് മാനുവലിൽ പറഞ്ഞിരിക്കുന്നതു്. ഇവയ്ക്കു പുറമേ മമ്മ നിശ്ചയവും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. ഇവ ഇന്നും വംശപരമ്പരയായി നിലനിന്നുപോരുന്നതു് നാടാർ ജാതിക്കാരിലാണെന്നുള്ള വസ്തുത ഇതരജാതിക്കാരും മുക്തകണ്ഠം സമ്മതിക്കുന്ന ഒന്നാണ്. കാട്ടക്കട, മേയ്ക്കാട്ട്, നട്ടർകര, കിടാരക്കുഴി, കാഞ്ഞിരംകുളം, അമരവിള, പുന്നക്കാട്ട്, ശാമിവിള മുതലായ സ്ഥലങ്ങളിലെ ആശാന്മാരുടെ പാരമ്പര്യവും "കിഴവനാണെങ്കിലും കിഴക്കത്താനല്ലേ?" എന്ന പഴമൊഴിയും, മാത്താണ്ഡവർമ്മയിലെ കഥാപാത്രമായ ഭ്രാന്തൻ ചാന്നാന്റെയും അനുചരന്മാരുടെയും പ്രവൃത്തികളും ഉത്തമസാക്ഷ്യങ്ങളാകുന്നു. ഇപ്പോൾ മുൻപറഞ്ഞ സ്ഥലങ്ങളിലെ ആശാന്മാർ സംഘടിച്ചു് കളരിപ്പയിറ്റു് എന്നൊരു പ്രസ്ഥാനം ആരംഭിച്ചു് പ്രവർത്തനം നടത്തിവരുന്നുവെന്ന വസ്തുതയും പ്രത്യേകം സ്മരണീയമാണ്.

നാടാർസമുദായത്തിന്റെ കായികാഭ്യാസം സംബന്ധിച്ചു പല യൂറോപ്യന്മാരും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അവയിൽ ചിലവ ചുവടേ ചേർക്കുന്നു:-

മദ്രാസ് ഗവർമ്മെൻറിന്റെ നിർദ്ദേശാനുസരണം തിരുനൽവേലിയിലെ നാടാർസമുദായത്തിന്റെ ദേഹപരിശോധന നടത്തിയ ശ്രീ. ഡാക്ടർ തർസ്റ്റൻ ഡ്വരയുടെ

---

* തിരുവിതാംകൂർ സ്റ്റേറ് മാനുവൽ T. K. വേലുപ്പിള്ള 1940. Vol. 1; P. 856

(Castes and Tribes of Southern India) എന്ന പ്രസിദ്ധീകരണത്തിൽ "താൻ തിരുനൽവേലിയിൽ പോയി നാടാർസമുദായാംഗങ്ങളുടെ ദേഹപരിശോധന നടത്തിയതിൽ, അവരുടെ ദേഹലക്ഷണത്തിന്റെ മേന്മയും കായിക പരിശീലനം സംബന്ധമായ അഭ്യാസങ്ങളും തന്റെ മനസ്സിനെ ഹഠാദാകർഷിച്ചുവെന്നും, ആജാനുബാഹുത്വം അതായത് മുഴങ്കാൽവരെ കൈനീണ്ടിരിക്കുന്നത് രാജകുലത്തിലുള്ളവരാണെന്ന തെളിയിക്കുന്ന വിശേഷ അടയാളമായി ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ളതാണെന്നും, പ്രാചീനകാലത്ത് ശ്രീരാമനും റോബ്റോയിക്കും ആജാനുബാഹുത്വം ഉണ്ടായിരുന്നുവെന്നും, അപ്രകാരംതന്നെ മുൻപ് മദ്രാസ് ഗവർണ്ണരായിരുന്ന സർ തോമസ് മൺറോ പ്രഭുവിനും കൈകൾ മുഴങ്കാൽവരെ നീണ്ടിരുന്നുവെന്നും, ദക്ഷിണഇൻഡ്യയിലെ അനേകജാതികളുടെ ദേഹാവസ്ഥയെ പരിശോധിച്ചതിൽ ഈ വിശേഷരാജത്വലക്ഷണം ഒരു നാടാരിൽ മാത്രം താൻ കണ്ടുപിടിച്ചിരിക്കുന്നുവെന്നും വളരെ വിസ്തരിച്ച് എഴുതിയിരിക്കുന്നു."

"With the physique of the Chandrans, whom I examined at Nazareth and Sawyerpuram in Tinnevelly, and their skill in physical exercises I was very much impressed.— One of the good qualities of Sir Thomas Munro, formerly Governor of Madras, was that, like Rama and Rob Roy, his arms reached to his knees, or in other words, he possessed the kingly quality of an Ajanubahu, which is the heritage of kings, or those who have blue blood in them. This particular anatomical character I have met with myself only once, in a Chandran, whose height was 173 cm. and span of the arms 194 cm. (+ 21 cm.)

ഇതുപോലെതന്നെ 806-ൽ തിരുനൽവേലിയിൽ ജോലിനോക്കി വന്ന Rev. W. T. Ringeltaube ധാര; "ചാന്ദ്രാർ (ചാന്റോർ) ഇൻഡ്യയിലുള്ള ഇതരജാതിക്കാരെക്കാൾ ആരോഗ്യമുള്ള ഒരു വർഗ്ഗക്കാരാണു്. അവരുടെ മുഖലക്ഷണം മുഴുവൻ യൂറോപ്യന്മാരെപ്പോലെ ഇരിക്കുന്നു. അവരിൽ അഞ്ചു ശാഖക്കാരുണ്ടു്". "The Chantrars are a set of people more robust than other Indians;—their features completely European.—They divide themselves into five families." എന്നു് എഴുതിയിരിക്കുന്നു.

"*നാടാർ ജാതിക്കാർ ഇൻഡ്യയിലുള്ള ഇതരവർഗ്ഗക്കാരെക്കാൾ ആത്മാഭിമാനമുള്ള ധീരവീരപരാക്രമികളാണെന്നുള്ളതു് പല യുദ്ധങ്ങളിലും ഇവർക്കു ലഭിച്ചിട്ടുള്ള വിജയങ്ങളും സാക്ഷ്യം വഹിക്കുന്നു."

പ്രശസ്തി പെറ്റിട്ടുള്ള അനവധി മമ്മശാസ്ത്രഗ്രന്ഥങ്ങളും ഇന്നും നാടാർസമുദായത്തിന്റെ ഒരുപ്രത്യേക സ്വത്തായി നിലവിലിരിക്കുന്നു. ഈ ഗ്രന്ഥങ്ങളിൽ പലതും താളിയോലകളിൽ പകർത്തി സൂക്ഷിച്ചിട്ടുള്ളതല്ലാതെ ഇതുവരെ അച്ചടിയിൽ വന്നിട്ടില്ലായെന്നുള്ളതു് ഇതിന്റെ ഒരു പ്രത്യേകതയാണു്. കണ്ണാടി, തുറകോൽ, മുറിവുചാരി, മമ്മകണ്ടി, ഗുണ്ടുമണ്ണി, പ്രാണാടക്കം, ഞരമ്പര, ശരസൂത്രം, നിദാനം മുതലായവ ഏറ്റവും പ്രധാനമായ മമ്മശാസ്ത്രഗ്രന്ഥങ്ങളാണു്. കുടുംബാധിപന്റെ അന്ത്യകാലത്തു് ഏറ്റവും വിശ്വാസമുള്ള മക്കൾക്കോ ശിഷ്യന്മാർക്കോ ഇതിന്റെ രഹസ്യഭാഗം പറഞ്ഞു

2. മമ്മവിദ്യ.

* നാടാർകുലവരലാറു് P. 44

കൊടുക്കുന്നതൊഴികെ ഇതരക്കു് വെളിപ്പെടുത്തിക്കൊടുക്കുന്നില്ല. ഇതു സംബന്ധിച്ചു്,

*"ശിഷ്യനെൻറു പന്നിരണ്ടു് വരിഷം കാത്താൽ
മതിയാന പുത്തിയവനിരുന്തിതാനാൽ
അപ്പനേ കരുഞ്ഞുടനെ നൂൽതാൻ ഈയ്യേ
ഈയ്യുതു താനാരുക്കപ്പാ ശിവയോകിക്കേ
ഇകത്തിലുള്ള ചണ്ഡാളക്കീനേറയാനാൽ
ചാവതുപോൽ പുഴുനരകിൽ വീഴുവായ് ചൊന്നേൻ."

എന്നും,

† "മുൻ പിന്നും കത്തരിയ്യേൽമാറലാക
ചാന്റോർകരം കൈമൂറയായ് ചെയ്യവേണം." എന്നും,

പറഞ്ഞിരിക്കുന്നു. ആയതിനാൽ സാമാന്യജനങ്ങൾക്കു് മർമ്മശാസ്ത്രത്തിൻെറ ശരിയായ രൂപം ലഭിക്കുന്നതു് വളരെ പ്രയാസമായിട്ടുള്ളതാണു്.

വൈദ്യവിദ്യയിലും ഈ സമുദായക്കാർ ഒട്ടും പിന്നണിയിലല്ല. ചിന്താർമണിചികിത്സയാണു് ഏറിയഭാഗവും കരസ്ഥമാക്കിയിട്ടുള്ളതു്. മുൻപറഞ്ഞതുപോലെ അനവധി ഓലഗ്രന്ഥങ്ങൾ അച്ചടിയിൽ വരാതെ ഇന്നും വൈദ്യശാസ്ത്രം സംബന്ധിച്ചു് അവശേഷിക്കുന്നു. ഈ സമുദായത്തിലെ ബഹുശതമാളുകളും വൈദ്യവൃത്തികൊണ്ടു കഴിഞ്ഞുകൂടുന്നു. മാത്രമല്ല, ദക്ഷിണതിരുവിതാംകൂറിലെ പ്രൈവറ്റു് ആശുപത്രികളിൽ ഏറിയഭാഗവും നാടാർസമുദായക്കാരാണു് നടത്തിവരുന്നതു്. ഗവൺമെൻറു് മെഡിക്കൽ വകുപ്പിലും പലരും പ്രശസ്തമാംവിധം ഉദ്യോഗം വഹിച്ചുവരുന്നു.

---

* മർമ്മസൂത്രം

† ഊറവുകോൽ അടക്കൽമുറ

ഏതു ഭാഷയുടേയും ആദ്യരൂപം നാം പരിശോധിച്ചാൽ പ്രാകൃതങ്ങളായ ഗാനസമുച്ചയങ്ങളായിരുന്നു എന്നു കാണാം.

3. സാഹിത്യം.

അതുതന്നെയാണു് തമിഴിന്റെയും മലയാളത്തിന്റേയും അവസ്ഥ. അതിപുരാതനകാലത്തിൽ ഈശ്വരാരാധനകൾക്കായി രചിച്ചിട്ടുള്ളവയാണു് ഇമ്മാതിരി പാട്ടുകൾ. അവ വില്ലടിച്ചാൻപാട്ടു് എന്ന പ്രത്യേകഗണത്തിൽ ഇന്നും നമുക്കു് സുപരിചിതങ്ങളാണു്. തിരുനൽവേലി ജില്ലയിലും തിരുവിതാംകൂറിന്റെ ദക്ഷിണഭാഗങ്ങളിലും ഈ പാട്ടുകൾ ഇന്നും നടപ്പിലിരിക്കുന്നു. തമിഴ്നാട്ടിലാണു് ഇതിനു പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ളതു്. ഇതു് നാടാർസമുദായത്തിന്റെ പ്രത്യേക സ്വത്താണെന്നു് സാഭിമാനം പറയാവുന്നതാണു്. പുരാതനകാലത്തു് അനവധി പ്രസിദ്ധിപെറ്റ പുലവന്മാർ (പണ്ഡിതന്മാർ) ഉണ്ടായിരുന്നു. ഇതു സംബന്ധിച്ചുള്ള അനവധി ഓലഗ്രന്ഥങ്ങൾ ഞാൻ സംഭരിക്കയും അതിൽ നിന്നും ചാമുണ്ഡികഥ, മതിലകത്തുകഥ, ഇരവിക്കുട്ടിപ്പിള്ളപ്പോരു് എന്നിവ മലയാളത്തിൽ പ്രസിദ്ധം ചെയ്കയും ചെയ്തിട്ടുണ്ടു്. ഇതെല്ലാം തിരുവിതാംകൂർ ടെക്സ്റ്റ്ബുക്കു് കമ്മറ്റി, ലൈബ്രറികൾക്കു് സ്വീകരിച്ചിട്ടുള്ളതിൽനിന്നും ഈ പ്രാചീനഗാനങ്ങളുടെ മാഹാത്മ്യം വ്യക്തമാകുന്നുണ്ടല്ലോ. ശിവകാശി ഹിന്ദുനാടാർ ഹൈസ്കൂൾ, തിരുച്ചുളി ഹിന്ദുനാടാർ ക്ഷത്രിയവിദ്യാശാല മുതലായി തമിഴ്നാട്ടിലുള്ള വിദ്യാലയങ്ങളിൽ വില്ലടിപ്പാട്ടു് ഒരു പ്രത്യേക വിഷയമായി ഗണിച്ചു് ഇപ്പോഴും പരിശീലനം നല്കിവരുന്നുണ്ടു്. നാടാർസമുദായത്തിന്റെ അധിനിവേശം സിദ്ധിക്കാത്ത സ്ഥലങ്ങളിൽ ഈ പാട്ടിനും അധികം പ്രചാരം

സിദ്ധിച്ചിട്ടില്ല. ഇതിൽനിന്നും തന്നെ ഈ പാട്ട് ഈ വർഗ്ഗക്കാരുടെ ഇടയിലുള്ളതാണെന്നു വ്യക്തമാകുന്നുണ്ട്.

4. വിദ്യാഭ്യാസം.

നാടാർസമുദായത്തിന്റെ മാതൃഭാഷ തമിഴാണ്. എന്നാൽ തിരുവിതാംകൂറിൽ വിളവംകോട്ട് താലൂക്കിനു പടിഞ്ഞാറു് അധിവസിക്കുന്ന നാടാർസമുദായാംഗങ്ങൾ പരിതഃസ്ഥിതി അനുസരിച്ച് മലയാളഭാഷ കൈകാര്യം ചെയ്യേണ്ടതായി വന്നു. ഇപ്പോഴത്തെ ഭാഷ മലയാളമാണെങ്കിലും മറു സംസ്കാരം മുഴുവൻ തമിഴരുടേതുതന്നെയാണു്. കൊല്ലവർഷം 1082–നു മുൻപു് ഇവിടത്തെ കച്ചേരിഭാഷ തമിഴ്തന്നെയായിരുന്നു.

1941–ലെ തിരുവിതാംകൂർ സെൻസസ്സ് റിപ്പോർട്ടനുസരിച്ച് നാടാർ (ഹിന്ദു) സമുദായത്തിന്റെ വിദ്യാഭ്യാസം പുരുഷന്മാർ 33·3%–വും, സ്ത്രീകൾ 10·7%–വും ആണെന്നു കാണുന്നു. സ്ത്രീവിദ്യാഭ്യാസം കുറവായതിനാൽ ഈ സമുദായത്തിലെ ഹിന്ദു പെൺകുട്ടികൾക്ക് മുഴുവൻ ഫീസ് സൗജന്യവും, ആൺകുട്ടികൾക്ക് 15% പകുതി ഫീസ് സൗജന്യവും അനുവദിച്ചുകൊണ്ട് 1946 നവംബർ 23–ാംനു R. D. S. No. 252146 എഡ്യൂക്കേഷൻ എന്ന ഗവൺമെൻറ് പ്രൊസീഡിംഗ്സ് ഉണ്ടായിട്ടുണ്ട്. ഇതനുസരിച്ചുള്ള സൗജന്യം നാളതുവരെ അനുഭവിച്ചുവരുന്നു.

ഈ സമുദായത്തിൽനിന്നും ക്രിസ്ത്യാനികളായവരുടെ വിദ്യാഭ്യാസം 1941–ലെ കണക്കിൽ നിന്നും പ്രത്യേകം അറിയാൻ പാടില്ല. എന്നാൽ പൊതുവിൽ S. I. U. C. പുരുഷന്മാർ 55·2%–വും, സ്ത്രീകൾ 39·8%–വും, R. C.

ക്കാർ പുരുഷന്മാർ 52%വും, സ്ത്രീകൾ 34·9%-വും ആണെന്നു കാണുന്നു.

5. വിദ്യാഭ്യാസസ്ഥാപനങ്ങൾ.

ദക്ഷിണഇൻഡ്യയിലെ വിദ്യാഭ്യാസവിഷയത്തിൽ നാടാർസമുദായാംഗങ്ങളും സംഘടനകളും സമുചിതമായ പ്രചരണം നൽകിപ്പോരുന്നു. മധുര നാടാർമഹാജനസംഘത്തിൽനിന്നും 1953-54 സ്മൃതിവർഷത്തിൽ 46 സ്കൂളുകൾക്കു് ഗ്രാന്റു് നൽകി സഹായിച്ചിട്ടുണ്ടു്. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള ശാഖകളിൽ പലതിലും പള്ളിക്കൂടങ്ങളും നടത്തിപ്പോരുന്നു. ശിവകാശി, മധുര, വിരുതുനഗർ, തിരുനൽവേലി എന്നു വേണ്ട, നാടാർസമുദായം അധികമായി താമസിക്കുന്ന സ്ഥലങ്ങളിലെല്ലാം ഈ സമുദായത്തിലെ അംഗങ്ങൾതന്നെ സ്കൂളുകൾ സ്ഥാപിച്ചു് സുശോഭനമാംവിധം നടത്തിവരുന്നുണ്ടു്.

വിരുതുനഗർ, ശിവകാശി മുതലായ സ്ഥലങ്ങളിലെ പല സ്കൂളുകളും ഈ സമുദായക്കാരുടെ വിദ്യാഭ്യാസപുരോഗതിക്കായി സ്ഥാപിച്ചിട്ടുള്ളവയാണെങ്കിലും മറ്റു ജാതിക്കാരിൽനിന്നുപോലും ഫീസു വാങ്ങാതെ പഠിപ്പിച്ചുവരുന്നു.

ശ്രീ സെൻറുക്കുമാർനാടാരുടെ പ്രത്യേക പരിശ്രമഫലമായി വിരുതുനഗറിൽ സ്ഥാപിച്ചിട്ടുള്ള "സെൻറുക്കുമാർനാടാർ കാളേജ്" പ്രത്യേകം പ്രസിദ്ധിപെറ്റതാണു്.

ദക്ഷിണതിരുവിതാംകൂറിലെ വിദ്യാഭ്യാസവിഷയത്തിൽ നാടാർസമുദായാംഗങ്ങൾ ഒരു പ്രധാന പങ്കു് വഹിക്കുന്നു. ഹൈസ്കൂൾ, മിഡിൽസ്കൂൾ, പ്രൈമറിസ്കൂൾ

എന്നിവയിൽ പലതും ഇതിലെ വ്യക്തികൾ നടത്തിപ്പോരുന്നു. നെയ്യാറിൻകരത്താലൂക്കിൽത്തന്നെ കാഞ്ഞിരംകുളം, നെല്ലിമൂട്, ബാലരാമപുരം, പാറശ്ശാല, വ്ളാത്താൻകര എന്നീ സ്ഥലങ്ങളിലെ ഹൈസ്കൂളുകൾ നടത്തുന്നതു് ഈ സമുദായത്തിലെ വ്യക്തികളാണു്. ഇതിൽ മൂന്നു ഹിന്ദുക്കളും രണ്ടു ക്രിസ്ത്യാനികളും ഉൾപ്പെടുന്നു. ഇക്കൂട്ടത്തിൽ വളരെ മുൻപുതന്നെ ഇന്നാട്ടിലെ വിദ്യാഭ്യാസവിഷയത്തിൽ ബദ്ധശ്രദ്ധനായി ജീവിതം അർപ്പിച്ചിരിക്കുന്ന ശ്രീ. പി. കെ. സത്യനേശന്റെ വിദ്യാഭ്യാസപ്രവർത്തനം സംബന്ധിച്ചു് ചില വിവരങ്ങൾ വായനക്കാരെ ധരിപ്പിക്കുന്നതു് സമുചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

6. ശ്രീ. പി. കെ. എസ്. നാടാരുടെ വിദ്യാഭ്യാസപ്രവർത്തനം.

വിശ്വവിശ്രുതമായ ഭാരതഖണ്ഡത്തിൽ–വിദ്യാഭ്യാസത്തിൽ പ്രാഥമ്യം അഹിക്കുന്ന തിരു–കൊച്ചി സ്റ്റേറ്റിൽ–താലൂക്കടിസ്ഥാനത്തിൽ പരിചിന്തനം ചെയ്യുമ്പക്ഷം നെയ്യാറിൻകര താലൂക്കു് സാക്ഷരതയിൽ ദ്വിതീയസ്ഥാനം വഹിക്കുന്നുണ്ടെന്നും അതിലും പ്രഥമഗണന കരുംകുളം പകുതിക്കാണെന്നും കാണാൻ സാധിക്കും. ഇതിനുള്ള കാരണം നാടാർ സമുദായത്തിലെ ഒരു പ്രശസ്തവ്യക്തിയായ ശ്രീ. പി. കെ. സത്യനേശന്റെ വിദ്യാഭ്യാസപ്രോത്സാഹനമാണെന്നുള്ള വസ്തുത വിസ്മരിക്കാവുന്നതല്ല. അദ്ദേഹം പട്ടിയക്കാല ശ്രീ. പി. കുമാരൻനാടാരുടെ തൃതീയപുത്രനായി $\frac{7-6-1054}{20-1-1878}$–ൽ ജാതനായി. അക്കാലത്തു് ആംഗ്ലേയഭാഷാഭ്യസനത്തിനു് L. M. S. സഭയുടെ നേതൃത്വത്തിൽ Rev. W. G. റസാലം അവർകളുടെ മാനേജ്മെൻറിൽ IV Form–വരെയുള്ള ഒരു സ്കൂൾ കാഞ്ഞിരംകുളത്തുണ്ടായിരുന്നു. അതിലാണു്

ശ്രീ. സത്യനേശൻ വിദ്യാഭ്യാസം ആരംഭിച്ചതു്. എന്നാൽ തന്റെ അഭ്യസനകാലത്തുതന്നെ പ്രസ്തുത സ്കൂൾ നിരത്തേണ്ടിവന്നതിനാൽ നെയ്യാറിൻകരയിൽ ഉണ്ടായിരുന്ന ഗവമ്മെൻറ് ഇംഗ്ലീഷ് മിഡിൽസ്കൂളിൽ ചേർന്ന് പഠിച്ചു. ശേഷം തിരുവനന്തപുരം മഹാരാജാസ് ഹൈസ്കൂളിൽ



ശ്രീ പി. കെ. സത്യനേശൻ

ചേർന്ന് മെട്രിക്കുലേഷൻവരെ പഠിച്ചു. അനന്തരം വിദ്യാഭ്യാസവിഷയത്തിൽ അതീവ തല്പരനായ സ്വപിതാവിന്റെ പ്രോത്സാഹനത്താൽ 12-2-1906-ൽ മൂന്നു കൂട്ടികളോടുകൂടി നെല്ലിക്കാക്കുഴി L. M. S. ദൈവാലയത്തിൽ വച്ചു് ശ്രീ. പി. കെ. സത്യനേശൻ ഒരു ഇംഗ്ലീഷ് സ്കൂൾ

തുടങ്ങി. അതു് ഒരു കൊല്ലം കഴിഞ്ഞതിനുശേഷം കാഞ്ഞിരംകുളത്തേയ്ക്കു മാറ്റി സ്ഥാപിച്ചു. അന്നദിനം വളർന്നുവന്ന പ്രസ്തുത സ്കൂൾ 1917–ൽ ഹൈസ്കൂളായി ഉയർന്നു.

അക്കാലത്തു് തിരുവനന്തപുരത്തിനും നാഗർകോവിലിനും ഇടയ്ക്കു് ഇംഗ്ലീഷ് ഹൈസ്കൂൾ ഇല്ലാഞ്ഞതിനാൽ വിദേശങ്ങളിൽനിന്നും വന്നു പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളുടെ സൗകര്യത്തെ ഉദ്ദേശിച്ചു് ഒരു ഹോസ്റ്റലും ആരംഭിച്ചു. ഇതു് നാലുവർഷം മാത്രമേ നടത്തേണ്ട ആവശ്യം ഉണ്ടായിരുന്നുള്ളൂ.

ഇംഗ്ലീഷ് ഹൈസ്കൂളിനോടനുബന്ധിച്ചു് തുടങ്ങിയ പ്രൈമറിസ്കൂൾ നെല്ലിക്കാക്കുഴി ഗവമ്മെൻറ് മിഡിൽ സ്കൂളിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു് 1939–ൽ നിറുത്തൽ ചെയ്തു. 1920–ൽ ആരംഭിച്ച ടെയിനിംഗ് സ്കൂൾ നെയ്യാറിൻകരയിൽ ഗവമ്മെൻറ് ടെയിനിംഗ് സ്കൂൾ ആരംഭിച്ചപ്പോൾ ഇവിടെ അദ്ധ്യേതാക്കളുടെ അഭാവം നേരിട്ടതിനാൽ 1924–ൽ നിറുത്തൽ ചെയ്യേണ്ടിവന്നു.

V. S. L. C. പാസായവർക്കു് ഉപരിവിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു് കൊല്ലത്തിനു തെക്കു് മലയാളം ഹൈസ്കൂൾ അക്കാലത്തു് ഉണ്ടായിരുന്നില്ല. തത്പരിഹാരാർത്ഥം എട്ടും ഒൻപതും ക്ലാസ്സുകളുള്ള ഒരു മലയാളം ഹൈസ്കൂൾ 1095–ൽ ആരംഭിച്ചു. ഇതു് പുതിയ വിദ്യാഭ്യാസപദ്ധതി നടപ്പിൽ വരുന്നതുവരെ സുശോഭനമായി നടന്നുകൊണ്ടിരുന്നു.

1917-മുതൽ ഇംഗ്ലീഷ് ഹൈസ്കൂളായി നടന്നുവന്ന ഈ സ്ഥാപനത്തിന്റെ പുരോഗതിക്കുവേണ്ടി ശ്രീ. പി. കെ. ദേവദാസൻ M. A., L. T–യെ ഹെഡ്മാസ്റ്ററായി

നിയമിച്ചു്, സകല ചുമതലയും അദ്ദേഹത്തെ ഏല്പിച്ചു. അദ്ദേഹത്തിന്റെ 10 വഷ്ത്തെ ഭരണാനന്തരം 1932-ൽ നെല്ലിമൂട്ടിൽ ഒരു നവീനഹൈസ്ക്കൂൾ അദ്ദേഹംതന്നെ സ്ഥാപിക്കുകയും, ഈ ഹൈസ്ക്കൂൾ മിഡിൽസ്ക്കൂളായി രൂപാന്തരപ്പെടുകയും ചെയ്തു. ഇപ്പോൾ അതു് നാടാർസമുദായത്തിൽപ്പെട്ട നാലംഗകമ്മറ്റിയുടെ അഭിമുഖ്യത്തിൽ നവീനമായി പണികഴിപ്പിച്ച കെട്ടിടത്തിൽ "നെല്ലിമൂട് ന്യൂ ഹൈസ്ക്കൂൾ" എന്ന നാമധേയത്തിൽ നടന്നുവരുന്നു.



കാഞ്ഞിരംകുളം ഹൈസ്കൂളിന്റെ ഒരു ഭാഗം

ശ്രീ. പി. കെ. സത്യനേശന്റെ മാനേജുമെന്റിൽ E. M. S. ആയി നടന്നുവന്ന സ്ഥാപനം 16 വർഷം കഴിഞ്ഞതിനുശേഷം അതായതു് 23-8-1948-ൽ വീണ്ടും പൂവ്വൽ E. H. S. ആയി ഉയർന്നു.

ഇങ്ങിനെ ഇന്നാട്ടിലെ വിശിഷ്യ, ദക്ഷിണതിരുവിതാംകൂറിലെ അജ്ഞാനാന്ധകാരത്തെ നീക്കി വിജ്ഞാനദീപം കൊളുത്തിയ ശ്രീ. പി. കെ. സത്യനേശന്റെ ഈ വിദ്യാപീഠം ഇപ്പോൾ 50-ൽപരം അദ്ധ്യാപകരും, 1200-ൽപരം വിദ്യാർത്ഥികളും ഉൾക്കൊള്ളുന്ന ഒരു മഹൽസ്ഥാപനമായി പ്രശോഭിക്കുന്നു.

ഇപ്പോൾ ഇതിന്റെ മാനേജുമെൻറ് ഇദ്ദേഹത്തിന്റെ പ്രഥമപുത്രൻ ശ്രീ എസ്. റിച്ചേർഡ് ജായിസനും, രൈട്ടർസ്ഥാനം ദ്വിതീയപുത്രൻ ശ്രീ. എസ്. സത്യഗിരിയും, ഹെഡ്മാസ്റ്റർ ഉദ്യോഗം തൃതീയപുത്രൻ ശ്രീ. എസ്. സത്യമൂർത്തി B. Sc. B. T-യും വഹിച്ച് പുരോഗമനപരമായ കർമ്മപരിപാടികളോടുകൂടി നടത്തിവരുന്നു. അതിനെ കണ്ടും കേട്ടും ആനന്ദിച്ചും ഒരു വിദ്യാഭ്യാസസന്ന്യാസി എന്ന നിലയിൽ ശ്രീ. പി. കെ. സത്യനേശൻ കഴിഞ്ഞുകൂടുകയാണ്. അദ്ദേഹത്തിന്റെ ഒരു ഛായാപടം അദ്ധ്യാപകരുടെ വകയായി 25-1-54-ൽ നടന്ന മഹായോഗത്തിൽവച്ച് ശ്രീ. മള്ളൂർ ഗോവിന്ദപ്പിള്ള അനാഛാദനം ചെയ്തിരിക്കുന്നു. സ്ക്രൂം ആരംഭിച്ച് 50 വർഷം പൂർത്തിയാകുന്ന ഈ 55-56 സ്ക്രൂംവർഷത്തിൽ ഈ സ്ഥാപനത്തിന്റെ "ഗോൾഡൻ ജൂബിലി" ആഘോഷിക്കാൻ പൂർവവിദ്യാർത്ഥികളും ഉൾപ്പെടെ സകലരും തീരുമാനിച്ചിരിക്കുകയാണ്. അതിനോടനുബന്ധിച്ച് പൊതുജനോപകാരപ്രദമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനു വേണ്ട നടപടിയും സ്വീകരിച്ചിട്ടുള്ളതായറിയുന്നു.

പ്രസ്തുത സംഘം നാടാർസമുദായത്തിന്റെ അഭിവൃദ്ധിക്കായി അനവരതം പ്രവർത്തിച്ചുവരുന്നു. വിദ്യാഭ്യാസ

ത്തിൽ പിന്നോക്കമായിരുന്ന ഈ സമുദായം സ്വന്തം പ്രയത്നംകൊണ്ട് ഇപ്പോൾ വളരെ പുരോഗമിച്ചിട്ടുണ്ട്. പ്രതിവർഷം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും, വിദ്യാലയങ്ങൾക്ക് ഗ്രാന്റും നൽകി പ്രോത്സാഹിപ്പിച്ചുവരുന്നു. 1954-55 സ്ക്രാംവർഷത്തിൽ 131 വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കായി 16,609 രൂപ സ്കോളർഷിപ്പായും, 38 വിദ്യാലയങ്ങൾക്കായി 1,752 രൂപാ സ്ക്രാം ഗ്രാന്റായും നൽകിയിരിക്കുന്നു. 1953-ലെ കണക്കനുസരിച്ച് ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ 250 പ്രാഥമികവിദ്യാലയങ്ങളും, 20 ഹൈസ്ക്കൂളുകളും ഒരു കാളേജും ഉള്ളതായി കാണുന്നു.

7. മധുര നാടാർമഹാജന സംഘത്തിലെ പ്രവർത്തനം

1921-മുതൽ 1952-53 സ്ക്രാംവർഷാവസാനം വരെ 460 വിദ്യാർത്ഥികൾക്കും, 97 വിദ്യാർത്ഥിനികൾക്കും സ്കോളർഷിപ്പായി 148,414 രൂപ 2 അണ 3 പൈസയും, സ്ക്രാംഗ്രാന്റായി 26,989 രൂപ 4 അണയും സംഘത്തിൽ നിന്നും നൽകി നാടാർസമുദായത്തിലെ സാധുവിദ്യാർത്ഥികളെ സഹായിച്ചിട്ടുണ്ട്.

5000 രൂപയ്ക്കു മേൽ സ്കോളർഷിപ്പ് ഫണ്ടിലേയ്ക്കു സംഭാവന ചെയ്യുന്നവർക്ക് "കൽവിത്തൈ" എന്ന സ്ഥാനം നാടാർസംഘത്തിൽനിന്നും നൽകുക പതിവാണ്. ഇപ്രകാരം സംഭാവനയായും മറ്റും ലഭിച്ച തുകയിൽ നിന്നും 31-3-54 വരെ 11,3,498 രൂപ 8 അണ സ്കോളർഷിപ്പ് കൊടുത്തതിനുശേഷം 2,58,746 രൂപ 11 അണ

6 പൈസ ഇപ്പോൾ നീക്കിയിരുപ്പുണ്ട്. സംഘത്തിന്റെ സഹായധനം സ്വീകരിച്ച് ഇംഗ്ലണ്ട്, അമേരിക്ക മുതലായ രാജ്യങ്ങളിൽ പോയി പഠിച്ച് ഉന്നതബിരുദം കരസ്ഥമാക്കിയവരുടെ സംഖ്യയും കുറവല്ല.

## E ആഹാരക്രമം

നെല്ലരിയാണ് മുഖ്യമായ ആഹാരസാധനം. ആഹാരത്തിനു വിവിധത്വം വേണമെന്നുള്ളതു് ഒരു പ്രത്യേക നിർബന്ധമാണ്. മത്സ്യമാംസാദികളെ ഉപേക്ഷിച്ചിട്ടില്ല. എന്നാൽ മാട്ടിറച്ചി നിഷിദ്ധമായിട്ടാണ് കരുതിവരുന്നതു്. പോഷകാംശപ്രധാനമായ കായ്കറികളെ പ്രത്യേകം ഇഷ്ടപ്പെടുന്നു. ഇതു സംബന്ധിച്ച് തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലിൽ മി: നാഗമയ്യ "മത്സ്യമാംസാദികളെ ഭുജിക്കുന്നവരും, എന്നാൽ ലഹരിപദാർത്ഥങ്ങളിലും ഗോമാംസത്തിലും വെറുപ്പുള്ളവരുമാകുന്നു" എന്നാണ് പറഞ്ഞിരിക്കുന്നതു്.

നാടാർസമുദായത്തിന്റെ സാമാന്യവിവരണം ഈ അദ്ധ്യായത്തിൽ പറഞ്ഞുകഴിഞ്ഞു. അടുത്തതായി "ജാതിനാമവും, ആഗമനവും" എന്നതിനെ സംബന്ധിച്ചു പ്രതിപാദിക്കാം.

# അദ്ധ്യായം ൨

## ജാതിനാമവും ആഗമനവും

1. നാടാർശബ്ദം ഇഷ്ടപ്പെടാത്തതു്, 2. ചാന്നാർ, 3. ചാന്തോർ, ചാൻറാർ, ചാന്നാർ, ജാതിയുടെ പ്രാചീനത, രാമായണകാലം, 4. കിരേക്കരും ചാന്തോരും, 5. പുരാണപ്രകാരം ചാന്തോർ വംശം, 6. ചാന്നാർശബ്ദം ഇഷ്ടപ്പെടാത്തതെന്തു്? 7. നാടാർ, 8. നാടാഴ്വാർ, 9. നാടവി.

ശ്രീ നാഗമയ്യായുടെ തിരുവിതാംകൂർ സ്റ്റേറ്റു് മാനുവൽ നാം പരിശോധിച്ചാൽ "ഈ ജാതിക്കാരെ മറവു വഴ്ക്കാർ "ചാന്നാന്മാർ" എന്നാണു് വിളിക്കുന്നതു്. എന്നാൽ അവർ ഉപയോഗിക്കുന്ന പദം നാടാർ എന്നാണു്. നാടാർ എന്ന പദം ഒരു സ്ഥാനപ്പേരായും ഉപയോഗിച്ചിട്ടുണ്ടു്" എന്നു പ്രസ്താവിച്ചിരിക്കുന്നതായിക്കാണാം. ഇതിൽനിന്നും നമുക്കു മനസ്സിലാകുന്നതു് ഇന്നു നാടാർ എന്നറിയപ്പെടുന്ന ജാതിക്കാക്കു് മുൻപു് "ചാന്നാർ" എന്നു പറഞ്ഞുവന്നിരുന്നുവെന്നാണു്. ഈ സമുദായക്കാക്കു് പുരാതനകാലത്തു് അനവധി പേരുകളും നിലവിലിരുന്നു. ആ പേരുകളും ഏതെങ്കിലുംപ്രകാരം നാടാർ, ചാന്നാർ, എന്നീ പേരുകളോടു് ബന്ധപ്പെട്ടിട്ടുള്ളതാകയാൽ ഈ ഇരുപദങ്ങളേടേയും ഉത്ഭവത്തെ സംബന്ധിച്ചു് ഈ അദ്ധ്യായത്തിൽ വിവരിക്കാം.

1. നാടാർശബ്ദം ഇഷ്ടപ്പെടാത്തതു്.

ഈ പദം "ചാന്തോർ" എന്നതിൽനിന്നും ചാന്റവർ—ചാൻറാർ—ചാന്ദ്രാഴ്സ്—ചാന്ദ്രർ—ചാന്നാർ—ചാന്നാർ എന്നിങ്ങിനെ ശ്രുതപരിണാമം സംഭവിച്ചു് ഉണ്ടായിട്ടുള്ളതാണു്.

2. ചാന്നാർ.

ക്ഷത്രിയകുലപര്യായമായി "തിവാകരം" എന്ന തമിഴ് അകാരാദിയിലെ പതിനൊന്നാംസൂത്രത്തിൽ,

"ചാന്റോർ മിക്കോർ നല്ലവർ മേലവ-
രായ്ന്തോരുയർന്തോരാരിയ രുലകെന-
വായ്ന്ത വാന്റോരറിവുടയോരേ" എന്ന കാണുന്നു. ചാന്റോർ എന്നതിനു ക്ഷത്രിയർ എന്നാണു് അർത്ഥമെന്നു മറു പല തെളിവുകളുണ്ടു്.

ക്ഷത്രിയസ്ത്രീയായ സീതയെ "ചാന്റോർമാതു്" എന്നു് അഭിസംബോധന ചെയ്തിരിക്കുന്നു.

*"ചാന്റോർമാതൈ തക്ക അരക്കൻചിറൈതട്ട-
ആന്റോർ ചൊല്ലുന്നല്ലറമന്നൻ വചമാനാൽ
മൂന്റായ് നിൻറ പോരുലകൊൻറായ് മുടിയാവേ-
റ്റോൻറാവോ വെൺപൽവിലിൻവീരത്തൊഴിലേ."

മാത്രമല്ല, ശ്രീകൃഷ്ണസ്വാമിയേയും "ചാന്റോൻ" എന്നാണു പറഞ്ഞിട്ടുള്ളതു്.

†"കലകറവക്കുമതു കല്ലാതവക്കും
നിലൈ പെറവക്കു നിലൈ നില്ലാതവക്കും
കുലമുറപേക്കുമുയിർ കൊല്ലാതവക്കും
തുലയുററ "ചാന്റാൻ" അവന്റാൻ തുതിപ്പാം"

അതുപോലെതന്നെ പാവ്തിദേവിയുടെ അച്ഛനായ ഹിമവാനെ "ചാന്റോൻ" എന്നും, പാവ്തിദേവിയെ "ചാന്റോരിൻ കുലത്തവം" എന്നും പറഞ്ഞിരിക്കുന്നതായി അമരർ പുരാണത്തിൽനിന്നും വ്യക്തമാകുന്നു. അതിവീരരാമപാണ്ഡിതർ രചിച്ച "വൈറിവേർകൈ" എന്ന പുസ്തകത്തിൽ,

* കമ്പരാമായണം യുദ്ധകാണ്ഡം ബ്രഹ്മാസ്ത്രപടലം 211

† മഹാഭാരതം ശാന്തിപർവം ധർമ്മശാസ്ത്രുരുക്കം കണ്ണന്റെ സ്തുതി.

"ചാന്റോരില്ലാത്തതോൽ പതിയിരുത്തലിൻ
തേന്റോർ കുറവർ തേയംനന്റേ" എന്നു കാണുന്നു. അതായതു് രാജാവില്ലാത്ത പുരാതനനഗരത്തിൽ താമസിക്കുന്നതിനെക്കാൾ തേൻ കുടിച്ചു ജീവിക്കുന്ന വേടന്മാരോടൊത്തു താമസിക്കുന്നതു നല്ലതാണു് എന്നാണർത്ഥം. ഇതിൽ പറയുന്ന ചാന്റോർ എന്ന പദത്തിനു് രാജാവു് എന്നു് "ടയിലർ ഡചര" അർത്ഥം പറഞ്ഞിരിക്കുന്നതിൽ നിന്നും ക്ഷത്രിയക്കു മുൻകാലങ്ങളിൽ "ചാന്റോർ" എന്ന പേരുണ്ടായിരുന്നതായി വ്യക്തമാകുന്നു.

*"അന്നവകൈപ്പട്ട പാർപ്പുനാപക്കവും
ഐവകൈ മരവിൻ അരചർ പക്കവും
ഇരുമൂൻറു മരവിൻ ഏനോർ പക്കവും" എന്നും,

†"അന്തണർ തിറത്തും ചാന്റോർ തേയത്തും
അന്തമിൽ ചിറപ്പും പിറർ പിറർ തിറത്തിനും"

എന്നും കാണുന്നതിൽനിന്നും അരചർ എന്നതും ചാന്റോർ എന്നതും ഒരേ അർത്ഥത്തിലുള്ള പദങ്ങളാണെന്നു തെളിയുന്നു.

മഹാഭാരതയുദ്ധത്തിൽ ക്ഷത്രിയർ പ്രയോഗിച്ച വേൽ, വാൾ മുതലായ ആയുധങ്ങളെ ചാന്റോർ എറിഞ്ഞ വേൽ, വാൾ എന്നു പറഞ്ഞുകാണുന്നുണ്ടു്. തത് സംബന്ധമായ ഉപരിതെളിവുകൾ മഹാഭാരതം ഭീഷ്മപർവം ഒന്നാംയുദ്ധം മുപ്പതിൽനിന്നും ലഭിക്കുന്നതാണു്.

‡ചാന്റവർ ചാന്റാണ്മൈ കുൻറി തിരുനിലന്താൻ
താങ്കാതു മനോപൊറൈ" അതായതു് രാജാക്ക

---

* തൊൽക്കാപ്പ്യിയം പൊരുളതികാരം പുറത്തിണയിൽ 2-ാംസൂത്രം.
† കർപ്പിയൽ 5-ാംസൂത്രം.
‡ തിരുക്കുറൾ 99-ാം അദ്ധ്യായം, ചാൻറാണ്മൈ 10-ാംകവിത.

ന്മാക്കു് ചാന്റാണ്മെ എന്ന ലക്ഷണം കൂറഞ്ഞാൽ ഭ്രമി ഭാരം വഹിക്കാൻ സാധിക്കയില്ല എന്നാണർത്ഥം.

തിരുക്കുറൾ 985, 990 എന്നീ സൂത്രങ്ങളിൽ നിന്നും ചാൻാണ്മെ എന്നതു് ഭ്രമിഭരണത്തെയും ചാൻറവർ—ചാൻറാർ എന്നതു ഭ്രപാലന്മാരെയും സംബന്ധിച്ചു പറയുന്ന പദങ്ങളാണെന്ന വ്യക്തമാകുന്നുണ്ടു്.

ഏതുകേനപ്രകാരേണയുള്ള തെളിവുകളാൽ "ചാന്റോൻ" എന്നതു് ക്ഷത്രിയരെ കുറിക്കുന്ന പദമാണെന്നും അതിന്റെ ബഹുവചനമായ "ചാന്നാർ" എന്നതിനും ക്ഷത്രിയർ എന്നാണു് അർത്ഥമെന്നും നിസ്സംശയം മനസ്സിലാക്കാമല്ലോ.

തൊൽക്കാപ്പിയം എഴുത്തധികാരം കുറിയല്ല കരപ്പുന്നനരിയൽ 76-ാംസൂത്രപ്രകാരം ചാൻേറാർ ഏറ്റവും പ്രാചീനമായ ജാതിയാണെന്ന തെളിയുന്നു. അവർ ക്ഷത്രിയരാണെന്ന മുൻപു സ്ഥാപിച്ചു കഴിഞ്ഞു.

3. ചാൻേറാർ—ചാൻറാർ—ചാന്നാർ, ജാതിയുടെ പ്രാചീനത, രാമായണകാലം.

ഡാക്ടർ ഡബ്രഞ്ചാനി "ചരിത്രസാരം" എന്ന പുസ്തകത്തിൽ താഴെക്കാണുന്ന അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. "ഇവിടെയുള്ള കല്പവൃക്ഷമടഞ്ഞ മരച്ചോലകളുള്ള ഗ്രാമങ്ങളിൽ പ്രധാനമായി ചാന്നാർ താമസിക്കുന്നു. അവർ ഉത്സാഹശാലികളും മുഖത്തിലെ വിയർപ്പു് തറയിൽ വീഴത്തക്കവിധത്തിൽ ജോലി ചെയ്യുന്നവരും ആയ ജാതിക്കാരാണു് അവർ ശൂദ്രക്കു താഴ്ന്ന പിരിവിനെ ചേന്ന ജാതിക്കാരാണെന്നു് ഇപ്പോൾ കരുതിവരുന്നു. ഞാൻ അവരെക്കുറിച്ചു് അന്വേഷിച്ചതിൽ അവർ ഈ രാജ്യത്തെ ആദ്യം കൈവശപ്പെടുത്തിയവരാണെന്നും

ശ്രീരാമന്റെ ജയവീരസേന, വളരെ അഭിവൃദ്ധിയായ വട
ക്കേരാജ്യത്തെ കൈവശപ്പെടുത്തിയപ്പോൾ ചാണാർ തങ്ങ
ളുടെ കല്പവൃക്ഷങ്ങളെ ഉപദ്രവംകൂടാതെ അനുഭവിച്ചുവരു
ന്നതിനു സ്ഥലംപിടിച്ചു് എന്നും വെളിപ്പെടുന്നു."

ഈ അഭിപ്രായംതന്നെ സ്വീകരിച്ചിട്ടുള്ള മറ്റു പണ്ഡിതന്മാരുമുണ്ടു്. ഇതനുസരിച്ചു നോക്കിയാൽ "ചാ
ന്റോർ" അഥവാ "ചാന്നാർ" ശ്രീരാമന്റെ കാലത്തു് ഉത്തരഇൻഡ്യയിൽ നിന്നും ദക്ഷിണഇൻഡ്യയിലേയ്ക്കു വ്യാപിച്ച ആദ്യത്തെ കുടിയേറ്റക്കാരാണെന്നു മനസ്സിലാക്കാം.

ശ്രീരാമൻ ദക്ഷിണഇൻഡ്യയിൽ പ്രവേശിച്ചകാലം ഏതാണെന്നു് ഇതേവരെ വ്യക്തമായിട്ടില്ല. എന്നാൽ രാമായണം രചിച്ചകാലത്തെ സംബന്ധിച്ചു് പലരും പല അഭിപ്രായങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടു്. രാമായണകാലം അതായതു് രാമായണം ആദ്യമായി രചിച്ചതു് ബി. സി. പതിനായിരത്തിനു മുൻപാണെന്നു് ചില ചരിത്രകാരന്മാർ പറയുന്നു. ബി. സി. അഞ്ചാം നൂറ്റാണ്ടിനു പിൻപായി വരാൻ മാർഗ്ഗമില്ലെന്നാണു് "രാമേശചന്ദ്രദത്തി"ന്റെ അഭിപ്രായം. എ. ഡി. ആറാംനൂറ്റാണ്ടിലാണെന്നു ജനമി കുടിയാൻ റിപ്പോർട്ടിൽ കാണുന്നു. ബി. സി. പത്താം നൂറ്റാണ്ടിനുശേഷമായിരിക്കണം ഇപ്പോഴത്തെ രൂപത്തിൽ രാമായണം എഴുതിയതു് എന്നു് "ശ്രീനിവാസയ്യങ്കാർ" തെളിയിക്കുന്നു. രാമായണം രചിച്ച കാലം ഇത്ര പഴക്കമുള്ളതാണെങ്കിൽ ഈ കഥ നടന്ന കാലം അതിനെക്കാൾ എത്രയോ മുൻപായിരിക്കണം. അക്കാലത്തു് "ചാന്നാന്മാർ" ദക്ഷിണഇൻഡ്യയിൽ അതികീർത്തിയാർജ്ജിച്ചിരുന്നു.

എന്ന് ഡാക്ടർ ധചരസ്ഥാണി പറയുന്നതിൽനിന്നും ഈ സമുദായം ഇന്നായ്ക്കും ഉദ്ദേശം മൂവായിരം വർഷങ്ങൾക്കു മുൻപുതന്നെ ഇവിടെ അതിപ്രതാപശാലികളായി കഴിഞ്ഞിരുന്നുവെന്നു തെളിയുന്നു.

4. കിരേക്കരും ചാന്റോരും.

ക്രിസ്താബ്ദം രണ്ടാം നൂറ്റാണ്ടിൽ ഗ്രീസിലെ ക്ലൈമൻസ് എന്ന ചരിത്രപണ്ഡിതൻ തന്റെ ഭ്രലോകയാത്രയിൽ ഇൻഡ്യയിലും വന്നിരുന്നു. അദ്ദേഹം രചിച്ച "പെരിപ്ലസ്സ് മാരീസ് എരിത്രേ" (Periplus Marres Erythrae) എന്ന പുസ്തകത്തിൽനിന്നും താഴെ പറയുന്ന സംഗതികൾ വ്യക്തമാകുന്നു. "(1) ഇൻഡ്യയിലെ മേൽക്കടൽകരയിൽ മൈസൂറിനു പടിഞ്ഞാറു് അക്കാലത്തു് രാജ്യം ഭരിച്ച ശാലിവാഹനന്റെ വംശജരുടെ ഭരണാനന്തരം ചാന്റോർവംശത്തിന്റെ രാജ്യഭാരം സ്ഥിരപ്പെട്ടു. (2) തെക്കേ കണ്ണാടകത്തിലുള്ള കല്യാണപുരം എന്ന തുറമുഖം ശാലിവാഹനന്റെ കാലത്തു് കീർത്തിയാർജ്ജിച്ചിരുന്നതു് ചാന്റോരുടെ ഭരണകാലത്തും പ്രതാപത്തോടുകൂടിയിരുന്നു. (3) ഗ്രീക്കുകാരുടെ ഏതെങ്കിലും കപ്പൽ ആ തുറമുഖത്തു വന്നാൽ ചാന്റോർ അറിഞ്ഞു് പല നിബന്ധനകളോടുകൂടി കാവൽക്കാരുടെ കൺട്രാക്റ്ററിൽ കപ്പലിനെ "പരുകാശ" എന്ന സ്ഥലത്തേയ്ക്കു തിരിച്ചുവിടുന്നു."

ഇതിൽനിന്നും ക്രിസ്താബ്ദം 78-ൽ രാജ്യം ഭരിച്ചിരുന്ന ശാലിവാഹനന്റെ വംശം അവസാനിച്ചതിനുശേഷം ചാന്റോർക്കു് രാജ്യഭാരം സ്ഥിരപ്പെട്ട എന്നു കാണുന്നു. ഇതനുസരിച്ചു് ചാന്റോർവംശം അഥവാ പാണ്ഡ്യവംശം 1877 വർഷങ്ങൾക്കു മുൻപു് ഭരണഭാരം കൈയേറ്റതായി വ്യക്തമാകുന്നുണ്ടു്.

പൌരാണികഗ്രന്ഥങ്ങളെ ആസ്പദമാക്കി ചിന്തിക്കുന്നവർ ചന്ദ്രവംശത്തിൽനിന്നും പാണ്ഡ്യവംശം ഉത്ഭവിച്ചതായും, ചന്ദ്രൻ എന്ന പദം, ചാന്റോർ, ചാന്റാർ, ചാന്നാർ എന്നിങ്ങനെ മാറിയതായും പറയുന്നു. * "ഈ വർഗ്ഗത്തിന്റെ ശരിയായ പേരു് ചാന്ദ്രാഴ്സു് എന്നാണു്. "സൽ" എന്ന തമിഴ്പദത്തിൽനിന്നുമാണു് ചാന്ദ്രാഴ്സു് എന്ന പേരു് ഉത്ഭവിച്ചിട്ടുള്ളതു്. ചാൻടാർ, ചാന്ദ്രവർ, ചാൻടോർ എന്നീ പദങ്ങളും അതേപ്രകാരം ഉത്ഭവിച്ചിട്ടുള്ളവയും, "ചാന്ദ്രർ" എന്നതിന്റെ തത്ഭവങ്ങളുമാണു്. തമിഴ്സാഹിത്യത്തിൽ കാണുന്ന ചില രേഖകളിൽനിന്നും, അവരുടെ ചില ജാത്യാചാരങ്ങളിൽനിന്നും നമുക്കു മനസ്സിലാകുന്നതു "ചാന്ദ്രർ" വടക്കേ ഇൻഡ്യയിലെ യുദ്ധപരാക്രമികളായ വർഗ്ഗത്തിൽനിന്നും തെക്കൻപ്രദേശങ്ങളിൽ വന്നുചേർന്നവർ എന്നാണു്." † ചാന്റോർ മെമ്മോറിയൽപ്രകാരം ചാൻറാർ (ചാന്റോർ) എന്ന പേരു് നാടാഴ്വാർ (രാജ്യം) എന്നർത്ഥം വരുന്ന (ക്ഷാത്ര് Kshatrah) "ക്ഷാത്രാർ" എന്ന പദത്തിന്റെ മുരുങ്ങിയ രൂപമാണു്. തങ്ങളുടെ പൂർവീകനായ ചന്ദ്രന്റെ പൌത്രനും വേദങ്ങളിൽ സൂര്യൻ (ചാന്റോൻ) എന്നു പറയുന്നവനുമായ പുരൂരവസ്സിനുള്ള ചാന്ദ്രൻ (ചന്ദ്രനിൽനിന്നും ജനിച്ചവൻ) എന്ന ആദ്യനാമത്തിന്റെ രൂപവുമായിരിക്കുന്ന "ചാന്നാർ" എന്നതു് ചാൻറാർ (ചാന്റോർ) എന്നതിന്റെ മുരുങ്ങിയ രൂപം ആണെന്നു് തമിഴ്പ്രമാണങ്ങ

5. പുരാണപ്രകാരം ചാന്റോർവശം.

---

* തിരുവിതാംകൂർ സ്റ്റേറ്റ്മാന്വൽ.

† ചാന്റോർ മെമ്മോറിയൽ P. 8

ളാൽ പല വിദ്വാന്മാരും തെളിയിച്ചിട്ടുണ്ട്. ഇപ്രകാരം തിരുവിതാംകൂർ ഗവമ്മെൻറ് തയാർ ചെയ്യിച്ച സ്റ്റേറ്റ് മാന്വലിലും മദ്രാസ് ഗവമ്മെൻറ് തങ്ങളുടെ "എത്നാകിരവി എന്ന പുസ്തകത്തിലും സമ്മതിച്ചിരിക്കുന്നു" എന്നാണ് കാണുന്നതു്. ഇതിൻപ്രകാരം ചാന്റേറാർ അഥവാ ചാന്നാർ വർഗ്ഗത്തിന്റെ വംശാവലിപ്പട്ടിക താഴെ കാണും വിധം ആണെന്നു കാണാം.

"ബുധനും പുരൂരവാമെന്നൊരു മകനുണ്ടായ്

* * * * * *

ആരവർമൂലയാളാമുർവ്വശീപൊറിട്ടവ–
രാറു പുത്രന്മാരുണ്ടായ് വന്നിതെന്നറിഞ്ഞാലും
ആയുസ്സു ധീമാനനും വസുവും ഗ്രഹായുസ്സും

* * * * * *


ഇവയിൽ ആയുസ്സിനു നാലു പുത്രന്മാരുണ്ടായ്
നഹുഷൻ മൻപൻ * * *
അവനുമാറുമക്കൾ യതിയും യയാതിയും


* * * * * *

അവിടെ യയാതിക്കു വന്നിതു രാജ്യം പിന്നെ
അവനും രണ്ടു വേട്ടാനെന്നു കേട്ടിരിക്കുന്നു.
ദേവയാനിക്കു മക്കൾ യദുവും തുർവ്വസുവും
ദ്രുഹ്യുവുമനുദ്രുഹു പൂരുവും ധർമ്മിഷ്ഠയ്ക്കു."

(ഭാരതം കിളിപ്പാട്ട്)

ഇതനുസരിച്ചു് താഴെ പറയുംവിധം വംശാവലിപ്പട്ടിക തയാർ ചെയ്യാം.


ബ്രഹ്മാവു്
അത്രി
ചന്ദ്രൻ
ബുധൻ
പുരൂരവസ്സു്
ആയു
അമാവസ്സു
അഗ്നിവംശം
സത്യവ്രതൻ
നഹുഷൻ
കാശിരാജവംശം
യയാതി
യദു
ദ്രുഹ്യു
അനു
പൂരു
(യദുവംശം)
(ധ്രുവൻ)
,,
ഇഴവവംശം
വഹ്നി
ഗോദാനൻ
ത്രൈശാംബരൻ




ഇവർ യഥാക്രമം പാണ്ഡ്യം, ചോളം, കേരളം, കണ്ണാടകം എന്നീ രാജ്യങ്ങളെ സ്ഥാപിച്ചു.

യയാതിയുടെ ദ്വിതീയപുത്രനായ ദ്രുഹ്യു (ധ്രുവൻ) ചന്ദ്രവംശം എന്ന നാമധേയത്തിൽ ദക്ഷിണ ഇൻഡ്യയിൽ രാജ്യം സ്ഥാപിച്ചു ഭരണം നടത്തിപ്പോന്നുവെന്നും ബ്രഹ്മ പുരാണത്തിൽ പറയുന്നു.

പുരുരവസ്സിന്റെ ഭരണകാലംമുതൽ തന്നെ ചാന്ദ്രാർ എന്ന പ്രയോഗമുണ്ടായിരുന്നു. ഈ പദം ലോപിച്ചു് ചാനേറാരായി മാറി. വേദശാസ്ത്രങ്ങളും ആയുധാഭ്യാസങ്ങളും അതിസാമർത്ഥ്യത്തോടുകൂടി പഠിച്ചുവന്ന ക്ഷത്രിയരെ—ചാനേറാരെ "അറിവുടയോർ" എന്നാണു് അഭിസംബോധന ചെയ്യുവന്നതു്. ഇതനുസരിച്ചു ചാനേറാർ എന്ന പദത്തിനു് അറിവുള്ളവർ എന്ന അർത്ഥം വ്യക്തമാകുന്നുണ്ടു്. തൊൽകാപ്പിയത്തിൽ പാണ്ഡ്യനാട്ടിനു് അറിവുള്ളവരുടെ ദേശം എന്നാണു് അർത്ഥം പറഞ്ഞിരിക്കുന്നതു്. ഇത്രയും പറഞ്ഞതിൽനിന്നും പുരാണമനുസരി

ച്ചുള്ള പുരാതനചന്ദ്രവംശജരാണ് ചാൻറാരെന്നും, ചാൻറാർ എന്നത് യേനകേനപ്രകാരേണ ലോപിച്ച് ചാന്നാർ, ചാണാർ, എന്നിങ്ങിനെ വ്യത്യാസപ്പെട്ടുവെന്നും വ്യക്തമാകുന്നുണ്ടല്ലോ.

6. ചാന്നാർശബ്ദം ഇഷ്ടപ്പെടാത്തതെന്ത്?

ഇത്ര പരിപാവനവും പ്രാചീനവുമായ ചാന്നാർ ശബ്ദത്തെ പൊതുവെ നിഷിദ്ധമായി കരുതുകയും, ആ പദം മാറ്റുന്നതിനായി നാടാർസമുദായം സംഘടനാശക്തിയോടുകൂടി വാദിക്കുകയും ചെയ്തു. തത്ഫലമായി 1921 ലെ ജനസംഖ്യക്കണക്കിൽ "നാടാർ ക്ഷത്രിയർ" എന്നെഴുതുന്നതിന് 17–2–1921 -ൽ 763 -ാം നമ്പരായി *മദ്രാസ് ഗവൺമെൻറിൽനിന്നും ഉത്തരവുണ്ടായി. എന്നിട്ടും ആ പ്രക്ഷോഭണം തുടർന്നുകൊണ്ടിരുന്നു. അനന്തരം "ചാന്നാർ" എന്നതിനു പകരം "നാടാർ" എന്ന് എല്ലാ റിക്കാർഡുകളിലും എഴുതുന്നതിനു വീണ്ടും മദ്രാസ് ഗവൺമെൻറ് താഴെ കാണുന്ന ഉത്തരവു പുറപ്പെടുവിച്ചു.

Government of Madras Law (General) Department (Copy of the original)

Go: Order No. 785 Dated 7th July 1921. The government direct that the term "Nadar" shall in future be adopted in place of Shanan in all official documents. By order the Governor in Council.

Sd/R. Ramachandra Rao
Secretary to Government

Go. Order No. 785
Go. 7–7–1921

* ക്ഷത്രിയകുലരഹസ്യം P. 31.

(ചാന്നാൻ എന്ന പദത്തിനു പകരം ഭാവിയിൽ സകല ഗവമ്മെൻറു് രേഖകളിലും നാടാർ എന്ന പദം ഉപയോഗിക്കേണ്ടതാണു്. ഗവണ്മെന്റുടെ ഉത്തരവിൻ പ്രകാരം).

ആർ. രാമചന്ദ്രറാവു ഒപ്പു്,
ഗവമ്മെൻറു് സെക്രട്ടറി.

ഇതിന്റെ പ്രത്യാഘ്രാതങ്ങൾ തിരുവിതാംകൂറിലും ഉണ്ടാകാതിരുന്നില്ല. അതിനെത്തുടർന്നു് ഇവിടെയും ചില ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടു്. കൊല്ലം 1114-ൽ പുറപ്പെടുവിച്ച ഒരുത്തരവിൽ "നാടാർ എന്നു് എഴുതേണ്ടതിനു പകരം ഗവമ്മെൻറു് റിക്കാർഡുകളിൽ "നാടാൻ" എന്നു് എഴുതിവരുന്നു. എന്നാൽ അതു തെറ്റാണു്. മേലാൽ "നാടാർ" എന്നു് എഴുതേണ്ടതാകുന്നു" എന്നു് നിഷ്കർഷിച്ചുകാണുന്നു.

അടുത്തകാലംവരെയുള്ള ഗവമ്മെൻറു് റിക്കാർഡുകളിലും മറ്റും ശൂദ്രർ എന്ന പ്രയോഗിച്ചിട്ടുള്ളതായി കാണാം. എന്നാൽ ഇപ്പോൾ അതു ശരിയല്ലെന്നു കരുതി നായർ എന്നു് ആ സമുദായക്കാർ എഴുതാൻ തുടങ്ങി. അതുപോലെതന്നെ ഏറ്റവും ശ്രേഷ്ഠമായ "ചേവുകർ" എന്ന പദം ഒടുവിൽ "ചോവൻ" എന്നു മാറിയതു് ഇപ്പോൾ ഈഴവർ എഴുതുകയോ പറയുകയോ ചെയ്യുന്നില്ല. അപ്രകാരംതന്നെയാണു് നാടാർസമുദായവും തങ്ങളുടെ പൂർവീകവും പ്രഥിതവും ശ്രേഷ്ഠവുമായ "ചാനേറാർ" (ചാന്നാർ) എന്ന നാമത്തെ മാറ്റം ചെയ്യാൻ ഇടയായതു് കാലത്തിന്റെ മാറ്റംകൊണ്ടെന്നല്ലാതെ ഇതിനു ശരിയായ ഒരു പ്രത്യുത്തരം പറയാൻ സാധ്യമല്ല.

ഇന്നു ജാതി നാമമായി കരുതുകയും രാജകീയനിയമങ്ങളാൽ സ്ഥിരപ്പെടുകയും ചെയ്ത നാടാർശബ്ദം ഒരു സ്ഥാനപ്പേരാണെന്നു ചിലർ അഭിപ്രായപ്പെടുന്നു.

7. നാടാർ.

എന്നാൽ അതു ശരിയല്ല. രാജ്യഭരണത്തിലും അതുപോലെതന്നെ ആയോധനത്തിലും ഈ സമുദായം ഏർപ്പെട്ടിരുന്നതിനെയാണു് ഈ പദംകൊണ്ടു തെളിയിക്കുന്നതു്.

"ഭൂമിക്കധികാരമുള്ള ക്ഷത്രിയചാന്റോക്കു നാടാൻ, നാടാഴ്വാൻ, നാടൻ, നാടവി, നാടവർ, ഉടയാർ, പാണ്ടിയർ മുതലായ സ്ഥാനപ്പേരുകൾ ഉണ്ടു്. ഈ പേരുകളെല്ലാം രാജ്യം എന്നു് അർത്ഥം വരുന്ന "നാടു്" എന്ന പദത്തിൽനിന്നും ഉത്ഭവിച്ചു് നാട്ടിനധിപതി എന്ന അർത്ഥത്തിൽ പൊതുവിൽ രാജാക്കന്മാർക്കും വിശിഷ്യാ പാണ്ഡ്യൻ, ചോഴൻ മുതലായ പ്രാചീന തമിഴ്രാജാക്കന്മാർക്കും പറഞ്ഞിരുന്നതാണു്. ഈ അർത്ഥം പ്രസിദ്ധരായ ഭാഷാശാസ്ത്രപണ്ഡിതന്മാരെയെല്ലാം സ്വീകരിച്ചിട്ടുണ്ടു്." (Dr. Rottler's Dictionary of Tamil and English III page 191, Dr. Winslow's Tamil and English Dictionary page 660) 1821-ൽ തിരുനൽവേലിജില്ലയേയും അവിടത്തെ ജനങ്ങളേയുംപറ്റി എഴുതുന്നതിലേയ്ക്കു് ഗവർമ്മെൻറിൽനിന്നും നിയമിച്ചിരുന്ന മി. തോമസ്സ് റ്റർബുധചരിതാഴെ കാണുംവിധം രേഖപ്പെടുത്തിയിരിക്കുന്നു.

പൗരാണികകാലംമുതൽ മധുര രാജധാനിയാക്കി ഭരണം നടത്തിവന്ന ശ്രേഷ്ഠന്മാരായ പാണ്ഡ്യവംശക്കാരുടെ കീഴിൽ ആയിരുന്ന തിരുനൽവേലി. അതിനെ "നാടു്" എന്നറിയപ്പെടുന്ന ചെറിയ ഭൂവിഭാഗങ്ങളായി വിഭജിക്ക

പ്പെട്ടിരുന്നു. അവ ഉന്നതകുലക്കാരായ ക്ഷത്രിയരാജാക്കന്മാരാണു് ഭരിച്ചുവന്നതു്. (Geog. and Statis. Memoir of Tirunelveli, p. 1) "In times of remote antiquity this province (Tirunelveli) formed part of the great Pandian Dynasty, the capital of which was Madura; and was divided into principalities and states denominated "Nadars" governed by a noble race of Chettrie princes".

"പാണ്ഡ്യദേശം ഇംഗ്ലണ്ടിലെ ഗൗണ്ടികംപോലെ നാടു്, നാടു് ആയി വിഭജിച്ചിരുന്നതിനാൽത്തന്നെയാണു് അതാതു നാട്ടിലെ ആദ്യ അവകാശികളായ പാണ്ഡ്യവംശത്തിലെ ചാന്റോക്കു് ഇപ്പോഴും ഗൗണ്ടു്പിരിവുകളെപ്പോലെ നാടാൻ, നാടൻ, നാടവി, നാടാഴ്വാർ മുതലായ പേരുകളും പറഞ്ഞുവരുന്നതു്."

8. നാടാഴ്വാർ.

കൊല്ലം 1112-ൽ തിരുവിതാംകൂർ ആക്കിയാളജിക്കൽ ഡിപ്പാർട്ടുമെൻറിൽനിന്നും കണ്ടെടുത്തു പദ്മനാഭപുരം മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്ന (ഇപ്പോഴും തിരുവനന്തപുരം മ്യൂസിയത്തിലുണ്ടു്.) ശിലാശാസനത്തിൽ കൊല്ലം 682 മിഥുനം 15-ാംതീയതി അപ്പോഴത്തെ രാജാവായ ജയസിംഹൻ ദ്വിതീയൻ ഒരു വിളംബരംമൂലം നാടാഴ്വാമാരിൽ ചുമത്തിയിരുന്ന ചില വരികളും നിറുത്തൽ ചെയ്തിരിക്കുന്നതായി കാണുന്നു. ആ വിവരം തിരുവിതാംകൂർ *സ്റ്റേറ്റ്മാനുവലിലും ശ്രീ. നാഗമയ്യാ പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു്. ആ ശിലാശാസനം ചുവടേ ചേക്കുന്നു:—

* തിരുവിതാംകൂർ സ്റ്റേറ്റ്മാനുവൽ Vol. 1 P. 196

"നയിനാർ മൂത്ത നയിനാർ തിരുവുള്ളം സ്വത്തി ശ്രീ അരുളിച്ചെയ്തൽ കൊല്ലം 682-ാം ആണ്ടു് ആനി മാതം 15-ൽ ഏകാതശിയും ശനിക്കിഴമയും പെറ്റ അ ച്ചോതിനാൾ നയിനാർ ചെയ്തരുങ്കനാട്ടു മൂത്തതിരുവടി ഇരു ന്തരുളിയ ഇടത്തിൽ പണ്ടാരത്തു നയിനാർ തിരുവുളം പറ്റി ക്കുടുത്ത തിരുമുകത്തിൻപടിയും, നയിനാർ ചിറൈവായ് മൂത്ത തിരുവടി ഇരുന്തരുളിയ ഇടത്തിൻ പണ്ടാരത്തു നയിനാർ തിരുവുളം പറഞ്ഞിക്കുടത്ത തിരുമുകത്തിൽപടിയും നംമുള്ളാരും ന.....അരുളിച്ചെയ്തൽ പറളിയൊട്ടു തോവാ ളയൊട്ടു, മലൈക്കു മേക്കു, മലൈക്കു കിഴക്കു, ഇടൈപ്പട്ട നാട്ടിലുള്ള നാടാഴ്വാമാരുക്കു നംമുള്ളാരും കൂടുത്ത തിരു മുകത്തിൻപടി നംമടിയാരുക്കു കരമുക്കൈ തലൈപ്പണം, പടൈപ്പണം, പതവാരം, ആനൈവരി, മറവും പല പുൻ കൊപിൻ മൈയും തപിത്തു, നമ്മുള്ളാർ കൂടുത്ത തരകം പടി, നമ്മടിയാരു മലൈക്കു മേക്കു മലൈക്കു കിഴക്കു് ഉള്ള നാടാഴ്വാമാരുക്കു, നാമും നംമുള്ളാരും കൂടുത്ത തരക പ്പിടിപാടാക നംമ്മടിയാർ ചന്തതി പിറവേഴ്വമേ, കല്ലിലും ചെമ്പിലും വെട്ടി, കല്ലും നാട്ടിക്കുടുത്തു നമ്മടിയാരുക്കു അ ഞ്ചിനാൻ പുകലിടമാക."

ഇതിന്റെ മുകളിൽ കട, കൊടി, വെഞ്ചാമരം മുത ലായവ അടയാളപ്പെടുത്തിയിട്ടുണ്ടു്. ഇതു് നാഗർകോവി ലിനടുത്തു സ്ഥിതിചെയ്യുന്ന ഒഴികിണാശ്ശേരി ഗവമ്മെൻറു സത്രത്തിനു വടക്കുഭാഗത്തുള്ള "ചോഴപുരം" എന്ന ഗ്രാമ ത്തിലെ ഗണപതിക്ഷേത്രത്തിനു മുൻവശത്തു പടിഞ്ഞാറു മാറി നിറുത്തിയിരുന്നതാണു്. പാണ്ഡ്യരാജ്യം നായിക്ക

ന്മാർ കൈവശപ്പെടുത്തിയതിനുശേഷം പലവിധ വരികളും മറവും ചുമത്തി നാടാർസമുദായത്തെ വളരെ കഷ്ടപ്പെടുത്തിയിരുന്നു. യുദ്ധകാലങ്ങളിൽ നാടാർസമുദായക്കാരിൽ നിന്നും ഈടാക്കിവന്നവയാണ് "തലൈപ്പണം, പടൈപ്പണം, പതവാരം, ആനൈവരി" മുതലായവ. അതാണ് ഇന്നേയ്ക്ക് സുമാർ 449 വർഷങ്ങൾക്കു മുൻപ് ജയസിംഹൻ ദ്വിതീയൻ നിറുത്തൽ ചെയ്തത്.

തിരുനൽവേലി ജില്ലയിലുള്ള തിരിച്ചന്തൂർ താലൂക്കിൽ ഉദ്ദേശം 125 വർഷങ്ങൾക്കു മുൻപുവരെ നാടാർസമുദായത്തിലെ "തിരുപ്പാപ്പൂനാടാൻ" എന്ന ഒരു കുടുംബക്കാർ രാജ്യം ഭരിച്ചുവന്ന വിവരം അടക്കലാപുരം എന്ന ഗ്രാമത്തിലെ ഒരു പഴയ കിണറിലുള്ള ഒരു ശിലാലേഖനത്തിൽനിന്നും വ്യക്തമാകുന്നു. (എ. ഡി. 1529) "705-ാം ആണ്ടു് കാത്തികമാസം 15-ംതീയതി അടക്കലനകരം തിരുപ്പാപ്പു നാടാഴ്വാന തനമം" എന്നുള്ളതാണ് ആ ശാസനം.

"മൈസൂറിലെ ഭരണാധികാരികളായിരുന്നവക്കും, പാണ്ഡ്യരാജ്യരാജാക്കന്മാക്കും, ചാന്റോക്കും, സംബന്ധപ്പെട്ടവരെന്നു ശിലാശാസനങ്ങളിൽനിന്നും വ്യക്തമാകുന്നവരുമായ കദംബരാജാക്കന്മാരുടെയും ചാന്റോർ രാജാക്കന്മാരുടേയും പിൻതുടച്ചക്കാർ" "നാടാഴ്വാർ", എന്ന പേരു പറഞ്ഞുവന്നതായി ഇൻഡ്യാഗവമ്മെൻറിന്റെ ഒരു പ്രധാന റിക്കാർഡായ * "എപ്പിക്കിരാവിയ ഇൻതിക്കാ" എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു.

---

* Epirgraphia Indiaca Vol. V

ഇതു് *നാടർജാതിക്കാക്കു് ചില സ്ഥലങ്ങളിൽ ഉപയോഗിച്ചുവരുന്ന ഒരു സ്ഥാനപ്പേരാണു്. ഇതു് നാട്ടിനു് അധിപതി എന്ന അർത്ഥത്തിൽ നാട്ട് + അവി = നാടവി (പ്രധാനി) എന്ന രണ്ടു പദം ചേർന്നതാണു്.

9. നാടവി.

നാടൻ, നാടാൻ എന്നീ പദങ്ങൾക്കു് "രാജാ" എന്ന അർത്ഥം ആകുന്നു. (രാജാവു്) രാട്ടു്, രാഷ്ട്ര എന്നീ സംസ്കൃതപദത്തിൽനിന്നും ഉത്ഭവിച്ചിട്ടുള്ളതാണു്. നാടൻ, നാടാൻ, നാടാഴ്വാൻ എന്നീ പദങ്ങൾക്കു ശരിയായി സംസ്കൃതത്തിൽ ക്ഷ്മാപൻ, ക്ഷ്മാപതി, മഹീപതി, ഭൂപതി മുതലായ പദങ്ങളുണ്ടു്. നാടു് എന്നതിനു് രാജ്യം, ദിക്കു് എന്ന അർത്ഥം † പറഞ്ഞിരിക്കുന്നു.

ദ്രാവിഡചാന്റോരുടെ ബന്ധുക്കളായി ഉത്തരഇൻഡ്യയിലുള്ള രാജപുത്രക്കു് "ഭ്രമിയർ" എന്ന സ്ഥാനപ്പേരു് ഉപയോഗിച്ചുവരുന്നു. ഭ്രമി എന്നതിനു് ഉലകു് എന്നാണു് തമിഴിലെ പര്യായപദം. (തിവാകരം 5: 15:) "ഉലകമെൻപതു് ഉയർന്തോർമാട്ടേ" തിവാകരം 2: 17.

"ഉലകു്" എന്നതു് ചാന്റോരുടെ ഒരു പേരായി തിവാകരത്തിൽനിന്നും വ്യക്തമാകുന്നു. (തിവാകരം 2, 11) മദ്രാസ് സ്റ്റേറിൽ രജിസ്റ്റർചെയ്തു് മധുരയിൽ ഹെഡ് ആഫീസായി നടന്നുവരുന്ന "നാടാർ മഹാജനസംഘ"ത്തിൽ അതിന്റെ അർത്ഥവ്യാപ്തി താഴെ കാണുംവിധം ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

---

* Ensur of India, 189. Vol. XIII P. 297

† മലയാളനിഘണ്ടു, P. 255

"സംഘം" എന്നതിനു് "നാടാർമഹാജനസംഘം." "നിർവ്വാഹസഭ"യെന്നതു് ഈ നിബന്ധനയാൽ സംഘത്തെ നടത്തുന്നതിനു് ഏർപ്പെടുത്തിയിട്ടുള്ള സഭയാകുന്നു.

"ഈ ജാതിക്കാർ" എന്നതു് ക്ഷത്രിയവംശജരായ നാടാർജാതിക്കാരാണു്.

"നാടാർ" എന്നതു് മതഭേദമെന്യേ മേല്പറഞ്ഞ നാടാർജാതിക്കാരെയെല്ലാപേരെയും കുറിക്കും.

മേല്പറഞ്ഞ രേഖകളിൽനിന്നും അതിപുരാതനകാലത്തു് "ചാന്റോർ, ചാന്നാർ, നാടാംവാർ മുതലായ പേരു് സ്വീകരിച്ചു പ്രശോഭിച്ചിരുന്ന സമുദായമാണു് ഇന്നു "നാടാർ" എന്നു് അറിയപ്പെടുന്നതെന്നു വ്യക്തമാകുന്നുണ്ടല്ലോ."

# അദ്ധ്യായം ൧൧

## ജനതയുടെ ഉപവിഭാഗങ്ങൾ

1. സാമാന്യവിവരണം, 2. മാറനാട്ടാർ, 3. കന്ദർ, പഞ്ചായത്തുരാജ്, 4. നട്ടാത്തിയർ, ചോഴിഇല്ലം, കോഴിക്കാലർ, 5. തിരുവഴതിവളനാടാർ, 6. മേൽനാട്ടാർ, 7. കരുക്കർ, 8. കാവേരിപുരത്താർ, 9. മധുപർ—മധു ഉല്പത്തിചെയ്യുന്നവർ.

ചരിത്രം ഭൂമിശാസ്ത്രം മുതലായവയെ അടിസ്ഥാനമാക്കി സമുദായചരിത്രകാരന്മാർ നാടാർസമുദായത്തെ ചില വിഭാഗങ്ങളായി പിരിച്ചുകാണുന്നു.

1. സാമാന്യവിവരണം.

സമുദായമദ്ധ്യത്തിൽ സാമ്പത്തികമായി ഉന്നതനിലയിൽ നിന്നവർക്ക് ചില പ്രത്യേക സ്ഥാനമാനങ്ങൾ മറ്റുള്ളവർ അനുവദിച്ചുകൊടുത്തിരുന്നതായും കാണുന്നുണ്ട്. എന്നാൽ അവയെല്ലാം ജന്മികുടിയാൻസമ്പ്രദായത്തിന്റെ പ്രത്യേകതമൂലം ഉണ്ടായിട്ടുള്ളതാണെന്നു തോന്നുന്നു. സമുദായത്തിലെ സാമാന്യജനങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികവുമായ വളർച്ച ഉണ്ടായതോടുകൂടി മേല്പറഞ്ഞ വ്യത്യാസങ്ങൾ നാമാവശേഷമായിത്തീർന്നിട്ടുണ്ട്. ഇപ്പോൾ സമുദായമദ്ധ്യത്തിൽ യാതൊരുവിധമായ ഉച്ചനീചത്വങ്ങളോ വകഭേദങ്ങളോ നിലവിലില്ലെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. കാലസ്ഥിതിക്ക് അനുയോജ്യമായി പുരോഗമിക്കുന്നതിനു സാധിക്കാത്ത ചില പിൻതിരിപ്പൻ വ്യക്തികൾ ചില ഔന്നത്യസ്ഥാനം കാണിക്കാൻ ഇന്നും ശ്രമിക്കുന്നുവെന്നുള്ളതു വിസ്മരിക്കുന്നില്ല. അക്കൂട്ടർ സമുദായത്തിനു യാതൊരു നന്മയും ചെയ്തിട്ടില്ലാത്തവരും അഗണ്യകോടിയിൽ തള്ളത്തക്ക ഒരു ന്യൂനപക്ഷ

ക്കാരുമാണു്. ചരിത്രപഠനത്തിനുവേണ്ടി മാത്രം മുൻപുണ്ടായിരുന്ന പ്രധാന പിരിവുകളെ ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കാം.

സാധാരണ മാർനാട്ടാർ മാനാട്ടാർ—മാരനാട്ടാർ എന്നിപ്രകാരം ഓരോരോ സ്ഥലങ്ങളിൽ പറഞ്ഞുവരുന്ന

2. മാറനാട്ടാർ.

ഈ പിരിവുകാർ മൊത്തത്തിൽ പാണ്ഡ്യരാജ്യക്കാരാണു്. മാറൻ (മാരൻ) എന്നതു് * പാണ്ഡ്യരാജാക്കന്മാരുടെ വിശേഷസ്ഥാനപ്പേരുകളിലൊന്നാണു്.

അതിപുരാതനകാലംമുതൽ ഈ രാജ്യത്തിൽ സ്ഥിരതാമസക്കാരായിട്ടുള്ളവരാണു് ഇവർ. ജനസംഖ്യയിൽ ഏറ്റവും ക്രൂരതരും ഈ വിഭാഗക്കാരാണു്. ഇവരിൽനിന്നും അനവധി ജനങ്ങൾ ഇപ്പോൾ വിദേശങ്ങളിൽ പോയി സ്ഥിരതാമസക്കാരായിത്തീർന്നിട്ടുണ്ടു്.

ഈ മാറനാട്ടാരെ ഉത്തരമാറനാട്ടാരെന്നും തെക്കിണമാറനാട്ടാരെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു. പല നൂറ്റാണ്ടുകൾക്കു മുൻപുമുതൽതന്നെ ഇവിടെ സംഘം സ്ഥാപിച്ചു് സമുദായപുരോഗതിക്കായി പ്രവർത്തനം നടത്തിപ്പോരുന്നുണ്ടു്. ഇങ്ങനെ ഇരുവിഭാഗക്കാരായിത്തീർന്നിട്ടുണ്ടെങ്കിലും പരസ്പരവിവാഹം പന്തിഭോജനം ക്രയവിക്രയം മുതലായവയിൽ യാതൊരു വ്യത്യാസവുമില്ല. മറവുള്ളവരെ അപേക്ഷിച്ചു് പാണ്ഡ്യരാജ്യത്തിനു് അധിപതികളായിരുന്നവർ ഇവരാണു്. കുലമഹിമ മുതലായവയിൽ പ്രാഥമ്യം അഹിക്കുന്നു. പാണ്ഡ്യരാജ്യത്തിനു മദ്ധ്യേയുള്ള കിഴവിക്കുളം, വടകര, വെമ്പൻകോട്ടു്, ചാത്തൂർ, കീഴ്നാട്ടുകുറുമ്പി,

* ചേന്തൻതിവാകരം 2, 23

പ്പാണിക്കുളം, വൈയ്പാട്ട് മുതലായ സ്ഥലങ്ങൾക്കരു കിൽക്കൂടി പോകുന്ന "വൈയ്പാറു" എന്ന നദിക്കു് വടക്കുഭാഗത്തുള്ളവരെ ഉത്തരമാറനാട്ടാർ എന്നും, അതിനു തെക്കുള്ള തമിഴ്-മലയാളം ദേശങ്ങളിൽ താമസിക്കുന്നവരെ ദക്ഷിണമാറനാട്ടാരെന്നും പറഞ്ഞുവരുന്നു. ഇതനുസരിച്ചു നോക്കുന്നപക്ഷം തിരുനൽവേലിക്കിപ്പുറം താമസിക്കുന്നവരെല്ലാം ദക്ഷിണമാറനാട്ടാർ എന്ന വിഭാഗത്തിലുൾപ്പെടുന്നു.

1871-ൽ മത്തീൻ എന്ന മിഷനറി "The Chandrars of South Travancore are of the same class as those of Tinnavalei and in both Provinces they have in large numbers embraced the profession of Christianity" എന്നു പറഞ്ഞിരിക്കുന്നു. (തിരുവിതാംകൂർ രാജ്യത്തിന്റെ ദക്ഷിണഭാഗത്തിലുള്ള ചാന്റോർ, തിരുനൽവേലിയിലെ ചാന്റോരിൽ ഉൾപ്പെട്ടവരാണു്. ഈ രണ്ടു സ്ഥലങ്ങളിലുമുള്ള ചാന്റോരിലും വളരെയധികം ജനങ്ങൾ ക്രിസ്തുമതാവലംബികളായിരിക്കുന്നു.)

ഇതനുസരിച്ചു തിരുവിതാംകൂറിലെ നാടാർ (ചാന്റോർ) ഈ ദക്ഷിണമാറനാട്ടാരാണെന്നു വ്യക്തമാകുന്നുണ്ടല്ലോ. കഴിഞ്ഞ പല ദശവത്സരങ്ങളായി ഈ മാറനാട്ടാരിൽനിന്നും അനവധി ജനങ്ങൾ സ്വദേശംവിട്ടു് ഉദ്യോഗം വാണിജ്യം മുതലായവയ്ക്കായി അന്യദേശങ്ങളിൽ പോയി അവിടെ സ്ഥിരതാമസക്കാരായിട്ടുണ്ടു്. സിലോൺ, ബർമ്മ, മലയ, ദക്ഷിണാഫ്രിക്ക മുതലായ സ്ഥലങ്ങളിൽ ഇവരുടെ പരമ്പരാവലികളെ ഇന്നും കാണാം.

"മാറനാട്ടാക്കൂ" കരുക്കപ്പട്ടയർ എന്ന ഒരു സ്ഥാനപ്പേരുണ്ടു്. ഇതിനു മൂപ്പുള്ള വാഗം ധരിക്കുന്നവർ എന്നാണർത്ഥം. ഈ വിഭാഗക്കാർ കുലമഹിമയിലും അഭിമാനത്തിലും ഇതരജാതിക്കാരെക്കാഗം ഉയർന്ന നിലയിലുള്ളവരാണു്." എന്നു് മദ്രാസ്സ് ഗവമ്മെന്റിന്റെ ആഭിമുഖ്യത്തിൽ തർസ്റ്റൺ ധാരയെക്കൊണ്ടു് എഴുതിച്ച പുസ്തകത്തിൽ ജാതിയെപ്പററിപ്പറയുന്ന ഭാഗത്തു് പറഞ്ഞിരിക്കുന്നു. കരുക്കപ്പട്ടയർ, മുൻകാലങ്ങളിൽ യുദ്ധവീരരായിരുന്നുവെന്നു് അർത്ഥമാകുന്നതായും കരുക്കമത്തൈ" എന്നു പറയുന്നതു തെററാണെന്നും, മി. നാഗമയ്യാ തിരുവിതാംകൂർ സ്റ്റേറ്റു് മാനുവലിൽ പറഞ്ഞിട്ടുണ്ടു്. അപ്രകാരംതന്നെ "പേട്ടധാര" യെക്കൊണ്ടു് (H. R. Pate) എഴുതിച്ചു് 1917-ൽ പ്രസിദ്ധംചെയ്ത തിരുനൽവേലി ഡിസ്ട്രിക്റ്റു് ഗസററിൽ ഇവരെ സംബന്ധിച്ചു് "എല്ലാ ഉംപിരിവിലും അധികം ജനസംഖ്യ ഉള്ളവരായി—കുലാഭിമാനത്തിൽ വളരെ ഉയർന്നവരായി-സകലരാലുംബഹുമാനിക്കപ്പെടുന്നവർ എന്നും കരുക്കു് മട്ടയർ എന്നു പറയുന്നതു ജനങ്ങൾക്കു്, നൂതന അപരിചിതപദമാണെന്നും മൂപ്പുള്ള വാളു് എന്നർത്ഥമാകുന്ന കരുക്കപ്പട്ടയർ എന്നതന്നെയാണു് സാധാരണയായി പറയുന്നതു്" എന്നും പറഞ്ഞിരിക്കുന്നു. പെരിയ പുരാണത്തിൽ പറയുന്ന "മറപ്പാടെ വാടചുറത്താർ" എന്നവർ ഈ കരുക്കപ്പട്ടയരെ ചേർന്നവരാണു്.

ഈ മാറനാട്ടാരുടെ വിഭാഗത്തിൽ ഉന്നതസ്ഥാനം അഛ്കിക്കുന്നവരെ "കന്ദൻ" എന്നാണു് നാമകരണം ചെയ്തിട്ടുള്ളതു്. ഇതിനു് പ്രഭ എന്നാണു് അർത്ഥം. അതുതന്നെ ഉഗ്രവമ്മപാണ്ഡ്യന്റെ പേരായും

3. കന്ദർ.

പറഞ്ഞുവരുന്നു. ഇതുസംബന്ധിച്ചു് "രോവസ് ഉവിലൻ സൻധപര"മുകുന്ദർ എന്നാൽ മുഖ്യമായവർ അഥവാ പ്രധാനികം എന്നാണു് അർത്ഥം. ഇൻഡ്യയിൽ ഈ സ്ഥാനം വിശേഷമായി ഊർതലവർ, ഗ്രാമാധിപർ, ജനക്കൂട്ടങ്ങളിലെ നായകർ, എന്നവക്കു് പറഞ്ഞുവരുന്നു. മറാട്ടിയഗ്രാമാന്തരങ്ങളിൽ ഈ നായകനു് സാധാരണ ഗ്രാമാധികാരികളുടെ മേൽനോട്ടം മുതലായ ഉദ്യോഗങ്ങളും ഉണ്ടു്. ജനങ്ങളുടെ ഇടയിലുണ്ടാകുന്ന വഴക്കുകളെ കേട്ടു തീരുമാനിക്കുകയാണു് ഇവരുടെ ജോലി" എന്നെഴുതിയിരിക്കുന്നു.

നാടാർസമുദായത്തിന്റെ മദ്ധ്യേയുള്ള മുകുന്തന്മാരെപ്പറ്റി 1856-ൽ "സൂട്ടർ" എന്ന മിഷണറി "ലൗകീക വിഷയമായി ഊരധികാരികളും പരമ. "പഞ്ചായത്തുരാജ്" സ്വരം സഹായിക്കുന്നവരും നയിക്കുന്നവരും ആയിരിക്കുന്നു. ഓരോ സ്ഥലത്തിലുമുള്ള വൃദ്ധന്മാരും പ്രധാനികളും ചേർന്നു് ഒരു നിയമസഭ ഏർപ്പെടുത്തിയിരിക്കും. ഇവർ ആഴ്ചയിൽ ഒരു തവണക്രമടി ജനതാമദ്ധ്യത്തിലുണ്ടായിട്ടുള്ള വഴക്കുകളെ കേട്ടു് ന്യായമായി തീരുമാനം ചെയ്യുന്നു. മുകുന്തന്മാരിൽനിന്നും ഈ സഭയുണ്ടാക്കി അഞ്ചു പ്രധാനികളടങ്ങിയ ഒരു ഉയർന്ന പഞ്ചായത്തുമുണ്ടു്. ഇവരാണു് അപ്പീൽ കേൾക്കുന്നതു്. മുൻപറഞ്ഞവരുടെ തീരുമാനങ്ങളിൽ അവസാനിക്കാത്ത കേസ്സുകളും ഈ മേൽകോർട്ടിൽ വന്നു് തീരുമാനിക്കുന്നു. ഈ മുകുന്തന്മാർ ഊർ അധികാരികളെ നയിക്കുന്നതു മാത്രമല്ല ഗ്രാമങ്ങളിലെ പോലീസു് നടപടികളിലും ഇവർതന്നെ മേൽനോട്ടം വഹിക്കുന്നുണ്ടു്" എന്നു് എഴുതിയിരിക്കുന്നു.

1917-ലെ തിരുനൽവേലി ഡിസ്ട്രിക്ടു് ഗസറ്റിൽ ആദിയിൽ ഊർതലമയെക്കുറിക്കുന്ന "മുകുന്തർ എന്ന

സ്ഥാനം ഇപ്പോൾ ആ പതിവിൽനിന്നും മാറ്റപ്പെട്ടവരുന്നതിനാൽ ആ സ്ഥാനപ്പേരിന് ഇപ്പോൾ യാതൊരു വിശേഷ അർത്ഥവും കൊടുക്കുന്നില്ല" എന്ന് എഴുതിയിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ നാടാർവംശജർ രാജ്യഭാരം കൈയേറ്റിരുന്നകാലത്തു് തികച്ചും പ്രജാപ്രഭുത്വവും മഹാത്മാഗാന്ധി തുടങ്ങിയ രാജ്യതന്ത്രജ്ഞന്മാർ അഭിലഷിച്ചിരുന്നതുമായ ഒരുതരം പഞ്ചായത്തുഭരണം "പഞ്ചായത്തു രാജ്" നിലവിലിരുന്ന എന്നതു് തക്കമാറ്റ സംഗതിയാണു്. അതേരീതിയിലുള്ള പഞ്ചായത്തുഭരണമാണു് സ്വതന്ത്രഭാരതത്തിൽ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ളതു്.

4. നാട്ടാത്തിയർ

പാണ്ഡ്യവംശവും ചോഴവംശവും ഏകവർഗ്ഗത്തിൽപ്പെട്ടവരാണല്ലോ. എങ്കിലും ഭരണം നടത്തിവന്ന കാലങ്ങളിൽ ഇരുകൂട്ടർക്കും യുദ്ധങ്ങളും മറ്റും ഉണ്ടായിട്ടുണ്ടു്. എന്നാൽ പരസ്പരം വിവാഹബന്ധങ്ങളിലും * ഏർപ്പെട്ടിരുന്നു. പുരാണം മാത്രമല്ല, താമ്രശാസനങ്ങളും ശിലാലേഖനങ്ങളും പ്രാചീന ചരിത്രങ്ങളും ഈ വസ്തുത വെളിപ്പെടുത്തിത്തരുന്നുണ്ടു്.

പുകഴേന്തിപ്പുലവരുടെ ചരിത്രത്തിൽ "ചെമ്പകമാറൻ—കുലോത്തുംഗചോഴൻ" എന്ന പാണ്ഡ്യചോഴരാജാക്കന്മാർ, തങ്ങളുടെ ഇടയിൽ വിവാഹബന്ധം ഏർപ്പെട്ടുത്തിയിരുന്നതായി പറഞ്ഞിരിക്കുന്നു. ഇപ്രകാരം പാണ്ഡ്യവംശത്തോടു വിവാഹം ചെയ്തു ജീവിതം നയിച്ച ശാഖയിൽ, മാറനാട്ടിൽ സ്ഥിരതാമസക്കാരായിരുന്നവർ അവിടത്തെ പ്രത്യേക ഒരു പിരിവുകാരായിത്തീർന്നു. "ആരേ താതകി ആത്തി ആകും" (ചേന്തൻ തിവാകരം 4; 31)

---

* ഹാലാസ്യം തിരുവിളയാഡൽ പുരാണം, ശ്രീതാലം

എന്നതനുസരിച്ച് ആർ എന്ന ആത്തിമാല ധരിച്ചതിനാൽ ആത്തിയർ എന്ന ചോഴരാജാവിന്റെ സ്ഥാനപ്പേരോടുകൂടി ഇവർ "നട്ടാത്തിയർ" എന്നവരായിത്തീർന്നു. നട്ടാത്തിയർ എന്ന പേരു * വിവാഹബന്ധത്തിൽ ഏർപ്പെട്ട ചോഴരാജാവിന്റെ വംശജക്കുള്ളതാണു്.

കൊട്ടക്കൽവാങ്ങൽ സംബന്ധിച്ചു് ഈ നട്ടാത്തിയക്കു് 63 ഗോത്രവിഭാഗങ്ങളുണ്ടു്. അതിലുംപ്പെട്ടതാണു്

ചോഴിഇല്ലം, കോഴിക്കാലർ.

"ചോഴിഇല്ലം, കോഴിക്കാലർ" മുതലായവ. തത്സംബന്ധമായി ചാന്റോർ മെമ്മോറിയലിൽ † "കോഴി എന്നതു് ചോഴരാജാക്കന്മാരുടെ ആദ്യത്തെ രാജധാനി"യാണു്. തൃശ്ശിനാപ്പള്ളിക്കു് അടുത്തിരിക്കുന്ന ഒരു പ്രധാന നഗരം "കോഴി ഉറയൂർ" (തിവാ: 5, 110). അപ്രകാരം ചോഴരാജാവിനു് കോഴിവേന്തൻ എന്ന സ്ഥാനപ്പേരുണ്ടായിരുന്നതായും പറഞ്ഞിരിക്കുന്നു. (തിവാ: 11, 22) കാവലർ എന്നാൽ രാജാവു് എന്നാണർത്ഥം. മലയാളത്തെ ജയിച്ചു് ഭരണം നടത്തിയ പാണ്ഡ്യവംശക്കാർക്കും ഭരണം അന്യാധീനമായതിനുശേഷം മലയാളദേശത്തിൽ വന്നു താമസമായവർക്കും ഇല്ലക്കാർ എന്നു പറഞ്ഞുവരുന്നു. അതുപോലെ ചേരരാജ്യത്തെ ജയിച്ചു ഭരിച്ച ആദിത്യവർമ്മ മുതലായ ചോഴരാജാക്കന്മാരുടെ വംശങ്ങളും (Arch Survey of S. Tilia Vol. 11 p. 155 se) മറ്റു രണ്ടു ചോഴരാജാവിന്റെ വംശങ്ങളും (Tlrid Vol. II p. 195, 196) മഹമ്മദീയാക്രമണകാലങ്ങളിൽ തങ്ങളുടെ സ്വദേശംവിട്ടു് വിദേശ

* നാടാർകുലവരലാറു P 51

† ചാന്റോർ മെമ്മോറിയൽ Vol. I P. 116, 117

ങ്ങളെ അഭയം പ്രാപിക്കേണ്ടിവന്നിട്ടുണ്ട്. ഇവരെ ചോഴി ഇല്ലം, കോഴിക്കാലർ എന്നീപ്പേരുകളാൽ അറിയപ്പെടുന്നു.

വേണാട്ടിലെ (തിരുവിതാംകൂർ) നെയ്യാറിൻകര താലൂക്കിന്റെ (കരുങ്കുളം പകുതി) പഴയ പടത്തിൽ "കോഴിയാംതോട്ടം" പ്രത്യേകം രേഖപ്പെടുത്തിക്കാണുന്നതും, ഈ അഭ്യൂഹത്തിനു് ഉപോൽബലകമാണു്. ഇന്നു് ഈ സ്ഥലം "കോഴിയാംതട്ടു്" എന്ന പേരിലാണു് അറിയപ്പെടുന്നതു്. ഇങ്ങിനെ ഒരു സ്ഥലത്തിനു് പ്രത്യേകം പേരു നൽകിയിരിക്കുന്നതിൽനിന്നും ഈ കോഴിക്കാലർ അഥവാ മഹമ്മദീയാക്രമണകാലത്തു് വിദേശങ്ങളെ അഭയംപ്രാപിക്കേണ്ടിവന്ന ചോഴരാജാവിന്റെ വംശജർ ആദ്യം വന്നു താമസിച്ച സ്ഥലം ഇതാണെന്നു വ്യക്തമാകുന്നുണ്ടു്. തട്ടു് എന്നാൽ ദേശ്യഭാഷയിൽ പുരയിടം എന്നാണർത്ഥം. *"തോട്ടം=വൃക്ഷാദികം പലതും ഉള്ള ഒരു പറമ്പു്; പൂങ്കാവു്." കോഴിവംശജർ വന്നു താമസിച്ച സ്ഥലത്തിനു് "കോഴിയാംതട്ടു്" (കോഴിയാംതോട്ടം) എന്നു പറഞ്ഞുവന്നിരിക്കണം. കാലാന്തരത്തിൽ ഇതു് ഒരു ശാശപതപേരായിത്തീർന്നു. ഈ സ്ഥലത്തു താമസിച്ചിരുന്ന പൂവീകർ ജോത്സ്യം, വൈദ്യം, വില്ലടിപ്പാട്ടു്, മുതലായവയിൽ അദ്വിതീയന്മാരായിരുന്നു. ഇവിടെ ഉണ്ടായിരുന്ന പ്രാചീനകൈയെഴുത്തുഗ്രന്ഥങ്ങളും തന്നെയാണു് ആദ്യമായി, എനിക്കു് സാഹിത്യപ്രവർത്തനത്തിനു പ്രേരണ നൽകിയതു്. അവയിൽനിന്നും 33 ഗ്രന്ഥങ്ങളും ഞാൻ തിരുവിതാംകൂർ സർവ്വകലാശാലയുടെ മാനുസ്ക്രിപ്റ്റു് ലൈബ്രറിയുടെ പരിചിന്തനത്തിനു നൽകിയിട്ടുണ്ടു്.

---

* മലയാളനിഘണ്ടു. P. 205

ചില നൂറാണ്ടുകൾക്കു മുൻപു് മാനവീരവളനാട്ടിൽ ജമിൻദാരായിരുന്ന ഭരണ നടത്തിയ "ഐന്നൂകരൈ നാടാക്കൾ" ഈ നട്ടാത്തിവിഭാഗത്തിൽപ്പെട്ടവരാണു്. തിരുവഴതിവളനാടാരിൽനിന്നും, ആട്ട്യം കുരുക്കൂർ എന്ന അംവാർ തിരുനഗരത്തിൽ താമസിച്ചു. നാടാഴ്വാരുടെ വംശത്തിലുള്ള പട്ടവല്ലനൻ അവസാനത്തിൽ താമ്രവർണ്ണിനദിയുടെ ഉത്തരഭാഗമായ കുന്തളാവതി എന്ന നട്ടാത്തിയിൽ ചെന്നു ചേർന്നു. അവിടെ തിരുവഴതിവളനാടാർ എന്ന സ്ഥാനപ്പേരോടുകൂടി താമസിച്ചുവന്നു. അവർ അനന്തരകാലങ്ങളിൽ ബന്ധംകൊണ്ടു് ആത്തിയരുമായി ലയിച്ചുപോയി. ഈ തിരുവഴതിവളനാടാരുടെ കുടുംബത്തെപ്പറ്റി 1869-ൽ ബിഷപ്പു് കാഡ്വൽ "ചാന്റോർജാതിയിലെ ഉൾപ്പിരിവിൽ ഒന്നിൽപ്പെട്ട ഒരു കുടുംബക്കാർ ജമിന്ദാരായിരിക്കുന്നു"വെന്നും 1891-ൽ സർ സ്റ്റുവർട്ടു് പ്രൂട്ട "ചാന്റോരിൽ കുറഞ്ഞപക്ഷം ഒരു ജമിന്ദാരുണ്ടു്" എന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇവരിൽ പ്രധാനമായ ഒരു ഭാഗക്കാർ വസ്തു ഉടമസ്ഥന്മാരും ബാക്കിയുള്ളവർ കൈത്തൊഴിൽ, കച്ചവടം മുതലായവ ചെയ്യുന്നവരുമാണു്. ഇവർ ധാരാളമായി തിരുനൽവേലി ജില്ലയിലും, അല്പാല്പമായി നാഞ്ചിനാട്ടു്, നെയ്യാറിൻകര, രാമനാഥപുരം, മധുര, കോയമ്പുത്തൂർ മുതലായ സ്ഥലങ്ങളിലും താമസിച്ചുവരുന്നു.

5. തിരുവഴതിവളനാടാർ.

കോചേരനായ കുടനാടരുടെ രാജവംശം അന്യാധീനപ്പെട്ടപ്പോൾ ആ വംശജർ ചേരനാട്ടിൽ നിന്നും

തിരിച്ചു് പൂവ്ബന്ധുക്കളായ മാറനാട്ടാരുടെക്രൂടെ വന്ന ചേന്വരാണു് മേൽനാട്ടാർ. ഇവർ *"ചേരവംശജരാ ണെന്നുള്ളതു് പ്രത്യക്ഷത്തിൽ വ്യക്തമാ കുന്നു. ഇവരിൽ അനവധി ജനങ്ങൾ ഭൂസ്വത്തുടമസ്ഥന്മാരും, ബാക്കിയുള്ളവർ കച്ചവടക്കാരും, വ്യവസായികളും ആയിരിക്കുന്നു." ഇവർ മുക്കുടലിൽ "ക്ഷത്രിയയുവജന അഭിവൃദ്ധിസംഘം" എന്ന നാമധേയത്തിൽ ഒരു സംഘം സ്ഥാപിച്ചു് വളരെ ഭംഗിയായി നടത്തിവരുന്നു.

6. മേൽനാട്ടാർ.

മന്ത്രവും യാഗവും † ക്ഷത്രിയരുടെ വിശേഷതൊഴിലാണു്. ഇതു മാത്രം വംശപരമ്പരയാ കുലത്തൊഴിലായി ചെയ്തുവരുന്നവർ നാടാർസമുദായത്തിലുണ്ടു്. "അയ്യർ" എന്നാണു് ഇവരുടെ സ്ഥാനപ്പേരു്. ജൈനബുദ്ധമതങ്ങളും ദക്ഷിണഇൻഡ്യയിൽ വ്യാപിച്ചകാലംമുതൽ ഇവർ ബ്രാഹ്മണരെപ്പോലെ മത്സ്യമാംസാദികളും ഉപേക്ഷിച്ചിരിക്കുന്നു. ഇവരെ സംബന്ധിച്ചു് 1371–ലെ മദ്രാസ് സെൻസസ്സ് റിപ്പോർട്ടിൽ "ചാന്റോരിൽ നൂറിനു് 68 പേർ പ്രധാനമായി ശൈവർ എന്നും, 24 വൈഷ്ണവർ എന്നും മതവിഷയമായി ഭാഗിക്കപ്പെട്ടിരിക്കുന്നു. ശിവമതസംബന്ധമായ് അവക്കു് അവരുടെ സ്വന്തജാതിയിൽത്തന്നെ കുരുക്കളായ പുരോഹിതന്മാരുണ്ടു്" എന്നും ‡ തിരുവിതാംകൂർ സ്റ്റേറ്റുമാനുവലിൽ "ചാന്റോർ തങ്ങളുടെ ജാതിയിൽത്തന്നെ പാരമ്പര്യമായ്

7. കുരുക്കൾ.

* നാടാർകുലവരലാറു് P. 52

† ചേന്തൻതിവാകരം 12, 81

‡ തിരുവിതാംകൂർ സ്റ്റേറ്റുമാനുവൽ Vol. II P. 395

കരുതപ—പുരോഹിതവേലകളെ തൊഴിലായി സ്വീകരിച്ചവരും അയ്യർ എന്ന സ്ഥാനത്തെ വഹിക്കുന്നവരുമായ വിഭാഗക്കാർ ഇവരായിരിക്കുന്നു" എന്നും എഴുതിയിരിക്കുന്നു. * പരിമേലഴകൻ തുടങ്ങിയ അനവധി വിദ്വാന്മാർ ഈ വിഭാഗത്തിൽ ഉണ്ടായിരുന്നു.

ദ്രാവിഡരിലെ ക്ഷത്രിയവർഗ്ഗത്തിൽ † "ദേവന്മാരാക്കപ്പെട്ട ക്ഷത്രിയർ, ഋഷികളായ ക്ഷത്രിയർ, യുദ്ധസന്നദ്ധരായ ക്ഷത്രിയർ" എന്ന മൂന്നു വിഭാഗക്കാർ ഉണ്ടായിരുന്നു. ഇതിൽ ഋഷികളായ ക്ഷത്രിയരെയാണു് ഇവിടെ വിവക്ഷിക്കുന്നതു്.

8. കാവേരിപൂരത്താർ.

കാവേരിപൂരം എന്നതു് ചോഴരാജാക്കന്മാരുടെ ഒരു പ്രസിദ്ധിയാർജ്ജിച്ച തുറമുഖമായിരുന്നു. അതിപുരാതനകാലംമുതൽതന്നെ വിദേശങ്ങളുമായി കപ്പലോട്ടംമൂലം കച്ചവടത്തിലേർപ്പെട്ടിരുന്നു. ‡ "കാവിരുപ്പൂംപട്ടണത്തിൽ കപ്പൽവ്യാപാരം ഒരു തൊഴിലായി സ്വീകരിച്ചിരുന്ന പുന്നാടൻവംശജർ അതു തീർന്നതിനുശേഷം അവിടെനിന്നും തിരിച്ചു് മധുരപ്രദേശങ്ങളിൽ വന്നു് പാണ്ഡ്യവംശജരായ മാറനാട്ടാരോടു ചേർന്നു് കാവേരിപൂരത്താൻ എന്ന പേരോടുകൂടി താമസിച്ചു." പേട്ടു് ധർമ്മ എഴുതിയ തിരുനൽവേലി ഡിസ്ട്രിക്ടു് ഗസറിൽ "കാവേരിപൂരത്താർ എന്നതു് കാവേരിനദിക്കിൽനിന്നും തിരിച്ചു് ഇവിടെ വന്നുചേർന്നവരാണു്. ഈ സമുദായത്തിൽ ഒരു പ്രധാന ഭാഗക്കാർ നാട്ടുക്കോട്ടച്ചെട്ടികളും

---

* നാടാർകുലവരലാറു് P. 55

† അമരർപുരാണം P. 92

‡ തിവാകരം 5, 115

എന്ന നാമധേയത്തോടുകൂടി പ്രത്യേക വകുപ്പുകാരായി പിരിഞ്ഞിരിക്കുന്നു'' എന്നു കാണുന്നു. ഈ കാവേരിപൂരത്താർ മാറനാട്ടാരോടു വന്നുചേർന്നപ്പോൾ ഈ മാറനാട്ടാരുടെ സൈന്യം എഴുന്നള്ളിക്കുമ്പോൾ മുൻഭാഗത്തു രാജചിഹ്നമായ കൊടിപിടിക്കുന്ന ജോലി ഇവർക്കു കൊടുത്തു. തന്നിമിത്തം കൊടിക്കാരർ എന്ന ഒരപരനാമധേയവും ഇവർക്കുണ്ടു്. മി. തർസ്റ്റൻ ധാര രചിച്ച "തെൻ ഇൻഡ്യാ" എന്ന പുസ്തകത്തിൽ കൊടിക്കാരർ എന്ന ഇവരുടെ പേരു് യുദ്ധക്കൊടി എന്ന അർത്ഥത്തിൽ "കൊടി" എന്ന പദത്തിൽനിന്നും ഉത്ഭവിച്ചതാണെന്നും, അവർ യുദ്ധവീരരുടെ ഇടയിൽ കൊടിപിടിക്കുകയെന്ന ഉദ്യോഗം സ്വീകരിച്ചിരുന്നുവെന്നും പറഞ്ഞിരിക്കുന്നു.

തിരുനൽവേലി ജില്ലയുടെ ദക്ഷിണഭാഗത്തും മേൽഭാഗത്തും ഇവരെ കാണാവുന്നതാണു്. ഇൻഡ്യയിൽ താമസിക്കുന്ന നാടാർസമുദായത്തിന്റെ യഥാർത്ഥമായ പിരിവു് ഇരുപത്തൊമ്പതു വിഭാഗമാണെന്നാണു് അനവധി പുസ്തകങ്ങൾ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നതു്. ഇവകൂടാതെ ചരിത്രപരമായ പല കാരണങ്ങളാലും സമുദായത്തിൽനിന്നും ചിതറിയും ഇതരനാമധേയങ്ങൾ സ്വീകരിച്ചും കഴിയുന്നവർ വേറെയും ഉണ്ടായിരിക്കാം.

ദക്ഷിണഇൻഡ്യയിലെ സമുദായസ്ഥിതികളെക്കുറിച്ചു് ചരിത്രമെഴുതിയ പല ഐറോപ്യന്മാരും ഇവരുടെ യഥാർത്ഥചരിത്രമറിയാതെ മുൻപറഞ്ഞ ഓരോ വിഭാഗക്കാരിൽനിന്നും വേർപെട്ടു് ചോഴനാട്ടിൽനിന്നും വന്നു് പന, തെങ്ങു് മുതലായവയിൽ കയറി

9. മധുപർ—മധു ഉല്പത്തി ചെയ്യുന്നവർ.

കള്ളെടുക്കുന്ന * മധുപരെ പൊതുവിൽ നാടാർജാതിക്കാരെന്നെഴുതിയിരിക്കുന്നു. മധുനിർമ്മാണവും മധുപാനവും ഒരു ജാതിക്കുമാത്രമുള്ള തൊഴിലല്ല എന്നു് 1871-ലെ മദ്രാസ് സെൻസസ്സ് റിപ്പോർട്ടിൽ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നു. "ഈ തൊഴിൽ ഒരു പ്രത്യേക സമുദായക്കാർ മാത്രം അട്ടിപ്പേർ അവകാശമായി ചെയ്യുന്ന ഒന്നല്ല. തമിഴ് നാട്ടിൽ കള്ളർ, പണിക്കർ, ഇടയർ, കവരകൾ, കവുണ്ടർ, കടയർ, മഹമ്മദീയർ മുതലായവരും മുതലി, പിള്ളൈ, നായിക്കർ എന്നീ സ്ഥാനപ്പേരുള്ളവരും, മലയാളക്കരയിൽ ഈഴവർ, തണ്ടാന്മാർ മുതലായവരും ഈ വൃത്തിയിൽ ഏർപ്പെട്ട ജീവിക്കുന്നു". മധുരയിലെ സബ്ബ് കോർട്ടിൽ O. S. 33/1898-ാംനമ്പർ കേസ്സിൽ മൻപറഞ്ഞ പല ജാതിക്കാരും ഹാജരായി തങ്ങളും മധുവെടുക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതായി മൊഴികൊടുത്തിട്ടുണ്ട്. ചെങ്കോട്ടയിൽ ചില സ്ഥലങ്ങളിൽ കുറവരും, ഊറുമലയുടെ സമീപത്തിലും ശ്രീവൈകുണ്ഠം താലൂക്കിലുള്ള ചായർപുരം പ്രദേശങ്ങളിലും പള്ളരും തിരിച്ചന്തൂർ താലൂക്കിലുള്ള ഇടയാർകുളം പകുതിയിൽ നാവികരും പനകയറി മധുവെടുത്തുവരുന്നതായി "നാടാർകുലവരലാറി"ൽ നിന്നും വ്യക്തമാകുന്നു. യാതൊരു സമുദായത്തിൽപ്പെട്ടവരും അവരവരുടെ തൊഴിൽ സ്വീകരിക്കാവുള്ളതു് അവർ ജീവിക്കുന്ന പരിതസ്ഥിതി അനുസരിച്ചായിരിക്കും. നാടാർ സമുദായത്തിലെ ഒരു വിഭാഗക്കാർ മധുവെടുക്കാൻ ഏർപ്പെട്ടിട്ടുള്ളതു് അവരുടെ അധിവാസസ്ഥലമായ തെക്കേ ഇൻഡ്യയിലെ ചൂടുപാടുകൾ നിമിത്തമായിരിക്കണം.

---

* നാടാർകുലവരലാറു് P: 57

ഇതു സംബന്ധിച്ച് Adday A. Dubais I. S. ഡാക്ടർ ഉവിലൻധ്വര, സ്റ്റർലിങ്ക് ധ്വര മുതലായവരുടെ പുസ്തകങ്ങൾ നാം പരിശോധിക്കുന്നപക്ഷം പറയർ, മുഹമ്മദീയർ, വെള്ളാളർ, വട്ടകർ മുതലായ ജാതിക്കാർ മധുവെടുക്കുന്നതിൽ വ്യാപൃതരായിരിക്കുന്നതായി വ്യക്തമാകും. എന്നാൽ നാടാർസമുദായാംഗങ്ങൾ മാത്രം പനകയറുന്ന് ഒരു പൊതുസ്വത്തായി ദക്ഷിണതിരുവിതാംകൂറിൽ ചില സ്ഥലങ്ങളിൽ വച്ചുപുലത്തിവരുന്നുണ്ട്. അതിനെ ആസ്പദമാക്കി ചിലർ നാടാർസമുദായത്തിന്റെ പൊതുവായ ജീവിതമാർഗ്ഗം പനകയറ്റെന്ന പറഞ്ഞുകാണുന്നതു് അടിസ്ഥാനരഹിതമാണു്. ഈ തെറ്റിദ്ധാരണ ജനതാമദ്ധ്യത്തിൽ പരന്നതിനുള്ള കാരണം ക്രിസ്തുമതപ്രചരണമാണെന്നു് അന്യത്ര (പുറം 25) പ്രസ്താവിച്ചിട്ടുണ്ട്. നമതു കുലത്തൊഴിൽ എന്ന പുസ്തകം പരിശോധിച്ചാൽ *"ഇപ്പോൾ ഈ തമിഴ്ദേശത്തിൽ "കാം" തൊഴിലെ ചാന്റോർകളിൽ ചിലരും വട്ടകർ, ഈഴവർ, പറയർ മുതലായവരും തമിഴ്നിഘണ്ടുവിൽ പറയുന്ന വട്ടവർ, പഴൈയർ, മുതലായവരും ചെയ്യുവരുവെ അവരെയെല്ലാം ഉപേക്ഷിച്ച് ചാന്റോർ മാത്രം ചെയ്യുവരുന്നുവെന്നു് എഴുതിയിരിക്കുന്നതു് തെറ്റാണു്" എന്നു് രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം.

അതിപുരാതനകാലംമുതൽതന്നെ മധുവ്യവസായത്തിനു പ്രേരിതരായി നിന്നു പ്രവർത്തിച്ചിട്ടുള്ളവർ നാടാർസമുദായക്കാരാണെന്നു് അനവധി തെളിവുകളുണ്ട്. തിരുവിതാം

* നമതു കുലത്തൊഴിൽ P. 125

ക്കർ സ്റ്റേറുമാന്വലിൽത്തന്നെ ശ്രീ. നാഗമയ്യാ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായം അന്യത്ര ചേർത്തിട്ടുണ്ട്.

തിരുവിതാംകൂറിൽ കരുംപന കയറുന്നവർ നാടാർ വർഗ്ഗത്തിൽ ചേർന്നവർ മാത്രമാണ്. ഈ പനമരത്തിൽ നിന്നും ലഭിക്കുന്ന മധുവിനെ രൂപാന്തരപ്പെടുത്തി കപ്പുകക്കട്ടി (കരുപ്പുകട്ടി) ഉണ്ടാക്കിവരുന്നു. ഇതു് ഇവിടത്തെ ഒരു പ്രധാന കുടിൽവ്യവസായമാണു്. ഗവമ്മെൻറിൽ നിന്നും ഇപ്പോൾ പ്രത്യേകം പ്രോത്സാഹനം ഈ തൊഴിൽ ചെയ്യുന്നവർക്കു നൽകിവരുന്നു. തിരുവിതാംകൂറിൽ "പാംഗ്രർ കോവപ്പറേറ്റീവു് സൊസൈറ്റീസ്" എന്ന നാമധേയത്തിൽ സംഘം രൂപീകരിച്ചിട്ടുണ്ടു്. ഇതിൽ മാത്താണ്ഡത്തും ചിറയിൻകീഴും രണ്ടു് സെൻറൽ സൊസൈറ്റിയും, ഓരോന്നിലും യഥാക്രമം 52-ം, 31-ം ശാഖകളുമുണ്ടു്. ഇതുപോലെതന്നെ മദ്രാസ് സ്റ്റേറിനകത്തും പല സംഘടനകളും സ്ഥാപിച്ചു പ്രവർത്തനം നടത്തിപ്പോരുന്നു. ഇതിലേയ്ക്കു് ഗണ്യമായ തോതിലുള്ള ഗ്രാൻറു് കേന്ദ്രഗവമ്മെൻറിൽനിന്നും നൽകിവരുന്നു.

കേരളത്തിൽ തെങ്ങു് കല്പവൃക്ഷമായി ഗണിച്ചുവരുന്നതുപോലെ തമിഴ്നാട്ടിലെ കല്പവൃക്ഷം പനയാണു്. ഈ പനയുടെ ഉത്ഭവത്തെപ്പറ്റി പല കഥകളും ഇന്നു് ഗ്രന്ഥങ്ങളിൽ കാണുന്നുണ്ടു്. അതിൽ ചിലവ ഇവിടെ ഉദ്ധരിക്കാം.

1802-ൽ മദ്രാസ് ഗവമ്മെൻറിൻറെ കാഷ്കിവകുപ്പിൽനിന്നും പ്രസിദ്ധംചെയ്ത 25-ാംനമ്പർ ബുള്ളറിനിൽ താഴെ കാണുംവിധം പ്രസ്താവിച്ചിരിക്കുന്നു:—

(Bulletin No. 25, The Palmyra palm and its use, by W. A. Symonds, uncovenanted Assistant, Revenue Settlement Board of Revenue, Agricultural Branch, Madras).

"Tala Velasam or palm poem.— A Sanskrit poem entitled Tala Velasam, the burden of which is the vast and varied utility of the palmyra, after describing the supernatural origin of this tree, professes to enumerate no less than eight hundred and one uses to which it is applied. This poem represents men in remote ages as discontended with creation as it came from the hand of Brahma, and supplicating Siva to supply them with the one thing needed, which should at once feed the hungry, heal the sick, and enrich the peoples, who for want of it, were trembling like water on the leaf of the lotus. Siva heard. He interrogated Vishnu, the preserver, who laid the blame on Brahma. Brahma, with his finger under his underlip, pleaded that he had done his best, and was ultimately directed to create the palmyra. Since then the palmyra has been dedicated to Ganesa, and enrolled as one of the five trees of the Hindu Paradise. A Tamil proverb poetically says that it lives a thousand years and lasts another thousand when it dies".

[താലവിലാസം അഥവാ പനമരകാവ്യം:—താല വിലാസം എന്ന സംസ്കൃതകാവ്യത്തിൽ പനമരത്തിന്റെ ഉല്പത്തിയെ വിവരിക്കുന്നതോടുകൂടിത്തന്നെ അതിൽ 801

പ്രയോജനങ്ങൾക്കുമേൽ ഉള്ളതായി എടുത്തുകാണിച്ചു് പനയുടെ പലവിധത്തിലുള്ള ധാരാളമായ ഉപയോഗങ്ങളെക്കുറിച്ചു പറയുന്നു. അതിപൂർവ്വകാലത്തിലെ മനുഷ്യർ, ബ്രഹ്മാവിന്റെ സൃഷ്ടിവൈചിത്ര്യത്തെ നോക്കി തൃപ്തിയില്ലാത്തവരായി ശിവസന്നിധിയിൽ ചെന്നു് വിശപ്പുള്ളവർക്കാഹാരവും, രോഗികൾക്കു് ഔഷധവും, സകലർക്കും ഐശ്വര്യവും നൽകുന്ന ഒന്നാണു് തങ്ങൾക്കു് ആവശ്യമെന്നും അങ്ങിനെയുള്ള ഒന്നു് സൃഷ്ടിച്ചിട്ടില്ലാഞ്ഞതിനാൽ തങ്ങൾ താമരയിലയിലെ ജലംപോലെ ചഞ്ചലചിത്തരായിരിക്കുന്നുവെന്നും ഉണർത്തിച്ചു. ഈ സങ്കടപരിഹാരാർത്ഥം ബ്രഹ്മാവിഷ്ണുശിവൻ എന്നീ ത്രിമൂർത്തികളും ഒന്നായ് ആലോചിച്ചു് പനമരം സൃഷ്ടിച്ചു. അനന്തരം അതിനെ ഗണപതിക്കായി പ്രതിഷ്ഠചെയ്തു. അതുമുതൽ പനമരം ദേവലോകത്തിലെ പഞ്ചതരുക്കളിൽ ഒന്നായിത്തീർന്നു.]

പനമരം സംബന്ധിച്ചു്, "ടെനൻറുധര"യുടെ അഭിപ്രായം ശ്രദ്ധേയമായിട്ടുള്ളതാണു്.

"From the multifarious uses of the palmyra and its products, the Hindus have dedicated it to Ganesa, and celebrate it as the 'Kalpa' tree or 'tree of life' of their paradise". (Tennant's Ceylon quoted by Dr. Bradshaw).

(പനമരത്തിൽനിന്നും ലഭിക്കുന്ന ധാരാളമായ ഗുണങ്ങളെ ആസ്പദമാക്കി ഹിന്ദുക്കൾ അതിനെ ഗണപതിക്കു പ്രതിഷ്ഠചെയ്തു്, അതിനെ കല്പവൃക്ഷം അതായതു് സ്വർഗ്ഗലോകത്തിലെ ജീവവൃക്ഷം എന്നു് പുകഴ്ത്തിവരുന്നു.) വിവേകചിന്താമണിയിൽ പനയെ "കല്പകത്തരു"വെന്നു പറഞ്ഞുകാണുന്നു.



*"കപ്പകത്തരുവൈച്ചാർന്ത കാകമുമമിർതമുണ്ണും
വിപ്പുവിവേകമുള്ള വേന്തരൈച്ചാർന്തോർ വാഴ്വർ
ഇപ്പൂവിതന്നിലെൻറു ഇലവുകാത്തിട്ടം കിളിപോൽ
അപ്പരൈച്ചേർന്തോർ വാഴ്വതരി തരിതാകുമമ്മാ"

പന കല്പവൃക്ഷമാണെന്നുള്ളതിനു മറനവധി തെളിവുകളുണ്ട്. ഈ പനയിൽനിന്നും ലഭിക്കുന്ന മധുവിനെ പുരാതനകാലത്തു് യാഗാദികർമ്മങ്ങൾക്കായി ഉപയോഗിച്ചിരുന്നു. ഇന്നു് ഭദ്രകാളിക്ഷേത്രങ്ങളുടെ മുൻവശത്തു പനമരം കാണുന്നതിനുള്ള കാരണവും ഇതുതന്നെയാണു്. ഇതിൽനിന്നും ലഭിക്കുന്ന ഓരോരോ സാധനവും മനുഷ്യർക്കു് ഓരോരോ പ്രകാരത്തിൽ ഉപയോഗമുള്ളതാണു്. ഇപ്രകാരം വിശപ്പുള്ളവർക്കു് ആഹാരവും, രോഗികൾക്കു് ഔഷധവും, എല്ലാവർക്കും ഐശ്വര്യവും നൽകി പ്രശോഭിക്കുന്ന താലവൃക്ഷത്തെ സ്വർഗ്ഗലോകത്തിലെ കല്പവൃക്ഷമായി പരിഗണിച്ചുപോരുന്നതിൽ തെറ്റില്ലല്ലോ.

കൊല്ലവർഷം 1113 ധനു 13-ാംതീയതിയിലെ മലയാളമനോരമയിൽ "പഞ്ചിമഹാരാജാക്കന്മാരും അനാചാരവും" എന്നു് വിദ്വാൻ വി. ആർ. പരമേശ്വരൻപിള്ള എഴുതിയിരിക്കുന്ന ലേഖനത്തിൽ "പറപ്പേടികാലത്തു പുലയൻ തീണ്ടിയ സ്ത്രീ ആൺപനയെ തൊട്ടാൽ പുലയനു തീണ്ടാൻ പാടില്ല" എന്നു് കാണുന്നു. ഈ പുലപ്പേടിയും മണ്ണാപ്പേടിയും നിരുത്തൽ ചെയ്തതു് കൊല്ലവർഷം 871 മകരമാസം 25-ാംതീയതിയാണു്. തത്സംബന്ധമായ ഉത്തരവിൽ "കന്നി വ്യാഴം നിന്റ കൊല്ലം 871-ാമാണ്ടു് തൈമാസം 25-ാംനു- ശനിയാഴ്ചയും ചതയവും

* വിവേകചിന്താമണി 11

പൂവ്വപക്കിഴത്തു പിറതിപതവും ചിങ്കക്കരണവും പരിക നാമയോകവും ഇന്നാളിൽ വീരകേരളവമ്മ ചിറവാ മൂത്ത തമ്പിരാൻ കൽക്കുളത്തു് എഴന്നരുളി ഇരുന്നരുളി കല്പിത്ത പടിക്ക രണ്ടു വകചകാച്ചെറവുംക്രടി കല്പിത്ത മൊളിയാ വിതു. തോവാളയ്ക്കു മേക്കു് കണ്ണേററിക്ക കിഴക്കു് കടലിനും മലൈക്കും അകപ്പെട്ട നാട്ടിൽ പുലപ്പേടിയും മണ്ണാപ്പേ ടിയും ഇല്ല എന്ന തമ്പിരാൻ തിരുവുള്ളം പററി കല്പിച്ച പടിക്ക വെട്ടിനാട്ടിയ കല്പന" (T. A. S. Vol. VII) എന്ന കാണുന്നു. ഈ പുലപ്പേടിയും മണ്ണാപ്പേടിയും നട പ്പിലിരുന്ന കാലത്തു് അതായതു് കൊല്ലവർഷം 871-ന മുൻപു് മകരമാസം 28-ാംനു-മുതൽ മേടമാസം 10-ാംനു-വരെയുള്ള കാലത്തിനിടയ്ക്കു് രാത്രികാലങ്ങളിൽ വീട്ടിനു പുറത്തുവച്ചു കാണുന്ന സ്ത്രീകളെ മണ്ണാന്മാക്കും പുലയ ന്മാക്കും പിടിച്ചുകൊണ്ടുപോകുവാൻ പൂർണ്ണസ്വാതന്ത്ര്യ മുണ്ടായിരുന്നു. ഇവർ തൊട്ട സ്ത്രീകൾക്കു് അതിനുശേഷം സ്വഗൃഹത്തിൽ പ്രവേശനമുണ്ടായിരുന്നില്ല. എന്നാൽ നാടാർസ്ത്രീകളെയും നാടാർസമുദായത്തിലെ ഒരു പുരുഷ അംഗംക്രടെ പോകുകയോ അൺപനയെ തൊട്ടകയോ ചെയ്യുന്ന സ്ത്രീകളെയും തൊടാൻ പാടില്ലെന്ന നിയമം അനുശാസിച്ചിരുന്നു. ഇതിൽനിന്നും നാടാർസമുദായത്തെ യും പനമരത്തെയും വേണാട്ടരാജാക്കന്മാർ ആദരിച്ചുപോ ന്നുവെന്നു വ്യക്തമാകുന്നുണ്ടു്.

# അദ്ധ്യായം ൪

## നാടാർജനതയും ഉപനിവേശവും

1. ആര്യരോ ദ്രാവിഡരോ? 2. ആദിവാസസ്ഥലം. 3. ജനങ്ങൾ. 4. വേണാട്. 5. ഭാരതീയസംസ്കാരം.

ദക്ഷിണേൻഡ്യയിലെ ജനാധിവേശത്തെപ്പററി പല പണ്ഡിതന്മാരും പല അഭിപ്രായങ്ങളും പുറപ്പെട്ടുവിച്ചിട്ടുണ്ട്. എന്നാൽ, സ്ഥിരമായി സ്വീകാര്യമായ ഒരു തീരുമാനം നാളതുവരെ ഉണ്ടായിട്ടില്ല. അപ്രകാരം ഒരു തീരുമാനം ഉണ്ടാകുന്നതുവരെ നാടാർസമുദായത്തിനു് "ആര്യക്ഷത്രിയർ" എന്ന നാമധേയം പൂർണ്ണമായി സ്വീകരിക്കുന്നതിനുമാർഗ്ഗം കാണുന്നില്ല. നേരെമറിച്ചു് ദ്രാവിഡക്ഷത്രിയർ എന്നതിനു് ഉപോൽബലകമായി പല തെളിവുകളുമുണ്ടു്.

1. ആര്യരോ ദ്രാവിഡരോ?

* "സെൻസസ്സ്റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നതുപോലെ നാടാർസമുദായം ആര്യന്മാരെ അവഗണിച്ചു് ദക്ഷിണേൻഡ്യയിൽ രാജ്യഭാരം, പുരോഹിതവൃത്തി മുതലായവ നടത്തിവന്ന സ്വതന്ത്രജാതിക്കാരായിരുന്നു എന്നുമാത്രമേ തല്ക്കാലം പറയുവാൻ നിവൃത്തിയുള്ളൂ."

തത്സംബന്ധമായ അഭിപ്രായങ്ങളും മുമ്പടേ ചേർക്കുന്നു:

"പുരാണങ്ങളും (വായു, മത്സ്യ, അഗ്നി, ബ്രഹ്മ) ദക്ഷിണഇൻഡ്യാക്കാരായ പാണ്ഡ്യർ, കണ്ണാടകർ, ചോളർ, കേരളീയർ എന്നിവർ ആര്യവർഗ്ഗക്കാരാണെന്നും ഉവ്വാസാ

* നാടാർകുലവരലാറു് P. 65

വിന്റെ ദത്തുപുത്രനും യദുവിന്റെ അനുജനും ചന്ദ്രവംശ ജനുമായ ദുഷ്മന്തരാജകുമാരന്റെ പിൻവാഴ്ചക്കാരാ ണെന്നു പറയുന്നു." ബി. എൽ. റൈസ് (B. L. Rice C. I. E., M. R. A. S.) (Mysore, A Gazetteer Vol. I p. 208, 209)

ഡാക്ടർ ജാൺ വിൽസ്സൻ "ദക്ഷിണഇൻഡ്യയിലെ ആര്യവർഗ്ഗക്കാരെപ്പറ്റി നോക്കുകയാണെങ്കിൽ പാണ്ഡ്യർ, ചേരർ, ചോളർ ഇവർക്ക് പുരാതനമായ വംശാവലികളു ണ്ട്". (Indian Caste Vol. II p. 81)

Rev. W. Taylor, Philomath "സ്കന്ദപുരാണം അനുസരിച്ച് അഗസ്ത്യൻ എന്ന മഹർഷിയാണ് വിൻഡ്യാ പർവ്വതങ്ങളം ആദ്യമായി തരണംചെയ്ത് ദക്ഷിണഇൻഡ്യാ കണ്ടുപിടിച്ചത്. അദ്ദേഹത്തിൽനിന്നും സിദ്ധിച്ച അറിവു നിമിത്തം ബ്രാഹ്മണർ തുടങ്ങിയ അനേകവർഗ്ഗം തെക്കേ ഇൻഡ്യയിലേയ്ക്കു കുടിയേറിപ്പാർത്തുതുടങ്ങി. അതിനെപ്പ റ്റിയുള്ള വ്യക്തമായ റിപ്പോർട്ടുകൾ Mackenzie-യുടെ കുറിപ്പുകളിൽ ഉണ്ട്." (Catalogue Raisonnee Vol. I Intro p. XV)

പാണ്ഡ്യനാളങ്കം (Pondion chronicle) എന്ന പ്രാ ചീനഗ്രന്ഥത്തിൽ പാണ്ഡ്യരാജസന്നിധിയിൽ അഗസ്ത്യർ വന്ന് "നീരും മതിരാപുരിപട്ടണത്തെ ഉണ്ടു പണ്ണി, രാച്ചി യപാരം പണ്ണവേണമെൻറുക്ക്രുട്ടിവന്തു്, കാട്ടുകളെല്ലാം വെട്ടിവിച്ചു് ചോമിയെക്കണ്ടു തെരിശിത്തു് മകാസന്തോഷ മാകൈ സ്വാമിയിന്നുടയ സന്നിതാനത്തിൽ അഗസ്ത്യർ, രാചാവുക്കു പട്ടാഭിഷേകംപണ്ണി വിരുതും ചെങ്കോലും കൊടു

ത്തു് സ്വാമിയിനുടയ മഹിമകളെല്ലാം ഉപതേശിത്തു് പാണ്ടിയാളുടയ കീത്തികളെല്ലാം വിളങ്കപ്പണ്ണിക്കൊണ്ടു് നെടുകാലം വാഴ്ന്തിരും എൻറു് ആശീർവാദം പണ്ണിനാരു്." (Taylor's Ori. Hist Mss., Vol. I p. 12, 14) എന്നു കാണുന്നു.

മറൊരു പൂർവ്വപാണ്ഡ്യചരിത്രത്തിൽ "ചന്ദ്രന്റെ മകനാണു് ബുധൻ. സൂര്യവംശജയായ ഇളി എന്ന സ്ത്രീയിൽ പുരൂരവസ്സു് എന്ന ഒരു മകനുണ്ടായി. അദ്ദേഹത്തിനു് ഉർവ്വശിയിൽ ആയു എന്ന ഒരു മകൻ ജനിച്ചു. ആയുവിനു് പ്രഭ എന്ന രാജകുമാരിയിൽ നഹുഷൻ ജനിച്ചു. അദ്ദേഹത്തിനു് ശിവന്റെ അനുഗ്രഹത്താൽ ശുക്രപുത്രിയായ ദേവയാനിയിൽ യയാതി ജനിച്ചു. അദ്ദേഹത്തിനു ദേവയാനിയിൽ യദു ദ്രുഹ്യു എന്നു് രണ്ടും, ശർമ്മിഷ്ടയിൽ ദ്രുഹ്യു, അനു, പൂരു, എന്നു് മൂന്നും പുത്രന്മാർ ഉണ്ടായി. മേല്പറഞ്ഞ അഞ്ചുപേരിൽ ദ്രുഹ്യുവിന്റെ പുത്രനാണു് ആദ്യത്തെ പാണ്ഡ്യരാജാവു്. പാണ്ഡ്യവംശക്കാരിൽ കുലശേഖരപാണ്ഡ്യൻ ശിവന്റെ അനുഗ്രഹത്തോടുകൂടി കടമ്പുവനം വെട്ടിത്തെളിച്ചു് മധുരാപുരി സൃഷ്ടിച്ചു." (Taylor's Orient Hist. Mss., Vol. 1. p. 120) എന്നു പറഞ്ഞിരിക്കുന്നു.

കാശിച്ചെട്ടിയെന്നയാൾ (Mr. Casi Chetty of Ceylon) പറയുന്നതു് എല്ലാ രേഖകളും നോക്കിയാൽ മധുരയിലെ പാണ്ഡ്യരാജധാനി കുലശേഖരപാണ്ഡ്യനാൽ സൃഷ്ടിക്കപ്പെട്ടതെന്നും കുലശേഖരപാണ്ഡ്യന്റെ രാജധാനിയിൽനിന്നും അഗസ്ത്യൻ പോയപ്പോൾ അദ്ദേഹം സന്ന്യാസം സ്വീകരിച്ചു് പൊതിയപർവ്വതത്തിൽ താമസമായി" എന്നുമാണു്. (Tamil Plutarch, Agastier)

ദക്ഷിണേൻഡ്യാ പ്രാചീനചരിത്രസൃഷ്ടികത്താവെ ന്നു പ്രസിദ്ധിയാഞ്ജിച്ച സർ വൽധ്വരയാകട്ടെ (Robert Sewell M.C. S.) "പുരാതനകാലംമുതല്ലു് ഏതാണ്ടു് നവീനകാലംവരെ ആര്യവംശജരായ രാജാക്കന്മാർ നിരു പദ്രവകരമായി രാജ്യഭാരം നടത്തിവരുന്നതായി കാണപ്പെ ടുന്നതു് ദക്ഷിണഇൻഡ്യയിലാണു്. അവർ ചോള, പാണ്ഡ്യ പല്ലവ, കേരള, ചേര (അപ്രധാനമായ മറു ചില) രാജ വംശങ്ങളായി പിരിഞ്ഞിരുന്നു. ഇവർ ദക്ഷിണഇൻഡ്യ യിൽ ഡക്കാനു തെക്കുള്ള ഭാഗങ്ങൾക്കു് അധിപതികളായി രുന്നു. (India before the English p. 15) എന്നാണു് പറയുന്നതു്.

മദ്രാസ് ഗവണ്മെന്റായിരുന്ന "ലഷിംടൺധ്വര" റവന്യൂ റിപ്പോർട്ടക്കു് എഴുതിയ ഒരു കത്തിൽ പാണ്ഡ്യരാജ്യത്തെ സംബന്ധിച്ചു് "പുരാതന അവകാശവാദങ്ങളെ പരിഗണി ക്കുമ്പോൾ ദക്ഷിണഇൻഡ്യയിലെ രാജ്യങ്ങളുടെ ചരിത്രം നോക്കിയാൽ മതിയാകും. ഏറ്റവും പുരാതനകാലംമുതൽ 1340–വരെ ഈ ഉപദ്വീപിന്റെ ഈ ഭാഗത്തെ ചെ ങ്കോൽ വളരെ ആഡംബരപൂർവ്വമായി വഹിച്ചിരുന്നതു് ക്ഷത്രിയവംശരാജാക്കന്മാരായ പാണ്ഡ്യന്മാരായിരുന്നു" എ ന്നാണു് കാണുന്നതു്. (Kearn's *Panjalamcourchy Polegar* p. 1)

1821–ൽ തിരുനൽവേലിജില്ലയിലെ വിശേഷങ്ങളെ അന്വേഷിക്കുന്നതിനു് ഗവൺമെൻറിൽനിന്നും നിയമിച്ച അസിസ്റ്റൻറു് സർവേയർ തോമസ്സു് റ്റേറൻബിൾ (Thomas Turnbull) എഴുതിയതിൽ "പ്രാചീനചരിത്രരേഖകളായ ശിലാലേഖനങ്ങളും കഥകളും ക്ഷത്രിയവർഗ്ഗക്കാരായ

പാണ്ഡ്യന്മാരുടെ ബഹുമതികളം, നാട്ടകം, വസതികളം മുതലായവയെപ്പററിയുള്ള ചില വിവരങ്ങൾ പ്രദാനം ചെയ്യുന്നുണ്ട്. (Geog. and Statis. *Memoir of Tirunelveli* p. 32)

J. H. നെൽസൺധ്വര മധുരരാജ്യം എന്ന ഗ്രന്ഥം മൂന്നാംവാല്യം 44-ാംപുറത്തിൽ "പാണ്ഡ്യർ ക്ഷത്രിയരായിരുന്നു" എന്നാണ് പറഞ്ഞിരിക്കുന്നത്.

ഇപ്രകാരമുള്ള വിവിധാഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ നാടാർസമുദായം ഉത്തരഇൻഡ്യയിലെ, ആര്യവർഗ്ഗക്കാരിൽ ചേർന്നവരാണെന്ന് ഊഹിക്കാമെങ്കിലും അന്യത്ര പ്രതിപാദിച്ചിട്ടുള്ള സംഗതികളിൽനിന്നും ദ്രാവിഡരാണെന്ന സ്പഷ്ടമാകുന്നതാണ്.

2. ആദിവാസസ്ഥലം.

ഭാരതഭൂമിയിലെ മനുഷ്യകുടിയേറ്റത്തെക്കുറിച്ച് പലരും പലവിധ അഭിപ്രായങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഖണ്ഡിതമായ ഒരു അഭിപ്രായവും നാളിതുവരെ ഉണ്ടായിട്ടില്ല. ആദിമനുഷ്യരുടെ ആവാസസ്ഥലം യൂറോപ്പിനു വടക്കുള്ള ബാൾട്ടിക്ക് സമുദ്രത്തിന്റെ തീരമാണെന്ന മുൻപു ധരിച്ചിരുന്നു. അനന്തരമുണ്ടായ അന്വേഷണഫലമായി "മാക്സ് മുള്ളർ" മുതലായ സംസ്കൃതപണ്ഡിതന്മാർ ആര്യരുടെ പൂർവ്വസ്ഥലം യൂറോപ്പിലുള്ളതല്ല, ഏഷ്യാഖണ്ഡത്തിൽത്തന്നെ ആയിരിക്കണമെന്നു പ്രസ്താവിച്ചിരിക്കുന്നു. ഓക്സസ്സ് മുഖപ്രദേശത്തിൽ കൊക്കാറാ പർവ്വതത്തിൽ മദ്ധ്യഏഷ്യയിലുള്ള മലമ്പ്രദേശമായിരിക്കാമെന്നും, അവിടെനിന്നും ആര്യന്മാർ പഞ്ചാബ് തീരംവഴി ഇൻഡ്യയിൽ കടന്നിരിക്കാമെന്നുമാണ് ഇദ്ദേഹത്തിന്റെ അഭിപ്രായം.

ഇൻഡ്യയുടെ തെക്കുള്ള ഹിന്ദുസമുദ്രത്തിൽ അടി ഞ്ഞുപോയിരിക്കുന്ന "ലെമൂരിയ" എന്ന സ്ഥലത്തുനിന്നും വടക്കോട്ട് പ്രവേശിച്ച ജനതതിയായിരിക്കാം ഇന്നു കാണുന്നതെന്നു * "ഹോക്കൽ" എന്ന ശാസ്ത്രജ്ഞൻ പറയുന്നു. ഇത്തരത്തിൽ പൂർവേൻഡ്യയിലെ കുടിയേറിപ്പാർപ്പുകാരെ സംബന്ധിച്ചു രണ്ടു അഭിപ്രായം പ്രബലമായിട്ടുണ്ടു്. എന്നാൽ നമ്മുടെ പൂർവശാസ്ത്രങ്ങൾക്കു് അതു് എത്രമാത്രം അനുയോജ്യമാകുന്നു എന്നു പരിശോധിക്കാം.

"ആഴിയാകുമുടഞ്ഞൊണ്ടയാളാമൂഴി" എന്നു് പൂർവീകർ പറയുന്ന അഭിപ്രായം സൂക്ഷ്മവീക്ഷണം ചെയ്യുന്ന പക്ഷം ആദ്യം ഇവിടെ വന്നവർ സമുദ്രത്താലാവൃതമായ ഏതോ ഒരു ദ്വീപിൽനിന്നും വന്നവരായിരിക്കാം എന്നു വെളിപ്പെടുന്നു. തങ്ങളം ഉപേക്ഷിച്ചിട്ടുപോന്ന സ്ഥലം പോലെയായിരിക്കാം ഇതും എന്നു ഊഹിച്ചു് ആദ്യമേ അപ്രകാരം ഒരു അഭിപ്രായം രേഖപ്പെടുത്തിയിരിക്കണം. ഇൻഡ്യയുടെ ഉത്തരഭാഗത്തു് ഇത്തരത്തിൽ സമുദ്രത്താലാവൃതമായ ഒരു സ്ഥലം ഇല്ലാത്തതിനാൽ ദക്ഷിണഭാഗത്തുക്രൂടി പ്രവേശിച്ചിരിക്കാമെന്ന ഹോക്കലിന്റെ അഭിപ്രായത്തിനാണു് ക്രൂടുതൽ ബലം കാണുന്നതു്.

മദ്രാസ് സ്റ്റേറ്റുമാന്വൽ 110–ം 111–ം പുറങ്ങളിൽ "ഡാക്ടർ മക്ലീൻഡ്വര" പൂർവജാതിക്കാരെക്കുറിച്ചു് തെക്കുനിന്നും വ്യാപിച്ചു് യൂറോപ്പിലുള്ള മെഡിറ്ററേനിയൻ ജാതിക്കാരുടെ മുൻഗാമികളായിത്തീർന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ഭൂഗർഭശാസ്ത്രപര്യവേഷണങ്ങളുടെ ഫലമായി ലഭിച്ച മനുഷ്യാസ്ഥികളിൽനിന്നും തെക്കേ ഇൻഡ്യ

* മദ്രാസ് സ്റ്റേറ്റുമാന്വൽ Vol. 1. P. 33—104

യിൽ പ്രബലമായ ഒരു ജാതിക്കാർ താമസിച്ചിരുന്നതായി തെളിയുന്നു. *ഈഴവചരിത്രകർത്താവായ മി. ദാമോദരൻ ഈ അഭിപ്രായം സയുക്തം രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു കാലത്തു് ഇൻഡ്യാ മഹാരാജ്യം തെക്കേ ആസ്ത്രേലിയ, ആഫ്രിക്ക ഇവയെ തൊട്ടുകിടന്നതായി † "ഹിസ്റ്ററി ആഫ് ഇൻഡ്യ", പണ്ഡിതജവഹരിലാൽ നെഹ്രുവിന്റെ ലോക ചരിത്രം എന്നീ പുസ്തകങ്ങളിൽ പറഞ്ഞിരിക്കുന്നു.

‡ "നോഹയുടെ കാലത്തുണ്ടായ ജലപ്രളയമായിരിക്കണം ഇന്നു കാണുന്ന രൂപത്തിൽ രാജ്യഭാഗങ്ങളെ വേർതിരിച്ചിട്ടുള്ളതു്. അങ്ങിനെയാണെങ്കിൽ അതു് B. C. 2343-നോടു് അടുത്താണെന്നു ചിലർ അഭിപ്രായപ്പെടുന്നു. സിലോണിനെ ഇൻഡ്യയിൽനിന്നും വേർപെടുത്തിയ ഭൂകമ്പം B. C. 2387-ലാണു നടന്നിട്ടുള്ളതു്. B. C. 504-ലും 306-ലും മറ്റു രണ്ടു ഭൂകമ്പങ്ങളും ഉണ്ടായിട്ടുണ്ടു്. ഒരുകാലത്തു മറ്റു രാജ്യങ്ങളുമായി തൊട്ടുകിടന്ന ഈ രാജ്യത്തെ ജലപ്രളയമോ ഭൂകമ്പമോ വേർപെടുത്തിയിരിക്കണം."

ഈ അഭിപ്രായങ്ങളെ നാം പരിശോധിച്ചാൽ നാടാർ സമുദായം ദക്ഷിണഭാഗത്തുനിന്നും പ്രവേശിച്ച പൂർവ്വകുടിക്കാരായ ദ്രാവിഡവർഗ്ഗത്തിൽ ചേർന്നവരാണെന്നു നിസ്സംശയം തെളിയുന്നതാണു്.

---

* ഈഴവചരിത്രം P. 105

† ഹിസ്റ്ററി ആഫ് ഇൻഡ്യ P. 8

‡ ഈഴവചരിത്രം P. 19

* "ദ്രാവിഡർ ഹ്രസ്വകായന്മാരും, കറുത്ത കണ്ണും ധാരാളം തലമുടിയുമുള്ള കൃഷ്ണവർഗ്ഗക്കാരായിരുന്നു." † അവർ സാമാന്യം സുന്ദരഗാത്രന്മാരാണു്."

3. ജനങ്ങൾ.

ആദിദ്രാവിഡർ അഞ്ചു പിരിവുകാരായിരുന്നു. എന്നാൽ ഈ പിരിവുകളെ അവർ അത്ര ഗണ്യമായി കരുതിയിരുന്നില്ല. അതായതു് മരുതമാക്കൾ, കുറുഞ്ചിമാക്കൾ, മുല്ലൈമാക്കൾ, നെയ്തൽ മാക്കൾ, പാലൈ മാക്കൾ ഇവരാണു്. ഇതിൽ കേരളത്തിലുള്ള ‡ "മദ്യപാനനിരതരായ ചാന്നാന്മാരും ഈഴവരും നെയ്തൽമാക്കളുടെ ശാഖയിൽപ്പെട്ടവരാണു്. പൂർവ്വകാലങ്ങളിലെ ക്ഷത്രിയരിൽ ¶ "ദേവക്ഷത്രിയർ, ഋഷിക്ഷത്രിയർ, രാജക്ഷത്രിയർ എന്നു മൂന്നു വർഗ്ഗക്കാരുണ്ടായിരുന്നു. ഇതിൽ ദേവക്ഷത്രിയർ വേദമാദി പൂർവപുരാണശാസ്ത്രങ്ങളും രചിച്ചവരും, ഋഷിക്ഷത്രിയർ യാഗാദികർമ്മങ്ങളും ചെയ്യുന്നതിൽ വ്യാപൃതരായിരുന്നവരും, രാജക്ഷത്രിയർ രാജ്യഭാരം ചെയ്യുന്നവരും ആയിരുന്നു."

പ്രാചീനകാലത്തു് ഒരു രാജാവിന്റെ ഭരണാധീനത്തിയിൽപ്പെട്ട ഭാഗത്തെ മണ്ഡലമായി ഭാഗിച്ചിരുന്നു. ഈ മണ്ഡലങ്ങളെ പിന്നീടു് ക്ഷേത്രം, കോട്ടം, വളനാടു് എന്നിങ്ങനെയാണു് വേർതിരിച്ചിട്ടുള്ളതു്. $ മധുരയുടെ വടക്കു കിഴക്കു്, തെക്കു് തെക്കുകിഴക്കു് എന്നീ സ്ഥലങ്ങളെ ഏകദേശം 2000 വർഷങ്ങൾക്കു മുൻപു് തിരുമിഴല

* ഹിസ്റ്ററി ഓഫ് ഇൻഡ്യ P. 9

† M. O. R. Vol. VI P. 119

‡ ഈഴവചരിത്രം P. 54

¶ അമരർപുരാണം P. 92

$ ചെന്തമിഴ്തൊകുതി 13. പകുതി 3

ക്കുററം, മുത്തൂർക്കുററം, അരുമ്പൂർക്കുററം, ഇളയാൻകുടി ക്കുററം, തിരുക്കാനക്കുററം, തൊകൂവൂർക്കുററം എന്നിങ്ങി നെ വേർതിരിച്ചിരുന്നു. ഇതിന്റെ പ്രധാനപട്ടണം കുടമാളൂർക്കുററമാണു്. ഈ കുടമാളൂർക്കുററത്തെ 18 നാട്ട കളായി വിഭജിച്ചിരുന്നു. അവയിൽ 48000 കുടുംബ ക്കാരാണു് താമസിച്ചിരുന്നതു്.

*"ഇപ്രകാരമുള്ള കുററങ്ങളിൽ അവിടവിടെയായി ചെറിയ ചെറിയ പാണ്ഡ്യരാജാക്കന്മാർ ഭരണം നടത്തി വന്നു. കുടമാളൂരിൽ വേണാടൻ എന്ന ഒരു പാണ്ഡ്യരാ ജാവു് ഭരണമേററു. അക്കാലത്തു ചോഴരാജാവു് മധുര യിലെ പാണ്ഡ്യരാജാവിനെ ജയിച്ചു് രാജ്യം കൈവശ പ്പെടുത്തിയതിനാൽ സ്ഥാനഭ്രഷ്ടനായി, കുടമാളൂരിലെ വേണാട്ടരാജസന്നിധിയിൽ വന്നുചേർന്നു. അദ്ദേഹം മധുര യിലെ പാണ്ഡ്യരാജാവിനെ രാജോചിതമാകുംവിധം സല്ക്കരിച്ചു. ആ പാണ്ഡ്യരാജാവു് തന്നെ സഹീകരിച്ച സഹായിച്ച വേണാട്ടരാജാവിനെപ്പുകഴ്ത്തി.

"ചെൻറുമകമേരുവിൻമേൽ ചേലോററിയേ പുടൈത്ത
അൻറിരുന്തേം ചങ്കത്തവരോട്ടം—നൻറു
വിരുന്തോമ്പുന്തെൻകൊട്ടമൂർ വേണാടൻക്രട
ഇരുന്തോംപടി വേണ്ടിയിൻറു" എന്ന പാടിയിരിക്കുന്നു.

ഈ വേണാടിനെ സംബന്ധിച്ചു് കവിചക്രവത്തി യായ ഓട്ടക്കുത്തർ വിക്രമചോഴനുലാവിൽ:—

"കലക്കിയ വഞ്ചക്കലിയതനൈപ്പാരിൽ
വിലക്കിയ വേണാടർ വേന്തും" എന്നു സ്തുതിച്ചിരിക്കുന്നു.

---

* നാടാർമന്നരും നായിക്കമന്നരും P. 78

ഇതിൽനിന്നും ഈ വേണാട്ടരാജാവിന്റെ കാലം വിക്രമചോഴന്റെ കാലമായ പന്ത്രണ്ടാംനൂറ്റാണ്ടാണന്നു തെളിയുന്നു.

4. വേണാട്.

ഇന്നത്തെ ദക്ഷിണതിരുവിതാംകൂറാണല്ലോ പുരാതന വേണാട്. ഇതു് ആദ്യകാലത്തിൽ പാണ്ഡ്യരാജ്യത്തിൽ ഉൾപ്പെട്ടതുമായിരുന്നു. *"കേരളം എന്നു് ഇന്നു സാമാന്യമായി പറഞ്ഞുപോരുന്ന ഭ്രഭാഗത്തിന്റെ മദ്ധ്യത്തിലുള്ള ഭാഗം മാത്രമായിരുന്ന അന്നത്തെ കേരളം. വടക്കു് പെരുംപുഴമുതൽ തെക്കു് കണ്ണേറ്റി വരെയുള്ള സ്ഥലം മാത്രമേ കേരളം എന്നു് ഗണിക്കപ്പെട്ടിരുന്നുള്ളൂ എന്നു കേരളോല്പത്തിയിൽനിന്നും മറ്റും തെളിയുന്നതാണു്. തിരുവിതാംകൂറിന്റെ അന്നത്തെ പേർ വേണാടു് എന്നായിരുന്നു. ഇതു പെരുമാക്കന്മാരുടെ അധികാരസീമയ്ക്കു വെളിയിൽ സ്ഥിതിചെയ്തു." † "കന്യാകുമാരി മുതൽ വടക്കോട്ടു് കൊല്ലംവരെയുള്ള ഭാഗം പുരാതനപാണ്ഡ്യരാജ്യത്തിൽ ഉൾപ്പെട്ടിരുന്നുവെന്നു ഓമ്മിക്കേണ്ടതാണു്." ‡ "കൊല്ലം 860-ാമാണ്ടു് ഇരവിവമ്മ വേണാടു മൂപ്പേറപ്പോൾ അദ്ദേഹം ദേശിംഗനാടും മൂപ്പേറു എന്നുള്ളതുകൊണ്ടു് അക്കാലത്തു് കൊല്ലം വേണാടിന്റെ ഒരു ഭാഗമായിരുന്നുവെന്നും, വ്യതിരിക്തമായിരുന്നില്ല എന്നും തെളിയുന്നതാണു്. കൊല്ലം 871-ൽ പുലപ്പേടിയും മണ്ണാപ്പേടിയും മാറാനായി പ്രസിദ്ധപ്പെട്ട

---

* കൊല്ലവർഷം 1114-ൽ തിരുവിതാംകൂർ ഗവണ്മെന്റു് പ്രസിദ്ധം ചെയ്ത തിരുവിതാംകൂർ ചരിത്രം P. 15

† ഇഴവചരിത്രം P. 184

‡ ഇരവിക്കുട്ടിപ്പിള്ളപ്പോരു് P. 15

1639|

ത്തിയ ശാസനത്തിൽ തിരുവിതാംക്കുറിന്റെ അതിർത്തി തോവാളയ്ക്കും കണ്ണേററിക്കും ഇടയ്ക്കുന്ന വ്യക്തമായി പറഞ്ഞിരിക്കുന്നു" എന്നു് ഞാൻ പ്രസിദ്ധംചെയ്ത ഇരവിക്കുട്ടിപ്പിള്ളപ്പോരു് എന്ന ഗ്രന്ഥത്തിലെ അവതാരികയിൽ ശ്രീ ശൂരനാട്ടു കുഞ്ഞൻപിള്ള രേഖപ്പെട്ടുത്തിയിരിക്കുന്നു. അപ്രകാരംതന്നെ പുരാതനതമിഴ്ഗ്രന്ഥങ്ങളും നാം പരിശോധിക്കുന്നപക്ഷം വേണാടു് പാണ്ഡ്യരാജ്യത്തിൽ ഉൾപ്പെട്ടിരുന്നതായി കരതലാമലകംപോലെ വ്യക്തമാകുന്നതാണു്. *ഈ വേണാടു് "കിരുതമാനതി" (കിരുതം=നെയ്യു്. കിരുതമാനതി=നെയ്യാറു്). പറളൈയാറു് (പറളിയാറു്, കഴിത്തുറയാറു്) ഇവയാൽ പരിശോഭിതമായിരുന്നു." ഇപ്രകാരമുള്ള തെളിവുകളാൽ പാണ്ഡ്യരാജ്യത്തിൽപ്പെട്ടിരുന്നുവെന്ന നിസ്സംശയം തെളിയുന്ന ഈ വേണാടു് പുരാതനകേരളത്തിന്റെ ഒരു ഭാഗമാണെന്നു്, ആധുനികചരിത്രകാരന്മാർ തെളിയിക്കാൻ വൃഥാ ശ്രമംചെയ്യുപോരുന്നുണ്ടു്.

ചേരമാൻപെരുമാളിന്റെ വാഴ്ചക്കാലത്തുണ്ടായിട്ടുള്ള പല ചെപ്പേടുകളിലും നിന്നു് അന്നു വേണാടു് എന്ന ഒരു പ്രത്യേകരാജ്യം ഉണ്ടായിരുന്നതായി തെളിയുന്നുണ്ടു്. ഭരണസൗകര്യത്തിനായി പരശുരാമൻ കേരളത്തെ നാലായിതിരിച്ചിരുന്നു. അവ പെരിഞ്ചല്ലൂർ, പയ്യന്നൂർ, പറപ്പൂർ, ചെങ്ങന്നിയൂർ ഇവയാണു്. ഇതിനെ ആദ്യം നാലു കഴകക്കാരും ഒന്നിച്ചും അനന്തരം ഓരോരോ കഴകത്തിലെ ഓരോരുത്തർ മൂന്നുവർഷത്തേയ്ക്കും ഭരിക്കണം എന്നായിരുന്നു വ്യവസ്ഥ. ഇതിൽ വേണാടു് ഉൾപ്പെട്ടകാണുന്നില്ല. അക്കാലത്തു് ബ്രാഹ്മണർക്കോ അവരുടെ അനുയാ

* നാടാർമന്നരും നായിക്കന്മാരും P. 73

യികളായ ശൂദ്രക്കോ പ്രവേശനംപോലും ഉണ്ടായിരുന്നില്ല. *"വേണാടടികളടെ സേവകരിൽ ഒരുവൻ കണ്ണേറ്റിക്കര കടവിൽ ഒരു ബ്രാഹ്മണനെ കുളിയും ഊണും തടഞ്ഞു ബന്ധനത്തിലാക്കിയിരുത്തി. അന്നത്തെ മൂന്നാംക്രുതമ്പുരാൻ ഈ വൃത്താന്തമറിഞ്ഞു് അവിടെ എഴുന്നള്ളി തടഞ്ഞുവച്ചവനെ കൊന്നു് സാധുബ്രാഹ്മണനെ രക്ഷിച്ചു. തന്റെ അധികാരസീമയിൽ കയ്യേറ്റം കാണിച്ചതുകൊണ്ടു് പരിഭവിച്ച വേണാടടികൾ തന്റെ അഹിതകാരിയെ കൊല്ലാൻ ഒരു സൈന്യത്തെ നിയോഗിച്ചു. എന്നാൽ കാര്യം അറിഞ്ഞപ്പോൾ സമാധാനചിത്തനായിത്തീർന്ന വേണാടടികൾ സൈന്യങ്ങളെ തിരിച്ചുവിളിച്ചു." ഇതിൽനിന്നും ഈ വേണാട്ടിൽ കണ്ണേററിക്കപ്പുറത്തുള്ള ബ്രാഹ്മണർക്കുപോലും പ്രവേശനം ഉണ്ടായിരുന്നില്ലെന്നുള്ളതു വ്യക്തമാകുന്നുണ്ടല്ലോ.

കേരളം സൃഷ്ടിച്ചുവെന്നു പറയുന്ന ശ്രീപരശുരാമൻ കേരളത്തിൽ പ്രവേശിപ്പിച്ചുവെന്നു പറയുന്ന ജനതതി ചെങ്ങന്നൂരിനു വടക്കു് 64 ഗ്രാമങ്ങളിലായി താമസം ഉറപ്പിച്ചുവെന്നു പറയുന്നതിൽനിന്നുംതന്നെ വേണാട്ടിൽ പരശുരാമന്റെ പ്രാതിനിദ്ധ്യം ഉണ്ടായിരുന്നില്ലെന്നു വ്യക്തമാകുന്നുണ്ടു്.

തിരുവിതാംകൂറിൽ നാടാർസമുദായക്കാരുടെ താമസം അധികവും ഇപ്പോഴും ആദ്യപാണ്ഡ്യരാജ്യാതൃത്തിക്കകത്തുംപ്പെട്ട വേണാട്ടിന്റെ ദക്ഷിണഭാഗത്താണു്. പുരാതന തിരുവിതാംകൂറിലെ രാജാക്കന്മാർ നാടാർസമുദായത്തെ വളരെ ആദരിച്ചുപോന്നിരുന്നുവെന്നു മി. നാഗമയ്യായുടെ

* പ്രാചീനകേരളചരിത്രം അദ്ധ്യായം 14. P. 66

*തിരുവിതാംക്കൂർ സ്റ്റേറ്റുമാന്വലിൽനിന്നും വ്യക്തമാകുന്നുണ്ട്. അതിപ്രകാരം തുടരുന്നു:—

"തിരുവിതാംക്കൂറിലെ ചാന്നാന്മാർ തിരുനൽവേലി ജില്ലയിൽനിന്നോ അല്ലാത്തപക്ഷം അതു വഴിയോ ആണ് തിരുവിതാംക്കൂറിന്റെ തെക്കൻതാലൂക്കുകളിൽ പ്രവേശിച്ചതെന്നു തോന്നുന്നു. ചില പുരാതനകുടുംബങ്ങളിലെ ചരിത്രങ്ങളിൽനിന്നു തിരുവിതാംക്കൂർ നാടുവാഴികളും ഇവരുടെ പൂർവികന്മാരെ ഈ രാജ്യത്തേയ്ക്കു ക്ഷണിച്ചതായി കാണുന്നു. ഇപ്പോഴും അറിയപ്പെടുന്ന എട്ടു നാടാർകുടുംബങ്ങളും എട്ടു വീട്ടിൽനാടാക്കളും എന്ന നാമധേയത്തിൽ ഉണ്ട്. തെക്കൻ തിരുവിതാംക്കൂറിലുള്ള എല്ലാ താലൂക്കുകളേയും അപേക്ഷിച്ച് ചാന്നാന്മാരുടെ ജനസംഖ്യ അധികം ഇരണിയൽ താലൂക്കിലാണ്. 155864 ചാന്നാന്മാർ തിരുവിതാംക്കൂറിൽ ഉള്ളതിൽ 43044 ആണ് തിരുവിതാംക്കൂർ മഹാരാജാക്കന്മാരുടെ പുരാതന ആസ്ഥാനമായ ഇരണിയലിലുള്ളത്. എന്നാൽ ഈ ഇരണിയലിനെക്കാളും തിരുനൽവേലിയോടടുത്തു കിടക്കുന്ന അഗസ്തീശ്വരം തോവാള എന്നീ താലൂക്കുകളിൽ യഥാക്രമം 23718–ം, 3263–ം മാത്രമാണ് ഇവരുടെ ജനസംഖ്യ. ഇതുകൊണ്ടു നമുക്ക് അനുമാനിക്കാവുന്നതു പുരാതനതിരുവിതാംക്കൂർ രാജാക്കന്മാർ ഇവരെ ആദരിച്ചുവന്നു എന്നുള്ളതാണ്. ചാന്നാർ വസ്ത്രക്കാർ അധികം താമസിക്കുന്നതു ഇരണിയൽ, വിളവംകോട്, കല്ലുളം, അഗസ്തീശ്വരം, നെയ്യാറിൻകര ഈ താലൂക്കുകളിലാണ്. ഇവയിൽ ഒടുവിൽ പറഞ്ഞ താലൂക്ക്

* തിരുവിതാംക്കൂർ സ്റ്റേറ്റുമാന്വൽ Vol. II P. 392—398

ഒഴികെ ബാക്കിയുള്ളതിലെല്ലാം അവർതന്നെയാണ് ഭൂരിപക്ഷം. ഈ ജാതിക്കാരെ മറവ, വള്ളക്കാർ ചാന്നാന്മാർ എന്നാണു വിളിക്കുന്നതു്. എന്നാൽ അവർ ഉപയോഗിക്കുന്ന പദം "നാടാർ" എന്നാകുന്നു. നാടാർ എന്ന പദം ഒരു സ്ഥാനമായും ഉപയോഗിച്ചിട്ടുണ്ടു്.

*"തിരുനൽവേലി ജില്ലയിലെ തെക്കുഭാഗങ്ങളിൽ ചാന്നാന്മാരിൽ സാമ്പത്തികമായി സാമാന്യം ഉയർന്ന വിഭാഗക്കാരെ നാടാർ എന്നു വിളിച്ചുവരികയും ഭൂമിയുടെ അംഗീകരിക്കപ്പെട്ട ഉടമസ്ഥരെന്നു കരുതിവരികയും ചെയ്യുന്നു. ഒരു നാടാർ അവന്റെ അവകാശത്തിൽപ്പെട്ട സ്ഥലം വിലയ്ക്കു വിറ്റാൽപോലും ഭൂമിയുടെ ആദിഉടമസ്ഥൻ എന്ന നിലയിൽ മനവരിപ്പണം എന്ന ഒരു വകകരം പിരിക്കുന്നതിനുള്ള അവകാശം അവനു ശേഷിക്കുന്നു. ഈ പതിവു് നമ്മുടെ ഇംഗ്ലണ്ടിലെ ഉയർന്ന പ്രഭുകുടുംബക്കാരുടെ ഇടയിൽ നിലവിലിരിപ്പുള്ള സമ്പ്രദായംപോലെയാണു്. എന്നാൽ അതിൽനിന്നും ഉപരിയായ ഒരു വിശേഷഗുണംകൂടി ഇതിനുണ്ടു്. വസ്തുഉടമസ്ഥതയെപ്പറ്റി ഒരു വ്യവഹാരം ജനിക്കുന്നപക്ഷം മറവ സമുദായത്തിൽപ്പെട്ട ഒരു വ്യക്തിയുടെ അവകാശം സ്ഥാപിക്കണമെങ്കിൽ രേഖാമൂലമായ പ്രമാണത്തെളിവു് അത്യന്താപേക്ഷിതമാണു്. നാടാരെ സംബന്ധിച്ചിടത്തോളം അപ്രകാരമുള്ള അവകാശം സിദ്ധിച്ചിട്ടുണ്ടെന്നു പ്രമാണത്തെളിവു് ആവശ്യമില്ലാത്തതും, എതിർകക്ഷിക്കാരൻ പ്രമാണംമൂലം തെളിവു് സ്ഥാപിക്കാത്തപക്ഷം തക്കവസ്തുവിന്റെ

* ഡാക്ടർ ഡബരാണി 1843-ൽ പ്രസിദ്ധംചെയ്ത ചരിത്രസാരം എന്ന പുസ്തകം.

ഉടമസ്ഥത നാടാർക്കാണെന്നു സ്ഥാപിച്ചുകൊടുക്കണമെന്നുള്ളതുമാകുന്നു. അതായത് തക്കസ്സുവിന്റെ ആദ്യ ഉടമസ്ഥൻ നാടാരാണെന്നു കോടതി വിശ്വസിക്കയും രേഖാമൂലമായി എതിർതെളിവു് ഇല്ലാത്തിടത്തോളം കാലം അപ്രകാരം ചെയ്കയും ചെയ്യുന്നു എന്നുള്ളതുമാകുന്നു."

["In the southern part of Tinnevelly, the highest, class of Chantrars, called 'Nadans' are the acknowledged proprietors of the soil; and when a Nadan has sold a piece of land, he retains the right to a sort of quit rent. Indeed, the system is very like that of our lords of the manor, with the addition of the remarkable privilege, that in any dispute that is brought into a court of law, with regard to landed property, though all other classes are obliged to establish their claim by written documents, it is only necessary for a Nadan to be identified as the Nadan of such a particular spot, and the disputed property is adjusted to him, unless the opponent can prove his purchase of it."]

ഇതിൽനിന്നും ഇവിടത്തെ ആദ്യഭൂഉടമസ്ഥർ നാടാരാണെന്നു തെളിയുന്നതാണല്ലോ. പാണ്ഡ്യരാജ്യത്തിന്റെ അധഃപതനവും നായിയ്ക്കന്മാരുടെ ക്രൂരതയും ഹേതുവാൽ പല നാടാർകുടുംബങ്ങളും സ്വദേശംവിട്ടു് വിദേശങ്ങളെ അഭയം പ്രാപിക്കേണ്ടതായി വന്നിട്ടുണ്ടു്.

മാലികാഫർ എ. ഡി. 1328-ൽ പാണ്ഡ്യരാജ്യത്തെ ആക്രമിച്ചു കൈവശപ്പെടുത്തി ക്ഷേത്രങ്ങളെ കൊള്ളയിടുകയും ജനങ്ങളെ ഉപദ്രവിക്കയും ചെയ്തപ്പോൾ പാണ്ഡ്യ

രാജ്യം ഉപേക്ഷിച്ചു് പലരും മലയാളരാജ്യത്തെ അഭയം പ്രാപിക്കേണ്ടതായി വന്നിട്ടുണ്ടു്. *"തുലുക്കൻ പാണ്ഡ്യരാജ്യം എല്ലാം കൈവശപ്പെടുത്തി ക്ഷേത്രങ്ങളും കെട്ടിടങ്ങളുമെല്ലാം നശിപ്പിച്ചതിനാൽ പാണ്ഡ്യരാജാവു് അവിടെ നില്ക്കാതെ മേൽശീമയ്ക്കു് ഓടിപ്പോയി. തത്സമയം പാണ്ഡ്യദേശമെല്ലാം കൊലക്കളമായി കാണപ്പെട്ടു."

† "At the time Pandiya King had taken refuge in the Malayala country."

‡ "അക്കാലത്തിൽ മധുരക്കോവിൽവിഗ്രഹമായ മതുരൈക്കുവായ് എന്നും പെരുമാൾ നാഞ്ചിനാട്ടിൽ പോയിരുന്നു."

ഇപ്രകാരം ആ യുദ്ധത്തിൽ പാണ്ഡ്യരാജ്യത്തിൽ നിന്നും മലയാളദേശത്തെ പ്രാപിച്ചവർ അതു തീർന്നതിനു ശേഷവും തിരിച്ചുപോകാതെ ഇവിടെത്തന്നെ താമസിച്ചു.

ക്രിസ്താബ്ദം 807-മുതൽ 827-വരെ രാജ്യഭാരം ചെയ്ത "മേരുപാണ്ഡ്യൻ" ചേരരാജ്യത്തെ ജയിച്ചു് കീഴടക്കിയതായും എ. ഡി. 1032-മുതൽ 1072-വരെ രാജ്യഭാരം നടത്തിയ വീരവമ്മപാണ്ഡ്യൻ മലയാളം മുതലായവയെല്ലാം ജയിച്ചു് കപ്പം വാങ്ങിയതായും പാണ്ഡ്യചരിത്രത്തിൽ കാണുന്നു.

Taylor 'sari Hist. Mss. Vol. I' pp. 198, 200; Arch Survey of S. India Vol. "pp. 219; 220) ശാലി

---

* ചേരചോളപാണ്ഡ്യൻ പേരും അരസാക്ഷിയും

† ബോഡിനായ്ക്കന്നൂർ പാളയക്കാർചരിത്രം

‡ കലിയുഗത്തിൽ മധുരയെ ആണ്ടവർ

വാഹനന്റെ കാലത്തിൽ(എ. ഡി. 78) വീരവമ്മപാണ്ഡ്യൻ ചേരദേശത്തെ ജയിച്ച് ഭരിച്ചിരുന്നതായി മറെറാരു സ്ഥലത്തിൽ പറയുന്നു. (Arch Survey of S. India Vol. p. 237) ഇതു ക്രിസ്താബ്ദത്തിനു അനന്തരം വിജയനഗരരാജാക്കളുടെ ഭരണകാലത്തിലും "പാണ്ഡ്യപ്പെരുമാൾ" എന്ന ഒരു പാണ്ഡ്യൻ മലയാളത്തിൽ വന്ന് രാജ്യഭാരം ചെയ്തിരുന്നതായി കാണുന്നുണ്ട്. (Arch Survey of S. India p. 195, 197) * ഈ പാണ്ഡ്യപ്പെരുമാളിന്റെ ഭരണകാലം എ. ഡി. 236-മുതൽ 245-വരെയാണെന്നു പ്രാചീനകേരളത്തിൽ പറഞ്ഞുകാണുന്നു. ഈ പാണ്ഡ്യപ്പെരുമാളെ സംബന്ധിച്ച് കേരളോല്പത്തി, കേരളവിശേഷമാഹാത്മ്യം, കൊച്ചി ഗവമ്മെൻറ റിപ്പോർട്ട് എന്നിവകളിൽ പ്രസ്താവിച്ച കാര്യത്തിൽ നിന്നും ഈ പാണ്ഡ്യപ്പെരുമാൾതന്നെയാണ് ഇവിടെ വന്നു ഭരണം നടത്തിയിട്ടുള്ളതെന്നു തെളിയുന്നു.

ഇപ്രകാരം വേണാട്ടിൽ പാണ്ഡ്യരാജാക്കന്മാരുടെ ഭരണകാലത്തും മുൻപറഞ്ഞപ്രകാരം രാജ്യം അന്യാധീനപ്പെട്ട് കഷ്ടത സഹിക്കേണ്ടതായി വന്നപ്പോഴും തിരുവിതാംകൂർ രാജാക്കന്മാരുടെ സഹായത്തിനു വേണ്ടിയും വന്നവരാണ് ഇവിടെ കാണുന്ന നാടാർജാതിക്കാർ.

ശ്രീ നാഗമയ്യാ പറയുന്ന എട്ടുവീട്ടുനാടാർസമുദായക്കാർ അവരുടെ അധികാരപരിധിയെ 'തുരം' ആയിട്ടാണ് വിഭജിച്ചിരുന്നതു്. അവ ഇന്നത്താംവഴിത്തുരം, കിള്ളിയൂർത്തുരം, അഗസ്തീശ്വരംതുരം, രാജാക്കമംഗലംതുരം, വിളവംകോട്ടുതുരം, നെയ്യാറിൻകര തുരം, കീവളത്തു തുരം, മാങ്കുഴിയം തുരം എന്നിവയാകുന്നു. ഈ എട്ടുവീട്ടുനാടാർസമു

* പ്രാചീനകേരളം P. 23

ദായക്കാക്കു് വലിയതുറയും കണ്ണാന്തുറയും വസ്തുക്കൾ ഉണ്ടു്. അതിൽ വലിയതുറയുള്ളതു് എട്ടുതുരം എന്നും, കണ്ണാന്തുറയുള്ളതു് പത്തുതുരമെന്നും പറഞ്ഞുവരുന്നു.

രാജ്യത്തിനോ രാജകുടുംബത്തിനോ ഹാനികരമായി ആരെങ്കിലും പ്രവർത്തിക്കുന്നതിനു് ഉദ്യുക്തരാകുന്നപക്ഷം ഈ എട്ടുവീട്ടുനാടാർസമുദായക്കാർ നാട്ടുക്കൂട്ടങ്ങൾ വിളിച്ചുകൂട്ടി പരിഹാരമാർഗ്ഗം ആരായുക പതിവായിരുന്നു. നാഞ്ചിനാട്ടിൽ എട്ടുവീട്ടിൽപിള്ളമാരുടെയും മാടമ്പിമാരുടെയും അക്രമങ്ങളും അധികാരങ്ങളും അഴിമതികളും നടമാടിയപ്പോൾ അവരെ എതിർക്കുന്നതിലേയ്ക്കു നാട്ടുക്കൂട്ടങ്ങൾ വിളിച്ചുകൂട്ടുകയും അവിടത്തെ തീരുമാനം അനുസരിച്ചു് ഇവരെ പലായനം ചെയ്യിക്കുകയും ചെയ്തതായ തെളിവുകൾ നമുക്കു ലഭിക്കുന്നുണ്ടു്. *"എട്ടരയോഗക്കാരുടെയും പിള്ളമാരുടേയും അഴിമതികളും അസഹ്യങ്ങളായ കരങ്ങളുംകൊണ്ടു് നിവർത്തിയില്ലാതെ നാഞ്ചിനാട്ടുകാർ കൊല്ലവർഷം 878 അല്പശിമാസം ഒന്നാംതീയതി വടശ്ശേരിയിൽ സംഘംകൂടി അനാവശ്യമായ കരമൊന്നും കൊടുക്കുകയില്ലെന്നു തീർച്ചപ്പെടുത്തിയതായി നമുക്കു പ്രമാണങ്ങൾ കിട്ടിയിട്ടുണ്ടു്. ഇമ്മാതിരി നാട്ടുക്കൂട്ടങ്ങൾ കൊല്ലവർഷം ഒൻപതാംശതകത്തിൽപ്പോലും പ്രബലങ്ങളായിരുന്നെന്നാണല്ലോ ഇതിൽനിന്നും തെളിയുന്നതു്."

വേണാട്ടു് രാജകുടുംബത്തിനു് സഹായം നൽകേണ്ടി വരുമ്പോൾ നാട്ടുക്കൂട്ടങ്ങൾകൂടി അതിനുള്ള മാർഗ്ഗം നിശ്ചയിക്കുകയും ജനങ്ങൾ അതിനെ ശിരസാ വഹിക്കുകയും

---

* പ്രാചീനകേരളം P. 20

ചെയ്യപോന്നു. എട്ടുവീട്ടിൽപിള്ളമാരും മാടമ്പിമാരും രാജകുടുംബത്തേയും രാജ്യത്തേയും ഏതുകേനപ്രകാരേണ ഉപദ്രവിക്കുകയും വിദേശികളെ ക്ഷണിച്ചുവരുത്തി രാജ്യം അന്യാധീനപ്പെടുത്തുന്നതിനു ശ്രമിക്കുകയുംചെയ്ത കാലങ്ങളിൽ നാടാർസമുദായക്കാർ അതിനെ എതിർക്കുന്നതിനു സംഘടിതശക്തിയോടുകൂടി പ്രവർത്തിച്ചിട്ടുണ്ട്. മുകിലന്റെ ആക്രമണത്തിൽനിന്നും വേണാടിനെ രക്ഷിച്ചതും മങ്കമ്മാളുടെ ദൂതനായി വന്ന അഴകപ്പമുതലിയാരെ പറഞ്ഞയച്ചതും തെക്കൻതിരുവിതാംകൂർകാരാണു്. തിരുവിതാംകൂറിന്റെ സ്ഥാപകനായ ശ്രീവീരമാർത്താണ്ഡവർമ്മ യുവരാജാവായിരുന്നപ്പോൾ വധിക്കാൻ ശ്രമിച്ചവരിൽനിന്നും അദ്ദേഹത്തെ രക്ഷപ്പെടുത്തിയതു് നാടാർസമുദായക്കാരാണെന്നുള്ളതു് ശ്രീ സി. വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയെന്ന ആഖ്യായികയിൽ നിന്നതന്നെ വ്യക്തമാകുന്നുണ്ടു്. അതിലെ പ്രധാന കഥാപാത്രമായി പ്രശോഭിക്കുന്ന ശ്രീ അനന്തപദ്മനാഭനു് മാർത്താണ്ഡവർമ്മ മഹാരാജാവു് ഭരണമേറ്റതിനുശേഷം കൊല്ലവർഷം 906 തെ മാസം പുണർതം നക്ഷത്രദിനവും അതിനു മുൻപും പിൻപുമായി അനവധി സ്ഥാനമാനങ്ങളും കീർത്തിമുദ്രകളും ഉടവാളും പ്രദാനംചെയ്തതിനു പുറമേ തെക്കുള്ള മിക്ക താലൂക്കുകളിൽ കരമൊഴിവായും മറ്റും വസ്തുക്കളും വിട്ടുകൊടുത്തിട്ടുണ്ട്. അതിൽ ഏറിയഭാഗവും ഇന്നും ആ കുടുംബക്കാർതന്നെ അനുഭവിച്ചുവരുന്നു. കല്ലുളം താലൂക്കിൽ ആറ്റൂർ പകുതിയിൽ കണ്ണനൂർ തച്ചൻവിള (കാട്ടാത്തുറ സ്കൂളിനു് ഉദ്ദേശം 4 ഫർല്ലാംഗിനു വടക്കുകിഴക്കു്) എന്ന

സ്ഥലത്തു പോയി നോക്കിയാൽ ഇദ്ദേഹത്തിന്റെ കുടുംബക്കാരെയും അതിനോടു ബന്ധപ്പെട്ട ചരിത്രസംഭവങ്ങളെയും കുറിച്ചു് അറിയാമെന്നുള്ളതാണു്. അതുപോലെതന്നെ ശത്രുക്കളിൽനിന്നും രക്ഷിച്ചതിനു് ദക്ഷിണതിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിലുമുള്ള നാടാർകുടുംബങ്ങൾക്കു് കരമൊഴിവായും മറ്റും വസ്തുക്കൾ വിട്ടുകൊടുക്കുകയും സ്ഥാനമാനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ടു്. നെയ്യാറിൻകര കൃഷ്ണസ്വാമിക്ഷേത്രത്തിനു വടക്കുഭാഗത്തുള്ള ഒരു നാടാർകുടുംബക്കാർക്കു നൽകിയിട്ടുള്ള വസ്തുക്കൾ ഇന്നും അനുഭവിച്ചുവരുന്നു. കാട്ടുവിളയ്ക്കു കിഴക്കുവശത്തു് ഇന്നു് പെരിയവീടെന്നറിയപ്പെടുന്ന സ്ഥലത്തു് മഹാരാജാവു് ഒരു ദിവസം അഭയംപ്രാപിച്ചു. തത്സംബന്ധമായി ലഭിച്ച രേഖകളെ അടിസ്ഥാനമാക്കി ഞാൻ 1941 ജൂൺ 2–ാം തീയതിയിലെ നവജീവനിൽ "വലിയ കൈനില" എന്ന തലവാചകത്തിൽ ലേഖനം പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അതിലെ ഉള്ളടക്കം ഇപ്രകാരം സംഗ്രഹിക്കാം:—

"മാർത്തമല്യേ ഒരു ദിവസം ശത്രുക്കൾ യുവരാജാവിനെ കണ്ടു. അവരിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി ബുദ്ധിമാനായ ഇദ്ദേഹം നെയ്യാറിൽ ചാടി നീന്തി മറുകരയിലെത്തി അടുത്തു കണ്ട ഒരു വീട്ടിൽ കയറി അഭയം പ്രാപിച്ചു. അന്നു് അവിടെയുണ്ടായിരുന്ന ഒരു യതിവര്യൻ പൂജാദികർമ്മങ്ങൾക്കായി ഉപയോഗിക്കുന്ന തെക്കതിൽ കയറി ഇരിക്കാൻ അഭ്യർത്ഥിച്ചു. അതനുസരിച്ചവിടെയിരിക്കെ പിൻതുടർന്നുവന്ന ശത്രുക്കൾ വന്നുചേർന്നു. ഇതിലെ വന്ന ആൾ എവിടെയെന്നു സ്വാമിയാരോടു ചോദിച്ചതിനു

ശരിയായ മറുപടി ലഭിക്കാഞ്ഞതിനാൽ അദ്ദേഹത്തിന്റെ വീട്ട് തീവച്ചു നശിപ്പിച്ചു. അതിനകത്ത് ആളില്ലെന്നു ബോദ്ധ്യം വന്നതിനുശേഷം ഇവർ മടങ്ങിപ്പോയി. അതിനുശേഷം നാടാർസമുദായത്തിലെ കുറെ അനുയായികളോടുകൂടി യുവരാജാവിനെ അവിടെനിന്നും യാത്രയാക്കി.

കാലം കുറെ കഴിഞ്ഞു. തന്നെ സഹായിച്ചിട്ടുള്ളവരെ ക്ഷണിച്ചുകൂട്ടത്തിൽ പ്രസ്തുത സ്വാമിയാരും ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തോട് എന്താണാവശ്യം എന്നു കല്പിച്ചു ചോദിച്ചതിനു "മഹാരാജാവിനെ തനിക്കു തോന്നുന്ന സമയം വന്നു കാണുന്നതിനുള്ള അനുവാദം ലഭിക്കണം" എന്ന് ആവശ്യപ്പെട്ടു. അതനുസരിച്ച് 6 മുഴം നീളമുള്ള ഒരു പട്ട് നൽകി. അതു തലയിൽ കെട്ടിക്കൊണ്ടുവന്നാൽ നടകാവൽക്കാർ തടുത്തുനിറുത്തുകയില്ല. അതിനും പുറമെ ശത്രുക്കൾ തീവച്ചതിനു പകരം ഒരു കെട്ടിടം പണിയിച്ചു കൊടുക്കുകയും അതിനു "വലിയ കൈനില" എന്ന നാമകരണം ചെയ്യുകയും ചെയ്തു." ഈ വിവരം ഒരു കല്ലിൽ കൊത്തിനിറുത്തിയിട്ടുള്ളതു് ഈ കെട്ടിടത്തിന്റെ മുൻവശത്തു് ഇന്നും കാണ്മാനുണ്ട്.

ഒരു ദിവസം ശ്രീവീരമാത്താണ്ഡവമ്മ കന്യാകുമാരിയിൽ പോയി മടങ്ങിവരുമ്പോൾ മാറ്റാരുമറിയാതെ കാത്തുനിന്ന ശത്രുക്കൾ നിഗ്രഹിക്കുന്നതിനു ശ്രമിച്ചു. എന്നാൽ നാടാർ സമുദായത്തിന്റെ പരിശ്രമഫലമായി അവിടെനിന്നും രക്ഷപ്പെട്ടു. തത്സംബന്ധമായ വിവരം സാഹിത്യചരിത്രകർത്താവായ ശ്രീ ആർ. നാരായണപ്പണിക്കർ താഴെ കാണുംവിധം രേഖപ്പെടുത്തിയിരിക്കുന്നു.

*"ശ്രീചിത്തിരത്തും കന്യാകുമാരിയിലും പോയി താമസിച്ചിട്ട് തിരിച്ചെഴുന്നള്ളുംവഴി മാടമ്പിമാരുടെ അനുയായികൾ വളഞ്ഞു. അദ്ദേഹത്തിന്റെകൂടെ ഉണ്ടായിരുന്ന ചെറുസൈന്യം നിശ്ലേഷം പരാജിതരായി. എന്നാൽ ഒരു ചാന്നാന്റെ സഹായംകൊണ്ട് അദ്ദേഹം രക്ഷപ്പെട്ടതായി പറയുന്നു."

ഇപ്രകാരം അനവധി നൂറ്റാണ്ടുകളായി രാജ്യത്തെയും രാജകുടുംബത്തെയും നശിപ്പിക്കുന്നതിനു ശ്രമിച്ചുകൊണ്ടിരുന്ന എട്ടുവീട്ടിൽപിള്ളമാർ മുതലായ ശത്രുക്കളെ കൽക്കളത്തുവച്ചുതന്നെ നശിപ്പിച്ചു. † 42 പ്രഭുക്കന്മാരെയും അവരുടെ അനുയായികളായിരുന്ന നിരവധി പ്രമാണികളെയും കല്ലുളം മുഖമണ്ഡപത്തിൽവച്ചു കഴുകുമരത്തിൽ കയറ്റി. പോറ്റിമാരുടെ നെറ്റിത്തടത്തിൽ നായുടെ രൂപം അടയാളപ്പെടുത്തിട്ടു ജാതിഭ്രഷ്ടരാക്കീട്ട് നാടുകടത്തി. സ്ത്രീകളേയും ശിശുക്കളേയും നിഗ്രഹിക്കുന്നതിനു മഹാരാജാവിനു സമ്മതമില്ലായ്കയാൽ അവരെ തുറകേറ്റി. ശത്രുക്കളുടെ വസ്തുക്കളെ സർക്കാരിലേയ്ക്കു കണ്ടുകെട്ടി."

എട്ടുവീട്ടിൽപിള്ളമാരെയും മറ്റും അമർച്ച വരുത്തിയതു സംബന്ധിച്ചു ശ്രീ കെ. വേലുപ്പിള്ള രചിച്ച 'മാർത്താണ്ഡവർമ്മചരിതം' എന്ന ഗ്രന്ഥത്തിൽ താഴെക്കാണുംവിധം പറഞ്ഞിരിക്കുന്നു.

‡ "കൊട്ടാരത്തിൽ തടവുകാരായി കിടന്നിരുന്ന രണ്ടു ഭൂതന്മാരുടെ മൊഴികളാലും അവരുടെ പക്കൽനിന്നെടുത്ത രേഖകളാലും രാജദ്രോഹക്കുറ്റം തെളിയുകയാൽ രാജ

---

* ശ്രീവീരമാർത്താണ്ഡവമ്മ P. 15

† മാർത്താണ്ഡവർമ്മചരിതം P. 31

‡ മാർത്താണ്ഡവർമ്മചരിതം P. 19

ദ്രോഹികളിൽ 42 പേക്കു മരണശിക്ഷ വിധിക്കുകയും അവരെ മുഖമണ്ഡപത്തിൽവച്ചു തൂക്കിക്കൊല്ലുകയും ചെയ്തു. രാജദ്രോഹികളായ ബ്രാഹ്മണരുടെ പേരിൽ തെളിഞ്ഞ കുറ്റത്തിനു് മനുസ്മൃതി അനുസരിച്ചു് അവർക്കു മരണശിക്ഷവിധിക്കാൻ പാടില്ലാഞ്ഞതുകൊണ്ടു് നെറ്റിയിൽ പട്ടിയുടെ വേഷത്തിൽ ചൂടുവച്ചു അവരെ നാടുകടത്തി. എട്ടുവീട്ടിൽപിള്ളമാരുടേയും മാടമ്പിമാരുടേയും വംശത്തിലുള്ള സ്ത്രീകളേയും കുട്ടികളേയും പിടിച്ചു് മുക്കുവക്കു കൊടുക്കുകയും അവരുടെ വസ്തുക്കളെല്ലാം സർക്കാരിലേക്കെടുക്കുകയും ചെയ്തു. ഇപ്രകാരമായിരുന്ന രാജദ്രോഹികളായിരുന്ന എട്ടുവീട്ടിൽപിള്ളമാർ, മാടമ്പിമാർ മുതലായവരുടെ അവസാനം. അവർ രാജകുടുംബത്തോടു ചെയ്ത കഠോരപ്രവൃത്തികൾക്കും അക്രമങ്ങൾക്കും അവക്കു കിട്ടിയ ശിക്ഷ കഠിനമായിപ്പോയെന്നു വിചാരിക്കാൻ ന്യായമില്ല. തദനന്തരം ആരുവാമൊഴിമുതൽ ഇടവാവരെ അന്യൂനമായ സമാധാനം ഉണ്ടായി."

ഈ രാജദ്രോഹികളെ അമർച്ചവരുത്തുന്നതിനു് സഹായിച്ചിട്ടുള്ളതു് തമിഴരാണു്. തത്സംബന്ധമായി പ്രസ്തുത പുസ്തകത്തിൽതന്നെ 899-തിൽ ഭരണമേറ്റ രാമവർമ്മമഹാരാജാവു് * "രാജദ്രോഹികളെ അമർത്തുന്നതിനു വേണ്ടി അദ്ദേഹം മധുരയിൽനിന്നും ആയിരം കുതിരപ്പടയേയും രണ്ടായിരം കാലാൾപ്പടയേയും വരുത്തി. ഈ പട ഈ നാട്ടിൽ എത്തിയ മാത്രയിൽത്തന്നെ രാജദ്രോഹികളായ മാടമ്പിമാർ ഒളിച്ചോടിപ്പോയി" എന്നു പറഞ്ഞിരിക്കുന്നു.

---

* മാർത്താണ്ഡവർമ്മചരിതം P. 7.

ഏതുകേനപ്രകാരേണ രാജ്യത്തിനകത്തു കലാപം ഉണ്ടാക്കിക്കൊണ്ടിരുന്ന എട്ടുവീട്ടിൽപിള്ളമാരെയും അനായികളെയും നശിപ്പിച്ചു സമാധാനം സ്ഥാപിച്ചതിനശേഷം ഇവക്കു പിൻതുണ നൽകിക്കൊണ്ടിരുന്ന അയൽ രാജാക്കന്മാരെ ആക്രമിക്കുന്നതിനു് മഹാരാജാവു് ഉദ്യമിച്ചു. ഈ യുദ്ധങ്ങളിൽ ദക്ഷിണതിരുവിതാംകൂറുകാരാണു് മഹാരാജാവിനുവേണ്ടി സധൈര്യം പോരാടിയതു്. അതിൽ പ്രധാന പങ്കു് വഹിച്ചതു് നാടാർസമുദായക്കാരായിരുന്നു. അനന്തരമുണ്ടായ പരിവർത്തനങ്ങളുടെ ഫലമായി മറവു ചില സമുദായക്കാരെപ്പോലെ തന്നെ നാടാർസമുദായക്കാക്കും പട്ടാളത്തിൽപോലും പ്രവേശനം ഇല്ലാതെയായി. എന്നാൽ കൊല്ലവർഷം 1113 മകരമാസം 29-ാംതീയതി വീണ്ടും ഈ സമുദായത്തിൽനിന്നും ആളുകളെ പട്ടാളത്തിൽ ചേർക്കുന്നതിനു് അനുവദിച്ചു. തത്സംബന്ധമായി കുംഭം ഒന്നാംതീയതിയിലെ മലയാളരാജ്യത്തിൽ താഴെക്കാണും വിധം രേഖപ്പെടുത്തിയിരിക്കുന്നു.

"തിരുവിതാംകൂർ സാംസ്ഥാനിക സൈന്യത്തിൽ 25 ക്രിസ്ത്യൻനാടാന്മാരെയും 25 ഹിന്ദുനാടാന്മാരെയും ഉൾപ്പെടെ 50 ആളുകളെ പരീക്ഷണാർത്ഥം എടുക്കുന്നതിനു് മഹാരാജാവു തിരുമനസ്സുകൊണ്ടു് കല്പിച്ചനുവദിച്ചിരിക്കുന്നു. തിരുവിതാംകൂർ സൈന്യിക വകുപ്പിൽ നാടാന്മാരെ ഇങ്ങനെ പ്രഥമമായിട്ടാണു് പ്രവേശിപ്പിക്കുന്നതെന്നും പ്രസ്താവ്യമാണു്. കണ്ണാട്ടിക്കു് യുദ്ധത്തിൽ തിരുവിതാംകൂറിലെ നാടാന്മാരും ഈസ്റ്റിന്ത്യാക്കമ്പനിക്കാരോടു ചേർന്നു് ഈ രാജ്യത്തെ പ്രതിനിധീകരിച്ചു് ധൈര്യസമേതം പോരാടീട്ടുള്ളവരാണെന്നും മാത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്തു്

ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപനത്തിനുവേണ്ടി അദ്ദേഹം നടത്തിയ യുദ്ധങ്ങളിൽ അവർ തിരുമനസ്സിനെ നിഷ്കളങ്കം സേവിച്ചിട്ടുണ്ടെന്നും ഈ അവസരത്തിൽ സ്മരണീയമാണു്."

ഇപ്രകാരമുള്ള ചരിത്രവസ്തുതകളെ ഗോപനം ചെയ്യാനാണു് മലയാള ചരിത്രകാരന്മാർ ശ്രമിച്ചിട്ടുള്ളതു്.

ഈ അടുത്തകാലത്തുതന്നെ രാജ്യത്തെ വിപ്ലവത്തിലേക്കു് ആനയിക്കുന്നതിനു പുറപ്പെട്ട കമ്മ്യൂണിസ്റ്റു തൊഴിലാളികളുടെ മദ്ധ്യത്തിൽപോയി പുന്നപ്ര—വയലാറിൽവച്ചു് വീരചരമമടഞ്ഞ ശ്രീ. എം. വേലായുധൻനാടാരുടെ ചരിത്രംതന്നെ രാജ്യസേവനത്തിനു് ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്.

ഇദ്ദേഹം നെയ്യാറ്റിൻകര താലൂക്കിൽ തിരുപുറംപകുതിയിൽ മുതാന്നിവീട്ടിൽ കൊല്ലവർഷം 13-1-1085-ൽ ജ്ഞാതനായി. 1114 മുതൽ 19 വരെ സബ്ബ് ഇൻസ്പക്ടരായും അനന്തരം മൂന്നുവർഷം ഇൻസ്പക്ടരായും ഉദ്യോഗം വഹിച്ചു. സംഭവബഹുലങ്ങളായ ദിനങ്ങളാണു് മുൻപോട്ടു നീങ്ങിക്കൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റുകാരുടെ ആക്രമണത്തെ തടഞ്ഞുനിറുത്താനായി വീരശൂരപരാക്രമിയായ ശ്രീ. വേലായുധൻനാടാരെ സ്പെഷ്യൽ ഡ്യൂട്ടിയിൽ ഗവണ്മെന്റിൽനിന്നും നിയമിച്ചു. വിപ്ലവസംഘത്തിന്റെ മദ്ധ്യത്തിൽപോയി സമാധാനം പറയുന്നതിനു യത്നിച്ച ശ്രീ. നാടാരെ പുറകിൽനിന്നും വാരിക്കോൽകൊണ്ടു് എതിരാളികൾ കുത്തിമുതിപ്പെടുത്തി. അങ്ങിനെ 7-3-1122-ൽ രാജ്യത്തിനും രാജാവിനും വേണ്ടി ശ്രീ എം. വേലായുധൻനാടാർ തന്റെ 37-ാമത്തെ വയസ്സിൽ വീരസ്വർഗ്ഗം പ്രാപിച്ചു.


പുന്നപ്ര—വയലാർ സംഭവം ചരിത്രപ്രസിദ്ധമായ ഒന്നാണല്ലോ? ആ സംഭവത്തിൽപ്പെട്ട് അനവധി നേതാക്കന്മാർ സ്ഥലം വിടുകയും ഒളിവിൽ താമസിക്കുകയും



ശ്രീ എം. വേലായുധൻനാടാർ

ചെയ്തു. അപ്രകാരം ഒളിവിലായിരുന്ന പല നേതാക്കന്മാരെയും, ഇപ്പോൾ പോലീസ് സഹകരണത്തോടെ

ഉദ്യോഗം വഹിച്ചുവരുന്ന ശ്രീ വി. പൊന്നയ്യാ തന്റെ ജീവനെപ്പോലും തൃണവൽഗണിച്ച് ശത്രുസങ്കേതങ്ങളിൽ



ശ്രീ വി. പൊന്നയ്യാനാടാർ

കടന്ന് അറസ്റ്റു ചെയ്തു. ഇവരെ ബന്ധനത്തിലാക്കുന്നതിന് ഇദ്ദേഹം കാണിച്ച ധീരത പ്രശംസനാർഹമാണ്.

ഇപ്രകാരം പറയുകയാണെങ്കിൽ സത്യത്തെ മുൻനിറുത്തി സപക്ഷപാതം യഥോചിതം നിർവഹിച്ചു് കാലയവനികക്കകത്തു മറഞ്ഞ എ. എസ്സ്. പി. ശ്രീ ജ്ഞാനമുത്തൻനാടാർ, ജഡ്ജി ശ്രീ എസ്സ്. ഐ. സത്യനേശൻ മുതലായവരുടെ പേരുകൾ പ്രത്യേകിച്ചും പ്രസ്താവയോഗ്യങ്ങളാണു്. പുരാതനകാലംമുതൽ ആധുനികകാലംവരെ തിരുവിതാംകൂർ രാജ്യനന്മക്കായി നാടാർസമുദായാംഗങ്ങൾ ആത്മാപ്പണം ചെയ്തിട്ടുണ്ടെന്നു തെളിയിക്കാൻവേണ്ടി മാത്രമാണു് ഇത്രയും പേരുകൾ പ്രത്യേകം എടുത്തുപറഞ്ഞതു്.

4. ഭാരതീയസംസ്കാരം.

ഇംഗ്ലീഷുകാരുടെ ആഗമനത്തിനുശേഷമാണു് ഇൻഡ്യാ പുരോഗതിയെ പ്രാപിച്ചതെന്നു തെറ്റിദ്ധാരണ ഇന്നു സാമാന്യജനങ്ങളുടെ മദ്ധ്യേ ഉള്ളതായി കാണാം. അതു മാറുന്നതിനു് നമ്മുടെ പൂർവ്വഗാമികളുടെ പരിഷ്കാരസംസ്കാരാദികൾ സംബന്ധിച്ചു ഒരു സാമാന്യരൂപം വായനക്കാരിൽ ഉളവാക്കണമെന്നോ ഈ ഭാഗംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

ഭാരതീയജനതയുടെ സംസ്കാരമെന്നോ ചരിത്രമെന്നോ പറഞ്ഞാൽ അതു് ഉത്തരഇൻഡ്യാക്കാരെ മാത്രം സംബന്ധിക്കുന്നതാണെന്നു് അടുത്തകാലംവരെ വിശ്വസിച്ചുപോന്നു. എന്നാൽ മദ്രാസ് സർവകലാശാലയുടെ ആഭിമുഖ്യത്തിലും ഗവേഷണപടുക്കളുടെ വ്യക്തിപരമായ ഉത്സാഹത്തിലും ദക്ഷിണാപഥത്തിലെ സംസ്കാരത്തെപ്പറ്റി നടത്തിവരുന്ന പഠനത്തിന്റെ ഫലമായി വിന്ധ്യാപർവ്വതത്തിനു തെക്കുവശമുള്ള ഭൂവിഭാഗത്തിന്റെ മഹത്വവും

പ്രാധാന്യവും ബഹിർലോകത്തിനു മനസ്സിലായിവരുന്നുണ്ട്. ഭൂചരിത്രകാരന്മാരുടെ "ഗൗണ്ഡവനം" എന്ന ഭൂവിഭാഗത്തെപ്പറ്റിയും, "ലെമൂരിയ" എന്ന ഭൂഖണ്ഡത്തെപ്പറ്റിയും മറ്റും ആലോചിക്കുമ്പോൾ ഈ ഭൂവിഭാഗം ഉത്തരഇൻഡ്യയെ അപേക്ഷിച്ച് ഏറ്റവും പ്രാചീനമാണെന്നു മനസ്സിലാക്കാം. ഇൻഡ്യയിലെ വിശേഷിച്ച് ദക്ഷിണഇൻഡ്യയിലെ ആദിമനിവാസികളെപ്പറ്റി പാശ്ചാത്യരും പൗരസ്ത്യരുമായ പണ്ഡിതന്മാർ പല അഭിപ്രായങ്ങളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഭാരതഭൂമി ദ്രാവിഡരുടെ വാസസ്ഥലമായിരുന്നു എന്നുള്ള സിദ്ധാന്തത്തിനാണ് ഇന്നും പ്രാബല്യമുള്ളതു്. റിസ്ലി, ഹക്സ്ലി, ഖറെ, തെർസിറർ, തുടങ്ങിയ പണ്ഡിതന്മാരുടെ അഭിപ്രായങ്ങളെ ആസ്പദമാക്കി അവലോകനം ചെയ്യുന്നപക്ഷം ദ്രാവിഡർ പരിഷ്കാരത്തിന്റെ പരമകോടിയിൽ സ്ഥിതി ചെയ്തിരുന്നവരാണെന്നു തെളിയുന്നു. "ഇൻഡസ്"നദീതീരത്തിൽ അടുത്തകാലത്തു നടത്തിയ ഭൂഗർഭഗവേഷണത്തിൽനിന്നും തെളിയുന്നതു്, ആര്യന്മാർ ഇൻഡ്യയിൽ പ്രവേശിക്കുന്നതിനു വളരെ മുൻപുതന്നെ ഇൻഡ്യയിലെ ആദിമനിവാസികൾക്കു് ഉന്നതമായ ഒരു പരിഷ്കാരവും സംസ്കാരവും ഉണ്ടായിരുന്നുവെന്നതാണു്. ഭാരതീയരുടെ പരിഷ്കാരഉദയത്തിന്റെ ചിഹ്നങ്ങൾ ദക്ഷിണഇൻഡ്യയിലാണു കണ്ടുവരുന്നതു്.

ദക്ഷിണഇൻഡ്യയിലെ ആരാധനാമൂർത്തികൾ വൃക്ഷങ്ങളിലും മറ്റും വസിച്ചിരുന്നതായി വിശ്വസിച്ചുപോന്നു. കാലക്രമത്തിൽ അവക്കു് ക്ഷേത്രങ്ങൾ നിർമ്മിച്ചു. ഒരു

കാലത്തു ലോകത്തിന്റെ പല ഭാഗങ്ങളിലും വ്യാപിച്ചിരുന്ന "ലിംഗാ"രാധനയും "നാഗാരാ"ധനയും ഇന്നും ദക്ഷിണഇൻഡ്യയിൽ സജീവമായി നടന്നുവരുന്നു. ദക്ഷിണ ഇൻഡ്യയിലുള്ള സാഹിത്യങ്ങളിൽ തമിഴ് പ്രാചീനകൊണ്ടു് ഉന്നതസ്ഥാനം അഹിക്കുന്നു. ആര്യന്മാർ ദക്ഷിണ ഇൻഡ്യയിൽ പ്രവേശിച്ചകാലത്തു് (B. C. 1000) മുൻപും തമിഴിൽ ധാരാളം കൃതികളും ഉണ്ടായിരുന്നു. സംഗീതം നടനം തുടങ്ങിയ കലകളും അക്കാലത്തു് ആരംഭദശയിൽ ഇരുന്നിരിക്കണം. ദക്ഷിണഇൻഡ്യയ്ക്കു് അഭിമാനപ്രദമായ ഒരു സംഗതി അതിപ്രാചീനകാലംമുതൽതന്നെ മറ്റു രാജ്യങ്ങളുമായി കടൽമാർഗ്ഗം നടന്നുവന്ന കച്ചവടമാണു്.

ഇങ്ങനെ വിദേശങ്ങളുമായി കപ്പൽമുഖാന്തരം കച്ചവടം നടത്തിവന്ന ഭാരതീയരുടെ സ്വാതന്ത്ര്യം 1868-ൽ ഇംഗ്ലീഷുകാർ നിശ്ലേഷം നിരുത്തലാക്കി. അതു മാത്രമല്ല, കപ്പൽയാത്ര അശുദ്ധമാണെന്നു് എഴുതിച്ചേർത്ത ബ്രാഹ്മണമതവും ഇതിനു് ഒരു വിഘാതം വരുത്തി.

ബാബിലോണിയ മുതലായ രാജ്യങ്ങളുമായി കേരളം B. C. 3000 കൊല്ലത്തിനു മുൻപുതന്നെ കപ്പലോട്ടവും കച്ചവടവും ഉണ്ടായിരുന്നു. മോശയുടെയും സോളമന്റെയും ഭരണകാലത്തും ദക്ഷിണഇൻഡ്യയിൽനിന്നും രത്നങ്ങളും സുഗന്ധദ്രവ്യങ്ങളും ബാബിലോണിയായിൽ കൊണ്ടുപോയിട്ടുണ്ടു്. * "എ. ഡി. 1-ം ½-ം ശതവർഷങ്ങളിൽ റോമാസാമ്രാജ്യവും പാണ്ഡ്യചേരന്മാരും തമ്മിൽ പ്രബല

* കെ. വി. രങ്കസ്വാമിഅയ്യങ്കാരുടെ ചരിത്രം ഒന്നാംഭാഗം P. 166

മായ വ്യാപാരം നടപ്പുണ്ടായിരുന്നു. ഈ രാജ്യങ്ങളിൽ ഈയിടെ അസംഖ്യം റോമാനാണയങ്ങളും കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതും ഇതിനു് ഒരു തെളിവാകുന്നു. സുമഹാമായ ഈ കച്ചവടത്തിൽ ദ്രാവിഡന്മാർ "ഉക്രലങ്ങളും" രത്നങ്ങളും മാന്നാർ ഉൾക്കടലിൽനിന്നുമെടുക്കുന്ന മുത്തുകളും സുഗന്ധദ്രവ്യങ്ങളും പാശ്ചാത്യന്മാക്കു കൊടുത്തു് അവരോടു് സ്വർണ്ണം വാങ്ങിയിരുന്നതായി പറയുന്നു."

ഇത്രയും പറഞ്ഞതിൽനിന്നും ദക്ഷിണഇൻഡ്യയിലെ പൂർവ്വനിവാസികളും ദ്രാവിഡന്മാരായിരുന്നുവെന്നും ചേരചോളപാണ്ഡ്യവംശങ്ങളും അതിൽ ഉൾപ്പെട്ടതാണെന്നും B. C-യിൽത്തന്നെ "ചാനേറാർ" അഥവാ ദക്ഷിണഇൻഡ്യാനിവാസികളും വളരെ പരിഷ്കാരം സിദ്ധിച്ചിരുന്നുവെന്നും തെളിയുന്നതാണല്ലോ.

# അദ്ധ്യായം 8

# നാടാർസമുദായം

## ഇതരസമുദായവുമായുള്ള ബന്ധം

1. പൂർവ്വാസസ്ഥാനത്തു്, 2. ഈഴവരാജ്യം

ദക്ഷിണഇൻഡ്യയാണല്ലോ ദ്രാവിഡവർഗ്ഗത്തിൽപ്പെട്ട നാടാർസമുദായത്തിന്റെ ആദിവാസസ്ഥലം. ഇവിടെ

1. പൂർവ്വാസസ്ഥാനത്തു്.

താമസിക്കുന്ന ഈ സമുദായക്കാരുടെ ദായക്രമം "മിതാക്ഷരലാ" അനുസരിച്ചു് മക്കവഴിയാണു്. എന്നാൽ മരുമക്കവഴിക്കാരായ ചുരുക്കം ചിലരും ചില സ്ഥലങ്ങളിൽ താമസിക്കുന്നുണ്ടു്. അവരുടെ ആചാരം മുതലായവ ഇന്നും നാടാർസമുദായത്തെ അനുകരിച്ചുതന്നെയാണു് നടന്നുവരുന്നതു്. മരുമക്കവഴിയാകാനുള്ള കാരണം ചുവടെ ചേർക്കുന്നു. എ. ഡി. 77–ൽ പാണ്ഡ്യവംശജനായ "ദേവപാണ്ഡ്യൻ" തമിഴ്രാജ്യം ഉപേക്ഷിച്ചു് കണ്ണാടകരാജ്യത്തു പോയി അവിടെ "ഐയ്യന്തികം" എന്ന സ്ഥലം കൈവശപ്പെടുത്തി ഭരണം നടത്തിവന്നു. അദ്ദേഹത്തിനു് അനവധി വ്യാപാരക്കപ്പൽ ഉണ്ടായിരുന്നു. ഒരിക്കൽ "കണ്ഡോദരൻ" എന്ന ഒരു ദേവത അദ്ദേഹത്തോടു് നരബലി ആവശ്യപ്പെട്ടു. അതിനുവേണ്ടി അദ്ദേഹം ഗൃഹത്തിൽ വന്നു് തന്റെ മകനെ നൽകണമെന്നു് ഭാര്യയോടു പറഞ്ഞു. രണ്ടു തവണ ആവശ്യപ്പെട്ടെങ്കിലും അവർ അതിനു വശപ്പെടാതെ വിസമ്മതം പ്രദർശിപ്പിക്കുകയാണു ചെയ്തതു്. അങ്ങനെ ഇദ്ദേഹം ദുഃഖാതിരേകത്തിൽ മുഴുകിയിരിക്കേ സഹോദരിയായ "സത്യവതി"

അതിനു് അനുകൂലിച്ചു് തന്റെ പുത്രനായ ജയപാണ്ഡ്യനെ നൽകി. നരബലിക്കു തയ്യാറായ ഉടൻ കുണ്ഡോദരൻ പ്രത്യക്ഷനായി അനുഗ്രഹിക്കുകയാൽ നരബലിയുടെ ആവശ്യം ഉണ്ടായില്ല. അതുമുതൽ ദേവപാണ്ഡ്യൻ തന്റെ മകനെ ഉപേക്ഷിച്ചു്, തന്റെ രാജസ്ഥാനത്തെ സഹോദരിയുടെ മകനും അനന്തരകാലത്തു് "ഭ്രതലപാണ്ഡ്യൻ" എന്നു് കീർത്തിയാർജ്ജിച്ച ആളുമായ ജയപാണ്ഡ്യനു നൽകി. മാത്രമല്ല, തന്റെ സചിവക്കും മുഴുവൻ മരുമകനു കൊടുത്തതിനു പുറമേ തന്റെ ഭരണത്തിൻകീഴിൽ ഉണ്ടായിരുന്ന നാടുവർ, നാടർ എന്നിവരുടെ ദായക്രമവും മരുമക്കൾവഴിയായിരിക്കണമെന്നു് ഒരു ഉത്തരവും പുറപ്പെടുവിച്ചു. അതുമുതൽ ഇവരുടെ ദായക്രമം മരുമക്കവഴിയായിത്തീർന്നു." (Dr. Thurston's caotes and Faibes Vol. I p. 152; 153)

ക്രിസ്താബ്ദം ഒന്നാംശതകത്തിൽ തമിഴ്ദേശത്തുനിന്നും കണ്ണാടകത്തിൽ പോയി രാജ്യഭാരം ചെയ്ത നാടർ, നാടുവർ, മുതലായ പാണ്ഡ്യദേശക്കാർ തന്നെയാണു് ക്രിസ്താബ്ദം 11-ാംനൂറ്റാണ്ടുമുതൽ 14-ാംനൂറ്റാണ്ടുവരെ മൈസൂർ അതിർത്തിയിൽ (Bellal Kings; Ballalas) "വല്ലാളർ" എന്ന നാമധേയത്തിൽ രാജ്യഭാരം നടത്തിയെന്നു് പൂർവ്വചരിത്രം തെളിയിക്കുന്നു.

നാടാർസമുദായത്തിന്റെ സഹോദരസമുദായമായി ഇൻഡ്യയുടെ നാനാഭാഗങ്ങളിൽ രാജപുത്തർ, രാജവംശർ, ജാതർ, കാത്തിരർ, കണ്ടയിത്തു്, മരാടർ, പാപ്പാൻ എന്നീ നാമധേയത്തോടുകൂടി താമസിച്ചുവരുന്നതായി * ചാൻറോർമെമ്മോറിയലിൽനിന്നും വ്യക്തമാകുന്നുണ്ടു്.

* ചാൻറോർമെമ്മോറിയൽ Vol. I P. 31—34

1871-ലെ മദ്രാസ് സെൻസസ്സ് റിപ്പോർട്ടിൽ (Vol. I p. 118) "ചാന്റോർ തങ്ങൾ തമിഴ്ദേശത്തിൽ ആദ്യ രാജ്യവംശജർ എന്ന മാത്രമല്ല, തങ്ങൾ ആദ്യക്ഷത്രിയ വംശജർ" എന്നും, 1881-ലെ സെൻസസ്സ് റിപ്പോർട്ടിൽ (Vol. I p. 105) "ചാന്റോർ തങ്ങൾ രാജപുത്രരെ ചേന്നവ രാണെന്നും വാദിക്കുന്നു എന്നും പറഞ്ഞിരിക്കുന്നു. മലയാളം, തമിഴ്നാട്ട്, തെലുങ്കുദേശം, കണ്ണാടകം, തുളുനാട്ട് എന്നീ രാജ്യങ്ങളിൽ ചാന്റോർജാതിക്കാരെ ധാരാളമായി കാണാ വുന്നതാണു്. എന്നാൽ അവിടവിടെയുള്ള ദേശവ്യത്യാസം അനുസരിച്ച് പേരുകൾക്കും വ്യത്യാസം ഉണ്ടായിരിക്കും. ഈഡികർ, വില്ലവർ, ഹഴേപായ്കർ, നാടവർ (വന്നർ), നാടോർ നാടാർ മുതലായ നാമങ്ങളിലാണു് അറിയപ്പെട്ടുന്നതു്. ഈ വിവരം ചാന്റോർമെമ്മോറിയൽ ഒന്നാംഭാഗം 31-മുതൽ 180-വരെ പുറങ്ങളിൽ സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടു്. അതിൽ "* തിരുവിതാംക്രർ രാജ്യത്തു് ദക്ഷിണ ഭാഗമായ നാഞ്ചിനാട്ടിൽ സാധാരണയായി തമിഴും, അല്പം മലയാളവും സംസാരിക്കുന്നവരെ "ചാന്റോർ" (ചാണാർ) എന്നും, അതിനടുത്തു വടക്കുഭാഗത്തുള്ള തിരുവിതാംക്രറിന്റെ മദ്ധ്യഭാഗംവരെ താമസിക്കുന്നവരെ ഈഴവർ എന്നും അതുമുതൽ തിരുവിതാംക്രറിന്റെ വടക്കേ അതിർത്തിയിലും കൊച്ചിയിലും ഉള്ളവരെ ചോവർ എന്നും, അതിനു വടക്കു് മലബാർവരെയുള്ളവരെ തീയർ എന്നുമുള്ള നാലു പേരും ഈ പേരിൽ അടങ്ങുന്നു" എന്നു പറഞ്ഞിരിക്കുന്നു.

തിരുവിതാംക്രറിലെ നാടാർസമുദായത്തിൽ ആരും തന്നെ ഈ അഭിപ്രായം സ്വീകരിക്കുകയില്ല. എന്നാൽ

* ചാന്റോർമെമ്മോറിയൽ Vol. I P. 81

ദക്ഷിണഇൻഡ്യയിലെ എന്റെ പര്യടനത്തിനിടയ്ക്ക് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു് തിരുവിതാംകൂറിൽ മുൻപറഞ്ഞ പേരുകാരെല്ലാം നാടാർസമുദായത്തിൽ ഉൾപ്പെട്ടവരാണെന്നുള്ള തെറ്റിദ്ധാരണ തമിഴരുടെ ഇടയിൽ ഉണ്ടെന്നുള്ളതാണു്. തിരുവിതാംകൂർ സ്റ്റേറ്റുമാന്വലിൽ * "ഈഴവരിൽ ചില കുടുംബക്കാരെ ചാന്നാർ എന്നു വിളിക്കപ്പെടുന്നു. എന്നാൽ അതു തെറ്റാണു്. ഈഴവരിൽ ചില കുടുംബക്കാക്കു് പുരാതനകാലങ്ങളിൽ ചാന്നാർ എന്ന ബഹുമതി ലഭിച്ചിരുന്നു. ചെക്കാലമാർ, ആലവർ മുതലായ വഴ്ക്കാരും, ഈഴവരും ഇടതുകൈവഴ്ക്കാരും ചാണാർ വലതുകൈവഴ്ക്കാരിൽ ഒരു ഉന്നതസ്ഥാനക്കാരുമാണു്. ചാണാർ വലംകൈ ഉയിർകൊണ്ടോർ" എന്നാണു് അറിയപ്പെടുന്നതു്. അപ്രകാരംതന്നെയാണു് ഈഴവചരിത്രകർത്താവായ മി. ദാമോദരനും നിഷേധിച്ചിരിക്കുന്നു. അതിൽ "ചാന്നാർ, ഈഡികർ" ഇവരെക്കുറിച്ചു പറയുന്ന ഭാഗത്തു് † "തെക്കേ ഇൻഡ്യയിലെ മദ്യാഹാരവഴ്ത്തിൽപെട്ട നാടാർ, ചാന്നാർ, ഈഡികർ, ഇവരെല്ലാം ഒരേവഴ്ത്തിൽപ്പെട്ടവരെന്നാണു് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്. ബിഷപ്പു് ഗാഡ്വൽ പറയുന്നതു് ചാന്നാന്മാരും ഈഴവരെപ്പോലെ സിലോണിന്റെ ഉത്തരഭാഗത്തുനിന്നും കുടിയേറിയവരെന്നാണു്. ഈഴവരിൽ ചില കുടുംബക്കാരെ ചാന്നാരെന്നു വിളിക്കുന്നതുകൊണ്ടു് ഈഴവരും ചാന്നാന്മാരെന്നു പറയാറുണ്ടു്. എന്നാൽ അതു തെറ്റാണു്. ഏതുകൊണ്ടെ

---

* തിരുവിതാംകൂർ നാഗമയ്യായുടെ സ്റ്റേറ്റുമാന്വൽ

† ഈഴവചരിത്രം P. 279

ന്നാൽ ചാന്നാന്മാർ വലംകൈ ഉയിർകൊണ്ടോരും ഈഴവർ ഇടംകൈകൊണ്ടോരുമാണു"" എന്നാണു കാണുന്നതു്. തിരുവിതാംകൂറിൽ നാടാർസമുദായവും ഈഴവസമുദായവുമായി പരസ്പരവിവാഹമോ പന്തിഭോജനമോ നടത്തുന്നില്ലെന്നു മാത്രമല്ല, ഈഴവരിൽനിന്നും വിവാഹബന്ധത്തിൽ ഏർപ്പെട്ടുകയാണെങ്കിൽ അവരെ സകുടുംബം സമുദായത്തിൽനിന്നും ബഹിഷ്കരിക്കയും ചെയ്യുന്നു.

കാഞ്ഞിരംകുളത്തു് ഇന്നു കാണുന്ന നാടാർവംശജർ ശിവകാശിയിൽനിന്നും വന്നവരെന്നാണു് എനിക്കു ലഭിച്ച രേഖകളിൽനിന്നും വ്യക്തമാകുന്നതു്. അക്കാലത്തു് അവിടെനിന്നും ഒരു ഈഴവകുടുംബത്തെയും കൊണ്ടുവന്നിട്ടുണ്ടു്. അതുപോലെതന്നെ കേരളത്തിൽ കടന്നിട്ടുള്ള ഈഴവർ ശിവകാശിക്കാരെന്നാണു് ഈഴവചരിത്രത്തിലും പറഞ്ഞു കാണുന്നതു്. *"കേരളത്തിലെ ഈഴവർ പാണ്ഡ്യരാജ്യത്തിലെ ശിവകാശി എന്ന പട്ടണത്തിൽനിന്നും വന്നവരാണു്. മക്കത്തായി എന്നും, മരുമക്കത്തായി എന്നും, മിശ്രവഴിക്കാരെന്നും മൂന്നു വിഭാഗക്കാരുണ്ടു്. അവരുടെ മാതൃഭാഷ തമിഴായിരുന്നു" എന്നും തിരുവിതാംകൂർ സ്റ്റേറ്റുമാന്വലിൽ ശ്രീ നാഗമയ്യാ തെങ്ങുകൃഷി ചെയ്യുന്ന ഈഴവരും തീയന്മാരും സിലോണിൽനിന്നും വന്ന ചാന്നാർക്രിസ്ത്യാനികളുടെ സന്തതികളാണെന്നുള്ളതു് ഏതാണ്ടു തീർച്ചയാണു് എന്നും പറഞ്ഞിരിക്കുന്നു."

പുരാണദൃഷ്ട്യാ വീക്ഷണം ചെയ്യുന്നപക്ഷം യയാതിയുടെ അഞ്ചാമത്തെ മകനായ പൂരുവിൽനിന്നും ഉത്ഭവിച്ചതാണു് ഈഴവവംശമെന്നു വെളിപ്പെടുന്നതാണു്.

---

* ഈഴവചരിത്രം P. 274

*"ഈഴൻ എന്ന പുരുരവസ്സിന്റെ പേരു് ഭൂമി (നാടു്) എന്ന അർത്ഥമാകുന്ന പദത്തിൽനിന്നും ഉത്ഭവിച്ചതാണു്. അദ്ദേഹത്തിന്റെ അമ്മയുടെ നാമമായ "ഇള" എന്ന പദത്തിൽനിന്നും ജനിച്ചതിനാൽ "ഈഴകുലം" എന്നായി." "വണക്കായ് മാലൈ" എന്ന ഒരു പഴയ പാട്ടിൽ "ഈഴവർ" എന്ന പേരുണ്ടായതിനെ സംബന്ധിച്ചു പ്രസ്താവിക്കുന്നുണ്ടു്. അതിലെ ഉള്ളടക്കം താഴെ കാണുംവിധം സംഗ്രഹിക്കാം.

ചോഴരാജാവായ കരികാലചോഴൻ കാവേരിയാറിൽ അണകെട്ടുന്നതിനു തന്റെ രാജ്യത്തിലുണ്ടായിരുന്ന ജനങ്ങൾക്കു് ആജ്ഞകൊടുത്തു. അതിൽ 717 വലങ്കൈ ഉയിർകൊണ്ടോരും (ചാന്റോർ)ഉണ്ടായിരുന്നു. ഈ ആജ്ഞയെ നിഷേധിച്ചു്, "അടിത്താലും കൂട്ടെ തൊടോം അരചരേ ഇനി നാങ്കൾ ആടുപ്പിൻവേലൈ ഇൻറു ചെയ്യമാട്ടോം"—എന്നായിരുന്നു മറുപടി. ഈ വിവരം ചോഴരാജാവായ കരികാലചോഴനെ അറിയിച്ചു. അദ്ദേഹം ഇവരുടെ സന്നിധിയിൽ എഴുന്നള്ളി ആനയെക്കൊണ്ടു തലതട്ടിച്ചു. ആ ഭാഗം:—

"തെന്നൻ കരികാലൻ ചിനത്തു ചിറുകുടിയോനടൻ
കരികാലചോഴനവൻ കോപിത്തു മതകരിയേറി
തന്നികരൊൻറില്ലാത ചാൻറോരൈ തലൈ ഇതറ–
വണ്ണമുററമതയാനൈ വന്തു മുന്നേ നിൻറതുവേ
ആനൈ വന്തു നിക്കയിലേ അരിയ നല്ല വലകൈയുറ്റോർ
എന്നവോ നിനൈത്തായ് നീ ഉനക്കേറപടി ചെയ്യ–
(മെൻറാർ

* നാടാർകുലവരലാറു് P. 5

തെന്നനൈയാർമാർ വാനീതെന്നൽ കരികാലാനീയും
തന്തിതനൈയേവിയല്ലോ തലൈ ഇടറവെൻറരത്തായ്
എങ്കൾതലൈയെ തന്തിയിനാൽ ഇടറിവിട്ടാലുംതാൻ
ഉന്തൻ തിരുവാനൈ ഒരുനാളും കൂട്ടൈ തൊടോം
കൂട്ടുകൊടെ നൈതലൈ ഉരുണ്ടാലും കൂട്ടൈ തൊടോം
എൻറ വലകൈയുറേറാർ ഇവ്വാറു താനരൈത്താർ
ചെൻറു കരികാലൻ ചിറുകുടിയോരുടൻ മതകരിയേവി
ആനൈവി കൂണ്ടല്ലവോ അരുൾമുനിവൻ പുത്തിരരൈ
തലൈകൊററവർകളുട തലൈ ഇടറി വിട്ടതുവേ"

എന്ന് എഴുതിയിരിക്കുന്നു. ഈ കാരണം നിമിത്തം 12 വർഷം ചോഴരാജാവിൻെറ രാജ്യത്തിൽ മഴയുണ്ടായില്ല. ഒടുവിൽ ഭദ്രകാളിയെ ശരണം പ്രാപിച്ചു് താൻ ചെയ്ത തെറു ക്ഷമിച്ചു മഴ പെയ്യിക്കണമെന്നു കരികാലചോഴൻ കേണപേക്ഷിച്ചു. അതിനു്,

"കൊൻറതൊരുപഴിക്കും കൊട്ടംപകയേ നുറുപഴി
മക്കൾ വഴിതന്താൽ മഴൈ പെയ്യുമെൻറരൈത്താൾ"

ഇതു കേട്ടു് ചോഴരാജാവു് മന്ത്രിമാരോടുക്രൂടി ആലോചിച്ചു് അപ്രകാരം സമ്മതിച്ചു. എന്നാൽ ദയാശാലിനിയായ ഭദ്രകാളി ഇവരെ വധിക്കാതെ,

"മറുത്തു മൊഴിചൊല്ലാതെമന്നാ ഉന്നാട്ടതന്നതിൽ
ഉള്ളോർ എല്ലാരെയും ചിറുകുടിയോർതന്നെയും
ചിവകാമിതന്നരുളാൽ ചിറുകുടി വെള്ളാളരെയും
ചിവകാമി പുത്തിരക്കു അടിമയാക ചെപ്പിയവർ"

ഈ ആജ്ഞാനുസരണം സകലരെയും ചാനേറാക്കു് അടിമയായി നൽകാമെന്നു സമ്മതിച്ചു. അതിൻപ്രകാരം,

"ചിന്തെ മകിഴ്ന്തു ചിവികൈ കൃതിരൈ കൊടൈ
മുന്ത നല്ല പൊൻപതക്കൻ മുൻകൈക്കു മോതിരം തിരു-
പട്ട നല്ല മണിയും പച്ചവടം എല്ലാം കൊടുത്തു (വാളി
കട്ടം കച്ചൈ സോമൻ കടുക്കനൈ വൈരപ്പണിയും
മാവേന്തർ എന്നും തേവേന്തിരൻ തന്നുടനേ
മാരിക്കരൈയുടപ്പിൽ കാവേരിയാറൈറത്തവിത്ത
വീരമാത്താണ്ഡനെൻറും താനവും താൻ കൊടുത്തു
തട്ടരുമുടനേ ചവ്വാതു പന്നീർ കൊടുത്തു
മട്ടച്ചിറന്ത മണിമൈ പൂവും കൊടുത്തു
വീരരൈ കൊണ്ടാടി ചൂരംവിളങ്കും തിരുക്കോട്ടയിൽ വാഴ
തീരരേ ഉങ്കൾക്കു നാൻചെയ്ത കുറമത്തനൈയും
മാതാമെയ് ജ്ഞാനി എങ്കൾ ചവുന്തരി ചാമുണ്ഡി വല്ലി
മാതാവിനാണൈ ഉങ്കൾ മനതിൽ കൊള്ളാതേയെന്റാൻ"

അതിനാൽ ചാന്റോർ സന്തുഷ്ടരായി.

"മണ്ടലത്തോർ താൻ കാണമടമടനെൻറു ഇഴക്കലുറ്റാർ
ഇഴക്കിൻറ നേരത്തിലേ ഈഴകിരേൻ എൻറു ചൊന്നാർ
ഇൻറു മുതലാക നീങ്കൾ ഈഴവനെൻറു എല്ലോരുക്കും
ഒൻറുപോലൈ താൻക്രുടി ഉരൈത്തിട്ടുങ്കോളെൻറാൾ
പത്തിരകാളി അമ്മനും ചിറുകുടിയോക്കു പെർകൊടുത്താർ

എന്നാണു കാണുന്നതു്. ഇതിൻപ്രകാരം കരികാല ചോഴൻറെ കാലംമുതൽ ഈഴവൻ എന്ന പേരുണ്ടായി എന്നു വ്യക്തമാകുന്നുണ്ടു്.

ചരിത്രദൃഷ്ട്യാ വീക്ഷണം ചെയ്യുന്നപക്ഷം ഈ കരികാലചോഴന്റെ കാലം എ. ഡി. ഒന്നാംനൂറ്റാണ്ടാണെന്നു

കാണുന്നു. ഈ സംഭവം നടന്നതു് B. C. 3090 ആണെന്നു പാട്ടിൽനിന്നും ഗ്രഹിക്കാം. * അതനുസരിച്ചു നോക്കിയാൽ എ. ഡി. പത്തിലാണു് കാവേരിനദിയിൽ അണകെട്ടിച്ചതെന്നു തെളിയുന്നു. ഇതിൽനിന്നും ഈ കരികാല ചോഴൻ B. C-യുടെ അവസാനത്തിലും എ. ഡി-യുടെ ആരംഭത്തിലുമായി രാജ്യം ഭരിച്ചിരുന്ന രാജാവാണെന്നു വ്യക്തമാകുന്നുണ്ടു്.

ഈഴവവംശത്തിന്റെ ഉത്ഭവം പ്രസ്താവിച്ചുകഴിഞ്ഞു. അടുത്തതായി അവരുടെ രാജ്യഭരണത്തെ സംബന്ധിച്ചു് ഒരു വിഹഗവീക്ഷണം നടത്തുന്നതു് അനുചിതമായിരിക്കുകയില്ലെന്നു വിശ്വസിക്കുന്നു.

2. ഈഴവരാജ്യം.

ചോഴരാജ്യത്തിൽനിന്നും വേർപെട്ട ഈഴവരാജാവു് ആദ്യമായി സ്വതന്ത്രമായി ഒരു രാജ്യം സ്ഥാപിച്ചു ഭരണം നടത്തിയിരിക്കണമെന്നാണു് "നാടാർകുലവരലാറിൽ" കാണുന്നതു്. ഈ രാജ്യത്തെ "ഈഴമണ്ഡലം" എന്നു നാമകരണം ചെയ്തിരുന്നു. മൈസൂർ രാജ്യത്തിനും ചോഴരാജ്യത്തിനും മദ്ധ്യേയുള്ളതാണു് ഈ ചോഴമണ്ഡലം "കമ്പർ" ചോഴരാജ്യത്തിന്റെ അതിർത്തി.

"കടൽ കിഴക്കു തെക്കുകരെ പൊരുവെള്ളാറു്
കുടതിചൈയിർക്കോട്ടൈക്കരയാം—വടതിചൈയിൽ
ഈഴനാട്ടപ്പെണ്ണെയിരുപത്തുനാക്കാതം
ചോഴട്ടെല്ലൈയെനച്ചൊൽ" (തനിപ്പാടൽ) എന്നു പറഞ്ഞുകാണുന്നു. ഇതിൽനിന്നും കിഴക്കു കടൽ, തെക്കു

* നാടാർമന്നരും നായിക്കമന്നരും P. 24

വെള്ളാരു്, പടിഞ്ഞാരു് കോട്ടക്കരെ എന്ന പറഞ്ഞിട്ടുണ്ടു്. വടക്കു് "ഈഴനാട്ടപ്പെണ്ണെ" അതായതു് ഈഴനാട്ടവഴി വരുന്ന പെണ്ണെയാരു് എന്ന പറയുന്നു. ആയതിനാൽ ഈ ഈഴനാടു് ചോഴനാടിന്റെ വടക്കുപടിഞ്ഞാറാണു് സ്ഥിതിചെയ്യുന്നതു് എന്നു് ഊഹിക്കാവുന്നതാണു്.

"കച്ചിയൊരു കാൽമിതിയാ ഒരു കാലാൽ
തഞ്ഞു നീർതണ്ണഞ്ചെതാൻ മിതിയാ—പിറ്റെയും
ഈഴം ഒരുകാൽമിതിയാവരുമേനം
കോഴിയർകോൻ കിള്ളിക്കളിറു"

എന്ന പദ്യത്തിൽ ചോഴരാജാവിന്റെ ആനയുടെ പരാക്രമത്തെ വണ്ണിക്കാൻ തുടങ്ങിയ കവി "തൊണ്ടരാജന്റെ" രാജധാനിയായ കാഞ്ചിയെ ഒരു കാൽകൊണ്ടു മർദ്ദിച്ചു് ചേരരാജാവിന്റെ രാജധാനിയായ "ഉഞ്ചെ" എന്ന "അവന്തിയെ" മറ്റൊരു കാൽകൊണ്ടു മർദ്ദിച്ചു് ചോഴന്റെ പട്ടം കെട്ടിയ ആന വരുമെന്നു പറഞ്ഞതിനുശേഷം ഈഴരാജന്റെ രാജ്യത്തെയും ആ ആന ഒരു കാൽകൊണ്ടു മർദ്ദിച്ചുവരുമെന്നു പറഞ്ഞവസാനിപ്പിച്ചു.

ഇതിൽനിന്നും പാണ്ഡ്യ, ചേര, ചോഴരാജ്യങ്ങളെ കീഴ്ത്തിയാജ്ഞചെയ്തിരുന്ന കാലങ്ങളിൽ ഈ ഈഴരാജ്യവും അതുപോലെയായിരുന്നുവെന്നു വ്യക്തമാകുന്നു.

ലങ്കാദ്വീപിനു് ഈഴം എന്ന പേരുണ്ടായിരുന്നു.* "ഏകദേശം 2000 വർഷങ്ങൾക്കു മുൻപുള്ള ഈഴനാട്ടിൽ നരസിംഹൻ എന്ന ഒരു രാജാവു് വളരെ പ്രതാപശാലിയായിരുന്നു. അദ്ദേഹം മധുരരാജ്യത്തിൽ ഭരണം നട

* നാടാർമന്നരും നായിക്കമന്നരും P. 22

ത്തിവന്ന * പാണ്ഡ്യരാജാവിന്റെ മകളായ അല്ലിയെ വിവാഹം ചെയ്തു. ഈ നരസിംഹൻ തന്റെ ഭുജബല പരാക്രമത്താൽ ലങ്കാരാജ്യം ജയിച്ചു കീഴടക്കി. തന്നി മിത്തം അദ്ദേഹത്തിനു് "ലങ്കജയിച്ചാണ്ടപെരുമാൻ" എന്ന പേരുണ്ടായി."

B. C. 2387–ലെ ജലപ്രളയമാണല്ലോ സിലോണി നെ ഇൻഡ്യയിൽനിന്നും വേർപെടുത്തിയതു്. രാക്ഷസ രാജാവായ രാവണന്റെ രാജ്യം ഈ ലങ്കാദ്വീപായിരുന്നു.

‡ "വിജയൻ" ലങ്കയ്ക്കു് സിംഹളബാഹുവിന്റെ സ്മാരകമായി പുതുതായി പേരിട്ട……ദക്ഷിണമധുരയിലേയ്ക്കു് ദൂതന്മാരെ അയച്ചു് പാണ്ഡ്യരാജാവുമായി ബന്ധം പുലത്തുന്നതിനു് അപേക്ഷിച്ചു. അദ്ദേഹം മറ്റു മന്ത്രികളുമായി ആലോചിച്ചു് തന്റെ മകളും മറ്റു പ്രഭുകുമാർ കളും ഉൾപ്പെടെ 700 കന്യകമാരെ ലങ്കയിലേയ്ക്കു് അയച്ചുകൊടുത്തു. ആദ്യഭാര്യയായ "യുവേന്തിയെ" ഉപേക്ഷിച്ചു് പാണ്ഡ്യകുമാരിയെ വിജയനും, മറ്റു കുമാരികളെ വിജയന്റെ അനുചരന്മാരും വിവാഹം ചെയ്തു. † ലങ്ക ജയിച്ചു് രാജ്യഭാരം ആരംഭിച്ച നരസിംഹൻ ഇതിനു് ഈഴം എന്ന പേരു നല്കി. അദ്ദേഹത്തിന്റെ വംശജക്കു് നാളതുവരെ "ഈഴം തിറൈകൊണ്ട ലങ്കാപുരിയാതിപതി" എന്നാണു് പറഞ്ഞുവരുന്നതു്.

---

* ലങ്കയിലുള്ള കുതിരമലയുടെ ചരിവിൽ (മുത്തുച്ചിലാപം മുറിച്ചു കടന്നിശ്രാമത്തിനടുത്തു്) അല്ലിക്കോട്ടൈ എന്നു് ഒന്നു് ഇപ്പോഴും കാണുന്നുണ്ടു്. ആ കോട്ട ഈഴവരാജാവായ നരസിംഹന്റെ ഭാര്യയായ അല്ലിയുടെ ഓർമ്മയ്ക്കായി സ്ഥാപിച്ചതായിരിക്കാം. ഇതിനെ ജനങ്ങൾ പാണ്ഡ്യരാജാവിന്റെ മകളായ അല്ലിയുടെ കോട്ടയെന്നു പറഞ്ഞുവരുന്നു.

‡ സിംഹളവംശോല്പത്തി P. 173

† നാടാർമന്നരും നായിക്കമന്നരും P. 22

# അദ്ധ്യായം ൩

## രാജ്യഭരണം

1. പൊതുവിവരണം, 2. കുലശേഖരപാണ്ഡ്യൻ, 3. ഭണ്ഡനാഥനുമായുണ്ടായ യുദ്ധത്തിൽ കുലശേഖരപാണ്ഡ്യനെ സഹായിച്ച ചെറുരാജാക്കന്മാർ, 4. കുലശേഖരപാണ്ഡ്യൻ എ. ഡി. 1308, 5. മധുര എ. ഡി. 1324-മുതൽ 1372-വരെ, 6. കോർക്കൈ, 7. മാക്പ്പോളോ എ. ഡി. 1291, 8. വിക്രമപാണ്ഡ്യന്റെ കാലത്തുണ്ടായ മഹമ്മദീയാക്രമണം, 9. പാണ്ഡ്യരാജ്യവും മഹമ്മദീയഭരണവും, 10. ഉദയാക്കളുടെ ആഗമനം, 11. പഞ്ചരാജർകഥ, 12. പാണ്ഡ്യരാജവംശത്തിൽനിന്നും വേർപെട്ട പിരിവുകൾ, 13. വെട്ടുമാറൻ.

1. പൊതുവിവരണം

പാണ്ഡ്യരാജ്യം ഭരിച്ചിരുന്നതു് നാടാർസമുദായത്തിൽപ്പെട്ട "രാജക്ഷത്രിയർ" ആയിരുന്നുവെന്നു് മുൻപു് പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ ഈ രാജ്യഭരണകാലത്തിന്റെ തുടച്ചയായ വിവരം നമുക്കു് ഇതുവരെ വ്യക്തമായി അറിയാൻ സാധിച്ചിട്ടില്ല. ലഭിച്ചിടത്തോളം വിവരം മാത്രം ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്താം. ഉപരി അന്വേഷണം ഞാൻ നടത്തിവരുന്നു. മധുര ഹൈസ്കൂൾ ഹെഡ്മാസ്റ്ററായുള്ള നാടാർമഹാജനസംഘത്തിൽനിന്നും ഒരു ശരിയായ ചരിത്രം പ്രസിദ്ധം ചെയ്യുന്നതിനു ചരിത്രാന്വേഷകരെ നിയമിക്കാൻ നിശ്ചയിച്ചിരിക്കുകയാണു്. തത്ഫലമായി പൂർണ്ണമായ വിവരം നമുക്കു ഗ്രഹിക്കാം.

തിരുവിതാംകൂർ ഗവൺമെൻറിൽനിന്നും തയ്യാർ ചെയ്യിച്ചു് സ്കൂളുകളിൽ പാഠപുസ്തകമായി പഠിപ്പിച്ചുവന്ന

ഇൻഡ്യാചരിത്രത്തിൽ ഈ പാണ്ഡ്യരാജ്യചരിത്രം സംബന്ധിച്ച് *"മധുരയിലെ പാണ്ഡ്യന്മാർ ഇവരെപ്പറ്റി അധികമായി നമുക്ക് അറിവില്ലെങ്കിലും ചരിത്രകാലങ്ങളിൽ ഇവർ മധുരയിൽ പ്രതാപത്തോടുകൂടി ഭരിച്ചിരുന്നു എന്നു കാണുന്നുണ്ട്. എ. ഡി. 1171–മുതൽ 1567–വരെ ഇവരുടെ അധികാരം മധുരയിലെ നായിക്കന്മാർ കൈവശമാക്കിയതുവരെയുള്ള വൃത്താന്തം നമുക്കു ലഭിക്കുന്നു." ഇതുമാത്രമേ കാണുവാൻ സാധിക്കുന്നുള്ളൂ. ഈ വംശത്തിന്റെ ചരിത്രം അറിയുന്നതിനു നമുക്കു പൂർവ്വപുരാണങ്ങളെയും തമിഴിലെ ചരിത്രപുസ്തകങ്ങളെയും ശിലാലേഖനങ്ങളെയും മറ്റും ആശ്രയിക്കേണ്ടിയിരിക്കുന്നു.

2. കുലശേഖരപാണ്ഡ്യൻ
എ. ഡി. 1268.

ദക്ഷിണഇൻഡ്യയിൽ പ്രബലരാജ്യങ്ങളായി പേരും പെരുമയും ആർജ്ജിച്ചിരുന്ന ചേരചോളപാണ്ഡ്യരാജാക്കന്മാർ പല സന്ദർഭങ്ങളിലും അന്യോന്യം കലഹിക്കുകയും രാജ്യവിസ്തൃതിക്കായി യുദ്ധം ചെയ്കയും ചെയ്തിരുന്നു എന്നുള്ളതു് ചരിത്രങ്ങളിൽനിന്നും വ്യക്തമാകുന്ന പരമാർത്ഥങ്ങളാണു്. പല ചരിത്രങ്ങളും ഞാൻ പരിശോധിച്ചതിൽ പാണ്ഡ്യരാജ്യം ആദ്യമായി സൃഷ്ടിച്ചു് മധുര രാജധാനിയാക്കി ഭരണം തുടങ്ങിയതു് കുലശേഖരപാണ്ഡ്യനാണെന്നാണു കാണുന്നതു്. ക്രിസ്താബ്ദം 1171–ൽ പാണ്ഡ്യരാജ്യത്തിൽ പരാക്രമപാണ്ഡ്യനെന്നും, കുലശേഖരപാണ്ഡ്യനെന്നും പേരുള്ള രണ്ടു പേർ ഭരണം നടത്തിവന്നു. അതിൽ പരാക്രമപാണ്ഡ്യനു് വീരപാണ്ഡ്യനെന്നും, കുലശേഖരപാണ്ഡ്യനു് വിക്രമപാണ്ഡ്യനെന്നും രണ്ടു സന്താനങ്ങൾ ജനിച്ചു. ഈ രണ്ടു സഹോദര

* ഇൻഡ്യാചരിത്രം ഒന്നാംഭാഗം P. 85

ങ്ങളും രാജ്യാതിർത്തി സംബന്ധിച്ച് തർക്കമുണ്ടായി, പര സ്പരം കലഹിച്ച് യുദ്ധമാരംഭിച്ചു. ഈ യുദ്ധത്തിൽ പരാ ക്രമപാണ്ഡ്യനെ ലങ്കരാജാവായിരുന്ന പരാക്രമബാഹു വിന്റെ സേനാനായകനായ ദണ്ഡനാഥനും കുല ശേഖരപാണ്ഡ്യനെ ചോഴരാജാവും, പാണ്ഡ്യരാജ്യത്തിലു ണ്ടായിരുന്ന ചെറിയ രാജാക്കന്മാരും സഹായത്തിനായി വന്നുചേർന്നു. ലങ്കാധിപന്റെ സൈന്യം വന്നുചേരുന്ന തിനു മുൻപുതന്നെ കുലശേഖരപാണ്ഡ്യൻ ജ്യേഷ്ഠന്റെ ശയനമുറിയിൽ കടന്നു ജ്യേഷ്ഠനെ ചതിയിൽ വധിച്ചു. തത്സമയം മകനായ വീരപാണ്ഡ്യൻ ഭയന്ന് മലയാള രാജ്യത്തിലേയ്ക്ക് ഓടിവന്നു. ലങ്കാധിപന്റെ സൈന്യം യുദ്ധസന്നാഹത്തോടുകൂടി വന്ന് പാമ്പൽതുറമുഖത്തിറങ്ങി. തൽക്ഷണംതന്നെ കുലശേഖരപാണ്ഡ്യൻ സഹായികളോടു കൂടി ചെന്നു യുദ്ധം ആരംഭിച്ചു. ഇരുഭാഗക്കാരും യുദ്ധം അതിഭയങ്കരമായി നടത്തി. അനവധി സൈന്യാധിപ ന്മാർ മരണമടഞ്ഞു. "മഹാവംശേ" എന്ന ലങ്കാചരിത്ര ത്തിൽ ആ യുദ്ധത്തെപ്പറ്റിയും സഹായിച്ച ചെറുരാജാക്ക ന്മാരെപ്പറ്റിയും വിശദമായി വിവരിച്ചിട്ടുണ്ട്.

3. ദണ്ഡനാഥനുമായുണ്ടായ യുദ്ധത്തിൽ കുലശേഖരപാണ്ഡ്യനെ സഹായിച്ച ചെറുരാജാക്കന്മാർ

| രാജ്യം | ഭരണാധിപർ |
|---|---|
| 1. വടവലതിരുക്കടനാട് | – വടവലതിരുക്കടനാടാഴ് |
| 2. അങ്കൂട്ടനാട് | – അങ്കൂട്ട നാടാഴ്വാർ [വാർ |
| 3. പുങ്കുണ്ടനാട് | – പുങ്കുണ്ട നാടാഴ്വാർ |
| 4. കൊണ്ടിയൂർനാട് | – കൊണ്ടിയൂർ നാടാഴ്വാർ |
| 5. കെങ്കയർനാട് | – കെങ്കയർ നാടാഴ്വാർ |

6. തലണ്ടൂർനാട്ട് – തലണ്ടൂർ നാടാഴ്വാർ
7. വീരകുങ്കനാട്ട് – വീരകങ്കനാടാഴ്വാർ
8. അളത്തൂർനാട്ട് – അളത്തൂർ നാടാഴ്വാർ
9. കലവണ്ടയനാട്ട് – കുലപാണ്ഡ്യനാടാഴ്വാർ
10. പാണ്ഡ്യമണ്ഡലനാട്ട് – പാണ്ഡ്യമണ്ഡലനാടാഴ്വാർ
11. അഞ്ചുകോട്ടനാട്ട് – അഞ്ചുകോട്ട നാടാഴ്വാർ

ഈ ചെറുരാജാക്കന്മാരുടെ പിൻതുണയോടുകൂടി എ. ഡി. 1268-ൽ കുലശേഖരപാണ്ഡ്യൻ ലങ്കയിൽ നിന്നും വന്ന ലങ്കനാഥനെ എതിർത്തു. എന്നാൽ ഭണ്ഡനാഥനാകട്ടെ ഈ ചെറുരാജാക്കന്മാരെയും കുലശേഖരപാണ്ഡ്യനെയും കീഴടക്കി, കുലശേഖരപാണ്ഡ്യനെ സഹായിക്കാനായി വന്ന ചോഴരാജാവിനെ നിഗ്രഹിച്ചു. തദനന്തരം മലയാളത്തിൽ അഭയം പ്രാപിച്ചിരുന്ന വീരപാണ്ഡ്യനെ വരുത്തി മധുരാധിപതിയായി കിരീടധാരണം സാഘോഷം നടത്തി. അതിനുശേഷം ഭണ്ഡനാഥൻ ലങ്കയിലേയ്ക്കു തിരിച്ചുപോയി.

മേല്പറഞ്ഞ വീരപാണ്ഡ്യൻ സ്വവംശത്തിലുണ്ടായിരുന്ന പല ചെറുരാജാക്കന്മാരെയും ജയിച്ചു കീഴടക്കിയെന്നും തിരുപ്പത്തൂരു മുഴുവൻ ഇദ്ദേഹത്തിന്റെ ഭരണാധിത്തിക്കുള്ളിലായിരുന്നുവെന്നും പാണ്ഡ്യരാജവംശചരിത്രത്തിൽ കാണുന്നു.

"വെള്ളാറതു വടക്കാം മേക്കു പ്പെരുമലൈയാം
തെള്ളാർ പുനർകന്നിതെക്കാകും—ഉള്ളാന
ആണ്ടകടൽ കിഴക്കാം; ഐമ്പത്തുകാതം
പാണ്ടിനാട്ടെല്ലൈപ്പതി"—എന്നു് കമ്പനാടൻ പറ

യുന്ന അതിത്തി അനുസരിച്ചുള്ള പാണ്ഡ്യരാജ്യത്തിൽ രാജാക്കന്മാർ, സാമന്തന്മാർ, പ്രഭുക്കൾ മുതലായ സ്ഥാനങ്ങളെ അഛ്ചിച്ചിരുന്നവർ അനവധിയുണ്ട്. ഇവരെ സംബന്ധിച്ച് പുകഴേന്തിപ്പുലവർ, "ആറായിരവർ അണിത്തിരളാം പാണ്ഡിയർകളം" എന്നാണ് പറഞ്ഞുകാണുന്നതു്.

ഇതിൽ കുലശേഖരപാണ്ഡ്യന്റെ സഹായത്തിനായിപ്പോയ "അഞ്ചുക്കോട്ട നാടാഴ്വാർ" വേണാടിന്റേയും പാണ്ഡ്യരാജ്യത്തിന്റേയും മദ്ധ്യേ ഭരണം നടത്തിവന്ന ആളായിരുന്നു. കുലശേഖരആഴ്വാർ തുടങ്ങിയുള്ള പല പ്രശസ്തഭരണാധിപന്മാർ ഈ വംശത്തിൽ ഉണ്ടായിരുന്നു. ഇദ്ദേഹം ഒരു ഭരണകർത്താവു മാത്രമല്ല, പ്രശസ്തകവിയും കൂടെ ആയിരുന്നു. മുകുന്ദമാല, തിരുവായ്മൊഴി മുതലായ ഗ്രന്ഥങ്ങളുടെ രചയിതാവും ഇദ്ദേഹമായിരുന്നു.

വീരപാണ്ഡ്യൻ രാജാവായതിനുശേഷം രാജ്യവിസ്തൃതിക്കായി പരിശ്രമിച്ചു. അഞ്ചുക്കോട്ട നാടാഴ്വാരെ യുദ്ധത്തിൽ തോല്പിച്ചതിനുശേഷം അന്യത്ര (പുറം 67) പ്രതിപാദിച്ചിട്ടുള്ള കരങ്ങളും ഏർപ്പെടുത്തി. തദ്സംബന്ധമായി തിരുവിതാംകൂർ ചരിത്രത്തിൽ * "പാണ്ഡ്യന്മാർ വേണാടിനെ ജയിക്കാനായി സദാ തക്കംനോക്കിക്കൊണ്ടിരുന്നു. ക്രിസ്ത്വാബ്ദം ആറാംശതവർഷത്തിൽ ജടിലപരാന്തകൻ എന്ന പാണ്ഡ്യരാജാവു് † ആയി വംശത്തെ തോല്പിച്ചു് അവരുടെ പ്രധാന വാണിജ്യകേന്ദ്രമായ വിഴിഞ്ഞം

* കൊല്ലവർഷം 1114-ൽ തിരുവിതാംകൂർ ഗവർമ്മെൻറിൽനിന്നും പ്രസിദ്ധംചെയ്ത തിരുവിതാംകൂർ ചരിത്രം P. 19.

† ആഴ്വാർ വംശമെന്നതിനെയാണു് ഇവിടെ ആയിവംശം എന്നു പ്രയോഗിച്ചിട്ടുള്ളതു്.

കൈവശപ്പെട്ടത്തി. ഏഴാംശതകത്തിൽ അരികേസരി മാരവമ്മൻ എന്ന പാണ്ഡ്യരാജാവു് കോട്ടാർ ജയിച്ചു കീഴടക്കി. അനന്തരം അന്നത്തെ ആയിവേൾരാജ്യത്തിൽ ഉൾപ്പെട്ടുകിടന്നതും ഇപ്പോൾ തിരുവിതാംകൂറിന്റെ ഒരു ഭാഗമായിരിക്കുന്നതുമായ നാഞ്ചിനാട്ടിൽ ഏതാനും ദേശങ്ങൾ പാണ്ഡ്യന്മാക്കു് അടങ്ങി" എന്നു പറഞ്ഞിരിക്കുന്നു. ഇതു സംബന്ധിച്ചു് ഒരു ചരിത്രപണ്ഡിതനും പുരാതന ഗ്രന്ഥഗവേഷകനുമായ ശ്രീ ആർ. നാരായണപ്പണിക്കർ രചിച്ച ആദികേരളീയചരിതം എന്ന ഗ്രന്ഥത്തിൽ *തിരുവാംകോട്ടു്, ഈ ശബ്ദത്തെ ശ്രീവാഴുംകോടെന്നു വ്യാഖ്യാനിച്ചുവരുന്നു. എന്നാൽ അതു് തിരുഅയൻകോടായി വരുമോ എന്നു സംശയിക്കുന്നു. തെക്കു് തിരുവാംകോടെന്നൊരു സ്ഥലം ഇപ്പോഴും ഉണ്ടു്. ആ സ്ഥലത്തിനടുത്താണു് പാണ്ഡ്യരാജ്യത്തിൽനിന്നും വന്ന യദുവംശജർ അഥവാ വേൾകുലത്തരചർ സ്ഥാനം ഉറപ്പിച്ചതും. ആയക്കുടി എന്ന സ്ഥലത്തിരുന്ന ദക്ഷിണതിരുവിതാംകൂറിനെ ഭരിച്ചിരുന്ന ആയിഅന്തിരവൻ എന്നൊരാളിനെപ്പറ്റി ശ്രീ കെ. പി. പത്മനാഭമേനോൻ പറയുന്നു. ആയി എന്നൊരു ദിക്കിനെപ്പറ്റി ഗ്രീക്കുകാർ പ്രസ്താവിച്ചിട്ടുള്ളതും ഈ രാജ്യഖണ്ഡത്തെപ്പറ്റി ആയിരിക്കാൻ ഇടയുണ്ടു്" എന്നു പറഞ്ഞിരിക്കുന്നു.

ഇതിൽനിന്നെല്ലാം നമുക്കു് ഊഹിക്കാവുന്നതു് അനവധി നൂറാണ്ടുകൾക്കു മുൻപു ദക്ഷിണതിരുവിതാംകൂർ ആയിവംശജർ അഥവാ ആഴ്വാർ വംശജർ ഭരിച്ചിരുന്നു

* ആദികേരളീയചരിതം P. 40.

വെന്നതാണു്. ഈ ആഴ്വാർവംശം നാടാർവംശമാണെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടു്.

ഇതു സംബന്ധിച്ചു് മറ്റു ചില ചരിത്രാന്വേഷികൾ താഴെ കാണുന്നവിധമാണു് രേഖപ്പെടുത്തിയിരിക്കുന്നതു്. ഏ. ഡി. 1308-ൽ കുലശേഖരപാണ്ഡ്യൻ ഭരണം കൈയ്യേറ്റു. അദ്ദേഹത്തിന്റെ പട്ടമഹിഷിയിൽ സുന്ദരപാണ്ഡ്യൻ എന്നും, പരാക്രമപാണ്ഡ്യൻ എന്നും രണ്ടു് സന്താനങ്ങൾ ജനിച്ചു. എന്നാൽ മറ്റൊരു സ്ത്രീയിൽ ജനിച്ച "വിക്രമപാണ്ഡ്യ"നാണു് രാജ്യം നൽകാൻ നിശ്ചയിച്ചതു്. ഇതറിഞ്ഞ സുന്ദരപാണ്ഡ്യൻ തന്റെ അച്ഛനായ കുലശേഖരപാണ്ഡ്യനെ നിഗ്രഹിച്ചു. തന്നിമിത്തം പാണ്ഡ്യരാജ്യത്തിൽ പല കലാപങ്ങളും നേരിട്ടു. പലരും വിക്രമപാണ്ഡ്യന്റെ പക്ഷത്തു ചേർന്നു് സുന്ദരപാണ്ഡ്യനെ രാജ്യത്തുനിന്നും പുറത്താക്കി. തൽക്ഷണംതന്നെ ഡൽഹിയിൽ പോയി മഹമ്മദീയചക്രവർത്തിയെ അഭയം പ്രാപിച്ചു. ആദ്യമായി മധുരയിൽ മഹമ്മദീയരെ ക്ഷണിച്ചുവരുത്തിയ പാണ്ഡ്യരാജാവു് അദ്ദേഹമായിരുന്നു.

4. കുലശേഖരപാണ്ഡ്യൻ 1308.

അല്ലാവുദീന്റെ സേനാനായകനായ മാലികാഫർ ആദ്യമായി മധുരയിൽ വന്നതു് കൊല്ലം 500 (ഏ. ഡി. 1424) മിഥുനമാസത്തിലാണെന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ഇദ്ദേഹത്തിന്റെ ആക്രമണം ഏ. ഡി. 1310-മുതൽ 2313-വരെ ആയിരുന്നുവെന്നു * ലീലാ

* ലീലാതിലകം P. XI

തിലകത്തിൽ കാണുന്നു. ഈ യുദ്ധത്തിൽ മാലിക്കാഫർ, പരാക്രമപാണ്ഡ്യനെ ജയിച്ചു് ബന്ധനസ്ഥനാക്കി ഡൽഹിയിലേയ്ക്കു് അയയ്ക്കുകയും രാജ്യം കൈവശപ്പെടുത്തുകയും ചെയ്തു.

അല്ലാവുദീൻമുതൽ, സിക്കന്തർഷാവരെയുള്ള എട്ടു മഹമ്മദീയരാജാക്കന്മാർ 48 വർഷം മധുരയെ ഭരിച്ചിരുന്നു.

6. മധുര 1324-മുതൽ 1372-വരെ.

രാജ്യം മുഴുവൻ മഹമ്മദീയശക്തി വർദ്ധിക്കുകയാൽ അന്നത്തെ ഭരണാധികാരി നാഞ്ചിനാട്ടിലേയ്ക്കു തിരിച്ചു. തൽസംബന്ധമായി മി. റോ. വി. സദാശിവംപണ്ടാരത്താർ തന്റെ * പുസ്തകത്തിൽ താഴെ കാണുംവിധം രേഖപ്പെടുത്തിയിരിക്കുന്നു. "ഈ യുദ്ധസംബന്ധമായ സംഗതികളെ "അമീർക്കുരിഞ്ചു്" എന്ന അംശം എഴുതിയ കുറിപ്പുകളിൽനിന്നും ഒരുവിധം ഗ്രഹിക്കാവുന്നതാണു്. അന്നു് പാണ്ഡ്യരാജ്യം മഹമ്മദീയരാൽ കൊള്ളയിടപ്പെട്ടതിനാൽ അതിന്റെ മാഹാത്മ്യവും ഐശ്വര്യവും നാമാവശേഷമായി. രാജ്യത്തിൽ താമസിച്ചിരുന്ന ജനങ്ങളും തങ്ങളുടെ പ്രതാപകാലങ്ങളിൽ അനുഭവിച്ചിട്ടില്ലാത്ത പലവിധ നൂതനവിഷമങ്ങൾക്കും വിധേയരായിരിക്കുന്നു. കൊട്ടാരങ്ങളും ക്ഷേത്രങ്ങളും നശിപ്പിച്ചിരിക്കുന്നു."

അതിപ്രാചീനകാലംമുതൽതന്നെ യാതൊരുത്തരുടേയും ആക്രമണത്തിനു വിധേയമാകാത്ത മധുര 14-ാം നൂറ്റാണ്ടുമുതലുണ്ടായ മഹമ്മദീയരുടെ ആക്രമണങ്ങളാൽ ഉന്നിവാരമായ കഷ്ടനഷ്ടങ്ങൾക്കു് ഇരയായിത്തീർന്നു. മധുരയെ കൈവശപ്പെടുത്തിയ മഹമ്മദീയർ അതുകൊണ്ടു തൃപ്തി

* ചെന്തമിഴ്നാടു് 33, പുറം 5

രാകാതെ വീണ്ടും ദക്ഷിണദിക്കിലേയ്ക്കു പ്രയാണം തുടങ്ങി. "കൊർക്കൈ" എന്ന നാമത്താൽ അന്നറിയപ്പെട്ടിരുന്ന ഒരു രാജ്യത്തെ അവർ കൊള്ളയിട്ടു.

6. കൊർക്കൈ

പ്രഥമസംഘസ്ഥലമായ ദക്ഷിണമധുരയെ കടലാക്രമിച്ചതിനുശേഷം ഇടസംഘക്കാലങ്ങളിൽ പാണ്ഡ്യരുടെ രാജധാനി "കൊർക്കൈ" എന്ന മഹാനഗരമായിരുന്നു. ഈ നഗരത്തെ വാല്മീകി മഹർഷി * കവാടനഗരം എന്നാണ് പറഞ്ഞിട്ടുള്ളതു്. ഇതിൽനിന്നും † പാണ്ഡ്യരാജാവിന്റെ നഗരത്തിന്റെ കോട്ട താമ്രവർണ്ണിനദിയുടെ സംഗമസ്ഥാനത്തു് ആണെന്നു് ഊഹിക്കാവുന്നതാണു്. വ്യാസഭാരതത്തിൽ ചിത്രവാഹ പാണ്ഡ്യൻ ഭരിച്ച നഗരത്തെ "മണിനഗരം" എന്നു പറഞ്ഞിരിക്കുന്നു. മുത്തുകളും അവിടെനിന്നും ലഭിച്ചുവന്നതിനാലായിരിക്കണം ഈ നാമം സിദ്ധിച്ചതു്. ഈ കൊർക്കൈയ്ക്കു അടുത്തുള്ള സ്ഥലങ്ങൾക്കു് "മാറോകം" എന്ന പേരു് മുൻകാലങ്ങളിൽ പറഞ്ഞുവന്നിരുന്നു. ഈ സംഗതി പൂർവ്വപുരാണങ്ങളിൽ നിന്നും വ്യക്തമാകുന്നതാണു്. "മാറോകം" എന്നതു് ( ‡ മാറർ=പാണ്ഡ്യർ, മാറോകം= പാണ്ഡ്യരുടെ ജന്മഭൂമി) എന്നു കാണുന്നു.

പഞ്ചകാവ്യങ്ങളിലൊന്നായ ചിലപ്പതികാരത്തിൽ പറയുന്ന "കണ്ണകി"യുടെ പ്രതിഷ്ഠയുള്ള ഒരു ക്ഷേത്രം "വേർചെഴിയൻ" എന്ന കോർകരാജാവായ പാണ്ഡ്യൻ

* വാല്മീകിരാമായണം കിഷ്കിന്ധാകാണ്ഡം—സുഗ്രീവൻ വാനരന്മാർക്കു് മാർഗ്ഗോപദേശം ചെയ്യുന്ന ഭാഗം.

† നാടാർമന്നരും നായിക്കമന്നരും.

‡ നാടാർമന്നരും നായിക്കമന്നരും പുറം 49.

സ്ഥാപിച്ചു. ഈ നഗരത്തിനു വടക്കു് "അക്കശ്ശാല" എന്ന ഒരു ഗ്രാമമുണ്ടായിരുന്നു. ഇതു് പാണ്ഡ്യരാജാവിന്റെ ഭണ്ഡാകാരമായിരുന്നു എന്നാണു് ഐതിഹ്യം ഘോഷിക്കുന്നതു്. ഇതിനടുത്തു ഗോപുരക്കോട്ടു്, കോട്ടക്കാടു് എന്നീ ഗ്രാമങ്ങളും ഇപ്പോഴും കാണുന്നുണ്ടു്. ഇതു മുൻകാലങ്ങളിലെ പാണ്ഡ്യരാജാക്കന്മാരുടെ കോട്ടകൊത്തളങ്ങളും സ്ഥിതിചെയ്തിരുന്ന സ്ഥലങ്ങളായിരുന്നുവെന്നു പറഞ്ഞുവരുന്നു. ശ്രീവൈകുണ്ഠം താലൂക്കിലുള്ള ഏറലിനു സമീപം ചിറുത്തണ്ഡു് എന്ന ഒരു ഗ്രാമമാണു് പാണ്ഡ്യരുടെ സൈന്യസങ്കേതമായിരുന്നതു്.

7. മാക്കോപ്പോളോ ഏ. ഡി. 1291.

ഏ. ഡി. 1291–ൽ കൊർഹയിൽ * സുന്ദരപാണ്ഡ്യൻ എന്ന രാജാവു് ഭരണം നടത്തിവന്നു. അക്കാലത്തു് മാർക്കോപ്പോളോ എന്ന ദേശസഞ്ചാരി (ഇറാലിക്കാരൻ) ഈ പട്ടണം സന്ദർശിച്ചു്, തത്സമയം പാണ്ഡ്യരാജാവിനെക്കണ്ടു് സംഭാഷണം നടത്തുകയും ചെയ്തിട്ടുണ്ടു്. അദ്ദേഹമെഴുതിയ പുസ്തകത്തിൽ താഴെ കാണുംവിധം രേഖപ്പെടുത്തിയിരിക്കുന്നു. കോർകൈനഗരം 5000 തെരുവുകളാൽ അലംകൃതമായിരിക്കുന്നു. മാളികകളുടെ നിലകളും വാതലുകളും തങ്കത്താൽ പണിചെയ്തിരിക്കുന്നു. കായൽനാട്ടരചന്റെ ധനം അപരിമിതമാണു്. അദ്ദേഹം ധാരാളം ആഭരണങ്ങളും അണിഞ്ഞിരിക്കുന്നു. രാജ്യഭാരത്തിൽ പല പിരിവുകളും കാണുന്നു. രാജാവു് അയൽരാജാക്കന്മാരോടും കൂട്ടുവടക്കാരോടും അപരിമിതമായ വാത്സല്യം കാണിക്കുന്നു. അദ്ദേഹത്തിനു നാലു

* നാടാർമന്നരും നായിക്കമന്നരും P. 51.

സഹോദരന്മാരുണ്ട്. ഈ അഞ്ചു രാജപുത്രന്മാരും അന്യോന്യം വളരെ സ്നേഹമുള്ളവരാണ്. ഇതിൽ ആരെങ്കിലും ഒരാൾ ശത്രുതയ്ക്ക് ആരംഭിച്ചാൽ അവരുടെ മാതാവ് "നിങ്ങൾക്ക് പാൽതന്ന എന്റെ സ്തനത്തെ കണ്ടിച്ചുകളയും" എന്നു പറയും. തൽക്ഷണംതന്നെ പിണക്കം അവസാനിക്കും. മൂത്തവനായ "സുന്ദരപാണ്ഡ്യൻ" ആണ് രാജ്യം ഭരിക്കുന്നത്.

അക്കാലത്തുതന്നെ പാണ്ടിയിൽ വന്ന "വാസഫ്" എന്ന മഹമ്മദീയവിദ്വാൻ സുന്ദരപാണ്ഡ്യന്റെ രാജധാനിയിൽ 1200 കോടി സ്വർണ്ണനാണയവും മുത്തുകളും വച്ചിരുന്നു എന്നു പറഞ്ഞിരിക്കുന്നു. ഇപ്പോഴാകട്ടെ പഴയകായൽ, പുനഃകായൽ, മഞ്ഞണീർകായൽ എന്നീ ഗ്രാമങ്ങളെ പരിസരങ്ങളിൽ വഹിച്ചുകൊണ്ട് കൊർക്കൈ ഗ്രാമം വിലസുന്നു. അതിനാൽ ഇവയെല്ലാം ചേർത്ത് ഒരേ പട്ടണമായി പരിലസിച്ച് മൻകാലങ്ങളിൽ ആ പട്ടണത്തിൽ വന്ന മാർക്കോപ്പോളോ ഇതിനെ കായൽ എന്നു് എഴുതിയിരിക്കണം.

സമീപകാലങ്ങളിൽ ഈ കൊർക്കൈപ്രദേശങ്ങളിലെല്ലാം ചെങ്കൽ, കരിങ്കൽ രാജാക്കന്മാരുടെ വിശേഷപാത്രങ്ങളും, സാധാരണ മൺപാത്രങ്ങളും, പല രാജ്യങ്ങളിലെയും നാണയങ്ങളും, പലവിധ ആയുധങ്ങളും മുതലായവ ലഭിച്ചിട്ടുണ്ട്. ഇതിൽനിന്നും പല ഇംഗ്ലീഷ് ചരിത്രകാരന്മാരും മറ്റു പല പണ്ഡിതന്മാരും ഇവിടെ പൂർവ്വകാലങ്ങളിൽ വളരെ കീർത്തിയാർജ്ജിച്ച വലിയ പട്ടണമായിരുന്നു എന്ന അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു.

ഈ പട്ടണത്തെ മാലിക്കാഫർ കൊള്ളയിട്ട് അതിൽ നിന്നും ലഭിച്ച ധനത്തെ 700 കാള, ഒട്ടകം, ആന എന്നി വകളുടെ പുറത്തു കയറ്റി ഡൽഹിയിലേയ്ക്കു കൊണ്ടുപോയി. മേല്പറഞ്ഞ അഞ്ചു പാണ്ഡ്യരാജാക്കന്മാരുടെയും ഭരണകാലം എ. ഡി. 1268-മുതൽ 1311-വരെ ആയിരുന്നു.

8. വിക്രമപാണ്ഡ്യന്റെ കാലത്തുണ്ടായ മഹമ്മദീയാക്രമണം.

1164-ൽ സെയ്ദ് ഇബ്രാഹിം മധുരയെ ആക്രമിച്ചു. അക്കാലത്ത് വിക്രമപാണ്ഡ്യനായിരുന്നു ഭരണം നടത്തിയതു്. സെയ്ദ് ഇബ്രാഹിം ഒൻപതു സേനാനായകന്മാർ അനവധി സൈന്യം 21 സ്ത്രീകളും ഇവരോടുകൂടി കപ്പൽമാർഗ്ഗം കള്ളിക്കോട്ടയിൽ വന്നു് ഇറങ്ങി അതുവഴി കൊർക്കൈയിൽ വന്നു ചേർന്നു. അവിടത്തെ ഭരണാധികാരിയായ വിക്രമപാണ്ഡ്യനോടു് എതിർത്തു് താനും തന്റെ സേനാനായകന്മാരിൽ പലരും മൃതിയടഞ്ഞു. ഏവ്വാടി, വെപ്പാർ, പുതയൂർ, തിരുപ്പരക്കുൻറം മുതലായ സ്ഥലങ്ങളിൽ പ്രസ്തുത സേനാനായകന്മാരെ സംസ്ഥാപിച്ചു. മഹമ്മദീയർ ആ സ്ഥലങ്ങളിൽ പോയി ഇപ്പോഴും നിസ്സാരിക്കാറുണ്ടു്. ആ യുദ്ധത്തിൽ ശേഷിച്ച മഹമ്മദീയർ പാണ്ഡ്യരാജാവിന്റെ അനുമതിയോടുകൂടി അവിടവിടെ താമസിച്ചു. "തീൻനിറിവിളക്കെന്തൽ" എന്ന പുസ്തകത്തിൽ ഈ വിവരം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടു്. ആ പുസ്തകത്തിൽ സമീപനഗരം ഉൾപ്പെടെ അനവധി നഗരങ്ങളും എട്ടു കാതം വിസ്തീർണ്ണവും എട്ടു കാതം ചുറ്റളവുള്ള വലിയ കോട്ടയും, അയ്യായിരം തെരുവുകളും ഏഴു ചെറിയ പാണ്ഡ്യരാജാക്കന്മാരും

അഞ്ചു് പാണ്ഡ്യകുലസേനാനായകന്മാരും രണ്ടു മക്കളും സജാതിയിൽപ്പെട്ട ഒരു ലക്ഷം പാണ്ഡ്യന്മാരും ഈ കൊർകൈപട്ടണത്തിൽ ഉണ്ടായിരുന്നതായി പറഞ്ഞിരിക്കുന്നു. സെയിദ് ഇബ്രാമിന്റെ ആക്രമണംകൊണ്ടു് വിശേഷവിധിയായി ഇവിടെ യാതൊന്നുംതന്നെ ഉണ്ടായിട്ടില്ല. "തീൻ—നെറി" യെന്ന പുസ്തകത്തിലെ വിവരവും അതിനു ശേഷം വന്ന വിദേശികളുടെ റിപ്പോർട്ടുകളും ആസ്പദമാക്കി അവലോകനം ചെയ്യുന്നപക്ഷം കൊർകൈപട്ടണം വളരെ കീർത്തിയാർജ്ജിച്ചിരുന്നതായി വ്യക്തമാകുന്നുണ്ടു്.

9. പാണ്ഡ്യരാജാവും മഹമ്മദീയഭരണവും

അന്യത്ര പ്രദിപാദിച്ചിട്ടുള്ള മഹമ്മദീയഭരണകാലത്തിൽ മധുരയിലുണ്ടായിരുന്ന ചില ചെറിയ പാണ്ഡ്യരാജാക്കന്മാർ മഹമ്മദീയരുടെ മേല്ക്കോയ്മയെ ഒരു വിധം അനുസരിച്ചു എങ്കിലും തങ്ങളുടെ രാജ്യത്തിൽ നടന്നുവന്ന വിദേശീയഭരണത്തെ അമർച്ച വരുത്തുന്നതിനും, സ്വജനങ്ങളുടെ കഷ്ടതയെ പരിഹരിക്കുന്നതിനും ശ്രമിച്ചുകൊണ്ടിരുന്നു. ഈ മഹമ്മദീയഭരണംകൊണ്ടു് മധുരയിലുണ്ടായിരുന്ന അനവധി ക്ഷേത്രങ്ങൾക്കു നാശം സംഭവിച്ചു. ഈ വിവരം പുരാതനശിലാശാസനങ്ങളിൽനിന്നും നമുക്കു ഗ്രഹിക്കാവുന്നതാണു്. കാലസ്ഥിതി അനുസരിച്ചു് ജനങ്ങൾ അതിയായ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു് എന്നു് ഉപരിപാദായുടെ കുറിപ്പുകളിൽനിന്നും വ്യക്തമാകുന്നു. പാണ്ഡ്യനാട്ടിനുതന്നെ പൊതുവേ ഒരു പരിവർത്തനമുണ്ടായി. ജനങ്ങൾ ആയിരക്കണക്കിനു മഹമ്മദുമതം സ്വീകരിക്കേണ്ടിവന്നു. അനവധി ഗ്രാമങ്ങൾ മഹമ്മദീയരുടെ സ്വന്തമായിത്തീർന്നു.

പാമ്പൻമുതൽ കന്യാകുമാരിവരെ 180 മൈൽ ദൂരമുള്ള കടലോരസ്ഥലങ്ങളിലെ ഗ്രാമങ്ങളിൽ വസിച്ചിരുന്ന ഒരു തവർ, മഹമ്മദീയരുടെ ക്രൂരപ്രവൃത്തികളെ ഭയന്നു് പോട്ട് ഗീസ്സുമേധാവിയുടെ അജ്ഞാനുസരണം അവരുടെ സഹായത്തെ ആശ്രയിച്ചു് റോമൻകത്തോലിക്കാമതത്തിൽ ചേർന്നതായി ഒരു തവരുടെ ചരിത്രം പറയുന്നുണ്ടു്. പാണ്ഡ്യർ അവരുടെ നഗരങ്ങളിൽ താമസിക്കുന്നതിനു സാധിക്കാതെ ചെറിയ ചെറിയ ഗ്രാമങ്ങളിൽ ഒളിച്ചു താമസിച്ചുവന്നു. മധുരയിലെ പാണ്ഡ്യന്മാരിൽ ഒരാളായ രാജസിംഹപാണ്ഡ്യൻ ചിന്നമാന്തരിൽ പോയി ഒളിച്ചു താമസിച്ചിരുന്നതായിചരിത്രങ്ങളിൽ കാണുന്നു.

14-ാംനൂറ്റാണ്ടിൽ തമിഴ്നാടു് നാനാവിധക്ലേശങ്ങൾക്കു വിധേയമായി. അക്കാലത്തു്, ചോള,പാണ്ഡ്യവംശജരായ ചാൻേറാർജാതിക്കാക്കു് രാജസഹായം ലഭ്യമല്ലാതായിത്തീർന്നു. അവർ വലംകൈയ്യർ, പരാക്രമപുങ്കവാളർ, കുതിരസേവകർ മുതലായ പ്രശസ്തബിരുദങ്ങളും രാജ്യഭരണങ്ങളും പ്രതാപങ്ങളും ഉപേക്ഷിച്ചു് തങ്ങൾക്കു് അനുയോജ്യമായുള്ള നാനാവിധ തൊഴിലുകളെ സ്വീകരിച്ചു.

10. ഉടയാക്കളുടെ ആഗമനം

മധുരയിലെ മഹമ്മദീയമേൽകോയ്മയെ മാറ്റുന്നതിനു പലരും ശ്രമിച്ചു. ഉടയാക്കൾ, കണ്ണാടകർ, മൈസൂറിന്റെ ഉത്തരഭാഗക്കാർ തുടങ്ങിയവർ മധുരയിലെ മഹമ്മദീയരെ ആക്രമിക്കുവാൻ ആരംഭിച്ചു. കമ്പണഉടയാർ ഒരു വലിയ സൈന്യം ശേഖരിച്ചു് മകനായ എമ്പണ്ണഉടയാരോടും മരുമകനായ പൊക്കാശു് ഉടയാരോടുംകൂടി വന്നു

മധുരയിലെ മഹമ്മദീയരോട് യുദ്ധത്തിനു് ആരംഭിച്ചു. ഈ യുദ്ധത്തിൽ മഹമ്മദീയർ പരാജിതരായി പലായനം ചെയ്യേണ്ടിവന്നു. അനന്തരം മധുരക്ഷേത്രത്തിൽ പൂജാദി കമ്മങ്ങളും മുടങ്ങിക്കിടന്നതിനെ പൂർവ്വസ്ഥിതിയിൽ നടത്തുന്നതിനു വേണ്ട ഏർപ്പാടുകളും ചെയ്തു. ഇത്തരത്തിൽ വളരെ പ്രതാപശാലികളായി ഏ. ഡി. 1404-വരെ അവർ രാജ്യഭരണം നടത്തി.

ഇക്കാലങ്ങളിൽ ബല്ലാറിജില്ലയിലെ തുംഗഭദ്രാനദീതീരത്തിലുള്ള ഹംബി എന്ന പട്ടണം സ്ഥിരം തലസ്ഥാനനഗരമായി സ്വീകരിച്ചുകൊണ്ടു് വിജയനഗരചക്രവർത്തി മഹമ്മദീയരെ തോല്പിക്കുന്നതിനായി യുദ്ധംചെയ്തുകൊണ്ടിരുന്നു. രായരുടെ ആജ്ഞാനുസരണം ഇലക്കണനായക്കർ, മതനനായക്കർ മുതലായവർ മധുരയിൽ വന്നു് ഏ. ഡി. 1451-വരെ 47 വർഷം മധുരയെ ഭരിച്ചു.

ഇലക്കണനായക്കർ പഴയ പാണ്ഡ്യവംശം അവിടെ ഇല്ലാത്തതിനാൽ പാണ്ഡ്യനു് കാളയ്യാർകോവിലിലെ ഭാസിയിൽ ജനിച്ച സുന്ദരത്തോളം മാവലിവാണാതിരായർ, കാളയർ സോമനാർ, അഞ്ചാതപ്പെരുമാൾ, മുത്തരചർ, തിരുമലവാണാതിരായർ എന്നിവരെ കൊണ്ടുവന്നു് അതിൽ പ്രഥമപുത്രനായ മാവലിവാണാതിരായരെ രാജാവായി വാഴിച്ചു.

ഈ സംഭവങ്ങളെക്കുറിച്ചു് മി. സദാശിവപണ്ടാരത്താർ താഴെ കാണുംവിധം രേഖപ്പെടുത്തിയിരിക്കുന്നു. "ഈ സംഭവങ്ങളറിഞ്ഞ വിജയനഗരരാജാവായ കുമാരകമ്പണ്ണൻ ഒരു വലിയ സൈന്യം ശേഖരിച്ചുകൊണ്ടു്

തമിഴ്നാട്ടിൽ വന്നു. ഇദ്ദേഹത്തിന്റെ യുദ്ധസാമർത്ഥ്യത്താൽ മധുരാനഗരത്തിൽ അടിയുറച്ചിരുന്ന മഹമ്മദീയ ഭരണം ഒരുവിധം നാമാവശേഷമായിത്തീർന്നു. ഈ ആക്രമണം ഏ. ഡി. 1364-നോട് അടുത്തായിരുന്നുവെന്നു ചരിത്രാന്വേഷകർ പറയുന്നു. ഈ യുദ്ധത്തെ സംബന്ധിച്ച് ശിലാലേഖനങ്ങളും തമിഴ്നാട്ടിൽ ചില സ്ഥലങ്ങളിൽ ഉണ്ട്. മഹമ്മദീയഭരണം അവസാനിച്ചത് 1377-ൽ ആണ്."

മുൻപറഞ്ഞ എട്ടു മഹമ്മദീയചക്രവർത്തിമാരുടെ കാലങ്ങളിൽ ഉദ്ദേശം അൻപതു വർഷക്കാലം മധുര നിസ്സീമമായ ക്ലേശനാശങ്ങൾക്ക് വിധേയമായിരുന്നതായി തെളിയുന്നുണ്ട്. അവരെ നിഗ്രഹിച്ചു നശിപ്പിച്ചത് വിജയനഗരരാജാവായിരുന്നു. അദ്ദേഹത്തിന്റെ കാരുണ്യം ഈ പാണ്ഡ്യരാജ്യത്തിൽ പതിയാതിരുന്നുവെങ്കിൽ അതു മഹമ്മദീയഭരണത്തിനു് എന്നന്നേയ്ക്കും വിധേയമായിത്തീരുമായിരുന്നു.

11. പഞ്ചരാജർ കഥ

കൊല്ലം 401-ൽ (ഏ. ഡി. 1226-ൽ) പാണ്ഡ്യർ നാഞ്ചിനാട്ടിനടുത്തുള്ള വള്ളിയൂരിൽ ഭരണം നടത്തിയിരുന്നു. അതുമുതൽ 60 കൊല്ലം കുലശേഖരപ്പെരുമാൾ, മുത്തുപ്പെരുമാൾ, മകിലപ്പെരുമാൾ, മുടിച്ചൂടുംപെരുമാൾ, പാണ്ഡിപ്പെരുമാൾ എന്നീ അഞ്ചു പേരും ഈ വള്ളിയൂരിൽ ഭരിച്ചിട്ടുണ്ട്. ഇക്കാലങ്ങളിൽ കർണ്ണാടകദേശാധിപതി വമ്പിച്ച ഒരു സൈന്യത്തോടുകൂടി ഈ ദക്ഷിണപാണ്ടിയിലേയ്ക്കു വന്നു. തിരുനൽവേലിക്കു പടിഞ്ഞാറുവശത്തു്

"ചേരൻ മാതേവിയിൽ" കോട്ടകെട്ടി ഭരണം ആരംഭിച്ചു. അദ്ദേഹത്തിന് നിസ്തുല്യമായ സൌന്ദര്യമുള്ള ഒരു മകളുണ്ടായിരുന്നു. അവൾ വള്ളിയൂരിൽ ഭരണം നടത്തിവന്ന കുലശേഖരപാണ്ഡ്യനെക്കുറിച്ചുള്ള പ്രശസ്തി എങ്ങനെയോ ഗ്രഹിച്ചു് അദ്ദേഹത്തെയല്ലാതെ മറെറാരാളെയും തൻെറ ഭർത്താവായി സ്വീകരിക്കുന്നതല്ലെന്നു മനസ്സിൽ നിശ്ചയിച്ചുറച്ചു. തൻെറ പ്രിയപുത്രിയുടെ ഈ നിശ്ചയം അറിഞ്ഞ രാജാവു് ഒരു ദൂതൻമുഖേന മകളെ വിവാഹം ചെയ്യുന്നതിനു കുലശേഖരപാണ്ഡ്യനോടു് ആവശ്യപ്പെട്ടു. അതിനു മഹാരാജാവിൻെറ മറുപടി "തമിഴ നാടുമന്നർതം കുലമകിളരെയൻറി പിറനാട്ടു് മന്നർ മകിളരൈമണം ചെയ്യാർ" എന്നായിരുന്നു. തന്നിമിത്തം കണ്ണാടകരാജാവും കന്നിനാടധിപതിയും തമ്മിൽ യുദ്ധമുണ്ടായി. ഈ തമിഴരാജാവു് യുദ്ധത്തിൽ മരണമടഞ്ഞു. കണ്ണാടകമഹാരാജാവിൻെറ പുത്രി നിസ്സീമമായ ദുഃഖത്തോടുകൂടി അഗ്നിപ്രവേശനം ചെയ്തു. ഈ വിവരം ഇപ്പോഴും കണ്ണാകണ്ണികയായി പറഞ്ഞുവരുന്നതെന്നു മാത്രമല്ല; പഴയ ഒരു വില്ലടിപ്പാട്ടിലും കാണുന്നുണ്ടു്.

ഇതിൽനിന്നും ദക്ഷിണപാണ്ടിയിൽ പാണ്ഡ്യഭരണം കീർത്തിയാർജ്ജിച്ചിരുന്ന കാലങ്ങളിലൊ അല്ലെങ്കിൽ മഹമ്മദീയഭരണത്താൽ ക്ഷീണദശയിൽ വർത്തിച്ചിരുന്നപ്പോഴോ ഒരു കണ്ണാടകരാജാവു് പാണ്ഡ്യരാജ്യത്തിൽ വന്നു് ചേരൻ മാതേവിയുടെ സമീപത്തിൽ കോട്ടകെട്ടി ഭരണം നടത്തിയിരിക്കണമെന്നും, അദ്ദേഹവും പാണ്ഡ്യരാജാവും തമ്മിൽ യുദ്ധമുണ്ടായതിൽ പാണ്ഡ്യരാജാവു് വീരസ്വർഗ്ഗം പ്രാപിച്ചിരിക്കണമെന്നും വ്യക്തമാകുന്നുണ്ടു്. തിരുനൽവേലി

ജില്ലയിലെ അമ്പാസമുദ്രം താലൂക്കിൽക്കൂടി വെട്ടപ്പെട്ടിട്ടുള്ള കന്നടിയൻകാൽ ഇദ്ദേഹത്തിന്റെ കാലത്തായിരിക്കണം വെട്ടിയതു്? "കന്നടിയർകാൽ വക്കമന്നർപടൈ മടിന്തതു്" എന്ന പഴമൊഴിയും ദക്ഷിണതിരുവിതാംക്കൂറിൽ പറഞ്ഞുവരുന്നുണ്ടു്. കൂടനാട്ടിലുള്ള (ഈ കൂടനാടു് ഉത്തരതിരുവിതാംക്കൂറിലുള്ളതിനെ കുറിക്കുന്നതല്ല.) ദണ്ഡമങ്കാടു് എന്ന ഗ്രാമത്തിൽ മൈവർരാജാക്കൻമാർക്കു് ക്ഷേത്രം വച്ചു് നാടാർസമുദായക്കാരാൽ ആരാധിച്ചുവരുന്നുണ്ടു്. ഇപ്രകാരം ആചരിക്കുന്നവർ വിതുരനഗർ മുതലായ പ്രദേശങ്ങളിലും താമസിക്കുന്നു. കളക്കാട്ടുമലയുടെ ചേരൻമാതേവിക്കും മദ്ധ്യേയുള്ള സ്ഥലമാണു് വടകച്ചിമല. അതിനു സമീപം കുലശേഖരപ്പെരുമാൾപാണ്ഡ്യനും കണ്ണാടകരാജാധികാരിയുടെ മകളും ഒരേ ക്ഷേത്രത്തിലെ ആരാധനാമൂർത്തികളായിരിക്കുന്നു. മുക്കുടൽ, കളക്കാടു് മുതലായ സ്ഥലങ്ങളിലുള്ള നാടാർജനങ്ങളും "എട്ടൂർനാർ" വിശേഷദിവസങ്ങളിൽ വഴിപാടുകളും കഴിച്ചുപോരുന്നു.

മുൻപറഞ്ഞ കണ്ണാടകപാണ്ഡ്യയുദ്ധത്തിൽ രക്ഷപ്രാപിച്ചവർ നാഞ്ചിനാട്ടിലെ രാജാക്കമംഗലം ഗ്രാമത്തിൽ വന്നു താമസിച്ച ചാന്റോരിൽ ഒരാൾ ധൈര്യനാടൻ എന്ന ആളായിരുന്നു. അദ്ദേഹത്തിന്റെ സഹായത്തോടുകൂടി ഈ കഥ ഇപ്പോൾ വില്ലടിപ്പാട്ടായി പാടിവരുന്നുണ്ടു്. ആ വംശത്തിൽ ജനിച്ച ആളാണു് "ചീനനാടൻ." ഇദ്ദേഹത്തിനു് ചേരരാജാവിനാൽ സമ്മാനിക്കപ്പെട്ട "പടിക്കാണിപ്പറമ്പു്" എന്ന സ്ഥലത്തിൽ രാജപ്രതാപത്തോടുകൂടി നിസ്സല്യപ്രതാപവാനായി ജീവിച്ചു

പോന്നു. അദ്ദേഹത്തിനു സൌന്ദര്യവതികളായ രണ്ടു പുത്രിമാർ ഉണ്ടായിരുന്നതായും, * കാരണവശാൽ അവരുടെ ശിരസ്സു് ഛേദിച്ചു് കയത്തിൽ തള്ളിയിട്ടു് ആ സ്ഥലവും തന്റെ വിഭവസമൃദ്ധമായ വസ്തുവകകളും ഉപേക്ഷിച്ചു് അർദ്ധരാത്രി ആരുമറിയാതെ കിഴക്കോട്ടിക്കിലേയ്ക്കു തിരിച്ചു് "തെൻകായർ" എന്ന സ്ഥലത്തു പോയി താമസിച്ചു. ഇപ്രകാരം അദ്ദേഹം പോയി താമസിച്ചിരുന്ന തോപ്പിനു് "ചിന്നൻതോപ്പു്" എന്നാണു് ഇപ്പോഴും പറഞ്ഞുവരുന്നതു്. ഈ കുടുംബത്തിൽപ്പെട്ട ആളാണു് † വെള്ളയൻ നാടാർ.

ഈ വൈവർരാജാക്കന്മാരുടെ വംശജരിൽ യുദ്ധരംഗത്തുനിന്നും രക്ഷ പ്രാപിച്ച നാലു പേർ തിരുവഴതിവിള നാട്ടിൽ ചെന്നു് അവിടെ രാജ്യഭാരം ചെയ്തിരുന്ന "സുന്ദരപാണ്ഡ്യനെ" അഭയം പ്രാപിച്ചു. അദ്ദേഹത്തിനു് ആരാലും അമർത്താൻ സാദ്ധ്യമല്ലാത്ത "ആകാശവാണി" എന്ന നാമധേയത്തിൽ ഒരു കുതിര ഉണ്ടായിരുന്നതായും അതിനെ ‡ ഇതിലൊരാൾ അമർത്തി അതിന്റെ പുറത്തു കയറിയാത്ര ചെയ്തതായും തന്നിമിത്തം സന്തുഷ്ടനായിത്തീർന്ന പാണ്ഡ്യരാജാവു് "മാവടിപ്പള്ളൈ" എന്ന പ്രദേശം ഈ നാലുപേർക്കുമായി സമ്മാനിച്ചതായും ചരിത്രങ്ങളിൽനിന്നും തെളിയുന്നുണ്ടു്. ഇപ്രകാരം ഈ അഞ്ചു രാജാക്കന്മാരുടെയും കഥ അവസാനിക്കുന്നു.

---

* നാടാർമന്നരും നായിക്കമന്നരും P. 69

† ചാന്നാർകുലദീപം

‡ നാടാർമന്നരും നായിക്കമന്നരും P. 71

12. പാണ്ഡ്യരാജവംശത്തിൽ നിന്നും വേർപെട്ട പിരിവുകൾ

ഡൽഹി ചക്രവർത്തിയായ അല്ലാവുദീന്റെ സേനാനായകനായ മാലികാഫറുടെ ആക്രമണത്താൽ പാണ്ഡ്യരാജ്യം ഛിന്നഭിന്നമായി. 1311-ൽ മധുരയെ ജയിച്ചു കീഴടക്കി ഒട്ടനവധി ആനകളെയും, അശ്വങ്ങളെയും, വിലപിടിപ്പുള്ള ആഭരണങ്ങളും, സ്വർണ്ണനാണയങ്ങളും എന്നിവയെയും ഡൽഹിയിലേയ്ക്കു കൊണ്ടുചെന്നു് രാജാവിനു കാഴ്ചവച്ചു. ഈ യുദ്ധത്തിനു് ഏകദേശം 40 വർഷങ്ങൾക്കു മുൻപു് തന്നെ മാറവർമ്മൻ കുലശേഖരപാണ്ഡ്യനശേഷം വെല്ലൂർമുതൽ കന്യാകുമാരിവരെയുള്ള സ്ഥലങ്ങളിൽ ഈ പാണ്ഡ്യവംശത്തിൽപ്പെട്ട പല രാജാക്കന്മാരും ഭരണം നടത്തിവന്നതായി പാണ്ഡ്യചരിത്രത്തിൽ ശ്രീ ആർ. ഹരിഹരയ്യർ പ്രസ്താവിച്ചിരിക്കുന്നു.

മഹമ്മദീയഭരണത്താൽ ഛിന്നഭിന്നമാക്കപ്പെട്ട അഞ്ചു കുടുംബക്കാർ സ്വന്തമായി മധുര, കണ്ണാടകം, കേരവലം നല്ലൂർ, തെൻകാശി, തിരുനൽവേലി മുതലായ സ്ഥലങ്ങളിൽ പരിസരപ്രദേശങ്ങളെ സ്വാധീനമാക്കി ചെറിയ രാജ്യങ്ങൾ സ്ഥാപിച്ചു. കയത്താറു്, അഴകിയപാണ്ഡ്യപുരം, രാജൻകോവിൽ, മുതലായ സ്ഥലങ്ങളിലും ഇതുപോലെ അതാതു കുടുംബക്കാർ രാജ്യം സ്ഥാപിച്ചു് ഭരണം നടത്തിയിട്ടുണ്ടു്. കയത്താറുപാണ്ഡ്യൻ, വെട്ടുമാറുതൻ, അഴകിയപാണ്ഡ്യപുരം പാണ്ഡ്യൻ, അഴകിയ ജഗവീര പാണ്ഡ്യൻ മുതലായവർ പ്രസിദ്ധന്മാരാണു്. വെട്ടുമാറുതന്റെ ചരിത്രം അന്യത്ര പ്രതിപാദിച്ചിട്ടുണ്ടു്.

അതിപ്രാചീനകാലംമുതൽ വിദേശികൾപോലും പ്രശംസിച്ചുപോന്ന ഈ രാജ്യം പന്ത്രണ്ടാംനൂറ്റാണ്ടുവരെ അന്യർക്ക് അധീനമായിരുന്നില്ല. അതിനുശേഷം ഈ പാണ്ഡ്യരാജാക്കന്മാരുടെ അന്യോന്യമുള്ള ശത്രുത ലങ്കാദ്വീപിൽനിന്നും വന്ന ദണ്ഡനാഥൻ, ഡൽഹിയിൽനിന്നും വന്ന മാലികാഫർ മുതലായവർക്ക് ഇവിടെ മാർഗ്ഗപ്രവേശനം നൽകി.

എന്റെ ഗവേഷണഫലമായി ലഭിച്ച ഒരു പ്രാചീനശാസനത്തിലെ ഇതിവൃത്തം ഇപ്രകാരം സംഗ്രഹിക്കാം:—

13. വെട്ടമാഗതൻ

"കാഞ്ചിപുരാധിപതിയായിരുന്ന വെട്ടമാഗതൻ മധുരരാജാവു് കപ്പം കൊടുത്തുവന്നു. കാലാന്തരത്തിൽ അതിനു മുടക്കം വരുത്തി അനേകകാലം കഴിഞ്ഞതിനുശേഷവും കപ്പം നൽകാഞ്ഞതിനാൽ അതാവശ്യപ്പെട്ടറിയുന്നതിനു് ഒരു ദൂതനെ മധുരയിലേയ്ക്കു് അയച്ചു. അദ്ദേഹം പാണ്ഡ്യരാജാവിനെ കണ്ടു് കപ്പം ആവശ്യപ്പെട്ടു. രാജാവു് അതിൽ ക്ഷുഭിതനായി മറ്റൊരാൾക്കു് കപ്പം കൊടുത്തുവരുന്നതിനാൽ വെട്ടമാഗവന്നു കൊടുക്കാൻ സാദ്ധ്യമല്ല എന്നു് അദ്ദേഹത്തെ ഉണർത്തിക്കാൻ ദൂതനോടു പറഞ്ഞയച്ചു. ഇതു കേട്ടു ദൂതൻ കോപാന്ധനായി വെട്ടമാഗതന്റെ സൈന്യബലം പറഞ്ഞറിയിച്ചശേഷം വീണ്ടും കപ്പം ആവശ്യപ്പെട്ടു. മധുരാധിപനു് ഈ പ്രവൃത്തി ഒട്ടും രസകരമായി തോന്നിയില്ല. അങ്ങനെയാണെങ്കിൽ യുദ്ധത്തിനു വരണമെന്നായിരുന്നു ദൂതനു നൽകിയ അവസാന ആജ്ഞ."

ഇതു കേട്ട ദൂതൻ ഉടൻതന്നെ യുദ്ധത്തിനു വരുന്നതാണെന്നു പറഞ്ഞിട്ടു് അവിടെനിന്നും തിരിച്ചു

വെട്ടമാരുതനെ കണ്ടു് വിവരം ധരിപ്പിച്ചു. ഇതു കേട്ട വെട്ടമാരുതൻ സഭാമണ്ഡപത്തിൽ ഉണ്ടായിരുന്ന മന്ത്രിമാരോടാലോചിച്ചു. യുദ്ധം ചെയ്യുകതന്നെ ഉചിതമായ പ്രവൃത്തിയെന്നു സകലരും ഐകകണ്ഠ്യേന അഭിപ്രായപ്പെടുകയാൽ അയൽ രാജ്യവാസികളെ അറിയിക്കാൻ പെരുമ്പറ മുഴക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു.

തദനന്തരം ആനപ്പുറത്തു കയറി പെരുമ്പറ മുഴക്കി നാലുദിക്കും അറിയിച്ചു. താമസംവിനാ വെട്ടമാരുതൻ തന്റെ സൈന്യത്തെ മധുരയിലേയ്ക്കു നയിച്ചു. വിവരം അറിഞ്ഞ മധുരാധിപൻ സഭകൂടിയെ സുസ്ഥാപിതമാക്കുന്നതിനു് അനുയോജ്യമായവിധം മന്ത്രിമാരോടു് ആലോചിച്ചു് കടയപുരത്തിനടുത്തുള്ള വലിയ കുളത്തിനു സമീപം സൈന്യസജ്ജീകരണം ചെയ്തു.

കപ്പം മുടക്കം തീർത്തുതരുന്നതായാൽ യുദ്ധം ചെയ്യുന്നതല്ലെന്നു വെട്ടമാരുതൻ മധുരാധിപനെ വീണ്ടും അറിയിക്കാൻ ദൂതനെ അയച്ചു. എന്നാൽ കടയപുരത്തിലെ പാണ്ഡ്യരാജാവിന്റെ വലിയ സൈന്യങ്ങളെക്കണ്ട ആ ദൂതൻ ഇത്തരുണത്തിൽ മധുരാധിപനെ ഈ വിവരം ധരിപ്പിക്കുന്നതു് നിഷ്ഫലമാണെന്നു മനസ്സിലാക്കി തിരിച്ചു പോയി. യുദ്ധസന്നാഹത്തിന്റെ വിശദവിവരങ്ങൾ സവിസ്തരം വെട്ടമാരുതനെ ഉണർത്തിച്ചു. തൽക്ഷണംതന്നെ അദ്ദേഹവും സൈന്യവും താളമേളവാദ്യഘോഷങ്ങൾ മുഴങ്ങുവിളികളോടുകൂടി വന്നു് വയലിലും കുളവരമ്പിലും നിരന്നു. പടയാളികൾ ആന മുതലായവയെ യഥോചിതം നിരത്തി നിറുത്തി. അതിനെ തുടർന്നു് അതിഗംഭീരമായി ഇരുകൂട്ടരും

യുദ്ധം ആരംഭിച്ചു. വളരെ കഷ്ടനഷ്ടം സഹിച്ചതിനുശേഷം വെട്ടമാറുതൻ തോറും മധുരയ്ക്കു പുറത്തു പോയി പാളയമടിച്ചു.

യുദ്ധാനന്തരം സ്വരാജ്യത്തു തിരിച്ചുപോകാതെ വെട്ടമാറുതൻ ഇവിടെ പാളയമടിച്ചു താമസിക്കുന്നതിനുള്ള രഹസ്യമെന്താണെന്നു് പാണ്ഡ്യരാജാവു് ചാരന്മാർമുഖേന അന്വേഷിപ്പിച്ചു. അനവധിസൈന്യങ്ങൾക്കധിപതിയായ വെട്ടമാറുതൻ അല്പസൈന്യങ്ങളോടുകൂടി വന്നു് ഏതിത്തിനാലാണു് ഈ പരാജയമുണ്ടായതെന്നു നിശ്ചയിച്ചു് വീണ്ടും യുദ്ധത്തിനു സ്വസൈന്യം വന്നുചേരുന്നതുവരെ പാളയമടിച്ചു താമസിക്കയാണെന്നു് പാണ്ഡ്യാധിപനു് അറിവു ലഭിച്ചു.

ഇങ്ങനെയിരിക്കെ ഏറെക്കാലം കഴിയുന്നതിനു മുൻപുതന്നെ വെട്ടമാറുതൻ വീണ്ടും വമ്പിച്ച സൈന്യത്തോടുകൂടി പാണ്ഡ്യരാജസേനയോടു യുദ്ധം ആരംഭിച്ചു. അതിഘോരമായ യുദ്ധം ഇരുഭാഗക്കാരും നടത്തി. ഇതിൽ മധുരസേനകൾ പരാജിതരായി പലായനം ചെയ്യേണ്ടിവന്നു. വെട്ടമാറുതൻ അടുത്തുതന്നെ പാളയമടിച്ചു താമസിച്ചു. ഈ വിവരം അറിഞ്ഞ മധുരാധിപൻ അധൈര്യവാനായില്ല. കോട്ട അന്യാധീനപ്പെടാതെ സൂക്ഷിച്ചുകൊള്ളുന്നതിനു പട്ടാളങ്ങളെ നിയോഗിച്ചിട്ടു് സ്വസഹായത്തിനു് ആര്യങ്കാവിൽ താമസിച്ചിരുന്ന രാജാവിനെ സമീപിച്ചു. അദ്ദേഹം അയ്യനാരെയും മാറച്ചനെയും വരുത്തി വേണ്ട പട്ടാളത്തോടുകൂടി ആരുവാമൊഴിമാർഗ്ഗം മധുരയിലേയ്ക്കു് അയച്ചു. അവിടെ ചെന്നു് മധുരാധിപ

നെക്കണ്ടു് വേണ്ട നിർദ്ദേശങ്ങളെല്ലാം വാങ്ങി താമസിക്കുമ്പോൾ വെട്ടമാറുതൻ സൈന്യസമേതം രാജ്യം കൊള്ളയിട്ടുതുടങ്ങി.

തൽക്ഷണം പുതിയ സഖാക്കളോടുക്കൂടി മധുരാധിപന്റെ സൈന്യം വന്നു് വെട്ടമാറുതനോടു് എതിർത്തു. അതിഘോരമായ യുദ്ധം ഇരുകൂട്ടരും നടത്തി വെട്ടമാറുതന്റെ സൈന്യാധിപൻ മൂതിയടഞ്ഞു് സൈന്യങ്ങൾ പരാജിതരായി പലായനം ചെയ്യേണ്ടിവന്നു. ഇപ്രകാരം കാഞ്ചീപുരാധിപതിയായ വെട്ടമാറുതനും മധുരാധിപനുമായി നടന്ന യുദ്ധം അവസാനിച്ചു.

ഈ അദ്ധ്യായത്തിൽ മഹമ്മദീയാക്രമണത്താൽ മധുരരാജ്യത്തിനു് ഏറ്റപ്പെട്ട കഷ്ടനഷ്ടങ്ങളെ സവിസ്തരം പ്രതിപാദിച്ചുകഴിഞ്ഞു. അടുത്തതായി നായിക്കന്മാരിൽനിന്നും പാണ്ഡ്യരാജ്യനിവാസികൾ അനുഭവിക്കേണ്ടിവന്ന പ്രയാസങ്ങൾ വായനക്കാരെ ധരിപ്പിക്കുന്നതു് അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

# അദ്ധ്യായം വ

## നായക്കർഭരണവും പാണ്ഡ്യർനാശവും

1. ശ്രീവല്ലഭപാണ്ഡ്യൻ ഏ. ഡി. 1534-മുതൽ 1543-വരെ. 2. ചന്ദ്രശേഖരപാണ്ഡ്യൻ 1543. 3. വിശ്വനാഥനായിക്കർ മധുരയിലെ രാജാവു് 1559. 4. കയത്താറുയുദ്ധം. 5. നാടാർസമുദായത്തിന്റെ അധഃപതനം. 6. അധഃപതനകാരണങ്ങൾ. 7. തിരിച്ചന്തൂർ ശാസനം 1585. 8. വീരപാണ്ഡ്യൻ 1552-മുതൽ 1564-വരെ. 9. ഹരികേസരിപരാക്രമപാണ്ഡ്യൻ ഏ. ഡി. 1520-മുതൽ 1562-വരെ. 10. തെൻകാശി പാണ്ഡ്യരുടെ അവസാനം. 11. വാണിജ്യവും വ്യവസായവും. 12. സംഘടനകൾ.

ആഗമരാമപാണ്ഡ്യന്റെ മക്കളായി ചടയവർമ്മപാണ്ഡ്യൻ, ശ്രീവല്ലഭപാണ്ഡ്യൻ എന്ന രണ്ടു രാജകുമാരന്മാർ ഉണ്ടായിരുന്നു. അച്ഛന്റെ കാലാനന്തരം ശ്രീവല്ലഭപാണ്ഡ്യൻ ഭരണമേറ്റു. ഇദ്ദേഹത്തിന്റെ ഭരണകാലം ഏ. ഡി. 1534–മുതൽ 1543–വരെ ആയിരുന്നു. അക്കാലത്തു് വേണാട്ടുരാജാവായ ഉദയമാർത്താണ്ഡവർമ്മ ദക്ഷിണപാണ്ഡ്യരാജ്യം കൈവശപ്പെടുത്താൻ ശ്രമിച്ചു. തത്സമയം ശ്രീവല്ലഭപാണ്ഡ്യൻ വിജയനഗരാധിപതിയായ അച്യുതദേവരായരോടു് സഹായത്തിനപേക്ഷിച്ചു. അദ്ദേഹം ഒരു വലിയ സൈന്യത്തോടുകൂടി വന്നു് ഉദയമാർത്താണ്ഡവർമ്മയെ യുദ്ധത്തിൽ തോല്പിച്ചു് രാജ്യം പാണ്ഡ്യരാജാവിനു നൽകി. * ഈ സഹായത്തെ ഓർത്തു് ശ്രീവല്ലഭപാണ്ഡ്യൻ തന്റെ മകളെ

1. ശ്രീവല്ലഭപാണ്ഡ്യൻ ഏ. ഡി. 1534-മുതൽ 1543-വരെ

---

* ചെന്തമിഴ്തൊകുതി 33, പകുതി 8

വിജയനഗരരാജാവായ അച്യുതദേവരായക്ക് വിവാഹം ചെയ്തുകൊടുത്തു.

2. ചന്ദ്രശേഖരപാണ്ഡ്യൻ
ഏ. ഡി. 1543

ഇദ്ദേഹത്തിന്റെ ഭരണകാലത്തു് ചോഴമണ്ഡലത്തിലെ തിരിചിരപുരത്തിൽ വീരശേഖരചോഴൻ ഭരണം നടത്തിവന്നു. ഈ രണ്ടു രാജാക്കന്മാർക്കും രാജ്യാതിർത്തി സംബന്ധിച്ചു് യുദ്ധമുണ്ടായി. ഇതിൽ ചോഴരാജാവു് പാണ്ഡ്യരാജാവിനെ ജയിച്ചു് മധുര കൈവശപ്പെടുത്തി. ചന്ദ്രശേഖരപാണ്ഡ്യൻ സപുത്രനായ സുന്ദരപാണ്ഡ്യനോടുകൂടി വിജയനഗരത്തിൽ പോയി അവിടത്തെ ഭരണാധികാരിയായിരുന്ന രാമരായരോടു് വിവരം ഉണർത്തിച്ചു.

ഇതു കേട്ടു് രാമരായർ ചോഴരാജാവിനെ ജയിച്ചു് രാജ്യം പാണ്ഡ്യരാജാവിനു നൽകുന്നതിനു സർവ്വസൈന്യാധിപനായ നാഗമനായിക്കന്റെ നേതൃത്വത്തിൽ ഒരു വൻപിച്ച സൈന്യത്തെ മധുരയിലേയ്ക്കു് അയച്ചു. അദ്ദേഹം പാണ്ഡ്യരാജാവിനോടുകൂടി തിരുചിരപുരക്കോട്ടയിൽ സ്ഥാനമുറപ്പിച്ചു് വീരശേഖരചോഴനോടു യുദ്ധം ചെയ്തു ജയിച്ചു. ഈ യുദ്ധം നടന്നതു് ഏ. ഡി. 1543-ൽ ആയിരുന്നു. ചോഴാധിപനെ ജയിച്ചശേഷം രാമരായരുടെ നിർദ്ദേശാനുസരണം പാണ്ഡ്യരാജാവിനു രാജ്യം നൽകാതെ നാഗമനായിക്കൻ സിംഹാസനാരോഹണംചെയ്തു. പാണ്ഡ്യരാജാവു് വീണ്ടും രാമരായരുടെ സന്നിധിയിൽ പോയി ഉണർത്തിച്ചു. ഇതു കേട്ട കോപാക്രാന്തനായ രാമരായർ തന്റെ ആജ്ഞയെ ലംഘിച്ച നാഗമനായിക്കനെ

ബന്ധിച്ചുകൊണ്ടുവരുന്നതിനു് ഈ സഭയിൽ ആരുമില്ലേ? എന്നു കല്പിച്ചു ചോദിച്ചു. തൽക്ഷണംതന്നെ നാഗമനായിക്കന്റെ പുത്രനായ വിശ്വനാഥനായിക്കൻ, ഞാൻ ഈ ആജ്ഞ യഥോചിതം നിറവേറ്റാം എന്നു പ്രത്യുത്തരം നൽകി.

ഒരു വമ്പിച്ച സൈന്യത്തോടുകൂടി വിശ്വനാഥനായിക്കൻ പാണ്ഡ്യരാജ്യത്തിലേയ്ക്കു തിരിച്ചു. പിതാവും പുത്രനും തമ്മിൽ ഒരു ഘോരയുദ്ധം നടന്നു. ഒടുവിൽ പിതാവിനെ ബന്ധിച്ചു് രാമരായരുടെ സന്നിധിയിൽ ഹാജരാക്കി. ഇതു കണ്ട രാമരായർ വിശ്വനാഥനായിക്കന്റെ വീരപരാക്രമത്തിൽ സന്തുഷ്ടനായി എന്താണു് വേണ്ടതെന്നു് കല്പിച്ചു ചോദിച്ചു. "എന്റെ അച്ഛനു് ജീവൻ നൽകണം അതാണു് എന്റെ ആഗ്രഹം" എന്നു മറുപടി നൽകി. ഇതനുസരിച്ചു് രാമരായർ നാഗമനായിക്കനെ ബന്ധനത്തിൽനിന്നും വിട്ടയച്ചു.

രാമരായർ വിശ്വനാഥനായിക്കനെ ചോഴപാണ്ഡ്യരാജാക്കന്മാരോടു് കപ്പം വാങ്ങി ഏല്പിക്കുന്നതിനു് തിരുച്ചിരക്കോട്ടയിലേയ്ക്കു നിയോഗിച്ചു. ഇദ്ദേഹത്തിന്റെ സഹായത്തിനു് സേനാനായകനായി കാഞ്ചിപുരത്തിനടുത്തുള്ള മൈയപ്പോറും എന്ന സ്ഥലത്തിലെ അരിയനായിക്കമുതലിയേയും ഏല്പ്പെടുത്തി. വിശ്വനാഥനായിക്കൻമുതലിയുടെ സഹായത്തോടുകൂടി പരിവാരസമേതം മധുരാനഗരത്തിൽ വന്നു് വിജയ

൪. വിശ്വനാഥനായിക്കർ മധുരയിലെ രാജാവു് 1559-ൽ

നഗരരാജാവായ രാമരായരുടെ ഉത്തരവിനെ ലംഘിച്ചു് എ. ഡി. 1559 ഡിസംബർ 25–ാംതീയതി സിംഹാസനാരോഹണം ചെയ്തു.

ചന്ദ്രശേഖരപാണ്ഡ്യനു രാജ്യം വീണ്ടെടുത്തു നൽകുന്നതിനു നിയോഗിച്ച വിശ്വനാഥനായിക്കൻ സിംഹാസനാരോഹണം ചെയ്തു് മധുരയിലെ ഭരണം ആരംഭിച്ചു. അതിനുശേഷം ഈ പാണ്ഡ്യരാജാവിനു് കയ്യൊഴിഞ്ഞതായി ൽ ഒരു ലക്ഷം പവൻ വില വരുന്ന പ്രദേശം മാത്രം വിട്ടുകൊടുത്തു. ഇപ്രകാരം വിശ്വനാഥനായിക്കന്റെ ഭരണം പാണ്ഡ്യരാജ്യത്തിൽ ആരംഭിച്ചു. ദക്ഷിണാപഥത്തിൽ നാടാർജമിന്ദാരായി നിലനിന്ന—നട്ടാത്തി ജമിന്ദാർ തിരുവഴുതിവളനാട്ടിലുംപ്പെട്ടയാളാണു്. കൊർക്കൈരാജ്യം മഹമ്മദീയർ നശിപ്പിച്ചതിനുശേഷം കൊർക്കൈ, കുറുമ്പൂർ, നാരുമാവടി, കായൽ, മാനാടു് എന്നീ അഞ്ചു സ്ഥലങ്ങളെ തങ്ങളുടെ ആവാസഭൂമിയായി സ്വീകരിച്ച വഞ്ചപാണ്ടിയർ അഥവാ പഞ്ചതിരുവഴിതിനാടാക്കാർ എന്നറിയപ്പെട്ടിരുന്ന ചെറിയ രാജാക്കന്മാർ തിരുവഴുതിവളനാട്ടിൽ രാജ്യഭാരം ചെയ്തുവന്നു.

4. കയത്താറവയ്ക്കൽ

തിരുനൽവേലിയിൽ ഉണ്ടായിരുന്ന അഞ്ചുപാളയപ്പട്ടുകാർ യോജിച്ചു് അരിയനായിക്കമുതലിയാർ ചോദിച്ചതുപോലെ കപ്പം നൽകാതെ യുദ്ധത്തിനു സന്നദ്ധരായി. അദ്ദേഹത്തിനു് ഇവരോടു് എതിർക്കുന്നതിനു വേണ്ട ശേഷിയില്ലാത്തതിനാൽ വിശ്വനാഥനായിക്കരെ വിവരം ധരിപ്പിച്ചു.

അദ്ദേഹം ഒരു വൻപടച്ചു സൈന്യത്തോടുകൂടി വന്നു് ആറുമാസംവരെ യുദ്ധം നടത്തി. അനവധിയാളുകളും ഇരുകൂട്ടക്കും നാശമായി. ഇവരുടെ ആപദ്ദശനീയാവസ്ഥയോർത്തു് വിശ്വനാഥനായിക്കൻ "നാം രാജ്യത്തിനുവേണ്ടി യുദ്ധം ചെയ്യുതിൽ നമ്മുടെ സഹായത്തിനായി വന്ന അനവധി ജനങ്ങളും മരണമടഞ്ഞു. അവരുടെ ബന്ധുമിത്രാദികളും തീരാദുഃഖത്തിൽ നിപതിച്ചിരിക്കുന്നു. നിങ്ങളും അഞ്ചു പേർ സന്നദ്ധരായി നില്ക്കുന്നു. ഞാൻ ഒരാളും മാത്രവും. നിങ്ങൾക്കും നമുക്കുമായുള്ള അനവധി പ്രജകളും നശിച്ചു. ഇനി അതു വേണ്ട. യുദ്ധം മതിയാക്കി യുദ്ധരംഗത്തിനു മദ്ധ്യേ ഒരു സ്തംഭം നിറുത്തി അതിൽ ഒരു ഉടമ്പടി എഴുതി നിങ്ങളും അഞ്ചു പേർ വരിക. ഞാൻ ഒരുവൻ വരുന്നു. യുദ്ധം ചെയ്യു നാം നിങ്ങളെ ജയിച്ചാൽ നിങ്ങളുടെ രാജ്യവും ധനവും ഉപേക്ഷിച്ചു് ഉടുത്ത വസ്ത്രത്തോടുകൂടി പോവുക. നാം തോല്വി അടഞ്ഞാൽ അപ്രകാരം ചെയ്യുന്നു." എന്നെഴുതി സേനാനായകൻവശം കൊടുത്തയച്ചു. അതിനു് അഞ്ചുപേരും. "അങ്ങു് ഒരാളാണു് വരുന്നതു്. ഞങ്ങളും അഞ്ചുപേരും വന്നു യുദ്ധംചെയ്യുന്നതു ന്യായമില്ല. ഞങ്ങളിൽ ഒരാളും വരുന്നു. അങ്ങും വരിക യുദ്ധംചെയ്യാം." എന്നു പറഞ്ഞയച്ചു. അതിനു വിശ്വനാഥനായിക്കൻ "നിങ്ങളും അഞ്ചുപേരും അവരവരുടെ രാജ്യത്തിനുവേണ്ടിയാണു് യുദ്ധത്തിനു വന്നിരിക്കുന്നതു്. ഞാൻ നിങ്ങളുടെ അഞ്ചുപേരുടെ രാജ്യത്തിനും. അതിനാൽ നിങ്ങളും അഞ്ചുപേരും വരാം" എന്നു മറുപടി നൽകി. അതിനു് അവർ വശംവദരാകാതെ "അങ്ങു് ഞങ്ങളിൽ അഞ്ചുപേരിലൊരാളെ ജയിച്ചാൽ മറു

നാലുപേരും രാജ്യം ഉപേക്ഷിച്ചുപോകുന്നതാണു്" എന്നു പറഞ്ഞയച്ചു. നായിക്കൻ അതു സമ്മതിച്ചു് എഴുതി സ്തംഭം നിർത്തി കാത്തുനിന്നു. അവരിൽ ഒരാൾ കുതിര പുറത്തു കയറി യുദ്ധസന്നദ്ധനായി ചെന്നു നായിക്കനെ നോക്കി, "അങ്ങു് ആദ്യം വെട്ടുക" എന്നു് ആജ്ഞാപിച്ചു. തത്സമയമുണ്ടായ ദ്വന്ദ്വയുദ്ധത്തിന്റെ ഫലമായി രാജാവു് മൃതിയടഞ്ഞു. മുൻനിശ്ചയപ്രകാരം മറു നാലുപേരും * രാജ്യം ഉപേക്ഷിച്ചു് വിദേശങ്ങളിലേയ്ക്കു യാത്രയായി. കയത്താറുയുദ്ധം ഇപ്രകാരം അവസാനിച്ചതിനു ശേഷം മറു നാലുപേരും നാഗലാപുരം, വന്നിക്കുളം എന്നീ സ്ഥലങ്ങളിൽ വന്നു താമസമായി. ആ സ്ഥലത്തു് അവരുടെ സമാധി ഇപ്പോഴും ഉണ്ടു്.

നാഗലാപുരം, പുത്തൂർ എന്നീ സ്ഥലങ്ങളിൽ ആ വംശജരിൽ ചിലർ വന്നു താമസിച്ചിരുന്നു. അവരുടെയും സമാധിസ്ഥലങ്ങൾ ഇപ്പോഴും സ്ഥിതിചെയ്യുന്നുണ്ടു്. ഇവരെ "കുമ്പനാടൻ" (കുമ്പൂറരചർ) എന്ന സ്ഥാനപ്പേരുകൊണ്ടാണു് അറിയപ്പെടുന്നതു്. ആ വംശജരാണു് ഇപ്പോൾ കൗമുഡിയിലും, പാളയംപട്ടിയിലും താമസിക്കുന്നതു്. ഇവർ ഇപ്പോഴും കാലാകാലങ്ങളിൽ മേല്പറഞ്ഞ സ്ഥലങ്ങളിൽ പോയി പൂജാദികർമ്മങ്ങൾ നടത്തിവരുന്നു. കൗമുഡിയിൽതന്നെ ഇവരുടെ ജനസംഖ്യ ഇപ്പോൾ ഉദ്ദേശം പന്തീരായിരത്തിൽപരം ഉണ്ടു്. ഇവർ സ്വന്തമായി ക്ഷേത്രങ്ങൾ സ്ഥാപിച്ചു് ആരാധന നടത്തിവരുന്നു. ഈ സ്ഥലത്തിലെ നാടാർസമുദായക്കാർ അന്യ

* ചാനാർ മനു.

സമുദായക്കാരുമായി സ്വാതന്ത്ര്യത്തിനുവേണ്ടി സുധീരം പോരാടീട്ടുള്ളവരാണു്. അതിനുവേണ്ടി 1842-ൽ കരുത്തുടയാൻ കൊള്ള, 1892-ൽ പല്ലക്കു് പവ്വനിക്കേസ്സു്, 1896-ൽ ക്ഷേത്രപ്രവേശന കാവടിക്കേസ്സു്, 1918-ൽ നാടാർ-മറവർ ലഹള എന്നിവ നടത്തീട്ടുള്ളതു് വെറും ചരിത്രപരമാത്ഥ്യങ്ങളം മാത്രമാണു്.

1892-ൽ "ആറു് ഊരു തൊകുതി" ഒരു ക്രട്ടംക്രടി വിദ്യാഭ്യാസപ്രചരണം നടത്തുന്നതിനു നിശ്ചയിച്ചു. കൗമുഡി, പാളയംപട്ടി, അരുപ്പുക്കോട്ട, വിരുതുനഗർ, ശിവകാശി, ചാത്താംകുളം ഇവയാണു് ആറു് ഊരുകളം. തത്ഫലമായി ഇവിടങ്ങളിൽ അനവധി സ്കൂളുകളം ആവിർഭവിച്ചു. ഇതിൽ പല സ്കൈസ്കൂളുകളിലും സൌജന്യമായിട്ടാണു് ജാതിമതവ്യത്യാസമെന്യേ വിദ്യാത്ഥികളെ ചേത്തു പഠിപ്പിച്ചുവരുന്നതു്. വിരുതുനഗർ, ശിവകാശി മുതലായ സ്ഥലങ്ങളം ഇതിലേയ്ക്കു മകുടോദാഹരണങ്ങളം ളാണു്.

ഇവർ രാജ്യം ഉപേക്ഷിച്ചു് നാഞ്ചിനാട്ടിൽ വന്നു് താമസം ഉറപ്പിച്ചതായി "ചാൻറോർ മനു" എന്ന പുസ്തകത്തിൽ പറഞ്ഞുകാണുന്നു. അനേകനൂറാണ്ടുകാലം കൊർക്കൈ രാജധാനിയാക്കി രാജ്യഭാരം ചെയ്തിരുന്ന "തിരുവഴുതിവളനാട്ട" പാണ്ഡ്യവംശം ഇപ്രകാരം അവസാനിച്ചു.

പഞ്ചപാണ്ഡ്യരുടെ ഭരണത്തിൽ സംതൃപ്തരായിരുന്ന ജനങ്ങളം അനന്തരകാലത്തു യുദ്ധഭൂമിയിൽ ക്ഷേത്രങ്ങളം സ്ഥാപിച്ചു് പൂജാദികമ്മങ്ങളം നടത്തിപ്പോരുന്നുണ്ടു്.

പങ്കുനിമാസത്തെ (മീനമാസത്തെ) "മാരിയമ്മൻ തിരുവിഴ" ഇന്നും പ്രസിദ്ധിപെറ്റതാണു്. ഇവരുമായി ഭഞ്ജവയുദ്ധത്തിൽ വിജയിയായ വിശ്വനാഥനായിക്കന്റെ കാലത്താണു് (1564-ൽ) നാടാർസമുദായത്തിനുണ്ടായിരുന്ന ക്ഷേത്രപ്രവേശനം നിശ്ശേഷം നിവൃത്തലാക്കിയതു്.

6. നാടാർസമുദായത്തിന്റെ അധഃപതനം

ഏ. ഡി. 1564-ൽ വിശ്വനാഥനായിക്കൻ മരണമടഞ്ഞു. അനന്തരം അദ്ദേഹത്തിന്റെ പുത്രനായ "കുമാരകൃഷ്ണപ്പനായിക്കർ" കിരീടധാരണം ചെയ്തു. ഇദ്ദേഹം ഏ. ഡി. 1574-വരെ രാജ്യം ഭരിച്ചു. അനന്തരം അദ്ദേഹത്തിന്റെ മകനായ പെരിയ വീരപ്പനായിക്കരെ കിരീടാവകാശിയായി അവരോഹണം ചെയ്യിച്ചു. ഇദ്ദേഹത്തിന്റെ ഭരണകാലത്താണു് നാടാർസമുദായത്തിനു് അധഃപതനം ഭവിച്ചതു്.

7. അധഃപതനകാരണങ്ങൾ

ഇദ്ദേഹത്തിന്റെ ഭരണകാലത്തു് * സകല ഗ്രാമങ്ങളിലും താമസക്കാരായിരുന്ന പല ജാതികളെയും ക്ഷണിച്ചുവരുത്തി പാണ്ഡ്യവംശക്കാരോടുകൂടി പന്തിഭോജനം ചെയ്യരുതെന്നും, അവരുടെ സുഖാസുഖങ്ങളിൽ പങ്കുകൊള്ളരുതെന്നും, ഇവരുടെ നമ്മിന്മകൾക്കു് പുരോഹിതന്മാർ പോകരുതെന്നും ആജ്ഞ നല്കി. ഒരു സ്ഥലത്തുതന്നെ നാടാർസമുദായക്കാർ താമസിച്ചാൽ കച്ചവടം മുതലായ മാർഗ്ഗങ്ങളിൽക്കൂടി പ്രബലന്മാരാകുകയും സംഘബലം വർദ്ധിക്കയും ചെയ്യുമെന്ന ഉദ്ദേശത്താൽ ഓരോരുത്തരുടെ നില അന

* ക്ഷത്രിയവിനാഴിടെ

സരിച്ചു * ഇത്രകാലംവരെ ഒരു സ്ഥലത്തു താമസിച്ചശേഷം അവിടം ഉപേക്ഷിച്ചു മറെറാരു സ്ഥലത്തേയ്ക്കു പോകണമെന്ന വ്യവസ്ഥ ഉണ്ടാക്കി. തന്നിമിത്തം ഇവർ അനവധി കഷ്ടനഷ്ടങ്ങളും അനുഭവിക്കേണ്ടതായിവന്നു. ഇക്കാലത്തു † "കന്നിവാടി ചിന്നക്കതിർനായിക്ക" നായ സേനാനായകനാൽ തല ഛേദിക്കപ്പെട്ട ചെറിയ രാജാക്കന്മാരിൽ ഒരാളായ "ആരുവ" (നാടാരുവാർ) രുടെ ബന്ധുക്കൾ വേണാട്ടിൽ വന്നുചേർന്നതായി "ചാന്റോർമറ" എന്ന പുസ്തകത്തിൽ കാണുന്നു. ഇപ്രകാരമുള്ള അനവധി ക്രൂരകൃത്യങ്ങൾക്കു് അരിയനായിക്കമുതലിയാരുടെ കാലത്തു് നാടാർസമുദായക്കാർ വിധേയരാകേണ്ടിവന്നിട്ടുണ്ടു്. ഭരണാധികാരികളിൽനിന്നും അടിക്കടി ഉപദ്രവം നേരിട്ടുകൊണ്ടിരുന്നതിനു പുറമേ ഇതരസമുദായക്കാരും ഇവരെ അധഃപതിപ്പിക്കുവാൻ ഉറവു ശ്രമിച്ചുതുടങ്ങി. അക്കാലങ്ങളിൽ ക്രൂരന്മാരായ മറവന്മാരിൽനിന്നും അനവധി ദുരിതങ്ങളും ഏറ്റുപ്പെട്ടുകൊണ്ടിരുന്നു. തന്നിമിത്തം മധുരയിലുണ്ടായിരുന്ന നാടാർകുടുംബങ്ങളിൽ പലരും അന്യനാട്ടുകളെ അഭയം പ്രാപിക്കേണ്ടിവന്നു. തിരുചിരപുരം, കോയമ്പത്തൂർ, സേലം മുതലായ സ്ഥലങ്ങളിൽ പോയി താമസിച്ചവർ നാടാർ എന്ന പേരിനാൽ അറിയപ്പെട്ടുമെങ്കിൽ വളരെ ക്ലേശങ്ങൾക്കു വിധേയരാകുമെന്നു കരുതി പേരു മാറ്റി ചെട്ടി, മുതലി, ഗ്രാമിണി മുതലായ നാമങ്ങളിൽ താമസിച്ചു.

കൊല്ലം 760 (ഏ. ഡി. 1585) മകരമാസം 14-ാം തീയതി ശുക്രവാരവും അത്തം നക്ഷത്രവും ക്രൂടിയ ശുഭ

---

* നാടാർമന്നരും നായിക്കമന്നരും P. 103

† ചാന്റോർമറ P. 116

യോഗത്തുദ്ദിനത്തിൽ കൂട്ടനാട്ട് തിരിച്ചന്തൂർ ത്രിഭുവന മഹാദേവി ചതുർവ്വേദിമംഗലത്തിൽ നായനാസ്വാമി

8. തിരിച്ചന്തൂർ ശാസനം
ഏ. ഡി. 1585

സ്വർണ്ണനിലയത്തിൽ തിരിച്ചന്തൂർ സ്വാമി ശിവകൊഴിന്തീശ്വരൻകോവിൽ ശിവക്കൊഴുന്തുമുതലിയാർ ദ്രവ്യത്താലും, സ്വാമിക്കൊത്തനാലും, വേലായുധശിവപണ്ടാരത്താലും കെട്ടപ്പെട്ട പെരിയകൊട്ടാരവാസൽ പെരിയകതവുക്കും കിഴക്ക് വിജയരങ്കനായിക്കർ കാശിവക്കൊത്തുനായിക്കർ ഇവർകഠം അധികാരത്തിൽ അവർകഠം വകൈ നരസിംഹരായർ കൃഷ്ണരായർ അധികാരത്തിൽ കൂട്ടപ്പെമണ്ഡപത്തു എൽഹയാവതു്. വടയൽഹയു്— ചിമ്മിച്ചെട്ടി ചുപ്പരായച്ചെട്ടി നന്തവനപ്പുശൈ മടത്തുക്കും തെക്ക് കതവില്ലാത പെരിയകൊട്ടാരവാതലുക്കും കരുപ്പസ്വാമി കൊത്തുകല്ലുക്കും മേക്ക് ശിവനനന്തപെരുമാൻ പിള്ളൈ ചത്തിരത്തിക്കും പാച്ചുരമ്പയൻ മുന്നോർകഠം കാലുമനയുംഠം വടക്കു ഇന്ത നാലു എൽഹയുംകത്തുമുഠം പ്പെട്ട മണ്ഡപം കായാംമൊഴിയിലിരിക്കും ശിവന്തി ആദിത്യനാടൻ, കുമാരസ്വാമി ആദിത്തനാടൻ ഉള്ളിട്ടാരാൽ അപ്പോതു വഴങ്കപ്പെട്ട നാണയം തടിക്കാതു് കുണ്ഡപ്പവരാഹൻ ഏകു്രാനാണയം.....ഇതുകളാൽ കെട്ടപ്പെട്ട മണ്ഡപം ഇതൻ കണക്കു് നാടാക്കഠംവീട്ടിൽ ചോതന ചെയ്തു് ടി കണക്കിൽ അതികാരസ്തർ കയ്യെഴുത്തുസഹിതം പാവേയിടപ്പെട്ടും കയ്യെഴുത്തു പാക്കപ്പെട്ടിരുന്ത കണക്കു് ചീരണപ്പെട്ടു് അതിക്കു് പതിൽനകൽ എഴുതപ്പെട്ടിരിക്കുൻറതു്. നകൽ എഴുതിനതു് നാടാക്കഠം കണക്കു് വീരവാഹുപിള്ളൈ." ഇതിൻപ്രകാരമുള്ള മറനവധി

വിവരങ്ങളും കായാംമൊഴി ആദിത്യനാടാരെക്കുറിച്ചുള്ള പൂർവ്വചരിത്രങ്ങളും പണ്ഡിത മി. മാസിലാമണിനാടാർ രചിച്ച പാണ്ഡ്യദേശ ആദിത്യനാടാർചരിത്രം എന്ന പുസ്തകത്തിൽനിന്നും വ്യക്തമാകുന്നുണ്ട്.

ഏ. ഡി. 1560-ൽ പഞ്ചപാണ്ഡ്യരും നായക്കന്മാരുമായുണ്ടായ യുദ്ധം അവസാനിച്ചു് 24 വർഷം കഴിഞ്ഞതിനുശേഷം എഴുതിയതായി കാണുന്ന ഈ ശാസനത്തിൽ വിജയനഗരനായിക്കർ, കാശിപക്കൊത്തുനായിക്കർ ഇവരുടെ അധികാരം നിലനിറുത്തിവരുന്നതിനാൽ നായക്കന്മാരുടെ ഭരണം താമ്രവർണ്ണിയുടെ തീരംവരെ സ്ഥാപിച്ചിരുന്നതായി കാണുന്നു. ഇപ്രകാരം നായിക്കന്മാരുടെ ഭരണം സുസ്ഥാപിതമായതിനാൽ നാടാർജാതിക്കാർ താമ്രവർണ്ണിക്കു വടക്കുള്ള വസ്തുക്കളെ ഉപേക്ഷിച്ചു് അതു പിന്നീടു് ബ്രാഹ്മണക്കും വെള്ളാളക്കും അധീനമായി.

പഞ്ചപാണ്ഡ്യരുടേയും നായിക്കന്മാരുടേയും യുദ്ധം നടന്ന കാലത്തു് തിരുനൽവേലിയിൽ ഭരണം നടത്തിവന്നതു് വീരപാണ്ഡ്യൻ എന്ന രാജാവായിരുന്നു. മധുര തിരുപ്പണിമാലയിലെ "വിഞ്ചിവരു തിരുവടിത നൈപ്പൊരുതു് തിറൈകൊണ്ടു് മീനവനെ വാഴ്വിത്തമാൻ" എന്ന പദ്യത്തെ ആസ്പദമാക്കി അവലോകനം ചെയ്യുന്നതായാൽ തിരുവഴതിവളനാട്ടിലെ പഞ്ചതിരുവടി രാജാക്കന്മാരെ നായിക്കൻ ജയിച്ചതായും അനന്തരം തിരുനൽവേലി പാണ്ഡ്യനായ വീരപാണ്ഡ്യനോടു് സ്നേഹമായി ജീവിച്ചതായും വെളിപ്പെടുന്നുണ്ടു്. പാണ്ഡ്യനായിക്കയുദ്ധകാലങ്ങളിൽ കയത്താറുപാണ്ഡ്യനും

9. വീരപാണ്ഡ്യൻ
ഏ. ഡി. 1552-മുതൽ
1564-വരെ

തെൻകാശി പാണ്ഡ്യനും * കൊച്ചീരാജ്യത്തിൽ പോയി താമസിച്ചതായും തെളിയുന്നു. അതുപോലെതന്നെ ഇദ്ദേഹവും മറ്റ് എവിടയോ പോയി താമസിച്ചിരിക്കാം. വീര പാണ്ഡ്യൻ തന്റെ പുത്രിയെ ആദിത്യനാടാർ കുലജാതനായ ഒരാൾക്ക് വിവാഹം ചെയ്തുകൊടുത്തു് അദ്ദേഹത്തെ † തന്റെ രാജ്യത്തിന് അധിപതിയായി അവരോഹണം ചെയ്യിച്ചു.

പാണ്ഡ്യരാജ്യചരിത്രമെഴുതിയ മി. ആർ. ഠരിഹരയ്യർ ‡ ഈ വീരപാണ്ഡ്യൻ കയറ്റാത്തധിപതിയായ വെട്ടുംപെരുമാൾപാണ്ഡ്യനോട് ഇളവേലൻകാൽ എന്ന സ്ഥലത്തുവച്ച് ഒരു യുദ്ധം നടത്തി, ആ രാജാവിനെ തോല്പിച്ചു് ആ രാജ്യത്തെ തന്റെ രാജ്യത്തോട് ചേർത്തതായി പറഞ്ഞിരിക്കുന്നു.

കയത്താറിൽ രാജ്യഭാരം ചെയ്ത വെട്ടുംപെരുമാൾ പാണ്ഡ്യൻ മൻപറഞ്ഞ കുലശേഖരപ്പെരുമാൾപാണ്ഡ്യനു് തന്റെ മകളെ വിവാഹം ചെയ്തുകൊടുത്തു. വെട്ടുംപെരുമാൾ എന്ന സ്ഥാനം കയത്താറുവംശജർക്ക് വംശപരമ്പരയായി പറഞ്ഞുപോരുന്ന പേരായിരുന്നു. വീരപാണ്ഡ്യനാൽ രാജ്യഭാരം ഉപേക്ഷിച്ച വെട്ടുംപെരുമാളുടെ വംശജർ അനന്തരം ദക്ഷിണകടൽത്തീരത്തു പോയി കുട്ടനാട്ടിൽ താമസമുറപ്പിച്ചു. ഇദ്ദേഹത്തിന്റെ മക്കൾ വെട്ടുംപെരുമാൾ, മൂത്തംപെരുമാൾ, വീരഗുരുപ്പെരുമാൾ എന്നിവർ ആയിരുന്നു. തിരുവഴതിവളനാട്ടിനു ദക്ഷിണഭാഗത്തുള്ള

---

* വടകര ജമീൻചരിത്രം

† ആദിത്യനാടാർചരിത്രം

‡ തിരുനൽവേലിജില്ലാചരിത്രം

മാനവീരനാട്ട്, കൂട്ടനാട്ട് എന്നീ രണ്ടു നാടുകളും പ്രാചീനകാലങ്ങളിൽ വളരെ പ്രതാപം ആർജ്ജിച്ചുവയായിരുന്നു. തിരിച്ചന്തൂർനഗരമാണു കൂട്ടനാട്ടിലെ പ്രധാനപട്ടണം. തിരിച്ചന്തൂർശാസനങ്ങളിൽ ഈ സ്ഥലത്തിനു് കൂട്ടനാട്ട്, കൂടനാട്ട്, തിരിച്ചന്തൂർ എന്നു കാണുന്നു.

തിരുനൽവേലി രാജാവായ വീരപാണ്ഡ്യന്റെ ഭരണം അവസാനിച്ചതിനുശേഷം വിശ്വനാഥനായിക്കന്റെ കാലത്തും വിജയനഗരഭരണകാലത്തും നാടാർസമുദായക്കാർക്കു നേരിട്ട കഷ്ടനഷ്ടങ്ങളും വാചാമഗോചരമായിരുന്നു.

ഇദ്ദേഹം തെൻകാശിയിൽ ഭരണം നടത്തിവന്നു. ഭരണമേറ്റയുടനെ വിക്രമസിംഹപുരം, രാജവല്ലിപുരം, വിന്തനല്ലൂർ, വൈപ്പാറു്, ചെണ്ടം, അറന്ത, മുതല, അനര എന്നീ എട്ടു സ്ഥലങ്ങളിലും ഭരണം നടത്തിവന്ന ചെറിയ രാജാക്കന്മാരെ തോല്പിച്ചു് * രാജ്യം കൈവശപ്പെടുത്തി.

10. ഹരികേസരി പരാക്രമപാണ്ഡ്യൻ
ഏ. ഡി. 1520-മുതൽ 1562-വരെ

ഏ. ഡി. 1324-ൽ നടന്ന മഹമ്മദീയാക്രമണത്താൽ രാജ്യഭ്രഷ്ടരാക്കപ്പെട്ടവരോ അതോ തെൻകാശിയിൽത്തന്നെ പാരമ്പര്യമായി താമസിച്ച പാണ്ഡ്യവംശജരോ ആയിരിക്കാം ഇദ്ദേഹത്തിന്റെ പൂർവികകുടുംബക്കാർ.

ഇദ്ദേഹം 42 വർഷം രാജ്യഭരണം ഭംഗിയാകുംവിധം നടത്തി. തെങ്കാശിയിലെ വിശ്വനാഥക്ഷേത്രം കെട്ടിച്ചതു് ഇദ്ദേഹമാണു്. തെങ്കാശിയിൽനിന്നും മലയാളത്തിലേയ്ക്കു കടക്കുന്നതിനു് ആയ്ങ്കാവുപാതയ്ക്കു തെക്കുവശമായി

* തിരുനൽവേലിജില്ലാചരിത്രം

1700 അടി നീളത്തിൽ ഒരു വഴി വെട്ടി അതിന് 'ചാ ന്നാർപാത' എന്ന നാമകരണം ചെയ്തു. ഇപ്പോൾ ഇതു് ഉപയോഗശൂന്യമായി കാണപ്പെടുന്നു. തുലാഭാരം അക്കാ ലത്തെ രാജാക്കന്മാരുടെ ഒരു പ്രധാന ചടങ്ങായിരുന്നു. ഇതിലേയ്ക്കു പ്രത്യേകനാണയമാണു് ഉപയോഗിച്ചിരുന്ന തു്. ഇദ്ദേഹത്തിന്റെ കാലത്തു് ഉപയോഗിച്ചിരുന്ന നാണ യത്തിനു് 'ചാണാർ കാശു്' എന്ന പേരിട്ടു. തിരുവിതാം ക്കൂർ സ്റ്റേറ്റുമാനുവലിൽ താഴെ കാണുംവിധം രേഖപ്പെട്ട ത്തിയിരിക്കുന്നു:—

* "തുലാഭാരം അടിയന്തിരം മഹാരാജാക്കന്മാർ നട ത്തിയ കാലങ്ങളിൽ മഹാരാജാവിനു് ഇടയ്ക്കിടയുള്ള സ്വർണ്ണം തൂക്കുന്നതിൽ ഇട്ടുന്നതു് അതുപോലെ ഒരുവിധം നാണയ ത്തിന്റെ ആകൃതിയിൽ ആയി ഉണ്ടാക്കപ്പെട്ടിട്ടുള്ളവയാ കുന്നു. ഈ തുലാഭാരക്കാശുകൾ നടപ്പുനാണയങ്ങൾ അല്ല. ക്ഷേത്രങ്ങളിൽ കാണിക്ക ഇടുന്ന വകയ്ക്കായി ഉപയോഗി ച്ചുവന്നിരുന്നു. ചാണാർകാശു് ഓർല്ലഭങ്ങളായിത്തീർന്ന പ്പോൾ അരപ്പവൻ, ഒരു പവൻ എന്നീ ഇംഗ്ലീഷുനാണയ ങ്ങൾക്കൊപ്പം ഇടയുള്ള ഏതാനും നാണയങ്ങൾ കാണി യ്ക്കുവാൻ ഉപയോഗിക്കാൻ മാത്രമായി ഒരിക്കൽ അടിച്ചു വരുത്തിവച്ചിട്ടുണ്ടു്."

ഇദ്ദേഹത്തിനു് കാശികണ്ട പാണ്ഡ്യൻ, ചെമ്പകരാമ പാണ്ഡ്യൻ, അണ്ണാവിപാണ്ഡ്യൻ എന്നീ നാമങ്ങളുണ്ടു്. ഹരികേസരി പരാക്രമപാണ്ഡ്യൻ സ്വഭാര്യയോടുകൂടി കാ ശിയിൽ പോയി ശിവലിംഗം കൊണ്ടുവരുമ്പോൾ മല്ലിനാ ട്ടിൽവച്ചു് ഭാര്യ അത്തവിച്ചതിനാൽ ഇദ്ദേഹം ആ ശിവ

* തിരുവിതാംകൂർ സ്റ്റേറ്റുമാനുവൽ മലയാളം P. 38

ലിംഗം അവിടെത്തന്നെ പ്രതിഷ്ഠിച്ചു പൂജ നടത്തി. * അതാണു് ശിവകാശി.

ഇദ്ദേഹത്തിന്റെ മകൻ അഭിരാമപരാക്രമപാണ്ഡ്യനും അദ്ദേഹത്തിന്റെ പുത്രൻ വീരപാണ്ഡ്യനുമായിരുന്നു. പഞ്ചപാണ്ഡ്യയുദ്ധകാലത്തു് തിരുനൽവേലിയിൽ ഭരണം നടത്തിവന്നതു് ഇദ്ദേഹമായിരുന്നു. ഈ വീരപാണ്ഡ്യനു് ആദ്യഭാര്യയിൽ രണ്ടും, ദ്വിതീയഭാര്യയിൽ ഒന്നും സന്താനങ്ങളുണ്ടായിരുന്നു. അതിൽ കനിഷ്ഠപുത്രൻ ശ്രീവല്ലഭപാണ്ഡ്യനും, അനുജൻ അതിവീരരാമപാണ്ഡ്യനുമാണു്. രണ്ടാമത്തെ ഭാര്യയിലെ പുത്രൻ വരതുംഗപാണ്ഡ്യരാമപാണ്ഡ്യനായിരുന്നു. കീഴ്വേമ്പുനാടു്, മേൽവേമ്പുനാടു്, മുള്ളിനാടു് എന്നറിയപ്പെട്ടിരുന്ന തിരുനൽവേലിയിലെ തെൻകാശി, കരിവലം, വന്തനല്ലൂർ, ചോഴപുരം എന്നീ സ്ഥലങ്ങളിൽ യഥാക്രമം ഭരണാധികാരികളായിത്തീർന്നു. ഇവരുടെ ഭരണകാലം ഏ. ഡി. 1564-നുശേഷമാണു്. വിജയനഗരരാജ്യത്തിന്റെ ശക്തി ക്ഷയിക്കുകയാൽ മധുരനായിക്കന്മാർക്കു് ഇവർ കപ്പം കൊടുത്തുവന്നു. ആദ്യം പ്രസ്താവിച്ച രണ്ടുപേരും ഈശ്വരഭക്തിയിൽ അദ്വിതീയന്മാരായിരുന്നു. മാത്രമല്ല തമിഴ്സാഹിത്യത്തെ പ്രോത്സാഹിപ്പിച്ചവരും അനവധി ഗ്രന്ഥങ്ങളുടെ നിർമ്മിതാക്കളും കൂടിയായിരുന്നു. ഇവർ രചിച്ച പ്രധാന ഗ്രന്ഥങ്ങളാം † ബ്രഹ്മോത്തരകാണ്ഡം, നൈഷധം, കൊക്കോകം, ക്രമപുരാണം, ലിംഗപുരാണം, മാഘപുരാണം, കാശികാണ്ഡം, കരുവൈപ്പതിറ്റുപ്പത്തന്താതി, കരുവൈ കലിത്തുറയ

* നാടാർമന്നരും നായിക്കമന്നരും P. 109

† നാടാർമന്നരും നായിക്കമന്നരും P. 112

ന്തതി, കരുവൈ വെൺപാവന്തതി, അംബികമാലൈ, നവന്തൊകൈ മുതലായവയാണു്.

വീരപാണ്ഡ്യന്റെ മൂത്തമകനായ ശ്രീവല്ലഭപാണ്ഡ്യൻ ഏ. ഡി. 1564-ൽ തിരുനൽവേലിയിലെ ഭരണാധികാരിയായിത്തീർന്നു. രണ്ടാമത്തെ മകനായ അതിവീരപരാക്രമപാണ്ഡ്യൻ തെൻകാശിയിലേയ്ക്കും ഭരണാധിപതിയായി. അദ്ദേഹത്തിന്റെ മകനായ ശ്രീവല്ലഭപാണ്ഡ്യൻ ഏ. ഡി. 1616-മുതൽ കുറെക്കാലം ഭരണം നടത്തി.

ഇതിൽനിന്നും ഒരു ശാഖ തെക്കുംക്കൂർ, വടക്കുംക്കൂർ എന്നീ രാജാക്കന്മാരിൽനിന്നും സ്ഥലങ്ങൾ കൈവശപ്പെടുത്തി പൂഞ്ഞാറു് വന്ന താമസമായി. ഇതു സംബന്ധിച്ചു് ആദികേരളീയചരിത്രത്തിൽ * "പൂഞ്ഞാറു് രാജകുടുംബം മധുര രാജാക്കന്മാരുടെ വംശത്തിൽപ്പെട്ടതാകുന്നു. ഈ സപ്തർഷത്തിൽപ്പെട്ട ദേശങ്ങൾ തെക്കുംക്കൂർ, വടക്കുംക്കൂർ എന്നീ രാജാക്കന്മാരുടെ അടുക്കൽനിന്നും സമ്പാദിച്ചവയാണു്. കണ്ണൻതേവൻമല കൊ: വ: 427-ൽ കീഴ്മല നാട്ടിലെ അധിപതിയും, മഞ്ഞമല കൊ: വ: 594-ൽ വെണ്മലനാടു ഗോദവമ്മരും പൂഞ്ഞാറിലേയ്ക്കു നൽകിയതായി രേഖകളുണ്ടു്. കൊ: വ: 364-ാമാണ്ടിടയ്ക്കു് ആദിത്യവമ്മ എന്ന തിരുവിതാംക്കൂർ രാജാവിന്റെ കാലത്തു് ഈ രാജകുടുംബം കുടിയേറിയതായും, ആ മഹാരാജാവു് ഒരു സ്ഥലം നല്കിയതായും തിരുവിതാംക്കൂർ ചരിത്രത്തിൽ പ്രസ്താവിച്ചിരിക്കുന്നതു് വാസ്തവമാണെങ്കിൽ അക്കാലത്തു് തിരുവിതാംക്കൂർ ആധിപത്യം വടക്കൻദിക്കുകളിലും വ്യാപിച്ചിരുന്നിരിക്കണം. കൊ: വ: 79 പൂരുട്ടാശി 11-ാംതീയ

* ആദികേരളീയചരിതം P. 46

തിയിലെ ഒരു ശിലാശാസനത്തിൽനിന്നും പാണ്ഡ്യരാജാവിന്റെ കീഴിലിരുന്ന ഒരു രാജാവു് തിരുവിതാംകൂറിൽ കൂടിപാത്തതായി പറയുന്നു" എന്നു പറഞ്ഞിരിക്കുന്നു. ഇതിൽനിന്നും ഇന്നു തിരു-കൊച്ചിയുടെ ഭാഗമായിരിക്കുന്ന ദേവികുളം, പീരിമേട്ടു് മുതലായ സ്ഥലങ്ങളും മുൻപു പാണ്ഡ്യരാജ്യത്തിനു വിധേയമായിരുന്നുവെന്നു വ്യക്തമാകുന്നുണ്ടല്ലോ.

11. തെൻകാശി പാണ്ഡ്യരുടെ അവസാനം

തെൻകാശിയിൽ ഒരു പാണ്ഡ്യൻ വളരെ പ്രസിദ്ധിയോടുകൂടി ഭരണം നടത്തിവന്നു. * അദ്ദേഹത്തിനു രണ്ടു പുത്രന്മാരുണ്ടായിരുന്നതിൽ അച്ഛന്റെ മരണാനന്തരം പ്രഥമപുത്രൻ ഭരണമേറ്റു. തെൻകാശിയുടെ മേൽഭാഗത്തും കീഴ്ഭാഗത്തുമായി രണ്ടു കൊട്ടാരങ്ങളും ഉണ്ടായിരുന്നതിൽ മൂത്ത മകൻ മേൽകൊട്ടാരത്തിലും ഇളയമകൻ കീഴ്കൊട്ടാരത്തിലുമാണു താമസിച്ചിരുന്നതു്. കിരീടധാരിയായ ആദ്യം അഴകിൻപെരുമാൾ പാണ്ഡ്യൻ, വീരപാണ്ഡ്യൻ എന്നു് രണ്ടും, അനുജനു് കുലശേഖരപാണ്ഡ്യൻ, ശ്രീഫലപാണ്ഡ്യൻ എന്നു് രണ്ടും സന്താനങ്ങളും ജനിച്ചു. ഈ നാലു രാജകുമാരന്മാരും ഏകോദരസഹോദരഭാവത്തിൽ വളർന്നു് യൗവനദശയിൽ എത്തി. പിതാക്കളുടെ മരണാനന്തരം ഇവർക്കു തമ്മിൽ വൈരമുണ്ടായി. ഇളയസഹോദരന്റെ പുത്രർ അവർക്കു ലഭിക്കേണ്ട ന്യായമായ പങ്കുതിരാജ്യം ജ്യേഷ്ഠനോടു് ആവശ്യപ്പെട്ടു. എന്നാൽ കൊടുക്കാമെന്നു പറഞ്ഞു് കാലദൈർഘ്യമുണ്ടാക്കിയതല്ലാതെ രാജ്യം കൊടുക്കുന്നതിനു

* തെൻകാശിയിലെ കുമ്പലാമേരിഗ്രാമത്തിൽനിന്നും കണ്ടുകിട്ടിയ പുരാതനഗ്രന്ഥത്തിൽ കാണുന്ന വിവരം.

സന്നദ്ധനായില്ല. തന്നിമിത്തം ഇരുകൂട്ടർക്കും വിരോധം വർദ്ധിച്ചു.

എന്നാൽ ഉള്ളിൽ വിരോധമാണെങ്കിലും കീഴ്കൊട്ടാരത്തിലെ രാജകുമാരന്മാർ അതു പുറത്തു കാണിക്കാതെ കഴിച്ചുവന്നു. തങ്ങളുടെ കോട്ടയ്ക്കുള്ളിൽ ഗൂഢമായി ഒരു ഗുഹയുണ്ടാക്കി അതിൽ കൊലയാളികളെ ഏർപ്പാടുചെയ്ത് ഇരുത്തിയിട്ട് മേൽകോട്ടയിൽ പോയി മറവ് ഇരുവരെയും സൗഹാർദ്ദമായി ക്ഷണിച്ചുകൊണ്ടുവന്നു. അഴകിൻപെരുമാൾപാണ്ഡ്യന്റെ ഭാര്യ ഈ യാത്രയെ തടുത്തെങ്കിലും സഹോദരങ്ങളുടെ ചതിപ്രയോഗം ഗ്രഹിക്കാത്ത ഇവർ അതു വകവച്ചില്ല.

കീഴ്കോട്ടയിൽ പോയി വിഭവസമൃദ്ധമായ സദ്യ കഴിഞ്ഞ് സൗഹാർദ്ദമായി സംസാരിച്ച് ഇരുകുടുംബക്കാരും വളരെ സമയം കഴിച്ചുകൂട്ടി. ഒടുവിൽ ചതിപ്രയോഗത്തിനായി തയാർചെയ്തിട്ടുള്ള ഗുഹയിലേയ്ക്ക് ഇവരെ ക്ഷണിച്ചുകൊണ്ടുപോയി വിട്ടതിനുശേഷം ഇരുവരും അപ്രത്യക്ഷരായി. ഉടൻതന്നെ അവിടെ തയാറായി നിന്ന കൊലയാളികൾ കഠാരിയാൽ ഇവരുടെ ജീവനെ ഹനിക്കാൻ ശ്രമിച്ചു. വളരെ സമയത്തെ ദ്വന്ദ്വയുദ്ധത്തിനുശേഷം ജ്യേഷ്ഠൻ മരണമടഞ്ഞു. എന്നാൽ അനുജനായ വീരപാണ്ഡ്യൻ കൊലയാളികളെ നിഗ്രഹിച്ചതിനുശേഷം അടക്കാൻ കഴിയാത്ത കോപത്തോടുകൂടി പുറത്തു വന്ന് മറഞ്ഞുനോക്കിക്കൊണ്ടു നിന്ന ഈ ഇരുവരോടും എതിർത്തു. വളരെ സമയത്തെ മുഷ്ടിയുദ്ധത്തിന്റെ ഫലമായി രണ്ടുപേരും മരണമടഞ്ഞു. ഇപ്രകാരം മൂന്നുപേരും വീരസ്വർഗ്ഗം പ്രാപിച്ചതിനുശേഷം സഹോദരങ്ങളും മരിച്ചു താൻ ജീവി

ച്ചിരിക്കുന്നതു നിഷ്പ്രയോജനമെന്നോത്തു വീരപാണ്ഡ്യൻ സ്വന്തം വാളാൽ ആത്മഹത്യ ചെയ്തു. ഇതിൽ ദുഃഖിതയായ അഴകൻപെരുമാൾപാണ്ഡ്യന്റെ ഭാര്യ ഉടനടി ചാടി ആത്മഹത്യ ചെയ്തു. ഇപ്രകാരം തെൻകാശിവംശം നാമാവശേഷമായിത്തീർന്നു. അനന്തരം രാജ്യം നായിക്കന്മാർക്കു് അധീനപ്പെട്ടുപോവുകയും ചെയ്തു.

11. വാണിജ്യവും വ്യവസായവും

ഇപ്രകാരം പലരിൽനിന്നും അനവധി ക്ലേശങ്ങൾക്കു വിധേയരായ ക്ഷാത്രതേജസ്സു് ഉൾക്കൊള്ളുന്ന നാടാർസമുദായവ്യക്തികൾ അന്യക്കധീനമാകാതെ സ്വതന്ത്രമായ ജീവിതമാർഗ്ഗമായി സ്വീകരിച്ച തൊഴിലാണു് വാണിജ്യവും വ്യവസായവും. യുദ്ധകാലങ്ങളിൽ നിരവധി കായക്ലേശങ്ങൾ സഹിച്ചു് ശ്രദ്ധമാർഗ്ഗങ്ങളിൽക്കൂടി യുദ്ധസാമഗ്രികളും ആഹാരസാധനങ്ങളും എത്തിച്ചുകൊണ്ടിരുന്ന ഇവക്കു് ഇതു വളരെ സുഗമമായിരുന്നു. മാത്രമല്ല നായിക്കന്മാരുടെ നിർദ്ദേശാനുസരണം ക്രൂരന്മാരുടെ സ്ഥലംവിട്ട താമസിക്കേണ്ടിവന്ന നാടാർസമുദായപ്രമുഖന്മാക്കു് ഈ തൊഴിൽ ഒരു ജീവിതമാർഗ്ഗംകൂടെ ആയിരുന്നു. ഇപ്രകാരം വംശപരമ്പരയായി വാണിജ്യവ്യവസായാദിവൃത്തികളിലേർപ്പെട്ടു് അത്യുച്ചനിലയിൽ എത്തിച്ചേർന്ന ധനാഢ്യന്മാർ അനവധിയുണ്ടു്.

ദക്ഷിണഇൻഡ്യൻവാണിജ്യസംഘം പ്രസിഡൻറു് ശ്രീ എ. വി. തോമസ്സു് എം. പി–യുടെ സ്ഥാനം എന്താണു്? വാണിജ്യത്തിൽ അദ്ദേഹത്തിന്റെ കീർത്തി ഇൻഡ്യയിൽ മാത്രമല്ല പുറരാജ്യങ്ങളിലും വ്യാപിച്ചിട്ടുണ്ടു്. ബീഡിവ്യവസായത്തിൽ പ്രസിദ്ധിയാർജ്ജിച്ചിരിക്കുന്ന മുക്കുട

ലിലെ ചൊക്കലാൽസേട്ടിനെ സംബന്ധിച്ച് കേട്ടിട്ടില്ലാത്തവർ വാണിജ്യലോകത്തിൽ ആരുംതന്നെ ഉണ്ടായിരിക്കുകയില്ല. അതുപോലെതന്നെ തീപ്പെട്ടിവ്യവസായത്തിനു



ശ്രീ ഷണ്മുഖനാടാർ, ശിവകാശി


കീർത്തിയാർജ്ജിച്ചിരിക്കുന്ന ശിവകാശിയിലെ ശ്രീ ഷണ്മുഖനാടാരെപ്പോലുള്ള എത്രയോ വ്യവസായപ്രവർത്തകരാണു

നാടാർസമുദായത്തിലുള്ളതു്. മദ്രാസു്, രാമനാടു്, മധുര, ശിവകാശി, വിരുതുനഗർ, തൂത്തുക്കുടി, അരുപ്പുക്കോട്ട മുത ലായ സ്ഥലങ്ങളിലെ വാണിജ്യപ്രമുഖന്മാർ തങ്ങളുടെ സേവനംകൊണ്ടു് തനിക്കും നാട്ടിനും സമുദായത്തിനും ഒന്നുപോലെ പ്രയോജനപ്പെട്ടുത്തിപ്പോരുന്നു. ഈ കച്ച



ശ്രീ പെന്തിക്കുമാർനാടാർ, വിരുതുനഗർ


വടക്കാർ സംഘടിച്ച് മഹാമ എന്ന ഫണ്ട് വസൂൽചെയ്ത് ആ മൂലധനത്തിൽനിന്നും പൊതുസ്ഥാപനങ്ങളും നന്താവനങ്ങളും, സത്രങ്ങളും മുതലായവ നടത്തിപ്പോരുന്നു.



ശ്രീ പി. പൊന്നുമുത്തൻനാടാർ, കാഞ്ഞിരംകുളം

ഇപ്പോൾ നാടാർസമുദായത്തിന്റെ അഭിവൃദ്ധിയെ ലാക്കാക്കി മധുര ഹെഡ്ഡാഫീസായുള്ള നാടാർസംഘത്തിന്റെ ആഭിമുഖ്യത്തിൽ നാടാർബാങ്കും നടത്തിപ്പോരുന്നുണ്ട്. തിരുവിതാംകൂറിൽ ശ്രീ വി. പൊന്നയ്യാനാടാരുടെ

പ്രത്യേകമായ പരിശ്രമഫലമായി പലരെയും സംയോജിപ്പിച്ച് വിശ്വനഗറിലെ ശ്രീ ചെന്തിക്കുമാർനാടാരുടെ പ്രോത്സാഹനത്തോടുകൂടി തിരുവനന്തപുരത്തു് 'ദി നാടാർ



ശ്രീ പി. പരമേശ്വരൻനാടാർ

മെക്കന്റയിൽബാങ്കു്" എന്ന സ്ഥാപനം 1948 ഏപ്രിൽ മാസത്തിൽ സ്ഥാപിച്ചു. ഇപ്പോൾ മാത്താണ്ഡത്തും ഇതിന്റെശാഖ സ്ഥാപിച്ചിട്ടുണ്ടു്.

നെയ്യാറിൻകരതാലൂക്കിലെ ഒരു പ്രസിദ്ധ കച്ചവടക്കാരനായിരുന്നു് ഇപ്പോൾ സപത്നീകം ജാമാതാവിൽ നിക്ഷിപ്തമാക്കി, വ്ളാത്താങ്കര ശ്രീകൃഷ്ണസ്വാമിക്ഷേത്രക്കമ്മറ്റി പ്രസിഡൻറായി വർത്തിച്ചുപോരുന്ന ചെങ്കൽ മുരുകവിലാസം ബംഗ്ലാവിൽ ശ്രീ പി. പരമേശ്വരൻനാടാർ ജാതിമതഭേദമെന്യേ സകലരുടെയും സ്നേഹാദരങ്ങളെ ഒരുപോലെ സമാർജ്ജിച്ചുപോരുന്നു.



എം. കുഞ്ഞുകൃഷ്ണൻ നാടാർ,
അ: തിരു: നാടാർ മഹാജനസഭ പ്രസിഡൻറ്,
കാഞ്ഞിരംകുളം.

വാണിജ്യത്തിൽ ഇവരോടൊപ്പം പ്രതാപവാനല്ലെങ്കിലും സ്നേഷനറിവ്യാപാരം നിഷ്കളങ്കം നിർവ്വഹിച്ചു്

സംതൃപ്തനായി കഴിഞ്ഞുപോരുന്ന കാടത്തിരംകളം സ്വദേശിയായ ശ്രീ പി. പൊന്നുമുത്തൻനാടാരുടെ മാതൃകാപരമായ ജീവിതം അനുകരണായോഗ്യമാണു്.



നാടാർ മഹാജനസംഘം പ്രസിഡൻറ്
ശ്രീ കനകസഭനാടാർ

ഇപ്രകാരമുള്ള വിപ്ലവപരമായ വാണിജ്യവ്യവസായപുരോഗതി സമുദായമധ്യത്തിൽ നവചൈതന്യമുളവാക്കി.

12. സംഘടനകൾ

ധനപരമായ പുരോഗതി ഉണ്ടായതോടുകൂടിത്തന്നെ സംഘടനാവാഞ്ഛയും വർദ്ധിച്ചുവന്നു. അതിലേയ്ക്കു് സമുദായസ്നേഹികൾ പ്രവ

ത്തനം തുടങ്ങി. അങ്ങിനെ നാടാർസമുദായത്തിൽ പല സ്ഥലങ്ങളിലും സംഘടനകൾ രൂപം പ്രാപിച്ചു. അതിൽ പ്രാധമ്യം അർഹിക്കുന്നവ നാടാർമഹാജനസംഘം (മധുര), ദക്ഷിണമാറനാടാർസംഘം (തിരുനൽവേലി), അഖില തിരുവിതാംകൂർ നാടാർമഹാജനസഭ (കാഞ്ഞിരംകുളം), കേരളീയനാടാർസംഘം (കിടാരക്കുഴി), നാടാർസംഘം കുഴിത്തുറ, നാടാർസംഘം (നാഗർകോവിൽ) മുതലായവയാണു്. ഇപ്പോൾ മധുര ഹെഡ് ആഫീസായുള്ള നാടാർ മഹാജനസംഘത്തിന്റെ ശാഖകളായി അനവധി സംഘങ്ങൾ രൂപീകരിച്ചുവരുന്നു.

ഹൈന്ദവജനതയിൽനിന്നും അന്യമതത്തിലേക്കായി കൊണ്ടിരുന്ന മതപരിവർത്തനത്തെ നിയന്ത്രിക്കുന്നതിലേക്കായി രൂപീകരിച്ചിട്ടുള്ളവയായിരുന്നു തിരുവിതാംകൂറിലെ നാടാർ സംഘങ്ങൾ. ഇതിൽ കാഞ്ഞിരംകുളത്തുള്ള അ: തി: നാടാർ മഹാജനസഭ ശ്രീ സച്ചിതാനന്ദവിലാസം ഭജന മഠത്തെ കേന്ദ്രമാക്കിക്കൊണ്ടു നടത്തിപ്പോന്ന പ്രവർത്തനം സമുദായമദ്ധ്യത്തിൽ നവചൈതന്യമുളവാക്കി. ഭജന ഉത്സവത്തോടനുബന്ധിച്ചു നടത്തിയിട്ടുള്ള സാമുദായിക സമ്മേളനങ്ങളിലും മതസമ്മേളനങ്ങളിലും തിരുവിതാംകൂറിലെ ഉന്നതവ്യക്തികളെല്ലാം പങ്കുകൊണ്ടിരുന്നു. മാവിള ഭഗവതിക്ഷേത്രസന്നിധിയിൽ 1954 ജനുവരി 19-ാം തീയതി മുതൽ മൂന്നു ദിവസം നീണ്ടുനിന്ന സർവ്വമത സമ്മേളനം ഉൽഘാടനകർമ്മം നിർവ്വഹിച്ചതു് രാജപ്രമുഖൻ തിരുമനസ്സുകൊണ്ടായിരുന്നു. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്കു് സംഘം പ്രസിഡൻറ് എം. കുഞ്ഞുകൃഷ്ണൻനാടാർ അനുഷ്ഠിച്ചിട്ടുള്ള സേവനം പ്രശംസാർഹമാണു്.

---

# അദ്ധ്യായം വ
# വിപ്ലവപരമായ മുന്നേറ്റം

1. കുമാരവീരമാത്താണ്ഡൻനാടാർ. 2. മതപരിവർത്തനം. 3. നാടാർലഹള. 4. അഗ്നിക്കാവടിലഹള. 5. കാമരാജ്നാടാർ. 6. തിരുവിതാംകൂർ തമിഴ്നാട്ട കാൺഗ്രസ്സും നാടാർ സമുദായവും. 7. ഉപസംഹാരം.

തിരുമലനായിക്കന്റെ ഭരണം എ. ഡി. 1625-ൽ ആരംഭിച്ചു് അദ്ദേഹത്തിന്റെ പിൻബലത്തോടുകൂടി പലരും നാടാർസമുദായത്തെ പലപ്രകാരത്തിൽ ഉപദ്രവിക്കുവാൻ തുടങ്ങി. ക്ഷേത്രങ്ങളിൽ പതിവായി പ്രവേശിച്ചുകൊണ്ടിരുന്ന പ്രധാന വാതൽ ബന്ധിച്ചു് പ്രവേശനം നിരോധിച്ചു. അന്യത്ര (പുറം 67) പ്രതിപാദിച്ചിട്ടുള്ള ആനവരി, തലവരി, പടപ്പണം മുതലായ വരികൾ ഈ സമുദായത്തിന്റെമേൽ ചുമത്തി. രാജ്യഭാരം ചെയ്തുവന്ന നായിക്കന്മാരും ഇതരരാജ്യനിവാസികളും ഒത്തൊരുമിച്ചു് അതിയായ കഷ്ടനഷ്ടങ്ങളും മാനഭംഗങ്ങളും ചെയ്യാൻ നിശ്ചയിച്ചുറച്ചു.

**1. കുമാരവീരമാത്താണ്ഡൻനാടാർ**

തിരുമലനായിക്കന്റെ ഭരണകാലത്തിൽ ഇതരസമുദായക്കാർ അതികമാനം സംഘടിച്ചു് നാടാർസമുദായത്തെ നാമാവശേഷമാക്കുന്നതിനു പരിശ്രമിച്ചതിൽനിന്നും വിമോചനം നേടുന്നതിനുവേണ്ടി ഈ സമുദായാംഗങ്ങളും മുഴുവൻ സംഘടനാശക്തിയോടുകൂടി നവാബു് കുമാരവീരമാത്താണ്ഡൻനാടാരുടെ നേതൃത്വത്തിൽ എതിർക്കുന്നതിനു സന്നദ്ധമായി. ഈ ലഹളയിൽ അഥവാ സഹനസമരത്തിൽ അനവധി എണ്ണം മരണമടഞ്ഞു. പ്രതികാരേച്ഛയുക്ക

ളായ സമുദായങ്ങൾക്കും ഇതുതന്നെ ഒരു തക്കസമയമെന്നോർത്തു് അധികാരശക്തി മുഴുവൻ ഇവരുടെമേൽ പ്രയോഗിച്ചു. ഇതിൽനിന്നും രക്ഷ പ്രാപിക്കുന്നതിനു മതപരിവർത്തനമല്ലാതെ മറ്റു മാർഗ്ഗങ്ങളും ഇല്ലായിരുന്നു. അങ്ങനെ അനവധി ലക്ഷം ജനങ്ങൾ അന്യമതാവലംബികളായിത്തീർന്നിട്ടുണ്ടു്. കായർപട്ടണത്തിൽ താമസിച്ചിരുന്ന 800 കുടുംബക്കാർ * മഹമ്മദീയമതത്തിൽ ചേർന്നു. ഇപ്രകാരം മഹമ്മദീയമതത്തിൽ ചേരാതെയും തന്റെ ആജ്ഞയ്ക്കു കീഴ്പ്പെടാതെയും ജീവിച്ച നാടാർകുടുംബങ്ങളെ ഉന്മൂലനാശം വരുത്തുന്നതിനു് നായിക്കന്മാർ വിളംബരങ്ങളും പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഈ വിളംബരങ്ങളെ തൃണവൽഗണിച്ചുകൊണ്ടു് സംഘടിതശക്തിയോടുകൂടി എതിർക്കുന്നതിനുതന്നെ നാടാർസമുദായക്കാർ തീർച്ചയാക്കി. തത്സമയം അവരെ ബന്ധിച്ചു് കപ്പലിൽ കയറ്റി സമുദ്രമദ്ധ്യേ കൊണ്ടുപോയി താഴ്ത്തുന്നതിനു് കായക്കരയിലുണ്ടായിരുന്ന മരയ്ക്കാന്മാർക്കു് നായിക്കൻ കല്പന നൽകി. തൽക്ഷണംതന്നെ പടയാളികൾ ഇവരെ വളഞ്ഞുപിടിച്ചു് സകുടുംബം കപ്പലിൽ കയറ്റി സമുദ്രമദ്ധ്യേ കൊണ്ടുപോയി താഴ്ത്തുന്നതിനു മരയ്ക്കാന്മാരെ ഏല്പിച്ചു. അവർ കടലിൽ കൊണ്ടുപോയി "നീങ്കൾ എങ്കൾ മതത്തിൽ ചേർകിന്റീർകളാ?, എന്നു ചോദിച്ചു. പ്രാണഭയമുള്ള പലരും "ഉങ്കൾ മതത്തിൽ ചേർകിറോം" എന്നു പ്രത്യുത്തരം നല്കി. അങ്ങനെയുള്ളവരെ മഹമ്മദീയർ നിഗ്രഹിക്കാതെ ലങ്ക, തലമന്നാർ, കോട്ടമന്നാർ എന്നീ തുറമുഖങ്ങളിൽ കപ്പലുകളെ അടുപ്പിച്ചു് അക്കാശ്ശാല, പേയ്ശാല മുതലായ ഗ്രാമങ്ങളിൽ കൊണ്ടുപോയി തങ്ങളുടെ മതത്തിൽ ചേർത്തു.

---

നാടാർമന്നരും നായിക്കമന്നരും P: 126

ഇപ്രകാരം തിരുനൽവേലിയിൽ മതപരിവർത്തനം നടന്നുകൊണ്ടിരുന്ന കാലങ്ങളിൽ അതിനു വടക്കുള്ള രാമനാഥപുരം മുതലായ സ്ഥലങ്ങളിലും ഇവരെ കഷ്ടപ്പെടുത്തി മതപരിവർത്തനം ചെയ്യിച്ചുകൊണ്ടിരുന്നു. രാമനാഥപുരത്തിനു തെക്കു് കീഴ്ക്കരയിലുള്ള നൂറു നാടാർസമുദായപ്രധാനികളെ വധിക്കുന്നതിനു് നായിക്കൻ ആജ്ഞ പുറപ്പെടുവിച്ചു. തത്സമയം മരയ്ക്കാന്മാർ അവരെ സമീപിച്ചു് "നീങ്കൾ എങ്കൾ മതത്തിൽ ചേർന്താകിൽ ഉങ്കളൈ മരണത്തിലിരുന്തു തപ്പുവിക്കമുടിയും" എന്നു ധരിപ്പിച്ചു. മരണഭയത്താൽ അവർ അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു. ഉടനെ വിവരം മരയ്ക്കാന്മാർ ആക്കാട്ടു നവാബിനെ അറിയിച്ചു. ആ സമയം അദ്ദേഹം ഈ നാടാർപ്രമുഖന്മാരുടെ മേൽ ചുമത്തിയ വധശിക്ഷയെ മാറ്റുന്നതിനു് മധുര നായിക്കനെ കത്തയച്ചു. അപ്രകാരം നാടാർപ്രമുഖന്മാർക്കു് മോചനം ലഭിക്കുകയും അവരുടെ മുൻനിശ്ചയപ്രകാരം മഹമ്മദീയമതത്തിൽ ചേരുകയും ചെയ്തു.

2. മതപരിവർത്തനം

അക്കാലത്തു് ഉമിരിക്കാട്ടു് എന്ന ഗ്രാമത്തിൽ ഉണ്ടായിരുന്ന കലികാത്തപ്പെരുമാൾനാടാർ * റോമൻകത്തോലിക്കാമതം സ്വീകരിച്ചു. മാത്രമല്ല ആ മതത്തെ പ്രചരിപ്പിക്കുന്നതിനു് അദ്ദേഹം ശ്രമിക്കയും അതിൻപ്രകാരം അനവധി കുടുംബക്കാർ റോമൻകത്തോലിക്കാമതത്തിൽ ചേരുകയും ചെയ്തു.

ഇങ്ങനെ നായിക്കന്റെ ഭരണാധീനത്തിയിൽപ്പെട്ട നാടാർസമുദായാംഗങ്ങൾക്കു് ഏർപ്പെട്ടതുപോലെയുള്ള

* നാടാർകുലദീപം

കഷ്ടതതന്നെയാണു് വേണാട്ടുനിവാസികൾക്കും ഏറ്റെ ട്ടതു്. ഇതിൽനിന്നും രക്ഷ പ്രാപിക്കുന്നതിനു് വിദേശീ യരെ അഭയം പ്രാപിക്കേണ്ടിവന്നു. ഏ. ഡി. 1500-നു ശേഷം ലണ്ടൻമിഷൻസഭ ദക്ഷിണദേശത്തു നില ഉറച്ചു. അവരുടെ സഹായം ഈ സമുദായത്തിനു് ഒരു പിൻബലം നൽകി.

ബിഷപ്പു് ഗാഡ്വൽ, മക്കാപ്പിപ്പാതിരി, പോപ്പയർ മുതലായ ഐറോപ്യപുരോഹിതരുടെ നിരന്തരശ്രമത്താൽ തിരുനൽവേലി മുതലായ സ്ഥലങ്ങളിൽനിന്നും ഏകദേശം അൻപതിനായിരത്തിൽപരം പേരെ സത്യമതത്തിലേയ്ക്കു മാററി. അതിനു് ഇപ്പുറത്തുനിന്നും ഉദ്ദേശം രണ്ടു ലക്ഷം പേർ അപ്പോൾ ഈ മതം സ്വീകരിക്കേണ്ടിവന്നു. 1936-വരെ ദക്ഷിണഇൻഡ്യയിൽനിന്നും ഉദ്ദേശം മൂന്നു ലക്ഷ ത്തിൽപരം ജനങ്ങൾ ഈ സമുദായത്തിൽനിന്നും മതപരി വർത്തനം ചെയ്തുപോയിട്ടുണ്ടു്.

മുൻ പ്രസ്താവിച്ചപ്രകാരം രാജ്യഭാരം ഉപേക്ഷിച്ചു് ഇതരരാൽ അപമാനിക്കപ്പെട്ടു് ബഹിഷ്കരിക്കപ്പെട്ട ഭരണ മണ്ഡലങ്ങളിൽനിന്നും നാടാർസമുദായം

3. നാടാർലഹള

സംഘടനാശക്തിയില്ലാതെ നാനാദിക്കു കളിൽ ചിന്നിച്ചിതറി താമസിക്കാൻ തുടങ്ങി. നാനാ ജാതിക്കാരിൽനിന്നും നിരവധി ക്ലേശം ഏറ്റെട്ടുകൊണ്ടി രുന്ന ഈ സമുദായത്തിനു് അക്കാലത്തു് ദക്ഷിണതിരുവി താംകൂറിൽ അസഹനീയമായ മർദ്ദനം അനുഭവിക്കേണ്ടി വന്നു.

ഉത്തരതിരുവിതാംകൂറിൽ സ്ത്രീകൾ മാറുമറയ്ക്കാതെ സഞ്ചരിക്കുന്ന ഗ്രാമങ്ങൾ ഇന്നുമുണ്ടു്. അപ്രകാരമുള്ള

ആചാരങ്ങളിൽ ഇടപഴകിയും കൊട്ടാരങ്ങളിലും ക്ഷേത്രങ്ങളിലും പ്രവേശിക്കുമ്പോൾ മേൽമുണ്ടു ധരിക്കരുതെന്നും ഉയർന്ന ഉദ്യോഗസ്ഥന്മാരെ കാണുമ്പോൾ അതു് അഴിച്ചു പിടിക്കണമെന്നുമുള്ള നിയമത്തിനു വിധേയമായും കഴിഞ്ഞിരുന്ന നായർസമുദായക്കാർ ഭക്ഷിണതിരുവിതാംകൂറിൽകൂടിയേറിയപ്പോൾ പാണ്ഡ്യവംശജരായി—ചേലചുറ്റിയുടുപ്പു് പുരാതന ആചാരമായി—ശീലിച്ചുവന്ന നാടാർസ്ത്രീകളെ കണ്ടു് അസൂയാകലുഷിതരായി ചമഞ്ഞു. ഇതുസംബന്ധിച്ചു് *ശ്രീചിത്രോദയം മഹാകാവ്യത്തിൽ:-

"തെക്കൻദിക്കിലശേഷവും ലഹളയുണ്ടായിശമിപ്പിക്കുവാൻ
പേഷ്കാർമേനവനംപ്രമാണികളുമുത്സാഹിച്ചുവേണ്ടംവിധം
അക്കാലത്തുമനേകധാ ഭരണദോഷാപശ്രുതിക്കാഹളം
തെക്കൻമിഷ്യനിലുള്ള പാതിരികളുത്സാഹത്തൊടുതീടി-
... ... ... ... ... ... [നാർ.
ഈലജ്ജാകരമാം വഴക്കു മതിരാശിയിൽക്കേട്ട ചാന്നാട്ടിമാർ
മേലാപ്പിട്ടു നടപ്പതിനു യുവരൻ കല്പിച്ചുവന്നു ശമം."

എന്നാണു പറഞ്ഞിരിക്കുന്നതു്. ചരിത്രപരമാർത്ഥമോ സാമുദായികബോധമോ ഇല്ലാതെ ഓരോരുത്തർ ഇത്തരം രേഖപ്പെടുത്തുന്ന അഭിപ്രായങ്ങളാണല്ലോ അനന്തരകാലത്തു ചരിത്രത്തിൽ സ്ഥലംപിടിക്കുന്നതു്. ആയതിനാൽ ഈ തെറ്റിദ്ധാരണ മാറുന്നതിനുവേണ്ടി നാടാർലഹളയുടെ ഒരു സാമാന്യരൂപം പൊതുജനദൃഷ്ടിയിൽപ്പെടുത്തുന്നതു് സമുചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

മുൻപറഞ്ഞ നാനാവിധക്ലേശങ്ങളിൽനിന്നും—അന്യരുടെ ആക്രമണത്തിൽനിന്നും—അടിമത്വത്തിൽ നിന്നും

* ശ്രീചിത്രോദയം മഹാകാവ്യം സർഗ്ഗം 19, 45, 46

സ്വതന്ത്രരാകുന്നതിനു് നാടാർസമുദായം സംഘടിതശക്തി യോടുകൂടി നടത്തിയ ശക്തിമത്തും വിപ്ലവപരവുമായ ഒരു ദേശീയപ്രക്ഷോഭണമാണു് നാടാർലഹള.

അന്നത്തെ ജനസമുദായത്തെ സവർണ്ണർ, ഉയർന്ന ജാതിക്കാർ, അടിമജാതിക്കാർ എന്നു മൂന്നായി തരംതിരിക്കാവുന്നതാണു്. ബ്രാഹ്മണർ, നായർ, വെള്ളാളർ തുടങ്ങിയവർ സവർണ്ണരും നാടാർ, ഈഴവർ തുടങ്ങിയവർ ഉയർന്നജാതിക്കാരും പറയർ, പള്ളർ, പുലയർ മുതലായവർ അടിമജാതിക്കാരുമാണു്.

അടിമജാതിക്കാരുടെ നില കന്നുകാലികളെക്കാൾ വളരെ മോശമായിരുന്നു. ഒരടിമയെ കന്നുകാലികളെപ്പോലെ ക്രയവിക്രയം ചെയ്യുന്നതിനും വേണമെങ്കിൽ കൊല്ലുന്നതിനുപോലും ഉള്ള അധികാരം ഉടമസ്ഥനുണ്ടായിരുന്നു. "കൊല്ലുകയോ വില്ലുകയോ ചെയ്യാം" എന്നാണു് അടിമയെ വില്ക്കുമ്പോൾ എഴുതുന്ന വിലപ്പുറുശീട്ടിയിലെ വാചകം. ഒരടിമയ്ക്കു് 3 രൂപാ മുതൽ 14 രൂപാവരെ വില ഉണ്ടായിരുന്നു. പാട്ടത്തിനും ഒറ്റിക്കും വിലയ്ക്കും അടിമയെ കൊടുക്കുക പതിവാണു്. ചിലപ്പോൾ കോടതി ജപ്തിക്കുപോലും അടിമയെ വിധേയമാക്കിയിരുന്നു.

കോട്ടയം, ചങ്ങനാശേരി, ആലപ്പുഴ, ഹരിപ്പാടു്, കായംകുളം, ഇരണിയൽ ഇവ പ്രധാന അടിമവ്യാപാരകേന്ദ്രങ്ങളായിരുന്നു. നാടാർസമുദായത്തിൽ പലരും അടിമകളെ വാങ്ങിയിരുന്നു. കൊല്ലവർഷം 1028-ലും 1029-ലും ആണു് ഈ അടിമവ്യാപാരം നിറുത്തലാക്കിയതു്.

അടിമജാതിക്കാർ ബ്രാഹ്മണരെ കാണുമ്പോൾ 96 അടി അകലെയും മറ്റു സവർണ്ണരെ കാണുമ്പോൾ അതിൽ

പകൃതി ദൂരെയും നിന്നുകൊള്ളണം എന്നായിരുന്നു നിയമം. പൊതുനിരത്തിൽക്കൂടെയുള്ള യാത്രയും വിദ്യാലയപ്രവേശനവും നിഷേധിക്കപ്പെട്ടിരുന്നു. നീതിന്യായക്കോടതിയിൽ അധികവും ക്ഷേത്രവളപ്പിനടുത്തായിരുന്നതിനാൽ അടിമജാതിക്കാരുടെ സ്ഥാനം വളരെ അകലെയായിരുന്നു. അവർ വളരെ അകലെനിന്നു വിളിച്ചുപറയുന്നതു് സവർണ്ണ ഉദ്യോഗസ്ഥൻ ചിലപ്പോൾ കേട്ടെന്നുവരാം കേട്ടില്ലെന്നും വരാം. വളരെ ന്യായബോധമുള്ള ഉദ്യോഗസ്ഥന്മാർ ചോദ്യോത്തരങ്ങൾ എടുത്തുപറയുന്നതിനു് ഒരു സവർണ്ണപോലീസുകാരനെ ഇടയ്ക്കു നിറുത്തിയിരുന്നു.

അരയ്ക്കു മുകളിൽ സ്ത്രീകൾക്കു വസ്ത്രം ഉപയോഗിക്കാൻ നിയമം അനുവദിച്ചിരുന്നില്ല. കുട, ചെരിപ്പു് വിലകൂടിയ ആഭരണം ഇവ ധരിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. ചുരുക്കി പറഞ്ഞാൽ സവർണ്ണരുടെ ഭാഷപോലും അവനു് ഉപയോഗിക്കാൻപാടില്ലായിരുന്നു.

അടുത്ത പടിക്കാർ ഈഴിയജാതിക്കാരാണു്. നാടാർ, ഈഴവർ മുതലായി സമുദായത്തിൽ മദ്ധ്യനില അഹിക്കുന്നവർ ഇതിൽ ഉൾപ്പെടുന്നു. അവരുടെ നിലയും അടിമജാതിക്കാരിൽനിന്നും വളരെ ഭേദം ഇല്ലാതിരുന്നു. അവരെ ക്രയവിക്രയം ചെയ്യുന്നതിനോ അടിമകളാക്കുന്നതിനോ നിയമം അനുവദിച്ചിരുന്നില്ല. എങ്കിലും കുടയും ചെരുപ്പും ഉപയോഗിക്കാൻ പാടില്ല. സ്വർണ്ണാഭരണങ്ങൾ ഇടുകയോ പല്ലുവിനെ കറുക്കുകയോ ഇട്ടപ്പിൽവച്ചു വെള്ളംകോരുകയോ മുടി താഴ്ത്തിവച്ചുകെട്ടുകയോ മാറുമറച്ചു നടക്കുകയോ ചെയ്യാൻ പാടില്ലാതിരുന്നു. പുരുഷന്മാർ സക്കാരിനും

സവർണ്ണക്കും ഊഴിയം ചെയ്യണമായിരുന്നു. അതിനു പോ കാതിരിക്കുന്നതു് കുറ്റകരമായി ഗണിച്ചിരുന്നു.

ഈ ഏറ്റപ്പാടുകളെ മാറ്റുന്നതിനായി നാടാർസമു ദായം സംഘടിച്ചു പ്രക്ഷോഭണം നടത്തി. തത്ഫലമായി കൊല്ലം 990–മുതൽ 1004-വരെ ഭരണം നടത്തിയ റാണി ഗൗരി പാർവ്വതിഭായി ആഭരണം ഉപയോഗിക്കുന്നതിനു് കൊല്ലവർഷം 993 മേടമാസം 19-ാംതീയതി താഴെ പറയുന്ന വിളംബരം പ്രസിദ്ധം ചെയ്തു.

"കൊടുത്തുട്ട സാധനവും വായിച്ചുകേട്ടവസ്ഥയും അറിഞ്ഞു. ശൂദ്രജാതിയിലും ഈഴവരു, ചാന്നാർ, മരയ്ക്കാർ ഉൾപ്പെട്ട ജാതിയിലും ഉള്ള പുരുഷന്മാക്കും സ്ത്രീകൾക്കും പൊന്നുകൊണ്ടും (പൊടിവു്) വെള്ളികൊണ്ടും ഓരോ ആഭരണങ്ങൾ ഉണ്ടാക്കി ഇടണമെന്നു മനസ്സു ഒണ്ടായാൽ മുട്ടുകു, വീരചങ്ങല, പൊന്നുംതക്ക ഈഴവരു മുതലായ പേക്കു കട്ടക്കൻ മുതലായിട്ട പല വകക്കു് ആ (പൊടിവു്) ജാതിമര്യാദപോലെ അടിയറയും തീർപ്പിച്ചു കൊടുത്തുവന്നതിനു് ഇപ്പോൾ അടിയറക്കൂടാതെയും പണ്ടാരവകയിൽ ബോധിപ്പിക്കാതെയും അവരവരിടെ മനസ്സിൻ പ്രകാരം ഒണ്ടാക്കി (പൊടിവു്) വിട്ടുകൊള്ളത്തക്കവണ്ണം നിദാനം വരുത്തേണ്ടതിനു നാം പറഞ്ഞതിൻവണ്ണം മണ്ഡപത്തുംവാതുക്കലുകെളിലും ഡാണാവുകൾ ഉൾപ്പെട്ട സ്ഥലങ്ങളിലും കൊ (പൊടിവു്) ൻ എഴുതിക്കെട്ടിച്ച വിളംബരം എൺചതും കൊടുത്തയച്ചിരിക്കുന്നവസ്ഥകൊണ്ടും എല്ലാം എഴുതിവന്നതിനാലാകുന്നു. അതിനുമണ്ണം തന്നെ വിളംബരം എണ്ണുതിനും എഴുത്തിട്ടു് ഇതിനെ (പൊടിവു്) കൊണ്ടു് എല്ലാ സ്ഥലങ്ങളിലും കൊടുത്തയച്ചു പ്രസിദ്ധപ്പെടുത്തി, അപ്രകാരം നടപ്പാൻ തക്കവണ്ണം

നിദാനം വരുത്തിക്കൊള്ളുകയും വേണം. (പൊടിവു്) ഇക്കായ്യം ചൊല്ലി 993-ാമാണ്ടു് മേടമാസം 19-ാംതീയതി ദിവാൻ ജനാർദ്ദനരായർ വെങ്കിട്ടരായക്കു നീട്ടെഴുതി വിട്ട എന്ന തിരുവുള്ളമായ നീട്ടു്."

ഇതുകൊണ്ടൊന്നും പ്രക്ഷോഭണത്തിനു പരിഹാരമുണ്ടായില്ല. കൊല്ലവർഷം 1004-ാമാണ്ടിനു മുൻപുതന്നെ അതൊരു നിശ്ചിതനില കൈക്കൊണ്ടു. 1004-ൽ അവർ—നാടാർസ്ത്രീകൾ സിവിലാജ്ഞാലംഘനം തുടങ്ങി. ഗവമ്മെൻറിനേയും സവർണ്ണരേയും വകവയ്ക്കാതെ മുൻപു് ഉപയോഗിച്ചുവന്ന പതിവനുസരിച്ചു മേൽമുണ്ടു ധരിക്കുകയും മടി താഴ്ത്തിക്കെട്ടുകയും ചെയ്തു. പുരുഷന്മാർ ഊഴിയവേല നിഷേധിച്ചു. ഒരു സ്ത്രീ മാറുമറയ്ക്കുന്നതും പുരുഷൻ വേലയ്ക്കു കൂലി അവശ്യപ്പെടുന്നതും എതിരായ പ്രാഥമികമായ അവകാശമായി അവർ ഗണിച്ചു. ഭവിഷ്യത്തു എന്തുതന്നെ വന്നാലും തടുക്കാമെന്നു നിശ്ചയിച്ചുറച്ചു. തെക്കൻതിരുവിതാംകൂറിൽ ഏകദേശം എല്ലായിടത്തും അവർ ആജ്ഞയെ ലംഘിച്ചു. അതമച്ചവരുത്തുന്നതിനു വേണ്ടി ഗവമ്മെൻറിൽനിന്നു ശ്രീ ഗൗരി പാർവ്വതിഭായി കൊല്ലവർഷം 1004 മകരമാസം 23-ാംതീയതി ഒരു വിളംബരം പ്രസിദ്ധം ചെയ്യേണ്ടിവന്നുവെന്നോർക്കുമ്പോൾ അതിന്റെ ശക്തി എത്രമാത്രമായിരുന്നുവെന്നു് ഊഹിക്കാവുന്നതാണല്ലോ. ആ വിളംബരം "എന്തെന്നാൽ കല്ലുളം ഇരണിയൽ വിളവംകോടു് എന്നീ മൂന്നു മണ്ഡപത്തുംവാതുക്കൽ ചേർന്ന പ്രദേശങ്ങളിൽ പാർക്കുന്ന ചാന്നാട്ടികൾ ഉത്തരവിനും കീഴ്മര്യാദയ്ക്കും വിരോധമായി മേലിൽശീല ഇടുകയും മറെറല്ലാ കുടിയാനവന്മാർക്കും ഒപ്പം ചാന്നാന്മാർ ചെയ്യാനുള്ള ഊഴിയവേലക്കാര്യം കേൾക്കാതെ നിരസി

ക്കുകയും ചെയ്തിരിക്കുന്ന ഹേതുവാൽ ചാന്നാന്മാക്കും നായന്മാർ ഉൾപ്പെട്ട ആളുകൾക്കും തമ്മിൽ കലശലിനു് ഇട ഉണ്ടാകണ്മകാണ്ടു് ആ സംഗതി പ്രമാണിച്ചു് പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ മറെറല്ലാ കുടിയാനവന്മാക്കും ഒപ്പം കീഴ്നടപ്പനുസരിച്ചു ചാന്നാട്ടികൾ മേലിൽശീല ഇടാതെയും ചാന്നാന്മാർ ഊഴിയം ചെയ്യും നടന്നുകൊള്ളണം" എന്നുള്ളതാണു്. പ്രക്ഷോഭണം സുസംഘടിതവും സുശക്തവും ആയിരുന്നുവെന്നുള്ളതുതന്നെ ഈ വിളംബരം വ്യക്തമാക്കുന്നുണ്ടല്ലോ? ഒരു സമുദായം—നാടാർസമുദായം മാത്രം ഒരു ഭാഗത്തും മറെറ സവർണ്ണസമുദായം മറുഭാഗത്തും നിന്നുള്ള ഈ പോരാട്ടത്തിനൊരവസാനം ഈ വിളംബരം നൽകിയില്ല. അവർ പ്രക്ഷോഭണം നിറുത്താതെ തുടർന്നു നടത്തുകതന്നെ ചെയ്തു. ഒരു ശ്രുപത്തിൽ വീണ്ടും 30 വർഷം തുടർന്നു നടത്തിക്കൊണ്ടതന്നെ ഇരുന്നു. നാടാർസമുദായത്തിൽപ്പെട്ട 23 പേർ വെള്ളാളന്മാരോടു കാണിച്ച അനീതിയാൽ അവരെ കാണുന്നിടത്തുവച്ചു തല വെട്ടുന്നതിനു ഗവമ്മെൻറിൽനിന്നും ആജ്ഞ നൽകിയ ശിലാലേഖനം തിരുവിതാംകൂർ ആക്കിയാളജിക്കു് ഡിപ്പാർട്ടുമെൻറിൽ നിന്നും ഇപ്പോഴും കണ്ടെടുത്തു സൂക്ഷിച്ചിട്ടുണ്ടു്. ഇതിൽനിന്നും ഗവമ്മെൻറു് സവർണ്ണക്കു പിൻബലം നൽകിയിരുന്നതായി വ്യക്തമാകുന്നുണ്ടല്ലോ. കൊല്ലവർഷം 1033-ൽ പ്രക്ഷോഭണം ഒരു നിശ്ചിതരൂപം കൈക്കൊണ്ടു. "പ്രവൃത്തിക്കുക അല്ലെങ്കിൽ മരിക്കുക" ഇതവർ മുദ്രാവാക്യമായി സ്വീകരിച്ചു. ഇതനുസരിച്ചു് അവർ പ്രവൃത്തിക്കുകയും മരിക്കുകയും ചെയ്തു. ഇതിനെയാണു് ചാന്നാർലഹള എന്നു ചരിത്രകാരന്മാർ നാമകരണം ചെയ്തിരിക്കുന്നതു്.

മറെറാരു സമുദായക്കാർ ചരിത്രം രേഖപ്പെടുത്തിയിരുന്നുവെങ്കിൽ ഇതൊരു ശൂദ്രലഹള എന്നു പറയുമായിരുന്നു.

നാടാർസ്ത്രീകൾ തുണികൊണ്ടു മാറുമറച്ചു. പുരുഷന്മാർ ജോലിചെയ്യാൽ ക്രൂലിവേണമെന്നാവശ്യപ്പെട്ടു. സവർണ്ണർ സ്ത്രീകളുടെ ദേഹത്തുണ്ടായിരുന്ന വസ്ത്രങ്ങൾ വലിച്ചു കീറുകയും അഴിച്ചുമാറുകയും മാനഭംഗപ്പെടുത്തുകയും ചെയ്തു. പുരുഷന്മാരെ അടിക്കുകയും അവരുടെ വീടു ചുട്ടു നശിപ്പിക്കുകയും ചെയ്തു. ഇവരെ അടിച്ചവരെ അങ്ങോട്ടു മടിച്ചു. ഇതിൽ ആരാണു കുറക്കാർ. ലഹള ആദ്യം ആരംഭിച്ചതു് നെയ്യാറിൻകരയും പാറശ്ശാലയും ആയിരുന്നു. മുൻപറഞ്ഞ സംഭവം നടന്നു് ഏതാനും ദിവസം കഴിയുന്നതിനു മുൻപുതന്നെ ലഹള കന്യാകുമാരിവരെ വ്യാപിച്ചു.

ദക്ഷിണതിരുവിതാംകൂറിൽ അകമാനം വ്യാപിച്ച ഈ ലഹള സവർണ്ണഹിന്ദുക്കളെ ക്ഷോഭാകുലരാക്കിത്തീർത്തു. അവർ ക്രൂദ്ധരായ നാടാർസമുദായത്തിലെ സ്ത്രീപുരുഷന്മാരെ കാണുന്നിടത്തുവച്ചു് ഉപദ്രവിക്കാൻ നിശ്ചയിച്ചു. 1858 ഡിസംബർ 27-ാംതീയതി രാത്രി മേയ്ക്കോട്ടു് എന്ന സ്ഥലത്തെ കുരിശുപള്ളി തീവച്ചു നശിപ്പിച്ചു. 30-ാംതീയതി കോട്ടാറു ചന്തയിൽവച്ചു് ഒരു ലഹള നടന്നു. അതിനെത്തുടർന്നു് അടുത്ത മാസം 10-ാംതീയതി ഇരണിയൽ ചന്തയിൽവച്ചു് ഒരു സംഘട്ടനമുണ്ടായി. അന്നേദിവസം രാത്രിതന്നെ നാഗർകോവിലിലെ കുരിശുപള്ളിയും റസിഡൻസിബംഗ്ലാവും അഗ്നിക്കിരയായി. 11-ാംതീയതിമുതൽ 16-ാംതീയതിവരെ രണ്ടു കുരിശുപള്ളികളും രണ്ടു മിഷൻ പള്ളിക്രൂടങ്ങളും അഗ്നിക്കാഹാര

മായിത്തീർന്നു. നാടാർസമുദായം ആരംഭശേഖരണവും പണപ്പിരിവും നടത്തി. ഈ ലഹളയിൽ പങ്കുകൊള്ളുന്നതിനായി തിരുനൽവേലി, മധുര മുതലായ സ്ഥലങ്ങളിൽ നിന്നും അനവധി നാടാർയുവജനങ്ങളും വന്നിരുന്നു. പത്മനാഭപുരത്തു് എത്തിയദിവാൻജിയെ സമീപിച്ചു് നാടാർ, ശൂദ്രർ, ലബ്ബമാർ മുതലായവർ തമ്മിൽത്തമ്മിൽ കുറാരോപണംചെയ്തു. അതിനെത്തുടർന്നു ഗവമ്മെൻറിൽനിന്നും ഒരു വിളംബരം പ്രസിദ്ധംചെയ്തു. അതിനാൽ അല്പദിവസം ലഹള ശമിച്ചിരുന്നു. എന്നാൽ കോട്ടാറ്റു് ലഹള നടന്ന ഉടനെ പോലീസ്സൈന്യത്തെ ബലപ്പെടുത്തണമെന്നും, ഒരുസംഘം നായർപട്ടാളത്തെ അയച്ചുതരണമെന്നും ഡപ്യൂട്ടികലക്ടർ മി. ശങ്കുണ്ണിമേനോൻ ആവശ്യപ്പെട്ടതിൻപ്രകാരം പോലീസ്സൈന്യത്തേയും നായർപട്ടാളത്തേയും ലഹളസ്ഥലങ്ങളിലേയ്ക്കു നിയോഗിച്ചു. അവർ ചുറ്റി നടന്നു ലഹളത്തലവന്മാരെ പിടിച്ചു് വിസ്തരിച്ചു ശിക്ഷിച്ചു. എന്നു മാത്രമല്ല, നാടാർസമുദായാംഗങ്ങളെ അവർണ്ണനീയമായി ഉപദ്രവിക്കുകയും ചെയ്തു.

അതിനെത്തുടർന്നു് ഈ ലഹളയുടെ പ്രതിദ്ധ്വനി മദ്രാസ്ഗവർണ്ണരായ സർ ഫ്രാൻസ് ടി. വില്യമിൻെറ കണ്ണുപടങ്ങളിൽ എത്തി. അദ്ദേഹം തിരുവിതാംകൂർ ഗവമ്മെൻറിനെ അതികഠിനമായി ശാസിച്ചു് റസിഡൻറിനു് ഒരെഴുത്തയച്ചു. മാത്രമല്ല അന്നു മദ്രാസിൽ ചെന്നിരുന്ന അസിസ്റ്റൻറു് റസിഡൻറു് മേജർ ഡ്രൂറിയോടും വളരെ ഗൌരവമായി പറഞ്ഞയച്ചു. അതിനെപ്പറ്റി അദ്ദേഹം എഴുതിയിട്ടുള്ള ഒരു പുസ്തകത്തിൽ താഴെക്കാണുംവിധം രേഖപ്പെടുത്തിയിരിക്കുന്നു:—

".....The upper cloth question as it was called was every where discussed and commented on. I happened to be at Madras for a short interval about the time and during an interview with H. E. the Governor, he alluded among other things to the cloth question and said:- You had just come from Travancore. I replied in the affirmative. You are of course aware he continued, that communications have latterly been going on between the two Governments about female converts being required to wear the upper cloth. I said, I knew that discussions had taken place upon the question and that great opposition was shown by the higher castes. "Well" he said, "when you return to Travancore you may tell the authorities that the affair shall be carried out on behalf of the women even at the point of bayonet." Strong words these, I thought. But as the bearer of so important an injunction I never hesitated in my duty of delivering it. Happily no bayonet was eventually required."

"Marign Drurrys Life and Sport in India, page 215."

[മേൽമുണ്ടുപ്രശ്നം എല്ലായിടത്തും അവഗാഢമായ ചിന്തയ്ക്കു വിഷയീഭവിക്കുകയും വിവരമായി രേഖപ്പെടുത്തുകയും ചെയ്തു. അങ്ങിനെയിരിക്കുമ്പോൾ ഞാൻ മദ്രാസിൽ പോകുന്നതിനിടയായി. അവിടെവച്ചു ഗവർണ്ണരെ ഒന്നു സന്ദർശിക്കേണ്ടിവന്നു. അദ്ദേഹം പല കാര്യങ്ങളും പറഞ്ഞകൂട്ടത്തിൽ മേൽമുണ്ടുപ്രശ്നത്തെപ്പറ്റി അല്പം സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു: "നിങ്ങൾ ഇപ്പോൾ തിരു

വിതാംക്കൂറിൽനിന്നും വരുകയാണല്ലോ. പരിവർത്തനം ചെയ്യപ്പെട്ട സ്ത്രീകളുടെ മേൽമുണ്ടുവസ്ത്രധാരണത്തെ സംബന്ധിച്ച് രണ്ടു ഗവർമ്മെൻറുകളും തമ്മിൽ നടത്തുന്ന എഴുത്തുകുത്തുകൾ നിങ്ങൾ നിശ്ചയമായും അറിഞ്ഞിരിക്കും." ആ പ്രശ്നം ഗാഢമായ ചിന്തയുള്ള വിഷയീഭവിച്ചിരിക്കുകയാണെന്നും സവർണ്ണർ അതിനു വലിയ എതിർപ്പ് പ്രകടിപ്പിച്ചിരിക്കുകയാണെന്നും ഞാൻ പറഞ്ഞു. കൊള്ളാം. അദ്ദേഹം പറഞ്ഞു. "നിങ്ങൾ തിരുവിതാംക്കൂറിൽ തിരിയെ പോകുമ്പോൾ ബയണറുകൂടി ഉപയോഗിച്ചും ആ പ്രശ്നം സ്ത്രീകൾക്കുവേണ്ടി നിവർത്തിച്ചുകൊടുക്കുന്നതാണെന്ന് അധികാരസ്ഥാനങ്ങളിൽ പറയുക." എത്ര ഗൗരവമേറിയ വാക്കുകളാണവയെന്നു ഞാൻ വിചാരിച്ചു. ഇത്രത്തോളം പ്രാധാന്യമേറിയ ഒരു സംഗതി അധികാരസ്ഥാനങ്ങളിൽ പറയുവാൻ ഞാൻ ഒട്ടും മടിച്ചില്ല. ഭാഗ്യവശാൽ യാതൊരു ബയണറും ഉപയോഗിക്കേണ്ടിവന്നില്ല.]

ഈ ഘോരസമരത്തിൽ ജനങ്ങൾ സഹസ്രക്കണക്കിനു വീരസ്വർഗ്ഗം പ്രാപിക്കേണ്ടിവന്നിട്ടുണ്ട്. എങ്കിലും തങ്ങളുടെ അവകാശവാദം സ്ഥാപിച്ചതിനുശേഷമേ അവർ പിൻതിരിഞ്ഞുള്ളൂ. ശ്രീ ഉത്രംതിരുനാൾ മഹാരാജാവു തിരുമനസ്സിൽനിന്നും നാടാർസമുദായത്തിന്റെ അവകാശവാദങ്ങൾ അനുവദിച്ചുകൊണ്ടു കൊല്ലവർഷം 1034 കർക്കടകമാസം 23-ാംതീയതി ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. —"ചാന്നാട്ടികളുടെ മേൽശീലസംഗതിയെക്കുറിച്ച് 1004 മകരം 23-ാംതീയതിയിലെ വിളംബരംകൊണ്ടു സങ്കടമുള്ളതായറിയുന്നതിനാൽ മേലാൽ ചാന്നാട്ടിമാർ മേൽശീല ഇട്ടുകൊള്ളാനും ചാന്നാന്മാർ ഉഴിയവേല

ചെയ്യാതിരിക്കാനും അനുവദിച്ചിരിക്കുന്നുവെന്നും, പക്ഷെ നായർസ്ത്രീകളെപ്പോലെ മേൽശീല ധരിക്കാൻപാടില്ലെന്നുമാണു് വിളംബരത്തിന്റെ സാരം. അനവധി പുരുഷന്മാരുടെ മാനത്തേയും ജീവനേയും ബലികഴിച്ചു നാടാർ ലഹളയുടെ പര്യവസാനം ഇതായിരുന്നു. എന്നാൽ അന്നു് ഇതരസമുദായക്കാരുടെ—സവർണ്ണരുടെ നില എന്തായിരുന്നു? അവർ ഒറ്റത്തുണികൊണ്ടു മാറുമറച്ചിരുന്നു. പക്ഷെ രാജകുടുംബാംഗങ്ങളുടേയും ഉയർന്ന നിലയിലുള്ള മറ്റാളുകളുടെയും സാന്നിധ്യത്തിലും അവരെ അഭിവാദ്യം ചെയ്യുമ്പോഴും ക്ഷേത്രത്തിൽ പോകുമ്പോഴും അവർ മേൽശീല മാറണം എന്നായിരുന്നു അന്നത്തെ നിയമം. അതു് കൊല്ലവർഷം 1040-ാമാണ്ടു് ശ്രീ ആയില്യംതിരുനാൾ തിരുമനസ്സുകൊണ്ടാണു നിറുത്തൽ ചെയ്തതു്. "ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ മുൻപിലും ക്ഷേത്രത്തിലും കൊട്ടാരത്തിലും ജോലിചെയ്യുമ്പോൾ ശൂദ്രസ്ത്രീകൾ ബഹുമാനസൂചകമായി അവരുടെ മേൽശീല മാറിവിരുന്ന ഏർപ്പാടു് അശ്ലീലമാണെന്നു കണ്ടിരിക്കുന്നു. അതിനാൽ ഈ ദുഷിച്ച ആചാരം മേലാൽ ആവശ്യമില്ലെന്നും ഇനിമേലാൽ ക്ഷേത്രത്തിലും കൊട്ടാരത്തിലും മറ്റു സ്ഥലങ്ങളിലും പോകുമ്പോൾ ഈ സക്കുലർ അനുസരിച്ചു് സ്ത്രീകൾ മാറുമറച്ചു നടക്കുകൊള്ളണമെന്നും അറിയിക്കുകയും ഉദ്യോഗസ്ഥന്മാർ അതിനു തടസ്സം ചെയ്യരുതെന്നു നാം ഉത്തരവു കൊടുക്കുകയും ചെയ്യുന്നു"വെന്നുള്ളതാണു് ആ വിളംബരത്തിന്റെ സാരം.

ഈ വിളംബരം പുറപ്പെടുവിക്കുന്നതിനു മുൻപുതന്നെ ഈഴവർക്കും മറ്റു ജാതിക്കാർക്കും ഈ അവകാശം അനു

വദിച്ചുകൊടുത്തിട്ടുണ്ടായിരുന്നു. ശ്രീ ആയില്യംതിരുനാൾ മഹാരാജാവുതന്നെയാണു് അതു നൽകിയതു്. തത്സംബന്ധമായി 1040-ാമാണ്ടു് പുറപ്പെടുവിച്ച വിളംബരത്തിൽ ".....വിളംബരമെന്തെന്നാൽ ചാന്നാട്ടികളുടെ മേൽശീലക്കാര്യത്തെക്കുറിച്ചു് 1034-ാമാണ്ടു് കർക്കടകമാസം 23-ാംതീയതി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിളംബരപ്രകാരം ഉള്ള ഈഴം ഈഴവർ മുതലായി മേൽശീല ഇടുന്നതിനു വിരോധമുള്ള എല്ലാ ജാതിക്കാർക്കും സിദ്ധിക്കണമെന്നു കണ്ടു് ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതെന്തെന്നാൽ മേല്പറഞ്ഞ ജാതിയിലുള്ള സ്ത്രീകളും ഈ വിളംബരം പ്രസിദ്ധപ്പെടുത്തുന്ന തീയതിമുതൽ ചാന്നാട്ടികളെപ്പോലെ കുപ്പായം ഇട്ടുകൊള്ളുകയോ മുക്കുവത്തികളെപ്പോലെ കുട്ടിശീലകൊണ്ടു് ഉടുത്തുകെട്ടിക്കൊള്ളുകയോ, മേല്പറഞ്ഞ വിളംബരത്തിൽ പറഞ്ഞിരിക്കുംവണ്ണം മറ്റു് ഏതുവിധത്തിലെങ്കിലും മാറുമറച്ചുകൊള്ളുകയോ ചെയ്യുന്നതിനു് അനുവദിച്ചുകൊണ്ടു് ഈ വിളംബരം സകലമാനപേരും അറിഞ്ഞുകൊള്ളുകയും വേണം" എന്നാണു പറഞ്ഞുകാണുന്നതു്.

മേൽ വിവരിച്ച മേൽമുണ്ടുലഹളയെ സംബന്ധിച്ചുള്ള വിളംബരങ്ങൾ കൊല്ലവർഷം 1112 തുലാമാസം 27-ാംതീയതിയിലെ ക്ഷേത്രപ്രവേശനവിളംബരംപോലെ പ്രാധാന്യം അർഹിക്കുന്നവയാണു്.

മഹാത്മജിയുടെ നേതൃത്വത്തിൽ ഹരിജനസേവാപ്രസ്ഥാനം ആരംഭിച്ചു. അതിനെത്തുടർന്നു് ക്ഷേത്രപ്രവേശനപ്രക്ഷോഭണവും നാടിന്റെ നാനാഭാഗങ്ങളിൽ മാറിമാറിക്കൊണ്ടു്.

4. അഗ്നിക്കാവടിലഹള

തത്ഫലമായുണ്ടായ വൈക്കം സത്യാഗ്രഹം ഏവർക്കും

അറിവുള്ളതാണല്ലോ. അതിനോടടുത്തുതന്നെ ദക്ഷിണ ഇൻഡ്യയിലെ പല ക്ഷേത്രങ്ങളിലും പ്രവേശനപ്രക്ഷോഭണം ആരംഭിച്ചു.

ശ്രീ സമുദ്രപാണ്ഡ്യൻനാടാരുടെ നേതൃത്വത്തിൽ നടന്ന മധുര മീനാക്ഷിക്ഷേത്രപ്രവേശനപ്രക്ഷോഭണം അന്യത്ര പ്രതിപാദിച്ചിട്ടുണ്ട്. അതിനു മുൻപുതന്നെ ദക്ഷിണതിരുവിതാംകൂറിലെ ക്ഷേത്രപ്രവേശനപരിപാടി ഒരു നിശ്ചിതരൂപം കൈക്കൊണ്ടു.

ശ്രീ വെള്ളയൻനാടാരുടെ നേതൃത്വത്തിൽ നാടാർ സമുദായം സംഘടിച്ചു. കാവടികെട്ടി അഗ്നിയിൽ ചാടി നിരപായം കരയ്ക്കു കയറി ക്ഷേത്രത്തിൽ പ്രവേശിക്കാമെന്ന വസ്തുത ശ്രീ നാടാർ പ്രഖ്യാപനം ചെയ്തു. "അഗ്നിയിൽ ചാടി കരയിൽ കയറുകയാണെങ്കിൽ ക്ഷേത്രത്തിൽ പ്രവേശിക്കാം" എന്ന അനുവാദം ഗവൺമെൻറിൽനിന്നും നൽകി. ഇതു് തെക്കൻദിക്കിലെ ചില നായന്മാരിൽ എന്തെന്നില്ലാത്ത കോളിളക്കമുണ്ടാക്കി. അവർ ഇതിനെ തടയുന്നതിനു വേണ്ട മുൻകരുതലുകൾ ചെയ്തു.

കൊല്ലവർഷം 1098 വൃശ്ചികമാസം 30-ാംതീയതി വെള്ളിയാഴ്ച മണി 12 അടിച്ചു. കുമാരകോവിൽക്ഷേത്രത്തിന്റെ വടക്കേത്തെരുവിൽ വണ്ടിക്കണക്കിനു വിറകടുക്കി ഗവൺമെൻറധികൃതർ അഗ്നികുണ്ഡം തയ്യാർചെയ്തു. തീ ആളിക്കത്തി. ശ്രീ നാടാർ കുളികഴിഞ്ഞു് ചന്ദനാദ്യാലങ്കാരവിഭൂഷിതനായി കാവടിയും ചുമലിൽ വഹിച്ചുകൊണ്ടു് അഗ്നിയിൽ ചാടി പ്രത്തം തുടങ്ങി. അരമണിക്കൂർ കഴിഞ്ഞു് നിരപായം കരയ്ക്കു കയറി. ഉദ്ദേശം പന്തീരായിര

ത്തിൽപരം അനുയായികളോടുകൂടി ക്ഷേത്രത്തിൽ പ്രവേശിക്കാൻ തിരിച്ചു.

മാടൻകോവിലിനടുത്തായപ്പോൾ നായർ പോലീസുദ്യോഗസ്ഥന്മാരോടുകൂടി ഏ. എസ്. പി. ശ്രീ നാണുപിള്ള പ്രത്യക്ഷനായി. ആൾക്കൂട്ടമായതിനാൽ ഈവഴി പോകാൻ പാടില്ലെന്നു തടഞ്ഞു. മുൻനിശ്ചയമനുസരിച്ച് ഈ മാർഗ്ഗത്തിൽക്കൂടെ പോകാൻ അനുവദിക്കണമെന്നു നാടാർ ശഠിച്ചു. ഈ തക്കം നോക്കി നായന്മാർ ജനക്കൂട്ടത്തിനു നേരെ കല്ലേറു നടത്തി. തുടർന്നു പോലീസ് ലാത്തിച്ചാർജ്ജും വെടിവെയ്പും ആരംഭിച്ചു. ജനങ്ങൾ പല വഴിക്കും ഓടി. കൂട്ടത്തിൽപ്പെട്ട് ക്ഷേത്രദർശനത്തിനായി വന്ന സവർണ്ണസ്ത്രീകൾ നിരവധി ക്ലേശം അനുഭവിച്ചു. ഈ ലഹളയിൽ നാന്നൂറിൽപരം നായന്മാർക്കും അൻപതിൽപരം നാടാർവ്യക്തികൾക്കും അപായം സംഭവിച്ചതായി പറയപ്പെടുന്നു.

ഇപ്രകാരമുള്ള സന്ദർഭങ്ങളിലെല്ലാം നായന്മാർ ഗവർമ്മെൻറിൻെറ മറവിൽ നിന്നുകൊണ്ട് അക്രമം അഴിച്ചുവിടുകയും കുറ്റം നിരപരാധികളായ നാടാർസമുദായത്തിൻെറ മുമലിൽ ആരോപിച്ചു തൃപ്തിപ്പെടുകയും ചെയ്യുകപതിവായിരുന്നു. ഇതിനെല്ലാം ചില വർഗ്ഗീയവാദികളായ നായർ ഉദ്യോഗസ്ഥന്മാർ പിൻതുണ നൽകുകയും ചെയ്തുപോന്നു.

ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ അടിഞ്ഞമർന്ന് എരിപൊരികൊണ്ടിരുന്ന ഭാരതീയർ അതിൽനിന്നും വിമോചിതരാകുന്നതിനു വേണ്ടി സംഘടനാശക്തിയോടുകൂടി

സഹനസമരം നടത്താൻ തുടങ്ങി. അതിൽ നാടാർജനത നിർവഹിച്ച സേവനം പ്രശംസാർഹമാണു്. ഇന്നു മദ്രാസിലെ മുഖ്യമന്ത്രിയായിരുന്ന ഭരണസാരഥ്യം നിർവിഘ്നം നിർവഹിച്ചുപോരുന്ന ശ്രീ കാമരാജ്നാടാരെ സംബന്ധിച്ചു് ഒരു വിഹഗവീക്ഷണം ഇത്തരുണത്തിൽ നടത്തുന്നതു് അനുചിതമായിരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ കാമരാജ്നാടാർ

1903 ജൂലൈ 15-ാംതീയതി വിരുതുനഗർ എന്ന പട്ടണത്തിൽ ശ്രീ കാമരാജ്നാടാർ ജ്ഞാതനായി. സാമാന്യം ധനസ്ഥിതിയുള്ള കുടുംബത്തിലെ ഒരംഗമായ ശ്രീ വി. സി. കുമാരസ്വാമി നാടാർ ആയിരുന്ന അദ്ദേഹത്തിന്റെ പിതാവു്. തന്റെ ഏകപുത്രനു് 6 വയസ്സു പ്രായമായപ്പോൾത്തന്നെ അദ്ദേഹം പരലോകപ്രാപ്തനായി. ശ്രീ കാമരാജ്നാടാരുടെ പ്രാഥമികവിദ്യാഭ്യാസം വിരുതുനഗറിലെ നാടാർവിദ്യാലയ ഹൈസ്കൂളിലാണു നടത്തിയതു്. വിദ്യാഭ്യാസകാലത്തു് പഠിതവത്തിൽ താല്പര്യം പ്രദർശിപ്പിക്കുന്നതിനു പകരം പാഠപുസ്തകങ്ങളോടു് അതിരറ്റ വൈമുഖ്യമാണു പ്രദർശിപ്പിച്ചുപോന്നതു്. വിദ്യാലയം വിട്ടതിനുശേഷം വാണിജ്യപ്രമുഖനായ സ്വമാതുലന്റെ സംരക്ഷണയിൽ വളർന്നുവന്നു.

ഇക്കാലത്തു് വിരുതുനഗർ രാഷ്ട്രീയപ്രവർത്തനത്തിന്റെ ഒരു കേന്ദ്രമായി രൂപം പ്രാപിച്ചുവരുകയായിരുന്നു. ശ്രീ കാമരാജ്നാടാരുടെ മാതുലൻ ജസ്റ്റീസ് പാർട്ടിയിലെ ഒരു സജീവപ്രവർത്തകനാണു്. ഈ പാർട്ടിയിലെ പ്രധാന പ്രവർത്തകർ അനുദിനം അദ്ദേഹത്തിന്റെ കടയിൽ കൂടി പാർട്ടിപ്രവർത്തനങ്ങളെപ്പറ്റി ചർച്ച നടത്തുക പതിവായിരുന്നു. എന്നാൽ രാജ്യസ്നേഹത്താൽ പ്രചോദിതനായ

ശ്രീ കാമരാജ് സ്വമാതുലന്റെ കടയിലെ ജോലി ബഹിഷ്കരിച്ച് രാഷ്ട്രീയപ്രവർത്തനത്തിൽ പങ്കെടുക്കുന്നതിലേയ്ക്കു രംഗത്തിറങ്ങി. സ്വന്തം പട്ടണത്തിൽ കാൺഗ്രസ്സിന്റെ പരിപാടി നടപ്പിൽ വരുത്തുക എന്ന കഠിനയത്നം ശ്രീ നാടാരുടെ പിഞ്ചുമുമലിലാണ് അർപ്പിതമായത്.

1920-ൽ ഗാന്ധിജി നിസ്സഹകരണപ്രസ്ഥാനം ആരംഭിച്ചു. അപ്പോഴും ആ സ്വാതന്ത്ര്യസമരത്തിൽ ആദ്യം ചേർന്ന ചുരുക്കം ചില വ്യക്തികളിൽ ഒരാളാണ് ശ്രീ കാമരാജ് നാടാർ. 25 വർഷത്തെ ദേശീയസമരത്തിൽ ആറു പ്രാവശ്യം അദ്ദേഹം ജയിൽവാസം അനുഭവിച്ചു. തന്റെ ജീവിതത്തിൽ മൂവായിരത്തിൽപരം ദിവസം ഇരുമ്പഴിക്കുള്ളിലാണ് കഴിച്ചുകൂട്ടിയിട്ടുള്ളത്. കാൺഗ്രസ്സിനോടും രാഷ്ട്രത്തിനോടും ഉള്ള വിശ്വാസവും ബഹുമാനവും പല പരീക്ഷണഘട്ടങ്ങളേയും അതിലംഘിച്ച് സ്ഥായിയായിത്തന്നെ തന്നിൽ നിലനിന്നിരുന്നു.

മഹാത്മജിയുടെ അക്രമരാഹിത്യസിദ്ധാന്തത്തിലുള്ള അടിയുറച്ച വിശ്വാസം അദ്ദേഹത്തിനു് അന്നും ഇന്നും ഒന്നുപോലെതന്നെയാണ്. എങ്കിലും 1933-ൽ വിരുതുനഗർ ബാങ്കുകേസ്സിൽ പ്രതിയാക്കി കോടതിയിൽ വിസ്തരിച്ചതു് അതിശയോക്തിയായിരിക്കുന്നു. കേസ്സിൽ വെറുതെ വിട്ടു.

1943-ൽ തമിഴ്നാട്ടിലെ രാഷ്ട്രീയചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കപ്പെട്ടു. തമിഴ്നാട് കാൺഗ്രസ്സ് കമ്മറിയുടെ അദ്ധ്യക്ഷപദം ശ്രീ കാമരാജിൽ നിക്ഷിപ്തമായി. സംഘടനാപരമായ കാര്യങ്ങളിൽ വേണ്ട പ്രാവീണ്യം അദ്ദേഹം ഇതിനകം കരസ്ഥമാക്കിയിരുന്നു.

1936-നശേഷം ശ്രീ സത്യമൂത്തി തമിഴ്നാട്ട് കാൺഗ്രസ്സിന്റെ പ്രസിഡൻറായിരുന്ന കാലത്തു് രാഷ്ട്രീയ സംഘടനയിൽ അദ്ദേഹത്തിന്റെ വലതുകൈയായി നിന്ന പ്രവർത്തിച്ചതു് ശ്രീ കാമരാജാണു്. സംസ്ഥാനകാൺഗ്രസ്സ് സംഘടനയെ സുസംഘടിതമായി ഉറപ്പിക്കുന്നതിനു ശ്രമിച്ച അപൂവ്വം ചില പ്രവർത്തകരിൽ ഒരാളാണു് ശ്രീ കാമരാജ് നാടാർ. തമിഴ്നാട്ട് കാൺഗ്രസ്സിന്റെ അനിഷേദ്ധ്യനേതാവായി 14 വർഷം ഇദ്ദേഹം പ്രസിഡൻറുപദം അലങ്കരിച്ചുപോന്നു. 1937-ൽ രൂപീകൃതമായ പ്രഥമ കാൺഗ്രസ്സ് മന്ത്രിസഭ 1939-ൽ രാജിവച്ചു. രണ്ടാം ലോകമഹായുദ്ധത്തിൽ ഭാരതത്തെ കൊണ്ടുചെന്നു ചാടിക്കുന്നതിനുള്ള ബ്രിട്ടീഷ് ഗവൺമെൻറിന്റെ യത്നത്തിൽ പ്രതിഷേധിച്ചു് മഹാത്മജി ചെയ്ത ആഹ്വാനം അനുസരിച്ചു് ശ്രീ നാടാർ സത്യാഗ്രഹം നടത്തുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്തു. യുദ്ധാനന്തരം കാൺഗ്രസ്സ് നേതാക്കന്മാർ മോചിതരാവുകയും പ്രവിശ്യകളിൽ കാൺഗ്രസ്സ് മന്ത്രിസഭകൾ 1948-ൽ രൂപീകൃതമാകുകയും ചെയ്തു.

1947-ലെ സ്വാതന്ത്ര്യസമ്പാദനത്തോടുകൂടി രാഷ്ട്രീയാന്തരീക്ഷം പാടെ ഒന്നു മാറി. അപ്പോൾ തമിഴ്നാട്ടിലെ കാൺഗ്രസ്സ് നേതാവു് എന്ന നിലയിൽ ഇദ്ദേഹം തമിഴ്നാട്ടുകാൺഗ്രസ്സിന്റെ രാഷ്ട്രീയലക്ഷ്യത്തെ നയിക്കുകയായിരുന്നു. അധികാരമോഹം ലവലേശമില്ലാതിരുന്ന അദ്ദേഹത്തിനു വിശ്വസ്തതയും കഴിവും ഉള്ളവരെ അധികാരം ഏല്പിക്കേണ്ട ചുമതലയുണ്ടായിരുന്നു. ആറു വർഷക്കാലം സംസ്ഥാനഭരണയന്ത്രത്തെ സുരക്ഷിതമായും ബുദ്ധി

പൂർവ്വമായും നയിച്ചിരുന്ന കാൺഗ്രസ്സിന്റെ വഴികാട്ടിയും തത്വജ്ഞാനിയും സ്നേഹിതനും ആയിരുന്ന ശ്രീ കാമരാജ് നാടാർ. പല കാരണങ്ങളാലും 1942-ലെ പൊതുതിരഞ്ഞെടുപ്പിൽ മദ്രാസ് സംസ്ഥാനത്തിൽ കാൺഗ്രസ്സിനു് അല്പം മാന്ദ്യം സംഭവിച്ചു. അരക്ഷിതാവസ്ഥ ഉണ്ടായേയ്ക്കുമായിരുന്ന ആ സന്ദർഭത്തെ ബോധപൂർവ്വം അദ്ദേഹം നേരിടുകയും വളരെ പണിപ്പെട്ടു കെട്ടിപ്പടുത്ത കാൺഗ്രസ്സ് സൗധത്തെ ശിഥിലീകരണത്തിൽനിന്നും രക്ഷിക്കുകയും ചെയ്തു. പൊതുതിരഞ്ഞെടുപ്പിനുശേഷമുള്ള പ്രതിസന്ധിഘട്ടത്തിൽ സംസ്ഥാനത്തെ ഭരണഭാരം ബുദ്ധിമാനും രാഷ്ട്രീയമീമാംസാവിദഗ്ധനുമായ ശ്രീ രാജാജിയുടെ കരങ്ങളിൽ അപ്പിതമായി. അല്പകാലം അദ്ധ്യക്ഷപദം ഉപേക്ഷിച്ചിരുന്ന ശ്രീ കാമരാജ് കാൺഗ്രസ്സിനെ പുനരുജ്ജീവിപ്പിച്ചു ശക്തിപ്പെടുത്തുന്നതിനായി വീണ്ടും തമിഴ്നാട്ടു് കാൺഗ്രസ്സിന്റെ അദ്ധ്യക്ഷപദം അലങ്കരിക്കുന്നതിനു നിർബന്ധിതനായി. രണ്ടു വർഷം മുഖ്യമന്ത്രിയായിരുന്ന ഭരണം നയിച്ചതിനുശേഷം ആരോഗ്യപരമായ കാരണത്താൽ രാജിവച്ചു മാറിയ രാജാജിക്കു പകരം ആ ഭീമമായ ഉത്തരവാദിത്വം വഹിക്കുന്നതിനു ശ്രീ കാമരാജല്ലാതെ മറ്റാരും ഇല്ലായിരുന്നു. സ്വകൃത്യം നിർവ്വഹിക്കുന്നതിൽ നിന്നും ഒഴിഞ്ഞുമാറുന്നതിനുള്ള ഭീരുത്വം ലവലേശം തീണ്ടിയിട്ടില്ലാത്ത അദ്ദേഹം 1954 ഏപ്രിൽ 13-ാം തീയതി മദ്രാസിലെ മുഖ്യമന്ത്രിയായി സ്ഥാനം സ്വീകരിച്ചു. തന്മൂലം കാൺഗ്രസ്സ് പ്രസിഡൻറുദ്യോഗം അദ്ദേഹം ഉപേക്ഷിച്ചു.

1954-ൽ അദ്ദേഹം കാൺഗ്രസ്സ് പാർട്ടിയുടെ നേതാവായി തിരഞ്ഞെടുക്കപ്പെട്ടു. 1947-മുതൽ അഖി

ലേന്ത്യാ കോൺഗ്രസ്സ് വക്കിംഗ് കമ്മറിയിലെ ഒരംഗ മെന്ന നിലയിലും പ്രത്യേകം ക്ഷണിക്കപ്പെട്ട ഒരു പ്രവ ത്തകൻ എന്ന നിലയിലും പങ്കെടുത്തിട്ടുണ്ട്. 1937-ൽ ചാത്തൂർ നിയോജകമണ്ഡലത്തിൽ നിന്നുമാണ് മദ്രാസ് നിയോജകമണ്ഡലത്തിലേയ്ക്ക് അദ്ദേഹത്തെ ഐകക ണ്ഠ്യേന ആദ്യമായി തിരഞ്ഞെടുത്തത്. 1941-ൽ ജയിലറയ്ക്കുള്ളിലായിരുന്നപ്പോൾ വിരുതുനഗർ നഗരസഭാ ദ്ധ്യക്ഷനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെടുകയും, വിമോ ചനത്തിനുശേഷം ഒരു ദിവസം അദ്ധ്യക്ഷനായിരുന്നിട്ട് രാജിവയ്ക്കുകയും ചെയ്തു. 1946-ൽ മദ്രാസ് നിയമസഭ യിലേയ്ക്ക് അദ്ദേഹത്തെ തിരഞ്ഞെടുത്തു. 1951-ൽ ശ്രീവില്ലിപുത്തൂർ നിയോജകമണ്ഡലത്തിൽനിന്നും അദ്ദേ ഹം ബഹുഭൂരിപക്ഷത്തോടെ കേന്ദ്രപാർല്ലമെൻറിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടു. ആ തിരഞ്ഞെടുപ്പിൽ മറ്റു പല കാൺഗ്രസ്സ് നേതാക്കളും അതിദയനീയമായി പരാജയപ്പെ ട്ടുവെന്നതു് പ്രസ്താവ്യമാണ്. മുഖ്യമന്ത്രിയായതിനുശേഷം അദ്ദേഹം പാർല്ലമെന്ററി അംഗത്വം രാജിവയ്ക്കുകയും ഗ്രുഡിയാപ്പം നിയോജകമണ്ഡലത്തിൽനിന്നും ഉപതിര ഞ്ഞെടുപ്പിൽ വിജയിക്കുകയും ചെയ്തു. ഈ നിയോജക മണ്ഡലം അദ്ദേഹത്തിന്റെ സ്വദേശമോ പരിചയമുള്ള സ്ഥലമോ ആയിരുന്നില്ല. എന്നാൽ അവിടത്തെ ആളു കൾക്ക് അദ്ദേഹത്തേയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങ ളെയുംപറ്റി ശരിക്ക് അറിയാമായിരുന്നു.

1954-ൽ ശ്രീ കാമരാജ് മലയ സന്ദർശിക്കുകയും, അവിടത്തെ ജനങ്ങളുടെ ഹൃദയംഗമമായ സ്വീകരണ ത്തിൽ പങ്കുകൊള്ളുകയും ചെയ്തു. അതേവർഷംതന്നെ സിലോൺ സന്ദർശിക്കുകയും, സിലോണിലെ ഇൻഡ്യാക്കാ

രുടെ പ്രശ്നങ്ങളെ നേരിട്ട് പഠിക്കുകയും ചെയ്തു. സിലോൺ തമിഴരുടെ സൗഹാർദ്ദസന്ദേശം വഹിച്ചുകൊണ്ടുള്ള ഈ യാത്ര മാതൃരാജ്യത്തെ തമിഴരുമായുള്ള ബന്ധം ക്രിയാത്മകമായി ദൃഢപ്പെടുത്തുന്നതിനു് അത്യന്തം ഉപകരിച്ചു.

ശ്രീ കാമരാജ്നാടാരുടെ രാഷ്ട്രീയനേതൃത്വത്തിന്റെ ചരിത്രം നിരന്തരപരിശ്രമത്തിന്റേയും ഭഗീരഥപ്രയത്നത്തിന്റേയും ചരിത്രമാണു്. അദ്ദേഹത്തെ നേതാക്കന്മാരിൽ ഒരു പ്രവർത്തകനെന്നും, പ്രവർത്തകരിൽ ഒരു നേതാവെന്നും പറയുന്നതിൽ അതിശയോക്തിയില്ല. അധികം സംസാരിക്കാതെ കരുതിക്കൂട്ടി പ്രവർത്തിക്കുന്ന ഒരു നേതാവാണു് അദ്ദേഹം. ഹൃദയസ്പർശകമാംവിധം തമിഴിലും ഇംഗ്ലീഷിലും ഭംഗിയായി പ്രസംഗിക്കും. മാഹാത്മ്യം ആർജ്ജിച്ചിട്ടുള്ള രാഷ്ട്രീയനേതാക്കന്മാരിൽ എണ്ണപ്പെട്ട ഒരു വ്യക്തിയാണു് ശ്രീ കാമരാജ്നാടാർ. അളവറ്റ ജനസ്വാധീനമുള്ള ഇദ്ദേഹം പോകുന്ന സ്ഥലങ്ങളിലെ ജനഹൃദയങ്ങളെ ഹഠാദാകർഷിച്ചുപോരുന്നു.

ഏതു വിഷമപ്രശ്നങ്ങളെയും നേരിട്ട് പരിഹരിക്കുന്നതിനുള്ള പ്രാഗൽഭ്യം ഒന്നു വേറെതന്നെയാണു്. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ ആ സംഭവം നേരിട്ട് സ്വീകരിക്കും. എപ്പോഴും പ്രശ്നങ്ങളെ പഠിക്കുന്നതു് സാധാരണ മനുഷ്യന്റെ വീക്ഷണഗതിയിലൂടെയാണു്. ശത്രുമിത്രഭേദമെന്യേ എല്ലാവരോടും ഒരുപോലെ ദയാപുരസ്സരമായാണു വർത്തിക്കുന്നതു്. ആരെയും അറിഞ്ഞുകൊണ്ടു് അദ്ദേഹം വേദനിപ്പിച്ചിട്ടില്ല. ആരെയും ഏതവസരത്തിലും അദ്ദേഹത്തിനു സ്വീകരിക്കാനും സംസാരിക്കാനും മടിയില്ല. തന്നിമിത്തം ചിലപ്പോഴും അദ്ദേഹത്തിന്റെ സമയം

അദ്ദേഹത്തിന്റെ തല്ലാതാക്കിത്തീർത്തിട്ടുണ്ട്. സെക്രട്ടറിയേറ്റ് ആഫീസിലോ വാസസ്ഥലത്തോ അദ്ദേഹത്തെ കണ്ടു സംസാരിക്കുവാൻ നിൽക്കുന്ന ആൾക്കൂട്ടം ഇല്ലാത്ത ഒരു ദിവസവും കാണുകയില്ല. പരാതികളും സങ്കടങ്ങളും അദ്ദേഹം ക്ഷമയോടു കേൾക്കുകയും അന്യരുടെ വീക്ഷണഗതിയെ മനസ്സിലാക്കുവാൻ ജിജ്ഞാസ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. ആവശ്യവും ന്യായവും ആണെന്നു കാണുന്ന അവസരങ്ങളിൽ പൊതുനന്മയ്ക്കുവേണ്ടി സ്വന്തം അഭിപ്രായം ബലികഴിക്കുന്നതിൽ അദ്ദേഹം വൈമനസ്യം പ്രദർശിപ്പിക്കാറില്ല. എന്നാൽ രാഷ്ട്രീയാഭിപ്രായത്തിലും മൗലികങ്ങളായ തത്വങ്ങളിലും അദ്ദേഹത്തെ കീഴ്പെടുത്തുന്നതിനു് ആർക്കും സാധിച്ചിട്ടില്ല.

ലളിതജീവിതം നയിക്കുന്ന ഒരവിവാഹിതനാണു് ശ്രീ നാടാർ. ജീവിച്ചിരിപ്പുള്ള വയോവൃദ്ധയായ സ്വമാതാവിനെ ഭക്തിബഹുമാനങ്ങളോടുകൂടിയാണു് അദ്ദേഹം പരിചരിക്കുന്നതു്. ഔദ്യോഗികകൃത്യനിർവ്വഹണങ്ങൾക്കും അന്യരുടെ സന്ദർശനങ്ങൾക്കും ഇടയ്ക്കു് സമയം കിട്ടുകയാണെങ്കിൽ മാത്രം ചിലപ്പോൾ ഒരു സിഗററുവലിക്കും എന്നതു മാത്രമാണു് പറയാനുണ്ടെങ്കിൽ അദ്ദേഹത്തിന്റെ വ്യക്തിപരമായ ആഡംബരം.

തിരു: സ്റ്റേറ്റുകാൺഗ്രസ്സും തിരു: തമിഴ്നാടുകാൺഗ്രസ്സും തമ്മിലുണ്ടായ സംഘട്ടനഘട്ടത്തിൽ ഇതിന്റെ ഒത്തുതീർപ്പിനുവേണ്ടി 1947 ഡിസംബർ 4-ാംതീയതി ശ്രീ കാമരാജ്നാടാർ തിരുവനന്തപുരത്തു വന്നു ശ്രീ പട്ടം താണുപിള്ളയുമായി 45 മിന്നിട്ടു സമയം സംഭാഷണം നടത്തി. അനന്തരം നാഗർകോവിലിൽ പോയി കന്യാകുമാരിയിൽവച്ചു തമിഴ്നാടുകാൺഗ്രസ്സുകാരുമായി സന്ധി

സംഭാഷണത്തിൽ ഏർപ്പെട്ടു. ഈ യാത്രയിൽ ശ്രീ കാമരാജ് നാടാർക്കു വഴിനീളേ ഗംഭീരമായ സ്വീകരണങ്ങളും നൽകപ്പെട്ടു.

1947 ഡിസംബർ 6-ാംതീയതി ശ്രീ കാമരാജ് നാടാർ കാഞ്ഞിരംകുളം സന്ദർശിച്ചു. തത്സമയം കാഞ്ഞിരംകുളം ഹൈസ്കൂളിൽവച്ചു നടന്ന മഹായോഗത്തിൽ തമിഴ്നാട്ടുകാൺഗ്രസ്സിനെ പ്രതിനിധീകരിച്ചു് ശ്രീ പി. പരമേശ്വരൻനാടാരും, അഖിലതിരുവിതാംകൂർ നാടാർ മഹാജനസഭയെ പ്രതിനിധീകരിച്ചു് ശ്രീ എം. കുഞ്ഞുകൃഷ്ണൻനാടാരും, ദേശാഭിവർദ്ധിനി പബ്ലിഷിംഗ് ഹൗസിനെ പ്രതിനിധീകരിച്ചു് ഞാനും പ്രസംഗപരമ്പര നടത്തി. അനന്തരം അവിടെ കൂടിയിരുന്ന മഹാസദസ്സിനെ അഭിമുഖീകരിച്ചു് ഏതാനും മിനിട്ടു പ്രസംഗിച്ചതിനുശേഷം തിരുവനന്തപുരത്തു പോയി. 8-ാംതീയതി നാടാർമാൻഷനിൽവച്ചു് അതിപ്രശസ്തമാംവിധം ചായസൽക്കാരം നടത്തപ്പെട്ടു. ഈ യാത്രയിൽ തന്റെ സന്ധിസംഭാഷണം പരാജയപ്പെട്ടു. അനന്തരം 1953 സെപ്റ്റംബർ 22-ാംതീയതി കാൺഗ്രസ്സിന്റെ സന്ദേശവും വഹിച്ചുകൊണ്ടു് തിരുവനന്തപുരത്തു വന്നു. ഈ യാത്രയിൽ അദ്ദേഹം കാൺഗ്രസ്സിന്റേയും തിരു: തമിഴ്നാട്ടുകാൺഗ്രസ്സിന്റേയും സൽക്കാരം സ്വീകരിക്കാതെ ശ്രീ ചട്ടനാഥക്കരയാളരുടെ അതിഥിയായിട്ടാണു് താമസിച്ചതു്.

മുൻപു പ്രതിപാദിച്ചിട്ടുള്ള പ്രകാരം രാജ്യഭരണത്തിൽ ഏർപ്പെട്ടിരുന്നു, അനന്തരകാലത്തു് അതു നഷ്ടപ്പെട്ടു, അന്യരാൽ അവഹേളിക്കപ്പെട്ട ജീവിച്ച നാടാർ സമുദായം പല പ്രതിബന്ധങ്ങളെയും തരണം ചെയ്തു വീണ്ടും രാജ്യഭരണത്തിൽ പ്രവേശിച്ചിരിക്കുകയാണു്.

"ഇൻഡ്യക്ക് സ്വാതന്ത്ര്യം ലഭിച്ചാൽ ഭാഷാടിസ്ഥാനത്തിൽ രാജ്യങ്ങളെ പുനർവിഭജനം ചെയ്യണം" എന്ന മഹാത്മജിയുടെ 1925-ലെ പ്രമേയം അനുസരിച്ച് തി: തമിഴ്നാട് കോൺഗ്രസ്സ് 1945 ഡിസംബർ 16-ാംതീയതി രൂപീകരിക്കപ്പെട്ടു.

7. തിരു: തമിഴ്നാടർ സമുദായവും

"ഏതൊരുവേദവുമതൊരു ശാസ്ത്രവു-
മേതൊരുകാവ്യവുമതൊരാർഷവും
വൃത്തിയിൽ പതിയേണമെങ്കിൽ സ്വദേശത-
വക്ത്രത്തിൽനിന്നതാൻ കേൾക്കവേണം" എന്ന

മഹാകവി വള്ളത്തോളിന്റെ അഭിപ്രായം അനുസരിച്ചു തന്നെ തമിഴരുടെ ന്യായമായ ആവശ്യവും അവകാശവുമായിരുന്നു. ഈ സംഘടനയുടെ ആവിർഭാവത്തിൽത്തന്നെ ഇതൊരു നാടാർ കോൺഗ്രസ്സാണെന്ന് ഒരു വിഭാഗം അടുക്കും ഉഷ്പ്രചരണം നടത്തി. തമിഴ്നാട്ടിലെ ജനസംഖ്യയിൽ ഏറിയഭാഗവും നാടാർ സമുദായക്കാരായതിനാൽ ഇതിന്റെ പ്രവർത്തനത്തിൽ കൂടുതലും ഈ സമുദായത്തിൽപ്പെട്ടവർ ഭാഗഭാക്കാകാനിടയായി എന്നല്ലാതെ, ജാതിമതഭേദമെന്യേ തമിഴരായ സകലരും ഉൾക്കൊണ്ടിട്ടുള്ള ഒരു സംഘടനയാണ് തി: ന: കോൺഗ്രസ്സ്. നാടാർസമുദായത്തിന്റെ നില വ്യക്തമാക്കുന്നതിനുവേണ്ടി തി: തമിഴ് നാട്ടിന്റെ പരിധിയിൽപ്പെട്ട സ്ഥലത്തുള്ള 1941ലെ സെൻസസ്സ് റിപ്പോർട്ട് താഴെ ചേർക്കുന്നു.

| താലൂക്ക് | നാടാർ (ഹിന്ദു) | ഈഴവർ | നായർ | ഹിന്ദു | ക്രിസ്ത്യാനി | ആകെ |
|---|---|---|---|---|---|---|
| തോവാള | 4756 | 1142 | 501 | 30526 | 10432 | 43324 |
| അഗസ്തീശ്വരം | 56198 | 1770 | 3346 | 127051 | 50724 | 183655 |
| കൽക്കുളം | 71598 | 1875 | 18608 | 141310 | 90274 | 242566 |
| വിളവംകോട് | 72715 | 4140 | 20991 | 121425 | 80878 | 207430 |
| നെയ്യാറ്റിൻകര | 43356 | 24748 | 66956 | 193351 | 100241 | 306612 |
| ചെങ്കോട്ട | 4180 | 1199 | 688 | 48771 | 2263 | 55451 |
| തേവികുളം | 807 | 1055 | 1463 | 52437 | 11152 | 64395 |
| പീരുമേട് | 2072 | 6471 | 1990 | 40017 | 22061 | 64899 |

N B. ഇതിലെ ക്രിസ്ത്യാനികളിൽ 40 ശതമാനത്തിൽ കൂടുതലും നാടാർ സമുദായത്തിൽനിന്നും ക്രിസ്ത്യാനികളായിട്ടുള്ളവരാണ്.


ഇതിൽ നിന്നും നാടാർ സമുദായക്കാർ ഈ സ്ഥലത്തു ബഹുഭൂരിപക്ഷമാണെന്നു തെളിയുന്നുണ്ടല്ലോ? ഈ രാഷ്ട്രീയ സംഘടനയെ മുൻപുണ്ടായിട്ടുള്ള നാടാർ–നായർസംഘട്ടനത്തിന്റെ തുടർച്ചയായി നിറം പിടിപ്പിക്കുവാൻ ചില വ്യക്തികൾ ഉദ്യുക്തരായി. അതിനെത്തുടർന്നുണ്ടായ സംഭവവികാസങ്ങളെല്ലാം എല്ലാവർക്കും സുപരിചിതമായിട്ടുള്ളതിനാൽ കൂടുതൽ വിശദീകരിക്കാനാഗ്രഹിക്കുന്നില്ല.

1947–ലെ സംഭവത്തിൽപ്പെട്ട് ശ്രീ. ചെല്ലയ്യൻ നാടാർ, ശ്രീ. ദേവസഹായം എന്നിവർ മൃതിയടഞ്ഞു. ഈ സംഭവത്തിനു മുൻപുതന്നെ അവിടത്തെ സ്ഥിതി എന്തായിരുന്നുവെന്നു കാണിക്കുന്നതിനുവേണ്ടി ഇപ്പോൾ തി: ത. കാൺഗ്രസ്സ് പ്രസിഡന്റായിരിക്കുന്ന ശ്രീ. എ. നേശമണി M. P 27–5–1123 ൽ പത്രങ്ങൾക്കു നൽകിയ ഒരു പ്രസ്താവന ചുവടെ ചേർക്കുന്നു.

* "മി. എ. അപ്പാവുപണിക്കർ, എ. ഗബ്രിയൽ നാടാർ എന്നിവരോടൊന്നിച്ച് ഈ മാസം 24–ാം തീയതി മടിച്ചലും ചുറ്റുപാടുമുള്ള ഗ്രാമപ്രദേശങ്ങളും ഞാൻ സന്ദർശിച്ചു. 150 സംവത്സരങ്ങൾക്കു മുൻപു നമ്മുടെ പൂർവ്വീകന്മാർ നായന്മാരുടെയും ഒരു നായർ ഗവർമ്മെന്റിന്റേയും ആധിപത്യത്തിൽ അനുഭവിച്ച യാതനകളെ അനുസ്മരിപ്പിക്കുമാറുള്ള ഹൃദയഭേദകമായ രംഗങ്ങൾ അവിടെ വീക്ഷിക്കാൻ എനിക്കു അവസരം ലഭിച്ചു. പട്ടിണിപ്പൈതങ്ങളും ഉദരിതബാധിതരും അശ്രുപൂർണ്ണനയനങ്ങളുമായ സ്ത്രീജനങ്ങളും മാത്രമേ അവിടെ കാണപ്പെട്ടുള്ളൂ. ഭവനങ്ങൾ പരിത്യജിക്കപ്പെട്ടിരുന്നു. പനമരങ്ങളായാറും നിലച്ചിരിക്കുകയാണു്. ഈ സ്ഥലത്തു ഭയവും

* 28—5—1123 ഭാരതി.

ഭീകരതയും നടമാടുന്നു. ഹിംസിക്കപ്പെട്ടുമെന്ന ഭയത്തോടെയാണു് ജനങ്ങൾ രാപകൽ കഴിഞ്ഞുകൂടുന്നതു്. സ്റ്റേറ്റു കോൺഗ്രസ്സിനെ സ്വതന്ത്ര സംഘടനയായി അംഗീകരിക്കാൻ ജനങ്ങളെ ബലാൽക്കാരം നിർബന്ധിക്കുകയും അവർ അതിനു വഴങ്ങിയില്ലെങ്കിൽ ഏറ്റവും ഭാരമേ



ശ്രീ. ഏ. നേശമണി M. P. തി. ത. കാ. പ്രസിഡൻറു.

ണമായ അനുഭവങ്ങളും ഉണ്ടാകുമെന്നുപറഞ്ഞു ഭയപ്പെട്ടു ത്തുകയും ചെയ്തപ്പോഴുണ്ട. ലാത്തിയും തോക്കും കൊണ്ടു കയ്യേറാം ചെയ്യുക, മൃഗങ്ങളെപ്പോലെ വലിച്ചിഴച്ചുകൊണ്ടു പോകീസ് വാനിൽ കയറ്റി അനുഭവിയമായ പീഡനവും മാനഭംഗവും ഏല്പിക്കുക മുതലായവയാണ് സ്റ്റേറുകാൺഗ്രസ്സിനെ സഹികരിക്കാത്തവക്ക് ള്ള അനുഭവം. ദരിദ്രരും പൈതങ്ങളും ഇവരുടെ ഭയവിനു വിധേയരായി കഴിയുകയാണ്. ഇവരുടെ പിടിയിൽനിന്നും രക്ഷപ്പെടാൻ സ്ത്രീകൾക്കുപോലും സാധ്യമാകുന്നില്ല. കൈയേറാത്തിനു വിധേയരായ പലരും ജീവിതാശ കൈവെടിഞ്ഞിരിക്കുന്നു. അവർ വിവിധ ആശുപത്രികളിൽ ശുശ്രൂഷ ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണ്. ആ ഗ്രാമത്തിലെ ചില നാടാന്മാർക്കു ലാത്തികൊണ്ടുള്ള പ്രഹരങ്ങളും ലഭിച്ചു. അവരുടെ ഭവനങ്ങളും ബലാൽക്കാരം തുറക്കപ്പെട്ടു.

ശങ്കുനാടാർ എന്നൊരാളെ റിസവ്വ് പോലീസ് വലിച്ചെറിഞ്ഞ കിണറും, 10 ദിവസംമുൻപു കരപാമ്പു കടിച്ചതിനാൽ മൃതിപ്പെട്ട അയാളുടെ ഭാര്യയുടെ ശുശാന പ്രദേശവും സ്വന്തം കുടിലിൽ കമിഴ്ന്നുകിടക്കുന്ന അയാളുടെ 5 പൈതങ്ങളും ഞങ്ങളുടെ ദൃഷ്ടിയിൽപ്പെടുകയുണ്ടായി. ഈ അനാഥശിശുക്കളുടെ കാര്യം സമീപസ്ഥയായ ഒരു വൃദ്ധയാണ് നോക്കിക്കൊണ്ടിരുന്നത്. ഒരു നായരെ കയ്യേറാം ചെയ്യുന്നു പറയപ്പെട്ടതു ഒരു കുളത്തിന്റെ കിഴക്കേക്കരയിൽ സംഘംസംഘങ്ങളായി നാടാന്മാരെ റിസവ്വ് പോലീസ് പിടിച്ചുകൊണ്ടു വരുകയും മനുഷ്യത്വരഹിതമായ പീഡനത്തിനു അവരെ വിധേയരാക്കുകയും ചെയ്തപ്പോഴുണ്ട. ആ സ്ഥാനത്തുനിന്നും ഒരു ലാത്തിയുടെ ഒടിഞ്ഞ കഷണം ഞങ്ങൾക്കു കിട്ടി. മാത്താണ്ഡ

ത്തുള്ള ലണ്ടൻ മിഷൻ ആശുപത്രിയിൽ ചികിത്സയിൽ കിടക്കുന്ന സഹോദരനെ കാണുന്നതിനായി ആ വഴിയേ പോയ മെത്രാപ്പോലീത്തായുടെ മുമ്പിൽ കുതിരയെടുത്തു. ഇയാൾ കഠിനമായ പ്രഹരത്തിനു വിധേയനായവനാണ്. ഒരു മലയാളിഭരണത്തിന്റെ അത്ഥമെന്തെന്നു തമിഴനെ അനുസ്മരിപ്പിക്കുവാനുള്ള പരിശുദ്ധ ചിഹ്നങ്ങളായി ഇവയെ ഇപ്പോൾ തമിഴനാട്ടുകാരുടെ ഗ്രന്ഥ ആഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ജനങ്ങളുടെ വേദനകളിൽ നിന്നും പുറത്തിറങ്ങാത്തതിനാലും ഒളിവിൽ കഴിഞ്ഞുകൂടുന്നതിനാലും പട്ടിണിയാലുമുള്ള അന്തിച്ചന്ത ഇപ്പോൾ നടത്തപ്പെടുന്നില്ല. ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ട നിരവധി ഭീകരസംഭവങ്ങളിൽ ചിലതുമാത്രമാണിതു്....."

ഇപ്രകാരമുള്ള പല യാതനകളും അഹിംസാതത്ത്വത്തിൽ കൂടെ സഹിക്കുകയും അപ്പോഴത്തെ തിരഞ്ഞെടുപ്പിൽ എതിരാളികൾക്കു കെട്ടിവച്ച പണംപോലും നഷ്ടപ്പെടുത്തിക്കൊണ്ടു് പല സ്ഥാനങ്ങളും തി: ത: കാൺഗ്രസ്സു കൈവശപ്പെടുത്തി.

തിരുവിതാംകൂറിനോടു കൊച്ചി രാജ്യത്തെക്കൂടെ ചേർക്കാനുള്ള ഉദ്യമത്തെ പ്രതിഷേധിച്ചു് 1949 ഏപ്രിൽ 13-ാംതീയതി തി. ത. കാ. പ്രസിഡൻറു് ശ്രീ. നഥാനിയലിന്റെ അദ്ധ്യക്ഷതയിൽ നാഗർകോവിലിൽകൂടിയ യോഗത്തിൽവച്ചു് ഗവണ്മെൻറു ഗസറ്റും അഞ്ചൽസ്റ്റാമ്പും മുട്ടറിച്ചു. ഈ പ്രക്ഷോഭണത്തിൽ ശ്രീ. നഥാനിയൽ; ശ്രീ. ആർ. കെ. റാം; ശ്രീ. എം. നേശമണി M. P; ശ്രീ. വി. ദാസ്സു്; ശ്രീ. പി. എസ്സു്. മണി; ശ്രീ. രാമൻപിള്ള മുതലായവരെ അറസ്റ്റുചെയ്തു

ലാക്കപ്പിലാക്കി. ശ്രീ. വല്ലഭായി പട്ടേലിന്റെ നിർഭാഗ്യാന്തസരണം ശ്രീ. കെ. കാമരാജ് നാടാർ തിരുവനന്തപുരത്തുവന്ന് ഒത്തുതീർപ്പിനു ശ്രമിച്ചു.

ശ്രീ. എ. ജെ ജാൺ പ്രധാന മന്ത്രിയായുള്ള മന്ത്രി സഭ രൂപീകരിച്ചു. അതിൽ കോൺഗ്രസ്സുകക്ഷിക്കു ഭൂരിപക്ഷമില്ലാത്തതിനാൽ തി. താ. കാ: സഹായഹസ്തം നീട്ടി.



ശ്രീ. എ. ചിദംബരനാഥനാടാർ: എക്സ് മന്ത്രി.

അങ്ങിനെ 1952 മാർച്ച് 24-ാംതീയതി ശ്രീ. എ. ചിതംബരനാഥനാടാർ സത്യപ്രതിജ്ഞചെയ്ത മന്ത്രി പദം സ്വീകരിച്ചു. നൂറാണ്ടുകളായി ഭരണമണ്ഡലങ്ങളിൽനിന്നും പുറംതള്ളപ്പെട്ട സമുദായത്തിൽനിന്നും, ഒരു മന്ത്രിയായി ശ്രീ. നാടാർ ഭരണഭാരം കൈയേറ്റു.

ഈ ക്രൂട്ടബന്ധം ചില സാമുദായികവാദികൾക്ക് അരോചകമായിത്തീർന്നു. അതു ഇന്നാട്ടുകാർക്ക് സുപരിചിതസംഭവമായതിനാൽ അവരുടെ പേരു പ്രത്യേകിച്ചെടുത്തു വ്യക്തമാക്കണമെന്നു ഞാനുദ്ദേശിക്കുന്നില്ല. അഭി



ശ്രീ. T. T. ഡാനിയൽ M. L. A.

മാനവിജൃംഭിതരായ തമിഴർ ഈ സ്ഥാനലബ്ധിയെ നിസ്സാരമായി ഗണിച്ചു. തങ്ങൾക്ക് പ്രത്യേകം ഒരു

D. C. C. അനുവദിച്ചു കിട്ടുന്നതിനു നിവേദനം നടത്തി. അതനുവദനീയമല്ലെന്നു കാണുകയാൽ മന്ത്രിസഭാസ്ഥാനം ബഹിഷ്കരിക്കുന്നതിനു നിശ്ചയിച്ചു. അങ്ങിനെ 1953 സെപ്തംബർ 15-നു 7.30നു് ശ്രീ. എ. ചിത്തംബരനാഥനാടാർ മന്ത്രിപദംരാജിവച്ചു. അതിനെത്തുടർന്നു് നിയമസഭാ ബന്ധവും ഭരണകക്ഷിയിലെ മറ്റു ഔദ്യോഗികസ്ഥാനവും തി: ത. കാ. കാർ രാജിവച്ചു. തന്നിമിത്തം നിയമസഭ പിരിച്ചുവിട്ടു് പുതിയ തിരഞ്ഞെടുപ്പിനു തയ്യാറായി. തി: ത: കാ. സ്സിൽ നിന്നും 15 സ്ഥാനാർത്ഥികളെ നിറുത്തി മത്സരിച്ചതിൽ പല സ്ഥലത്തും എതിർകക്ഷികളായ കാൺഗ്രസ്സുകാരെ കെട്ടിവച്ചുതുകപോലും നഷ്ടപ്പെടുത്തിക്കൊണ്ടു് 12പേർ ബഹുഭൂരിപക്ഷത്തോടെ വിജയിച്ചു. ഇതിൽ 6 പേർ നാടാർ സമുദായ അംഗങ്ങളാണു്. മറ്റു പല സ്ഥലത്തിലെയും മെമ്പറന്മാർ വിജയിച്ചിട്ടുള്ളതും നാടാർ സമുദായത്തിന്റെ വോട്ടുകൊണ്ടായിരുന്നു.

1954-ലെ തിരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കും ഭൂരിപക്ഷം ലഭിച്ചില്ല. തന്നിമിത്തം പി. എസ്സ്. പി. കാൺഗ്രസ്സിനെ കൂട്ടുപിടിച്ചു ഭരണഭാരം കയ്യേറ്റു. പ്രധാനമന്ത്രിപദം ശ്രീ. പട്ടം താണുപിള്ള ഏറ്റെടുത്തു. പി. എസ്സ്. പി. ഗവൺമെന്റിന്റെ ഭരണം മുൻപോട്ടു നീങ്ങിക്കൊണ്ടിരുന്നു. തമിഴരുടെ ആവശ്യം നിരാകരിക്കപ്പെട്ടു. 1954-55ലെ ബഡ്ജറ്റിൽ ദക്ഷിണതിരുവിതാംകൂറിലെ ജലസേചന പദ്ധതിക്കുള്ള തുക കൊള്ളിച്ചില്ലെങ്കിൽ തി. ത. കാൺഗ്രസ്സുകാർ 12 പേരും സ്സമ്മേളനത്തിൽ പങ്കുകൊള്ളുന്നതല്ലെന്നു മുന്നറിയിപ്പു നൽകി. അതെല്ലാം വിഗണിക്കപ്പെട്ടു.

ദേവികുളത്തു തമിഴരെ ഉപദ്രവിക്കുന്നതായറിഞ്ഞു അന്വേഷണത്തിനുപോയ ശ്രീ. എ. നേശമണി M P;

ശ്രീ. അബ്ദുൽറസാക്ക് M. P; ശ്രീ എ. ചിതംബരനാഥ നാടാർ (മൻമന്ത്രി) M. L. A; എന്നിവരെ 1954 ജൂലൈ 4-ാംതീയതി ദേവികുളത്തുവച്ചു അറസ്റ്റ്ചെയ്ത 6 വാരം വീതം ശിക്ഷിച്ചു സെൻട്രൽജയിലിലടച്ചു. അതിനെത്തുടൻന്ദ ദേവികുളത്തിലെ 144-ാം വകുപ്പു ലംഘിക്കുന്നതിനായി മഹാത്മജിയുടെ അക്രമരാഹിത്യസിദ്ധാന്തം മുറുകെപ്പിടിച്ചുകൊണ്ടു് ജൂലൈ 9-ാംതീയതിമുതൽ 25-ാംതീയതിവരെ കന്യാകുമാരിയിലെ ഗാന്ധിഘട്ടത്തിൽനിന്നും സത്യാഗ്രഹജാഥ പുറപ്പെട്ടുകൊണ്ടിരുന്നു. ഈ ജാഥയിൽപ്പെട്ട വളരെപ്പേരെ ദേവികുളത്തുവച്ചു് അറസ്റ്റ്ചെയ്ത വിവിധകാലശിക്ഷയ്ക്കു വിധേയരാക്കി.



ശ്രീ. താണുലിംഗംനാടാർ M. L. A.

ഈ കാലത്തിനിടയിൽ പ്രവർത്തനം മറ്റൊരു രൂപം പ്രാപിച്ചു കഴിഞ്ഞു. ഗവൺമെൻറിനോടുള്ള പ്രതിഷേധസൂചകമായി ഗവൺമെൻറ് സ്റ്റാമ്പും ഗസറ്റും മുദ്രപ്പത്രങ്ങളും ചുട്ടെരിച്ചു തുടങ്ങി. അങ്ങനെ ദിവസം പലതു

കഴിഞ്ഞു. ഗവൺമെന്റ് ഓഫീസുകളിൽ സത്യാഗ്രഹം ആരംഭിച്ചു. തമിഴ്നാട്ടിലുള്ള ഗവൺമെൻറ് ഓഫീസുകളിലെ ഭാഷ തമിഴാക്കണം ഇതായിരുന്നു അവരുടെ മുദ്രാവാക്യം. ഇതിൽപ്പെട്ട ഇരുനൂറിൽപരംപേരെ അറസ്റ്റ് ചെയ്തു.



ശ്രീ. പൊന്നപ്പനാടാർ M. L. A.

പ്രഥമ സഭ്യാധിപതി ശ്രീ. രാമസ്വാമിപ്പിള്ള അറസ്റ്റു വരിച്ചതിനുശേഷം 1954 ജൂലൈ 25-ാംതീയതി ദ്വിതീയ സഭ്യാധിപതിയായി ശ്രീ. എ. കുഞ്ഞൻനാടാർ M. L. A. സ്ഥാനം സ്വീകരിച്ചു. അദ്ദേഹം ഈ കൃത്യം കയ്യേറതോടുകൂടി പ്രവർത്തനത്തിന്റെ ശക്തി വർദ്ധിച്ചു. "മുൻവച്ച കാൽ പിൻവയ്ക്കുന്നവനല്ല തമിഴൻ" ഇതായിരുന്നു അദ്ദേഹത്തിന്റെ ദൃഢനിശ്ചയം. മദ്രാസിൽ പല സ്ഥലങ്ങളിലും സഞ്ചരിച്ചു തിരുവിതാംകൂറിലെ തമി

ഴ മടെ നിസഹായാവസ്ഥയും മർദ്ദനനയവും പുരസ്കരിച്ച പ്രസംഗങ്ങളും നടത്തി. അവിടെനിന്നും ക്രട്ടംക്രട്ടമായി സത്യാഗ്രഹജാഥ വന്നകൊണ്ടിരുന്നു. തമിഴ്നാടാകമാനം



ശ്രീ. ഒ. നല്വതമ്പിനാടാർ മാത്താണ്ഡം.

എന്തെന്നില്ലാത്ത ഭീകരത പ്രത്യക്ഷപ്പെട്ടു. ആഗസ്റ്റ് 11-ാംതീയതി തൊഴിൽശാലകളടച്ചും ഘോഷയാത്ര നയിച്ചും പൊതുയോഗങ്ങളും നടത്തിയും പരിപൂർണ്ണഹർത്താൽ അനുഷ്ഠിക്കണമെന്ന ദ്വിതീയ സർവ്വാധിപതി പ്രഖ്യാപിച്ചു. ആഗസ്റ്റ് 9-ാംതീയതി രാത്രി ദേവികളുത്തുവച്ചു ജാറസ് റൗചെയ്യ ശിക്ഷിച്ചിരുന്നവരെ വിട്ടയച്ചു.

1954 ആഗസ്റ്റ് 11 സുമാഗതമായി. മുൻനിശ്ചയമനുസരിച്ചു സകലമനുഷ്യരും കടകമ്പോടുകൂടി അടച്ചു ഹർത്താൽ അനുഷ്ഠിച്ചു. ഇതുവരെ ആരും ദർശിച്ചിട്ടില്ലാത്ത പരിപൂർണ്ണമായ ഒരു ഹർത്താലാണ് ആരുടെയും നിർബന്ധംകൂടാതെ തമിഴ്നാട്ടിൽ പ്രത്യക്ഷപ്പെട്ടത്. ദേവികളു


ത്തെ 35000 തൊഴിലാളികൾ വേല നിറുത്തി. വിദ്യാർത്ഥികൾ സ്കൂൾവിട്ട പുറത്തിറങ്ങി. മാത്താണ്ഡത്തെ വിദ്യാർത്ഥികളുടെ മേൽ പോലീസ് ലാത്തിപ്രയോഗം നടത്തി. കഴിത്തുറ മജിസ്ട്രേട്ടുകോടതിൽ പ്രവേശിച്ചഘോഷയാത്രയെ പിരിച്ചുവിടാൻ പോലീസ് ഉദ്യുക്തരാകേണ്ടിവന്നു. ഇതോടുകൂടി സ്ഥിതിഗതികൾ നിയന്ത്രണാതീതമായിത്തീർന്നു. ജനങ്ങൾ ക്ഷോഭിച്ചിളകി. നൂറുക്കണ



എസ്സ്. പി. മണി മാത്താണ്ഡം.

ക്കിനു ജനങ്ങൾക്കു പരുക്കുപറ്റി. ഈ സന്ദർഭത്തിൽ പോലീസും പൊതുജനങ്ങളുമായുള്ള സംഘട്ടനം അത്യുച്ചനിലയിലെത്തി. ഫോൺകമ്പികൾ അറുത്തുമുറിച്ചു. തൂണുകൾ പിഴുതെറിഞ്ഞു. മരങ്ങൾ വെട്ടിയിട്ടു മാർഗ്ഗതടസ്സം വരുത്തി. പോലീസു വെടിവച്ചു. കഴിത്തുറ, മാത്താണ്ഡം,

പുയ്യക്കട, എന്നിവിടങ്ങളിൽവെച്ചു പോലീസ് അന്വ
ഷിച്ചു നിറതോക്കുകളൊഴിച്ചു. തത്ഫലമായി 8പേർ
മൃതിയടഞ്ഞതായി പറയപ്പെടുന്നു. അതിൽ നാടാർസമു
ദായത്തിൽപ്പെട്ട അഞ്ചുപേർ ഉൾപ്പെടുന്നുണ്ട്. ഗവമെ
ന്റിൽനിന്നും ഈ മൃതിയടഞ്ഞവരുടെ കുടുംബക്കാർക്ക
സഹായധനം കൊടുത്തിട്ടുണ്ട്. മർദ്ദനമേറവരുടെ കൂട്ട
ത്തിൽപ്പെട്ട് ശ്രീ പാഴ്സൽ ചെല്ലപ്പൻനാടാരുടെ



ശ്രീ. പാഴ്സൽ ചെല്ലപ്പൻനാടാർ മാത്താണ്ഡം

കാലൊടിഞ്ഞു. തി. ത. കാ. പ്രവത്തകനായ ശ്രീ
S. P. മണി അവശനിലയിലെത്തി. ലാക്കപ്പുമോചനം
കഴിഞ്ഞു അധികദിവസമാകുന്നതിനുമുൻപുതന്നെ ശ്രീ.
പാലയ്യൻ നാടാർ; ശ്രീ. മത്തായിസ് എന്നിവർ മൃതിയ
ടഞ്ഞു.

നാടാർ സമുദായത്തിലെ യുവജനങ്ങളും ധനവാന്മാരും നാടുവിട്ടോടി. യൗവ്വനയുക്തകളായ സ്ത്രീജനങ്ങളുടെ നിലപരിതാപകരമായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ തി. ത. മുഴുവൻ എന്തെന്നില്ലാത്ത ഒരു മൂകത വ്യാപിച്ചു.

തമിഴർക്കുന്യായമായ നീതിലഭിക്കുന്നതിനുവേണ്ടി സുപ്രീംകോടതിവരെ പോകേണ്ടിവന്നുവെന്നതിൽനിന്നും ഇതിന്റെ ഏകദേശരൂപം ഊഹിക്കാവുന്നതാണല്ലോ. സുപ്രീംകോടതിയിൽ നിന്നുമുണ്ടായ തീരുമാനം അനുസരിച്ചു കേസുകളെല്ലാം ബാഗ്ളൂരിലേക്കു മാറി. P. S. P. ഗവൺമെന്റിനെറ പ്രവർത്തനങ്ങളെ അവരുടെ നേതാക്കന്മാർപോലും അപലപിച്ചു. ഇൻഡ്യയിൽ ആദ്യമായുണ്ടായ P. S. P. മന്ത്രിസഭ ഒരു നവീനചരിത്രം സൃഷ്ടിച്ചു. തത്ഫലമായി അല്ലേ 1955 ഫെബ്രുവരി 10-ാംനു- രാജിസമർപ്പിക്കേണ്ടിവന്ന തി. ത. കാൺഗ്രസ്സിന്റെ പിൻബലത്തോടുകൂടി 1955ഫെബ്രുവരി 14-ാംനു- ശ്രീ. പനമ്പിള്ളിയുടെ നേതൃത്വത്തിലുള്ള കാൺഗ്രസ്സുമന്ത്രിസഭ ഭരണമേറ്റു. 1955 ആഗസ്റ്റ് 15ാം-നു- തമിഴരുടെപേരിൽ എടുത്തിരുന്ന സകല കേസുകളും ഗവൺമെന്റിൽനിന്നും പിൻവലിച്ചു. ചുരുക്കത്തിൽ തമിഴർ ഭൂരിപക്ഷമുള്ള പ്രദേശങ്ങൾ തങ്ങളുടെ ഇഷ്ടാനുസരണം തമിഴ്നാട്ടിനോടു ലയിപ്പിക്കാൻ ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്.

7 ഉപസംഹാരം

പ്രാചീനകാലം മുതൽ നാടാർ സമുദായത്തിന് ചെങ്കോലാങ്കപാരമ്പര്യം ഉണ്ടായിരുന്നുവെന്നു നാം കണ്ടുവല്ലോ? എന്നാൽ ഭാരതത്തിന്റെ പൂർവ്വീകസ്വത്തായ കുടിപ്പകയും പരസ്പരമത്സരവും ഇവരുടെ ഇടയിലും വ്യാപിച്ചിരുന്നു. വിദ്വേഷവഹ്നിയിൽ സമുദായഗാത്രം വെന്തു വെണ്ണീറാകാനാരംഭിച്ചു. അനുനിമിഷം സമുദായമൈത്രി ദുർബലമാകാൻ തുടങ്ങി. ഈ തക്കംനോക്കി വിജാതീയരുടെ നിർദ്ദയസ

16391



മർദ്ദനങ്ങൾക്കു മൂർച്ച കൂടിക്കൊണ്ടിരുന്നു. അങ്ങിനെ ദക്ഷിണേന്ത്യയിൽ അധികാരവും അടക്കി ഭരിച്ചു കൊണ്ടിരുന്ന ഈ സമുദായം ശക്തിവിഹീനമായി ഭവിച്ചു. അധികാരശക്തികൾ മറ്റു സമുദായക്കാർ കയ്യടക്കി. നാടാർ സ്ത്രീകൾക്ക് മാറുമറയ്ക്കൽപോലും നിഷേധിക്കപ്പെട്ടു. ഇതുമുതലായപ്പോൾ തമിഴരായ നാടാർസമുദായാംഗങ്ങളുടെ അഭിമാനം ജ്വലിക്കുവാനാരംഭിച്ചു. മാറുമറയ്ക്കൽ ധ്വംസനനിയമത്തെ നിഷേധിക്കുവാൻ അവർ നിർബന്ധിതരായി എന്നു മുൻപു പറഞ്ഞിട്ടുണ്ടല്ലോ?

ഈ ദുർഘടഘട്ടങ്ങളെല്ലാം തരണം ചെയ്യുവാൻ സാധിച്ചതു് സംഘടനാശക്തി ഒന്നുകൊണ്ടുമാത്രമാണു്. "ഒൻറുപട്ടാലുണ്ടു വാഴ്വു" എന്നു തമിഴിൽ ഒരു പഴമൊഴിയുണ്ടു്. അതിനെ ആസ്പദമാക്കി പുരോഗമിക്കുവാനാരംഭിച്ച നാടാർസമുദായാംഗങ്ങൾക്കു പല ദുർഘടഘട്ടങ്ങളും സുധീരം തരണം ചെയ്തു കഴിഞ്ഞു.

മറ്റു സമുദായങ്ങൾ സംഘടനാശക്തിയാൽ താന്താങ്ങളുടെ അവകാശങ്ങൾ നേടിക്കൊണ്ടിരിക്കുന്നതുപോലെ നാടാർ സമുദായവും തങ്ങൾക്കു ലഭിക്കേണ്ട രാഷ്ട്രീയാവകാശങ്ങൾ സമ്പാദിക്കേണ്ടതാണു്. അതിനു് സംഘടനാശക്തിപ്പെടേണ്ടതു് അത്യന്താപേക്ഷിതമാണല്ലോ? ഭാവിതലമുറക്കു് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായും ഇതര സമുദായങ്ങളോടൊപ്പം അധികൃതസ്ഥാനങ്ങളിൽ പ്രവേശിക്കുന്നതിനായും സംഘടനയുടെ കൊടിക്കീഴിൽ നാടാർജനത മറ്റൊക്കെട്ടായി അണിനിരക്കണമെന്നുള്ളതാണു് എന്റെ സർവ്വതോന്മുഖമായ പ്രത്യാശ.

ശുഭം